# ഇതരമത ദൈവശാസ്ത്രം

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# ഇതരമത ദൈവശാസ്ത്രം

**Title:** Theology of Other Religions
**Published by:** The Director, Alpha Institute, Archdiocese of Tellicherry,
Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707
**Published on:** 2015 April 15 (Easter)

**Editorial Board:** Rev. Dr. Joseph Pamplany
Rev. Dr. Thomas Kochukarottu

**Office Assistance:** Rev. Sr. Glorista SABS
Mrs. Anitha Vijayan
Mrs. Maneesha Shinoj
Mrs. Jeshitha Vijesh
Miss. Bhavya K
**Language Mentor:** Rev. Fr. Mathew Edamula
**Design & Layout:** Mr. Midhun Thomas
**Printing:** Midas Offset, Kuthuparamba
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# ഉള്ളടക്കം

1. മതങ്ങളുടെ ആദിമ രൂപങ്ങൾ ........ 5
2. ഷിന്റോയിസം ........ 18
3. കൺഫ്യൂഷ്യനിസം ........ 24
4. തവോയിസം ........ 28
5. ഇസ്ലാം മതം ........ 32
6. ഹിന്ദുമതം ........ 62
7. ബുദ്ധമതം ........ 80
8. ജൈനമതം ........ 96
9. സിക്കുമതം ........ 102
10. പാർസിമതം ........ 109
11. ബഹുത്വം ബൈബിളിൽ ........ 113
12. കൗൺസിലും ഇതരമതങ്ങളും ........ 140
13. ഇതരമതങ്ങളിലെ രക്ഷ: ചില ചോദ്യങ്ങൾ ........ 149

### ആധാര ഗ്രന്ഥങ്ങൾ


1. ഡോ. വിൻസെന്റ് കുണ്ടുകുളം, *ലോകമതങ്ങളിലൂടെ ഒരു തീർത്ഥയാത്ര* (ആലുവ: എസ്. എച്ച്. ലീഗ്, 2008).
2. ഡോ. വിൻസെന്റ് കുണ്ടുകുളം & ഫാ. ടോം ഓലിക്കരോട്ട്, *ഇതരമതദൈവശാസ്ത്രം* (കൊച്ചി, കാരുണികൻ, 2007).


*Published for the use of the students of Alpha Institute of Theology and Science*

# 01

# മതങ്ങളുടെ ആദിമ രൂപങ്ങൾ

## ആമുഖം

മാനവ ചരിത്രത്തിന്റെ ആദ്യ ഘട്ടങ്ങളിലേക്കു കണ്ണോടിക്കുമ്പോൾ മതാത്മകത ഇല്ലാതിരുന്ന ഏതെങ്കിലും ജനവിഭാഗത്തെ കണ്ടെത്തുക ദുഷ്കരമാണ്. അവരുടെ മതവിശ്വാസത്തിന് ഇന്നത്തെ വ്യവസ്ഥാപിത മതങ്ങൾക്കുള്ളതുപോലുള്ള നിയതമായ രൂപഭാവങ്ങൾ കണ്ടില്ലെന്നിരിക്കും. എങ്കിലും ആദിമ മനുഷ്യരുടെ മതജീവിതത്തിന് അവരുടെ സാംസ്കാരിക ജീവിതത്തോടു ചേർന്നു പോകുന്ന വിശ്വാസങ്ങളും ആചാരരീതികളും ഉണ്ടായിരുന്നു. ആദിമ മനുഷ്യന്റെ അന്തരംഗങ്ങളിൽ രൂപപ്പെട്ട അതിമാനുഷിക ചിന്തകളുടെ ആവിഷ്കാര രീതികളെപ്പറ്റി പഠിക്കുന്നത് ഇന്നത്തെ വിവിധ മതവിശ്വാസങ്ങളെയും അനുഷ്ഠാനങ്ങളെയും മനസ്സിലാക്കുന്നതിന് സഹായകമാണ്.

## മതവിശ്വാസങ്ങളുടെ ഉത്ഭവം

മതങ്ങളുടെ ആവിർഭാവത്തെ സാധാരണയായി പരിണാമപരവും മനഃശാസ്ത്രപരവും സാമൂഹികശാ

സ്ത്രപരവുമായ കാഴ്ചപ്പാടുകളിലൂടെ കാണാറുണ്ട്, 19-ാം നൂറ്റാണ്ടിലെ ബ്രിട്ടീഷ് നരവംശ ശാസ്ത്രജ്ഞനായ എഡ്വേർഡ് ബി. ടെയ്‌ലറുടെ അഭിപ്രായത്തിൽ, പ്രകൃതിയിലെ പ്രതിഭാസങ്ങളെയും ചരാചരങ്ങളെയും കുറിച്ചുള്ള അവബോധത്തിന്റെ പരിണാമത്തിനനുസരിച്ചാണ് ദൈവവിശ്വാസം മനുഷ്യനിൽ ഉടലെടുത്തത്. ആദ്യത്തെ മതം എല്ലാ ചരാചരങ്ങളിലും ആത്മാവുണ്ടെന്നുള്ള വിശ്വാസം (സർവ്വ ജീവത്വ വാദം) ആണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. സൂര്യൻ, ചന്ദ്രൻ, നദി, കൊടുങ്കാറ്റ് തുടങ്ങിയ പ്രാപഞ്ചിക ശക്തികളോടുള്ള ഭയം അവയെ ദൈവമായി ആരാധിക്കുവാൻ കാരണമായി. ഇത്തരത്തിലുള്ള ബഹുദൈവ വിശ്വാസത്തിൽനിന്നും ഏകദൈവ വിശ്വാസത്തിലേക്ക് മനുഷ്യൻ നീങ്ങി.

സിഗ്മണ്ട് ഫ്രോയിഡ് മതത്തിന്റെ ആവിർഭാവത്തെ മനഃശാസ്ത്രപരമായ കാഴ്ചപ്പാടിലൂടെ കാണുന്നു. ബാല്യകാലത്തു പിതാവിന്റെ കർക്കശനിയമങ്ങളും അടിച്ചമർത്തലുകളും മൂലം ഒരുവനിൽ ഉണ്ടാകുന്ന ഭയത്തിൽ നിന്നാണ് ദൈവത്തെക്കുറിച്ചുള്ള അവബോധമുണ്ടാകുന്നതെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. എല്ലാക്കാര്യങ്ങളും നിയന്ത്രിക്കുകയും എല്ലാറ്റിനെയും അടിച്ചമർത്തുകയും ചെയ്യുന്ന ദൈവത്തെ ആരാധിച്ചില്ലെങ്കിൽ നാശമുണ്ടാകുമെന്ന മിഥ്യാവബോധത്തിൽ നിന്നാണ് ദൈവവിശ്വാസം ആവിർഭവിക്കുന്നത്. ഒരു കുടുംബത്തിലെ നിസ്സഹായനായ കുട്ടിയുടെയും അതിശക്തനായ പിതാവിന്റെയും പ്രതിരൂപങ്ങളാണ് മനുഷ്യനും ദൈവവും. അങ്ങനെ മനുഷ്യനെ യാഥാർത്ഥ്യത്തിൽനിന്ന് അകറ്റുന്ന ഒന്നായി ഫ്രോയിഡ് മതത്തെ കാണുന്നു. എന്നാൽ ഫ്രോയിഡിന്റെ ഈ അഭിപ്രായത്തെ എതിർക്കുന്നവരുമുണ്ട്. ഇക്കൂട്ടരെ സംബന്ധിച്ചിടത്തോളം മാതാപിതാക്കൾ കുട്ടികൾക്കു നല്കുന്ന സംരക്ഷണയിൽനിന്നും പരിഗണനയിൽനിന്നുമാണ് വിശ്വാസത്തെക്കുറിച്ചുള്ള അടിസ്ഥാന സങ്കൽപം ഉടലെടുക്കുന്നത്. ബാല്യകാലത്തു കുട്ടികൾക്കു മാതാപിതാക്കളിൽ ഉണ്ടായിരുന്ന വിശ്വാസം വളർന്നു വരുമ്പോൾ നഷ്ടമാകുന്നു. ആ അവസരത്തിൽ തിന്മകളെയും തടസ്സങ്ങളെയും അതിജീവിക്കുന്ന ഒരു സർവ്വശക്തനിലുള്ള വിശ്വാസം അവരിൽ വളരുന്നു എന്നാണ് ഇവരുടെ വാദഗതി.

വ്യക്തിപരമായ ആവശ്യമെന്നതിലുപരി മാനുഷികബന്ധങ്ങളിൽ നിന്നാണ് മതം ഉടലെടുക്കുന്നത് എന്ന് എമില്ലെ ദുർക്കെയിമിനെപ്പോലുള്ള (Emile Durkkeim) സാമൂഹിക ശാസ്ത്രജ്ഞന്മാർ കരുതുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മൂന്നു കാര്യങ്ങളാണ് മതത്തിനു വസ്തുനിഷ്ഠത നൽകുന്നത്. (1) വ്യക്തികളുടെ ഉള്ളിൽ





എന്നതിനെക്കാൾ പുറത്തു നിലകൊള്ളുന്ന യാഥാർത്ഥ്യമാണ് മതം. വ്യക്തികൾ ഭാഷാ പോലെ പരമ്പരാഗതമായി ഇതു സ്വായത്തമാക്കുന്നു. (2) മതം ഒരു സമൂഹത്തിന്റെ പൊതുവായ കാര്യമാണ്. വിശ്വാസങ്ങളും ആചാരങ്ങളും ഒരുവന്റെ സ്വന്തമല്ല. ഒരു പരിധിവരെ വ്യക്തികൾ മതത്തിൽ അംഗങ്ങളാകാൻ നിർബന്ധിതരായിത്തീരുന്നു. (3) വിശ്വാസം എന്നുപറയുന്നതു വ്യക്തികൾ തമ്മിലുള്ള ബന്ധത്തിലെ പ്രധാന ഘടകമാണെന്നു മാത്രമല്ല കൂട്ടായ ജീവിതത്തിന് അത്യാവശ്യവുമാണ്. തങ്ങളുടെ ബുദ്ധിമുട്ടുകളിലും നിർഭാഗ്യങ്ങളിലും നിരാശരാകാതെ ആത്മധൈര്യത്തോടെ മുന്നേറുന്നതിന് മതങ്ങൾ മനുഷ്യരെ സഹായിക്കുന്നു. ഭരണസംവിധാനങ്ങളും ആചാരങ്ങളും നിലനിർത്തുന്നതിനു മതവിശ്വാസങ്ങൾ–അവ അന്ധവിശ്വാസങ്ങളായിക്കൊള്ളട്ടെ–വഹിക്കുന്ന പങ്കു നിസ്സീമമാണ്.

മതങ്ങളുടെ ആവിർഭാവത്തെപ്പറ്റി ആധുനിക ശാസ്ത്രങ്ങളുടെ കാഴ്ചപ്പാടുകൾ നാം ഹ്രസ്വമായി കണ്ടു. ഇനി ചരിത്രത്തിലെങ്ങനെയാണ് മതവിശ്വാസങ്ങൾക്കു പ്രായോഗികമായി രൂപം ലഭിച്ചതെന്നു നോക്കാം. പുരാതന മനുഷ്യചരിത്രത്തെ പ്രാചീന ശിലായുഗം (Paleolithic age), മധ്യ ശിലായുഗം (Mesolithic age), നവീന ശിലായുഗം (Neolithic age), വെങ്കലയുഗം (Bronze age), ലോഹയുഗം (Iron age) എന്നിങ്ങനെ അഞ്ചു ഘട്ടങ്ങളായി വിഭജിക്കാറുണ്ടല്ലോ. മതവിശ്വാസങ്ങളുടെ ആദിമ രൂപങ്ങൾ അറിയുന്നതിനുള്ള എളുപ്പവഴി ഈ കാലഘട്ടങ്ങളിലെ പ്രസക്തമായ മതാനുഷ്ഠാനങ്ങളെപ്പറ്റി പഠിക്കുന്നതായിരിക്കും. പ്രാചീന മനുഷ്യന്റെ മതവിശ്വാസങ്ങൾ അറിയുവാൻ ഏറെ സഹായിക്കുന്നത് അവൻ നിർമ്മിച്ചിരുന്ന കലാരൂപങ്ങളാണ്. നിർഭാഗ്യമെന്നു പറയട്ടെ, പ്രാചീന ശിലായുഗത്തിലെ മനുഷ്യരുടെ മതാചാരങ്ങളെക്കുറിച്ചു വ്യക്തമായ അറിവു നല്കുന്ന ശവകുടീരങ്ങളോ, ചിത്രകലകളോ, ശില്പങ്ങളോ വേണ്ടത്ര ലഭ്യമല്ല. എങ്കിലും പീക്കിംഗ് മനുഷ്യനെ സംബന്ധിച്ചു നടന്ന പഠനങ്ങൾ പ്രാചീന ശിലായുഗത്തിൽ ജീവിച്ചിരുന്നവരുടെ മതവിശ്വാസങ്ങളിലേക്കു വെളിച്ചം വീശുന്നവയാണ്.

ചൈനയിലെ Chou Koutien എന്ന ഗ്രാമത്തിൽനിന്നും നാലു ലക്ഷം വർഷങ്ങൾക്കുമുമ്പു ജീവിച്ചിരുന്നു എന്നു കരുതപ്പെടുന്ന മൂന്നു ഡസനോളം മനുഷ്യരുടെ അവശിഷ്ടങ്ങൾ കണ്ടെടുത്തിട്ടുണ്ട്. Chou Koutien-ന്റെ അടുത്തുള്ള ഗുഹയിൽ നടത്തിയ കണ്ടുപിടുത്തങ്ങൾ ഇവർ മനുഷ്യരുടെ തലച്ചോറു ഭക്ഷിച്ചിരുന്നു എന്നു വ്യക്തമാക്കുന്നു. ഇതു ഭക്ഷണത്തിന്റെ ഭാഗമായിരിക്കാൻ സാധ്യ

തയില്ലെന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം. കാരണം, മൃഗങ്ങളെ വേട്ടയാടിയാണ് അവർ ഉപജീവനം നടത്തിയിരുന്നത്. അതിനാൽ തലച്ചോറു തിന്നുക എന്നത് ഒരു മതാചാരമായി കരുതപ്പെടുന്നു. പീക്കിംഗ് മനുഷ്യനുശേഷം ആവിർഭവിച്ച നിയാണ്ടർതാൻ മനുഷ്യൻ (Neander thal man) ശവം മറവു ചെയ്തിരുന്നത് വളരെ ആഘോഷപൂർവ്വമായിരുന്നു. ഇങ്ങനെ ആഘോഷപൂർവ്വമായ ചടങ്ങുകൾ അനുഷ്ഠിച്ചിരുന്നത് അവർക്കു മരണാനന്തര ജീവിതത്തിൽ ജീവിതത്തിൽ വിശ്വാസമുണ്ടായിരുന്നതുകൊണ്ടാണെന്ന് ഊഹിക്കുന്നു. അവർക്കു ശേഷമുള്ള ഹോമോ സാപ്പിയൻസ് മനുഷ്യരുടെ ശവകുടീരങ്ങളിൽനിന്ന് അസ്ഥികൂടങ്ങളോടുകൂടി അമ്പ്, വില്ല്, കത്തി എന്നിവ കണ്ടെടുത്തിട്ടുണ്ട്. അനുദിനജീവിതത്തിൽ ഉപയോഗിച്ചിരുന്ന വസ്തുക്കൾ ശവശരീരത്തോടൊപ്പം മറവുചെയ്തിരുന്നത് മരണാനന്തര ജീവിതത്തോടു ബന്ധപ്പെട്ട വിശ്വാസങ്ങളുടെ ഭാഗമായിരുന്നുവെന്ന് അനുമാനിക്കുന്നു.

ദൈവത്തിലുള്ള വിശ്വാസവും പൂജിക്കുവാനുള്ള ആസക്തിയും പ്രാചീന യുഗത്തിൽത്തന്നെ അനുഭവപ്പെട്ടുതുടങ്ങിയിരുന്നുവെന്നു പഠനങ്ങൾ കാണിക്കുന്നു. ഉദാഹരണമായി അന്നു നിലനിന്നിരുന്ന 'ടോട്ടം' സമ്പ്രദായത്തിൽ ദേവീസങ്കല്പമുണ്ടായിരുന്നു. വീനസ് വിഗ്രഹങ്ങൾ ദേവിയെയാണ് പ്രതിനിധാനം ചെയ്തിരുന്നത്. മൃഗങ്ങളും ഫലമൂലാദികളും പെരുകുവാനാകാം ദേവീപൂജ ആരംഭിച്ചത്. പ്രകൃതി പ്രതിഭാസങ്ങളെ വിശദീകരിച്ചു മനസ്സിലാക്കാനുള്ള ജിജ്ഞാസ ദേവീദേവന്മാരെ കേന്ദ്രമാക്കിയുള്ള മതാനുഷ്ഠാനങ്ങൾക്കു രൂപം നല്കിയിട്ടുണ്ടാകാം.

നവീന ശിലായുഗത്തിലെ മനുഷ്യർ ഭക്ഷ്യസാധനങ്ങൾ പ്രകൃതിയിൽനിന്നും ശേഖരിക്കുക എന്ന സമ്പ്രദായം മാറ്റി സ്വയമുൽപ്പാദിപ്പിക്കുക എന്ന സുപ്രധാന കാൽവയ്പു നടത്തി. അവർ ഗ്രാമങ്ങളിൽ വാസമുറപ്പിച്ചു കൃഷി തുടങ്ങിയതോടുകൂടി മനുഷ്യന്റെ മതവിശ്വാസത്തിനും മാറ്റം വന്നു. ഭൂമി, സൂര്യൻ എന്നിവയിൽ മുൻപില്ലാതിരുന്ന താത്പര്യം ജനിച്ചു. ദേവതാരാധനയും ലിംഗപൂജയും സമൃദ്ധിക്കുവേണ്ടിയുള്ള ഉപാസനോപാധികളായി ഉടലെടുത്തു. ക്ഷേത്രങ്ങളുടെയും പൂജാരികളുടെയും ആവിർഭാവം ഈ കാലഘട്ടത്തിലാണ്. പൂജാവിധികൾക്കുവേണ്ടി വലിയ കെട്ടിടങ്ങൾ ഉണ്ടായിരുന്നു. അവിടെ പൂജയ്ക്കുവേണ്ടിയുള്ള സാമഗ്രികൾ ബലിപീഠം, പാത്രങ്ങൾ, മറ്റു വസ്തുക്കൾ-കരുതിയിരുന്നു. മരിച്ചവരെ വീടുകളിലോ ശ്മശാനങ്ങളിലോ ആണ് സംസ്ക്കരിച്ചിരുന്നത്. ശവ കുടീരങ്ങളിൽ രുദ്രാക്ഷങ്ങളും ചിപ്പികളും വീട്ടുപകരണങ്ങളും അടക്കം





ചെയ്തിരുന്നു. ഇവയെല്ലാം മരണാനന്തര ജീവിതത്തിൽ സഹായിക്കുമെന്ന് അവർ വിശ്വസിച്ചിരുന്നിരിക്കണം.

മനുഷ്യ പരിണാമത്തിലെ അടുത്ത വഴിത്തിരിവു വന്നതു ലോഹങ്ങൾ കണ്ടുപിടിച്ചതോടെയാണ്. ക്രമീകൃതമായ ജലസേചന പദ്ധതികളും കലപ്പ ഉപയോഗിച്ചുള്ള കൃഷിയും നിലവിൽ വന്നതു ലോഹയുഗത്തിലാണ്. ഈ കാലഘട്ടത്തിൽ മതപരമായ വിശ്വാസങ്ങളും ആചാരങ്ങളും നാഗരിക ജീവിതത്തിന്റെ ഭാഗവുംകൂടിയായി എന്നത് എടുത്തു പറയേണ്ട കാര്യമാണ്. പ്രകൃതി പ്രതിഭാസങ്ങൾക്കു കാരണഭൂതരായി സങ്കല്പിച്ചിരുന്ന ദൈവങ്ങൾക്കുവേണ്ടി വിപുലമായ രീതിയിൽ ദേവാലയങ്ങൾ പണികഴിപ്പിച്ചിരുന്നു. അവിടുത്തെ പൂജാരികൾക്കു സമൂഹത്തിൽ ഉന്നത സ്ഥാനം ഉണ്ടായിരുന്നു. രാജ്യത്തിലെ സ്ഥാവര വസ്തുക്കളെല്ലാം ദൈവത്തിന്റേതാണ് എന്നായിരുന്നു സങ്കല്പം.

## അവികസിത മതരൂപങ്ങൾ

മനുഷ്യനും അവനുമായി ബന്ധപ്പെട്ടവയും അതീന്ദ്രിയമായ ഏതോ ചില ശക്തികളാൽ നിയന്ത്രിക്കപ്പെടുന്നുവെന്നും അനുദിന ജീവിതത്തിന്റെ വിജയത്തിന് ആ ശക്തികളുമായുള്ള ക്രിയാത്മക ബന്ധം സഹായിക്കുമെന്നുള്ള ബോധ്യത്തിൽനിന്നാണു മതവിശ്വാസങ്ങൾ ഉടലെടുത്തതെന്നു കാണുകയുണ്ടായി. ഇപ്രകാരം രൂപം കൊണ്ട മതവിശ്വാസങ്ങളിൽ ചിലതിനെ വികസിതങ്ങളായും മറ്റു ചിലതിനെ അവികസിതങ്ങളായും കണക്കാക്കുന്നു. സർവ്വദൈവവാദം, അദ്വൈതം, ബഹുദേവതാവിശ്വാസം, ഏകദൈവവിശ്വാസം തുടങ്ങിയവയാണ് മതങ്ങളുടെ വളർച്ച പ്രാപിച്ച രൂപങ്ങൾ. ആനിമിസം, സ്പിരിറ്റിസിസം, ഫെറ്റിഷിസം, ടോട്ടമിസം, പിതൃപൂജ, മാജിക് എന്നിവ മതങ്ങളുടെ അവികസിത ഗണത്തിൽപ്പെടുന്നു. അവികസിത മതരൂപങ്ങൾ മതങ്ങളുടെ ആദ്യരൂപങ്ങളായി കണക്കാക്കപ്പെടുന്നതിനാൽ അവയെപ്പറ്റി പ്രതിപാദിക്കാം.

### 1. ആത്മവാദം (ആനിമസം)

ആത്മാവ് എന്നർത്ഥം വരുന്ന ആനിമ (anima) എന്ന ലത്തീൻ വാക്കിൽനിന്നാണ് ആനിമിസം അഥവാ ആത്മവാദം എന്ന പേരുണ്ടായത്. പ്രാകൃത സംസ്കാരം (Primitive Culture) എന്ന ഗ്രന്ഥത്തിലൂടെ ഇ.ബി. ടെയ്ലറാണ് ഈ പുരാതന വിശ്വാസത്തെ ലോകത്തിനു സുപരിചിതമാക്കിയത്. അദ്ദേഹത്തിന്റെ ശിഷ്യനായിരുന്ന ജെയിംസ് ഫ്രേസർ ഇതിനു പ്രചാരം നേടിക്കൊടുത്തു. പ്രകൃതിയിലെ സചേതനാചേതന വസ്തുക്കൾക്കെല്ലാം അതതിന്റേതായ

ആത്മാവുണ്ടെന്ന വിശ്വാസം അഥവാ അവയിലെല്ലാം ഒരു ആത്മാവു അധിവാസമുറപ്പിച്ചിരിക്കുന്നു എന്ന വിശ്വാസമാണ് ആത്മവാദം (ആനിമിസം). ഈ വിശ്വാസപ്രകാരം എല്ലാ പ്രകൃത്യതീത ശക്തികളും ആത്മാക്കളിൽനിന്നാണു പുറപ്പെടുന്നത്; ആത്മാക്കൾ ചന്ദ്രൻ, ആകാശം, മേഘം, മഴ, പർവ്വതങ്ങൾ, മരങ്ങൾ, ഗുഹകൾ, തീ, സമുദ്രം, അപകടകാരികളായ മനുഷ്യർ എന്നിവയിലെല്ലാം ആവസിച്ചിരിക്കുന്നു.

ആനിമിസം രൂപപ്പെടാൻ താഴെപ്പറയുന്ന രണ്ടു ഘടകങ്ങൾ സഹായിച്ചിരിക്കാമെന്നു കണക്കാക്കപ്പെടുന്നു. ഒന്നാമതായി, പ്രകൃതിയുടെ നിരീക്ഷണം. പ്രകൃതിവസ്തുക്കളുടെ ചലനത്തിനും വളർച്ചയ്ക്കും നിദാനമായിരിക്കുന്നത് അവയിൽ കുടികൊള്ളുന്ന ആത്മാവാണെന്ന് അവർ കരുതി. രണ്ടാമതായി, സ്വപ്നം, ദർശനം, രോഗം, മരണം, ഹർഷമൂർച്ഛ എന്നിവ വിശകലനം ചെയ്യാനുള്ള ശ്രമം. സ്വപ്നം കാണാൻ മനുഷ്യനു സാദ്ധ്യമാകുന്നത് ഉറങ്ങിക്കഴിയുമ്പോൾ ആത്മാവിനു ദേഹത്തെ പിരിഞ്ഞ് ഇഷ്ടംപോലെ യത്രചെയ്യാൻ കഴിയുന്നതുകൊണ്ടാണെന്നു പുരാതന മനുഷ്യൻ ചിന്തിച്ചു. ആത്മാക്കൾ സ്വതന്ത്രവിഹാരം നടത്തി തിരിച്ചു വന്നു ദേഹത്തെ പ്രാപിക്കുമ്പോൾ അവൻ ഉറക്കത്തിൽനിന്നുണരുന്നു. അതുപോലെ രോഗങ്ങൾക്കു കാരണം ദുഷ്ടാത്മാക്കൾ ഒരുവന്റെ ശരീരത്തിൽ സ്വാഭീഷ്ടമനുസരിച്ചു പ്രവേശിക്കുന്നതാണ്. ഇങ്ങനെ പ്രകൃതിയിലെ പ്രതിഭാസങ്ങളെ വിശകലനം ചെയ്യാനുള്ള ശ്രമം അവനെ ആത്മവാദത്തിലേക്കു നയിക്കുകയാണു ചെയ്തതെന്ന് അനുമാനിക്കാം.

നാലുതരം ആത്മാക്കളാണ് ഈ വിശ്വാസപ്രകാരമുള്ളത്. (1) മനുഷ്യവ്യക്തികളുമായി ബന്ധപ്പെട്ടവ (2) മനുഷ്യേതര വസ്തുക്കളിൽ വസിക്കുന്നവ (3) കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഇടിമുഴക്കം മുതലായവ പ്രകൃതിശക്തികളിൽ വസിക്കുന്നവ (4) പിശാചുക്കളുടെയും ദേവതകളുടെയും മാലാഖകളുടെയും ആത്മാക്കൾ.

ജെയിംസ് ഫ്രേസറുടെ സിദ്ധാന്തപ്രകാരം മതവിശ്വാസങ്ങളുടെ പ്രാകൃതരൂപം ആത്മവാദമാണ്. പിന്നീടത് ബഹുദേവതാ വിശ്വാസമായി. ഓരോ പ്രത്യേകതരം ജീവിക്കും പൊതുവായ ആത്മാവുണ്ടെന്ന വിശ്വാസം ക്രമേണ വളർന്നു. അങ്ങനെ മരങ്ങൾക്കു മൊത്തമായി വനദേവതയും കാറ്റുകൾക്കു പൊതുവായി വായുദേവനും നിലവിൽവന്നു. കാലക്രമേണ ഈ ബഹുദേവതകളെ മുഴുവൻ നിയന്ത്രിക്കുന്ന ഒരു പരാശക്തിയിലുള്ള വിശ്വാസം അഥവാ ഏകദൈവവിശ്വാസം ഉടലെടുത്തു.





ആത്മവാദത്തെ ഇതിനോട് ഏറെ സാദൃശ്യമുള്ള 'മനയിസ'ത്തിൽ നിന്നും വേർതിരിച്ചു കാണേണ്ടതാണ്. 'മനയിസ'ത്തിൽ ദിവ്യശക്തിയുള്ള ഒരുതരം ദ്രവത്തിന്റെ സാന്നിദ്ധ്യമാണ് വസ്തുക്കൾക്കും ജീവികൾക്കും ക്രിയാത്മകത നല്കുന്നത്. ആത്മവാദം മനയിസത്തെക്കാൾ ഒരുപടി ഉയർന്നു നില്ക്കുന്നു.

### 2. സ്പിരിറ്റിസിസം

ആത്മവാദത്തിന്റെ മറ്റൊരു രൂപമാണ് സ്പിരിറ്റിസിസം. ആത്മവാദത്തിലെപ്പോലെ ഈ വിശ്വാസവും എല്ലാത്തിലും ആത്മാക്കളെ കാണുന്നു. എന്നാൽ ആത്മവാദത്തിൽനിന്നും സ്പിരിറ്റിസിസത്തെ വേർതിരിക്കുന്നത് ആത്മാക്കൾ വസ്തുക്കളോടു ബന്ധിതമായ അവസ്ഥയെയല്ല സൂചിപ്പിക്കുന്നത് എന്നാണ്. വസ്തുവിനോടോ സ്ഥലത്തോടോ ബന്ധപ്പെട്ടു നില്ക്കാതെ സ്വതന്ത്രമായി ചലിച്ചുകൊണ്ടിരിക്കുന്ന ആത്മാക്കളെയാണ് ഇവിടെ വിവക്ഷിക്കുന്നത്. മനുഷ്യന്റെയും മറ്റുജീവികളുടെയും ജീവിതത്തെ നിയന്ത്രിക്കാൻ പോരുന്ന എണ്ണമറ്റ ആത്മാക്കൾ ലോകത്തിലുണ്ടെന്നു പുരാതന മനുഷ്യർ വിശ്വസിച്ചു. കോളറ, വസൂരി, കാലിരോഗങ്ങൾ എന്നിവയ്ക്കും പ്രകൃതിയിലെ പ്രതിഭാസങ്ങൾക്കും കാരണമാകുന്ന പ്രത്യേക ആത്മാക്കളുണ്ടെന്നു ധരിച്ച മനുഷ്യൻ അവയെ ആരാധിക്കാൻ പൂജാവിധികൾ തുടങ്ങി. ഈ വാദക്കാർ മരണശേഷം ആത്മാക്കൾ മൂന്നു തരത്തിൽ അസ്ഥിത്വം തുടരുന്നു എന്നു കരുതുന്നു. ആദ്യതരം ആത്മാക്കൾ ഭൂമിക്കുചുറ്റും വസിക്കുകയും ഇടയ്ക്കിടെ തന്റെ പൂർവ്വഗൃഹം സന്ദർശിക്കുകയും ചെയ്യുന്നു. രണ്ടാമത്തെ തരമാകട്ടെ മനുഷ്യരിലും മൃഗങ്ങളിലും സസ്യങ്ങളിലും പ്രവേശിക്കുന്നു. മൂന്നാമത്തൊരു തരം അഭൗമികമായ വേറൊരു ലോകത്തു വാസമുറപ്പിക്കുന്നു.

### 3. ഫെറ്റിഷിസം

പോർട്ടുഗീസ് നാവികരും കച്ചവടക്കാരും പടിഞ്ഞാറൻ ആഫ്രിക്കയിൽ കണ്ടെത്തിയ ഒരു പ്രത്യേക മതവിശ്വാസത്തിനു നല്കിയ പേരാണ് ഫെറ്റിഷിസം. ഫെയ്ത്തിക്കോ (Feitico) എന്ന പോർട്ടുഗീസ് വാക്കിൽ നിന്നാണ് ഫെറ്റിഷ് എന്ന പദം ഉണ്ടാകുന്നത്. പ്രത്യേകമായ മാന്ത്രിക ശക്തിയോ ഗുണങ്ങളോ ഉണ്ടെന്ന വിശ്വാസത്തോടെ ആദരവോടെ സൂക്ഷിച്ചിരുന്ന വസ്തുക്കളാണ് ഫെറ്റിഷ് എന്നറിയപ്പെടുന്നത്. ആ വസ്തുവിൽ ആവസിച്ചിരിക്കുന്ന അരൂപിയാണ് അതിനു നിഗൂഢശക്തി നല്കുന്നത്. സ്വതവേ മൂല്യമില്ലാത്തവയെങ്കിലും മന്ത്രോച്ചാരണമോ, നിറംപൂശലോ മറ്റുകർമ്മങ്ങളോമൂലം അസാധാരണ ശക്തിവിശേഷം ഇവ ഉൾക്കൊള്ളുന്നതായി പരിഗണിക്കപ്പെടുന്നു. തൂവൽ, കക്ക, ശംഖ്, പാത്രം, തടി,

തുരുമ്പിച്ച ആയുധം, അസ്ഥി, നഖം, തുണി, പാമ്പിൻപടം എന്നിങ്ങനെ പ്രകൃതിയിൽനിന്നു കിട്ടുന്നതോ, കരനിർമ്മിതമോ ആയ എന്തും ഫെറ്റിഷായി ഗണിക്കപ്പെടാം.

ഭൂതപ്രേതാദികളുടെ ശല്യം നിവാരണം ചെയ്യുക, ഇഷ്ടസിദ്ധി നേടിയെടുക്കുക, ശത്രുക്കളോടു പകരംവീട്ടുക തുടങ്ങി പല ലക്ഷ്യങ്ങൾക്കും ഫെറ്റിഷ് ഉപയോഗിക്കുന്നു. ഫെറ്റിഷിസത്തിന് ഓരോ നാട്ടിലും വ്യത്യസ്ത രൂപങ്ങളുണ്ട്. ആഫ്രിക്കയിലെ ചില ഗോത്രവർഗ്ഗക്കാർ ഗിഗ്രി (gigri) എന്നറിയപ്പെടുന്ന വസ്തു മാന്ത്രികശക്തിയുണ്ടെന്ന വിശ്വാസത്തിൽ ധരിച്ചുനടക്കാറുണ്ട്. അവ ധരിച്ചാൽ ജീവിതവിജയവും ആപത്നിവാരണവും സാദ്ധ്യമാണത്രെ. മറ്റു ചിലയടങ്ങളിൽ ഇതേ ഉദ്ദേശ്യത്തോടുകൂടി മാന്ത്രികവസ്തുക്കൾ വീട്ടുപടിയിലും വീടിനകത്തും പരിസരങ്ങളിലുമായി നിക്ഷേപിക്കുന്നു. ഇപ്പോൾ നിലനിൽക്കുന്ന ഓലേലെഴുത്ത്, തകിടുകൾ, മെഡലുകൾ എന്നിവയ്ക്ക് ഫെറ്റിഷിസത്തിന്റെ സ്വാധീനമുണ്ടാകാം.

ഫെറ്റിഷിസത്തിനു വിഗ്രഹാരാധനയോടു സാമ്യം തോന്നാമെങ്കിലും അവ രണ്ടും രണ്ടാണെന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. വിഗ്രഹം ദേവനെയോ ദേവിയെയോ പ്രതിനിധാനം ചെയ്യുന്നു. എന്നാൽ അത്തരത്തിലുള്ള ഈശ്വരപ്രതീകാത്മകത ഫെറ്റിഷിനില്ല. അതിമാനുഷിക കഴിവു മാത്രമാണ് ഫെറ്റിഷിനെ പൂജ്യമാക്കുന്നത്.

### 4. മന്ത്രവാദം (മാജിക്)

'മാന്ത്രികൻ' എന്നർത്ഥം വരുന്ന മഗൂസ് (magus) എന്ന പേർഷ്യൻ പദത്തിൽനിന്നാണ് മാജിക് എന്ന വാക്കിന്റെ നിഷ്പത്തി. ഭാരതത്തിൽ 'മന്ത്രിക്കുന്നവൻ,' 'ജപിക്കുന്നവൻ' എന്നെല്ലാമാണ് ഇതിനർത്ഥം. നിശ്ചിത ജപങ്ങളും കർമ്മങ്ങളുംവഴി പ്രകൃതിശക്തികളെയും അദൃശ്യശക്തികളെയും ഇച്ഛാനുസരണം നിയന്ത്രിക്കാമെന്ന വാദമാണ് മന്ത്രവാദം. മനുഷ്യൻ തന്റെ ആഗ്രഹങ്ങളും ലക്ഷ്യങ്ങളും നിഗൂഢശക്തികളുടെ സഹായത്താൽ സാധിച്ചെടുക്കാൻ മന്ത്രവാദത്തിലൂടെ ശ്രമിക്കുന്നു.

മന്ത്രവാദത്തിനു പ്രധാനമായി മൂന്നുഘടകങ്ങൾ ആവശ്യമാണ്. ഉപകരണങ്ങൾ (തൊപ്പി, വടി, ഭസ്മം), കർമ്മവിധികൾ, മന്ത്രോച്ചാരണം. മാന്ത്രികശക്തി വാക്കുകളിൽ അടങ്ങിയിരിക്കുന്നു എന്നാണു വിശ്വാസം. മന്ത്രങ്ങൾ പ്രത്യേക ഈണത്തിലും താളത്തിലും ഉറക്കെയും പതുക്കെയുമെല്ലാം ഉരുവിടുന്നതു വഴിയാണ് മാന്ത്രികശക്തി പുറപ്പെടുന്നത്.





മന്ത്രവാദത്തെ പ്രധാനമായി (white magic), ഉപദ്രവകരം (black magic) എന്നിങ്ങനെ രണ്ടായി തിരിക്കാം. തനിക്കോ മറ്റുള്ളവർക്കോ നന്മവരണമെന്ന ഉദ്ദേശ്യത്തോടെ ചെയ്യുന്ന മന്ത്രവാദമാണ് ഗുണകരമായത്. കൈനോട്ടം, മുഖംനോട്ടം, ഭാവിപ്രവചനം, ഗ്രഹപ്പിഴ നിർണ്ണയം എന്നിവയെല്ലാം ഗുണകരമായവയിൽപ്പെടുന്നു. എന്നാൽ അന്യർക്ക് ദ്രോഹം വരുത്തണമെന്ന ലക്ഷ്യത്തോടെ ചെയ്യുന്നവയാണ് ഉപദ്രവകരമായ മന്ത്രവാദം അഥവാ ബ്ലാക്ക് മാജിക്. കൂടോത്രം, പിശാചുസേവ, ശത്രുസംഹാരമന്ത്രവാദം മുതലായവയെല്ലാം ഇക്കൂട്ടത്തിൽപ്പെടുന്നു. മാജിക്കിനെ പ്രയോജനദായകം, സംരക്ഷണദായകം, വിനാശദായകം എന്നിങ്ങനെയും തിരിക്കാവുന്നതാണ്. മഴയ്ക്കും വ്യവസായാഭിവൃദ്ധിക്കും ഫലഭൂയിഷ്ഠതയ്ക്കും വേണ്ടിയുള്ളത് ഒന്നാംവിഭാഗത്തിലും രോഗവിമുക്തിക്കുള്ളത് രണ്ടാം വിഭാഗത്തിലും ശത്രുനാശത്തിനായി ചെയ്യുന്നത് മൂന്നാം വിഭാഗത്തിലും പെടുന്നു.

മാജിക് അഥവാ മന്ത്രവാദം ആധുനിക കാലത്തു നിലനില്ക്കുന്നുണ്ടെങ്കിൽ അതിനുകാരണം മാജിക്കിന്റെ പല ലക്ഷ്യങ്ങളും യാഥാർത്ഥ്യമാകുന്നുണ്ടെന്നു ബോദ്ധ്യപ്പെടുത്തുവാൻ മന്ത്രവാദികൾക്കു കഴിയുന്നതുകൊണ്ടാണ്. മന്ത്രവാദി നല്കുന്ന മരുന്നാണു രോഗിയെ സുഖപ്പെടുത്തുന്നതെങ്കിലും വിശ്വാസം മന്ത്രവാദിയിലായിരിക്കുമെല്ലോ. മന്ത്രവാദത്തിന്റെ ഗുണകരമായ ഫലങ്ങൾ ദോഷകരമായതിനേക്കാൾ കൂടുതലാണ് എന്നതും ജനങ്ങളെ ഇതിലേക്ക് ആകർഷിക്കുന്നു.

വികസിത മതങ്ങളിലെ ചില അനുഷ്ഠാനങ്ങൾക്കു മാജിക്കിനോടു സാമ്യമുണ്ടെങ്കിലും മാജിക്കും മതവും തമ്മിൽ വളരെയേറെ അന്തരങ്ങളുമുണ്ട്. മതത്തിൽ ഉന്നതമായ ഒരു ശക്തിക്കു മനസ്സു വിധേയപ്പെടുമ്പോൾ മാജിക്ക് മനസ്സിന്റെ അധീശത്വത്തിലാണു വിശ്വാസമർപ്പിക്കുന്നത്. മതത്തിന് സാമൂഹിക മാനമാണുള്ളത്. എന്നാൽ മാജിക്ക് വ്യക്തിഗത വിശ്വാസത്തിന്റെ അനുഷ്ഠാനമാണ്. ആത്യന്തിക ലക്ഷ്യത്തിന്റെ കാര്യത്തിലും അവ തമ്മിൽ വ്യത്യസ്തത പുലർത്തുന്നു. മതം ദൈവികശക്തിയുമായുള്ള ഐക്യം ലക്ഷ്യമായി കാണുമ്പോൾ മാജിക്ക് ഭൗതിക നേട്ടങ്ങളിൽ ഉന്നംവയ്ക്കുന്നു. സർവ്വോപരി, മതം മനുഷ്യന്റെ അസ്തിത്വത്തിൽ പ്രകൃത്യാ അലിഞ്ഞുചേർന്നിരിക്കുമ്പോൾ മാജിക്ക് ആഗ്രഹസാദ്ധ്യത്തിനായി അവൻ കണ്ടുപിടിച്ച ഉപാധിമാത്രമാണ്.

### 5. കുലദേവതോപാസന (ടോട്ടമിസം)

ഒജീബ്‌വെ എന്ന റെഡ് ഇന്ത്യൻ വംശത്തിന്റെ സംസാരഭാഷ

യിൽ നിന്നാണ് 'ടോട്ടം' (totem) എന്ന വാക്കു ലഭിക്കുന്നത്. ആ ഭാഷയിൽ ടോട്ടം എന്ന വാക്കിന് 'സഹോദര - സഹോദരി - ബന്ധു' എന്നാണർത്ഥം. ആംഗലേയ ഗ്രന്ഥകാരനായ വുൾഫ് കബ്സ് ആണ് നമുക്ക് ഈ പദം പരിചിതമാക്കിയത്.

ഒരു മൃഗത്തെയോ, പക്ഷിയെയോ, വൃക്ഷത്തെയോ തങ്ങളുടെ വർഗ്ഗത്തിന്റെ അല്ലെങ്കിൽ കുലത്തിന്റെ ഔദ്യോഗിത ചിഹ്നമായി സ്വീകരിക്കുക, ആ ജീവിയിൽ നിന്നാണ് തങ്ങളുടെ വർഗ്ഗത്തിന്റെ ഉത്പത്തി എന്നു വിശ്വസിക്കുക, ആ കുലമൃഗത്തെ അഥവാ പക്ഷിയെ പൂജിക്കുക, അങ്ങനെ പൂജിക്കുക വഴി തങ്ങളുടെ വർഗ്ഗത്തിലെ എല്ലാ അംഗങ്ങൾക്കും പ്രത്യേകസിദ്ധിയും ശക്തിയും ലഭിക്കുമെന്നു വിശ്വസിച്ച് അനുഷ്ഠാനങ്ങൾ നിർവ്വഹിക്കുക ഇവയെല്ലാം ചേർന്നതാണു ടോട്ടമിസം. ചുരുക്കിപ്പറഞ്ഞാൽ ഒരു വംശത്തിനോ വർഗ്ഗത്തനോ കുലത്തിനോ ഒരു മൃഗത്തോടോ, പക്ഷിയോടോ, വൃക്ഷത്തോടോ ഉള്ള ആരാധനാബന്ധിയായ അടുപ്പത്തിനാണ് കുലദേവതോപാസന എന്നുപറയുന്നത്. ഈ വർഗ്ഗക്കാർ തങ്ങളുടെ ഉത്ഭവം കുലദേവതയായി കരുതുന്ന പൊരുളിൽനിന്നാണെന്നു വിശ്വസിക്കുന്നു. അതിനാൽ അവരെല്ലാം സഹോദരങ്ങളും ബന്ധുക്കളുമാണ്; പരസ്പരം സഹായിച്ചു സംരക്ഷിക്കാൻ കടപ്പെട്ടവരുമാണ്.

ചീങ്കണ്ണി, കഴുകൻ, മീൻ, സർപ്പം, കരടി, കടുവ, പോത്ത്, പശു, കാള മുതലായവയെല്ലാം കുലദേവതകളായി സ്വീകരിക്കപ്പെടാറുണ്ട്. വർഗ്ഗ ചിഹ്നങ്ങൾ ശരീരത്തിൽ പതിപ്പിക്കുക എന്നതും ടോട്ടത്തിന്റെ പ്രീതിക്കായി നൃത്തംചെയ്യുക എന്നതും ആചാരങ്ങളാണ്. ഇതു വടക്കൻ അമേരിക്ക, ആഫ്രിക്ക, ഓസ്ട്രേലിയ, ഇന്ത്യ, ചൈന, ജപ്പാൻ എന്നീ രാജ്യങ്ങളിൽ ഇന്നും കണ്ടുവരുന്നു.

ടോട്ടമിസത്തെ മൃഗാരാധനയായി കാണുന്നതു ശരിയല്ല. ടോട്ടത്തെ ഒരു കുലവും ആരാധിക്കുന്നില്ലെന്നു മാത്രമല്ല തങ്ങളുടെ കുലത്തെ പ്രതീകാത്മകമായി സൂചിപ്പിക്കാൻവേണ്ടിയാണ് അവയെ സ്വീകരിച്ചിരിക്കുന്നത്. സമൂഹമെന്ന അതുല്യശക്തി ആദിമ മനുഷ്യരെ സംരക്ഷിക്കുകയും അറിവു നല്കുകയും ചെയ്യുക വഴി ദൈവതുല്യം ബഹുമാനിക്കപ്പെട്ടിരുന്നു. ഈ സമൂഹത്തെക്കുറിക്കാൻ ഉപയോഗിച്ച ടോട്ടം അവരിൽ ഒരു സമൂഹബോധവും ഐക്യവും സൃഷ്ടിക്കുന്നു. അതോടൊപ്പം ടോട്ടമായി സ്വീകരിക്കുന്ന മൃഗം അല്ലെങ്കിൽ പക്ഷി കുലത്തെ സഹായിക്കുമെന്നും ഇവർ വിശ്വസിക്കുന്നു. അതിനെ അനാവശ്യമായി കൊല്ലുകയോ അതിന്റെ മാംസം ഭക്ഷിക്കുകയോ ഇല്ല.





മനുഷ്യനും മൃഗങ്ങളും ജീവനിൽ ഒരുപോലെ പങ്കുപറ്റുന്നു എന്ന ചിന്താഗതിയായിരിക്കണം ടോട്ടമിസത്തിനു പിന്നിൽ. മൃതനായ വ്യക്തിയുടെ ആത്മാവ് മൃതശരീരത്തിലേക്കും തിരിച്ചു മനുഷ്യനിലേക്കും പ്രവേശിക്കുന്നു എന്ന വിശ്വാസവും ടോട്ടമിസത്തിനു കാരണമാണ്. അതിനാൽ മൃഗങ്ങളോടുള്ള അനുകമ്പയോ, ആത്മാക്കളുടെ കൂടുമാറ്റത്തിലുള്ള വിശ്വാസമോ ആണ് ടോട്ടമിസത്തിനു കാരണമായിരിക്കുക.

ടോട്ടമിസം ഇന്ന് ഒരു സാർവ്വത്രിക പ്രതിഭാസമല്ല. പരദൈവത്തിലുള്ള വിശ്വാസം ശുഷ്കരമായിരിക്കുന്ന ഗോത്രങ്ങളിൽ, ദൈവം തങ്ങളുടെ ജീവിതത്തിൽ ഇടപെടില്ല എന്നു വിശ്വസിക്കുന്നവരുടെയിടയിലാണ് ടോട്ടമിസം ശക്തിപ്പെട്ടുകാണുന്നത്. പക്ഷിമൃഗാദികളെ ഈശ്വരപ്രതീകങ്ങളായി കാണാനുള്ള മനുഷ്യന്റെ നൈസർഗ്ഗികാഭിവാഞ്ഛയുടെ പ്രകടനങ്ങൾ എല്ലാ മതങ്ങളിലും ദൃശ്യമാണ്. ക്രിസ്തുവിനെ സൂചിപ്പിക്കാനായി ആട്ടിൻകുട്ടിയെയും പരിശുദ്ധാത്മാവിനെ സൂചിപ്പിക്കാനായി പ്രാവിനെയും ക്രിസ്ത്യാനികൾ ഇന്നും ഉപയോഗിക്കുന്നു.

**5. പിതൃപൂജ**

പരേതരുടെ ആത്മാക്കളെ യജ്ഞകർമ്മാദികൾ കൊണ്ടു പോഷിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുക ഭൂമിയിൽ ജീവിച്ചിരിക്കുന്ന പിൻതലമുറക്കാരുടെ കടമയാണെന്ന ബോദ്ധ്യത്തിന്റെയും, ഈ കർത്തവ്യനിർവ്വഹണം ഇഷ്ടസിദ്ധിക്കും അനിഷ്ട ദുരീകരണത്തിനും കാരണമാകുമെന്ന വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ രൂപപ്പെട്ടിട്ടുള്ള ആചാരാനുഷ്ഠാനങ്ങളാണു പിതൃപൂജ എന്നതുകൊണ്ടർത്ഥമാക്കുന്നത്.

പിതൃപൂജ രണ്ടു വ്യത്യസ്ത രൂപങ്ങളിൽ കാണപ്പെടുന്നു. ആദ്യത്തെ രൂപത്തിൽ, പരേതരായ പൂർവ്വികർക്കു തിരിച്ചുവന്നു ജീവിച്ചിരിക്കുന്നവരെ ശല്യപ്പെടുത്താൻ കഴിയുമെന്ന വിശ്വാസത്തോടെ ആത്മാക്കളെ പ്രീതിപ്പെടുത്താൻ ചെയ്യുന്ന അനുഷ്ഠാനങ്ങളാണ് ഉൾപ്പെടുന്നത്. പരേതാത്മാവിനോടു വേണ്ടത്ര ബഹുമാനം കാണിക്കാതിരുന്നാലോ അദ്ദേഹത്തിന്റെ ഓർമ്മ നിലനിർത്താതിരുന്നാലോ ആത്മാവു പ്രതികാരം ചെയ്യുമെന്നു വിശ്വസിച്ചിരുന്നതിനാൽ, അത്തരത്തിലുള്ള ശല്യം ഒഴിവാക്കാനായി, തിരിച്ചുവരില്ലെന്നുറപ്പാക്കുന്ന രീതിയിൽ ശവസംസ്കാരം നടത്താനും ഇനി അഥവാ പഴയ ഭവനത്തിലേക്കു മടങ്ങിവരാൻ തുനിഞ്ഞാൽ അവിടേക്കുള്ള വഴി തെറ്റിക്കുന്നതിനാവശ്യമായ പൂജകൾ നിർവ്വഹിക്കാനും മനുഷ്യർ ശ്രദ്ധ ചെലുത്തിയിരുന്നു.

രണ്ടാമത്തെ രൂപത്തിൽ ഉൾപ്പെടുന്നതു പരേതനോടുള്ള സ്നേഹവും ബഹുമാനവും പ്രദർശിപ്പിക്കുന്നതിനും പരലോകത്തിലെ സാഹചര്യങ്ങളുമായി ഒത്തിണങ്ങിപ്പോകാൻ പരേതനെ സഹായിക്കുന്നതിനുമായി പിൻ തലമുറക്കാരും ബന്ധുക്കളും നടത്തുന്ന ആചാരങ്ങളാണ്. ജീവിത കാലത്തു ദിവ്യരായി ജീവിച്ച വ്യക്തികളോട് ഒരു കുലത്തിനോ സമൂഹത്തിനോ ഉള്ള സ്നേഹാദരവുകൾ പ്രകടിപ്പിക്കുകയാണതിന്റെ ലക്ഷ്യം. വിലാപവസ്ത്രങ്ങൾ ധരിക്കുക, കുഴിമാടത്തിൽ പരേതന്റെ നന്മയ്ക്കായി കാഴ്ചകളർപ്പിക്കുക, സദ്യനടത്തുക എന്നിങ്ങനെയുള്ള ആചാരങ്ങൾ പരേതനോടുള്ള സ്നേഹവും ബഹുമാനവും പ്രദർശിപ്പിക്കാനായി അനുഷ്ഠിക്കുന്നു.

മരണമെന്ന യാഥാർത്ഥ്യം മനുഷ്യാത്മാവിന്റെ അസ്തിത്വത്തെ ബാധിക്കുന്നില്ലെന്ന വിശ്വാസമാണ് ഈ ആചാരങ്ങളിൽനിന്നും വ്യക്തമാകുന്നത്. പിതൃപൂജയിൽ പൂർവ്വപിതാക്കളെ ദൈവങ്ങളോടും ആത്മാക്കളോടും തുലനം ചെയ്യുകയും, അതിനടുത്ത ആരാധനയും ആചാരങ്ങളും അവർക്ക് അർപ്പിക്കുകയും ചെയ്യുന്നു.

ചില പണ്ഡിതരുടെ അഭിപ്രായത്തിൽ എല്ലാ മതങ്ങളുടെയും ആരംഭം പിതൃപൂജയിലാണ്. പുരാതന ഗ്രീസിലെ എവുഹെമറോസി (ബി.സി. 320-260) ന്റെ അഭിപ്രായത്തിൽ ഗ്രീസിലെ രാജാക്കന്മാർ മരിച്ചപ്പോൾ ജനങ്ങൾ അവർക്കു ദൈവത്വം നല്കി ആരാധിച്ചിരുന്നു. സേവൂസ് എന്ന നാമത്തിൽ അറിയപ്പെടുന്ന ദേവൻ തെസ്സലിയിലെ ഒളിംപിക് മലമുകളിൽ ആരാധിക്കപ്പെട്ട ഒരു രാജാവാണത്രെ. ഇങ്ങനെ പൂജ്യരായ രാജാക്കന്മാർക്ക് അനുഷ്ഠിച്ചിരുന്ന ആരാധന പിന്നീട് ഏകദൈവവിശ്വാസമായി പരിണമിച്ചുവെന്ന് സ്പെൻസർ (1820-1903) പറയുന്നു.

ചൈനയിൽ പിതൃപൂജ വളരെ പ്രധാനപ്പെട്ട ഒരാചാരമാണ്. പിതൃക്കളാണു തങ്ങളുടെ വിധി നിർണ്ണയിക്കുന്നതെന്നും, ഓരോരുത്തരുടെയും പ്രവൃത്തികൾക്കനുസരിച്ചു പിതൃക്കൾ പ്രതിഫലം നല്കുകയോ ശിക്ഷിക്കുകയോ ചെയ്യുമെന്നും, തങ്ങളുടെ പിൻതലമുറക്കാരോട് അനുസരണം ആവശ്യപ്പെടുന്നുണ്ടെന്നും പല ചൈനാക്കാരും വിശ്വസിച്ചിരുന്നു. വീടുകളിലും ക്ഷേത്രങ്ങളിലും പിതൃക്കളെ പൂജിച്ചിരുന്നു. വീടിന്റെ തെക്കുപടിഞ്ഞാറു മൂലയിൽ പരേതരുടെ പേരും ജനനത്തീയ്യതിയും അടങ്ങിയ ഫലകങ്ങൾ സൂക്ഷിച്ചിരുന്നു. ജപ്പാനിലെ ഷിന്റോയിസക്കാർ സ്വന്തം പിതൃക്കളെയും രാജവംശത്തിലെ പരേതരെയും പൂജിച്ചിരുന്നു. മരണത്തോടെ മനുഷ്യൻ 'കാമി'യായിമാറുന്നു എന്നാണവരുടെ സങ്കല്പം. പരേതരുടെ ആത്മാക്കൾക്കു ജീവിക്കുന്നവരെ നിയന്ത്രിക്കുവാൻ എത്ര മാത്രം സാധിക്കുമെന്നതിനെ ചൊല്ലി അഭിപ്രായവ്യത്യാസമുണ്ടാകാമെങ്കിലും പിതൃപൂജ പലയിടങ്ങളിലും സമൂഹസൗഹാർദ്ദം വളർത്താൻ സഹായിക്കുന്നു എന്നതിൽ രണ്ടുപക്ഷമില്ല.





### ഗോത്രമതങ്ങൾ

മതങ്ങളുടെ അവികസിത രൂപങ്ങൾ നാം കണ്ടുകഴിഞ്ഞു. ഇവ ഇന്ന് ഏറ്റവും കൂടുതൽ സജീവമായി നിലനില്ക്കുന്നതു ഗോത്രനിവാസികളുടെ അചാരാനുഷ്ഠാനങ്ങളിലാണെന്നു പറയാം. നാഗരിക സംസ്കാരത്തിൽനിന്നും വ്യവസ്ഥാപിത മതങ്ങളുടെ ജീവിതശൈലിയിൽനിന്നും അകന്നുകഴിയുന്ന ഗോത്രമത സംസ്കാരങ്ങൾ പുരാതന മനുഷ്യന്റെ മതാത്മാകശൈലി കുറെയൊക്കെ കാത്തു സൂക്ഷിക്കുന്നുണ്ട്. അതിനാൽ മതങ്ങളുടെ ആദിമരൂപങ്ങളെപ്പറ്റിയുള്ള പഠനം പൂർണ്ണമാകണമെങ്കിൽ ഗോത്രവർഗ്ഗക്കാരുടെ മതജീവിതത്തെക്കുറിച്ചും അറിഞ്ഞേ തീരൂ. ആഫ്രിക്ക, അമേരിക്ക, എന്നീ ഭൂഖണ്ഡങ്ങളിലും ഇന്ത്യയിലെ ഗിരിവർഗ്ഗക്കാരുടെ ഇടയിലും ഗോത്രമതങ്ങൾ സജീവമാണ്.

# 02

# ഷിന്റോയിസം

## ആമുഖം

ദൈവം അല്ലെങ്കിൽ അരൂപി എന്നർത്ഥമുള്ള 'ഷിൻ' (Shin), മാർഗ്ഗം എന്നർത്ഥമുള്ള 'താവോ' (Tao) എന്നീ രണ്ട് ചൈനീസ് വാക്കുകളിൽ നിന്നാണ് ഷിന്റോ (ദേവന്മാരുടെ മാർഗ്ഗം) എന്ന പദം രൂപപ്പെട്ടത്. ജപ്പാൻ ഭാഷയിൽ 'കാമിനോ മിച്ചി' (Kamino michi) കാമിയുടെ മാർഗ്ഗം എന്നാണ് ഷിന്റോയിസത്തെ വിളിക്കുന്നത്. എ.ഡി. ആറാം നൂറ്റാണ്ടിൽ ജപ്പാനിൽ ബുദ്ധമതം വേരുപാകി വികസിച്ചുവന്ന കാലഘട്ടത്തിൽ അതുവരെ ജപ്പാനിൽ നിലനിന്നിരുന്ന തദ്ദേശീയ മതപാരമ്പര്യത്തെ ബുദ്ധമതത്തിൽനിന്നു വ്യത്യസ്തമായി കാണാനായിട്ടാണ് ഈ നാമം ഉപയോഗിച്ചത്. ജപ്പാൻ ജനതയുടെ ഏകദേശം രണ്ടായിരത്തഞ്ഞൂറു വർഷത്തെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിലൂടെ രൂപപ്പെട്ടു വന്നതാണ് ഷിന്റോയിസം.





## ഷിന്റോയിസത്തിലെ വിഭാഗങ്ങൾ

ഷിന്റോയിസത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ 1800 കളിൽ ഈ മതം സ്റ്റേറ്റ് ഷിന്റോ (State Shinto), സെക്ടോ ഷിന്റോ (Sect Shinto) എന്നിങ്ങനെ രണ്ടായി നിലനിന്നിരുന്നതായി കാണാം. ഇങ്ങനെയൊരു വിഭജനം ഉടലെടുക്കുന്നതിനുള്ള കാരണങ്ങൾ അവ്യക്തമാണ്. ഈ രണ്ടു വിഭാഗങ്ങൾ തമ്മിൽ പ്രഘാനമായി മതാത്മക ജീവിത തീതിയിലാണ് വ്യത്യാസങ്ങൾ കാണുന്നത്.

### 1. സ്റ്റേറ്റ് ഷിന്റോ

ആദ്യകാലങ്ങളിൽ ഈ വിഭാഗം ഷ്റൈൻ ഷിന്റോ (Shrine Shinto) എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അവരുടെ മതജീവിതം ചെറുതും വലുതുമായ ആരാധനകേന്ദ്രങ്ങളോടു (Shrine) ബന്ധപ്പെട്ടിരിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം ആരാധാനാലയങ്ങളിൽ നടക്കുന്ന ആചാരാനുഷ്ഠാനങ്ങളാണു വിശ്വാസജീവിത്തിന്റെ കേന്ദ്രബിന്ദു. ഈ ആരാധനകൾക്കു നേതൃത്വം നൽകിയിരുന്നത് രാഷ്ട്രം നിയോഗിക്കുന്ന വ്യക്തികളായിരുന്നു. അവർ ദൈവത്തിന്റെ നാമത്തിലുള്ള ഭരണാധികാരിയായ 'ജിന്ന'യോട് വളരെയധികം വിധേയത്വം പ്രകടിപ്പിച്ചിരുന്നു. തിരഞ്ഞെടുക്കപ്പെട്ട സമൂഹം എന്ന നിലയിൽ അവർക്കു സ്വദേശത്തോടു ബഹുമാനവും ആദരവും ഉണ്ടായിരുന്നു. അവരുടെ പല ദേവാലയങ്ങളും മരിച്ചുപോയ ഭരണാധികാരികളുടെ ഓർമ്മക്കായിട്ടാണു പണികഴിപ്പിച്ചിരുന്നത്. ഇക്കാരണത്താൽ സർക്കാറിന്റെ ഭാഗത്തുനിന്ന് ഈ വിഭാഗത്തിനു രാഷ്ട്രീയ സമ്പത്തിക പിന്തുണ ലഭിച്ചിരുന്നു. ദേശീയ മതമായി ഈ വിഭാഗത്തെ കണ്ടിരുന്നതിനാലാവാം 'സ്റ്റേറ്റ് ഷിന്റോ' എന്ന പേരിൽ ഇവർ അറിയപ്പെടുന്നത്. എന്നാൽ, രണ്ടാം ലോകമഹായുദ്ധത്തിൽ ജപ്പാൻ പരാജയപ്പെട്ടതിനാൽ ഈ വിഭാഗത്തിനു സർക്കാരിൽ നിന്നു കിട്ടിയിരുന്ന പിന്തുണ നഷ്ടപ്പെടുകയും അങ്ങനെ ഇത് ജപ്പാനിലെ മതങ്ങളിൽ ഒന്നു മാത്രമായിത്തീരുകയും ചെയ്തു.

### 2. സെക്ട് ഷിന്റോ

പത്തൊമ്പതാം നൂറ്റാണ്ടിൽത്തന്നെ ഉടലെടു മറ്റൊരു വിഭാഗമാണ് 'സെക്ട് ഷിന്റോ.' ഷിന്റോയിസത്തിൽ നിലനിന്നിരുന്ന 13 മതശാഖകൾ ഒന്നിച്ചുചേർന്ന് രൂപം പ്രാപിച്ചതാണ് ഈ വിഭാഗം. ഒരു ദേശീയ മതമായി തിനെ കണക്കാക്കിയിരുന്നില്ലെങ്കിലും പരിപൂർണ്ണ സ്വാതന്ത്രവും അംഗീകാരവും ഇവർക്കു സർക്കാർ നല്കിയിരുന്നു. ഓരോ മതശാഖയ്ക്കും അതതിന്റേതായ

സ്ഥാപകന്മാരും പണ്ഡിതന്മാരും, വിശ്വാസിഗണവും, സ്വന്തമായ പ്രത്യേകതകളും ഉണ്ടായിരുന്നു. ഉദാഹരണമായി ഒരു മതശാഖ ഷിന്റോയിസത്തിന്റെ പരിശുദ്ധിയും ആചാരാനുഷ്ഠാനങ്ങളും അതിന്റെ തനിമയിൽ പാലിക്കുന്നതിന് ശ്രദ്ധാലുക്കളായിരുന്നു വെങ്കിൽ മറ്റൊരു ശാഖ മലമുകളിലെ ആരാധനയ്ക്കാണ് പ്രാധാന്യം കൊടുത്തിരുന്നത്. ചില ശാഖകൾ രോഗശാന്തിക്കാണു പ്രാധാന്യം കൊടുത്തിരുന്നത്. മതപരമായ ചടങ്ങുകൾക്കും വിദ്യാഭ്യാസത്തിനു മൊക്കെ നേതൃത്വം കൊടുത്തിരുന്നത് ഓരോ വിഭാഗത്തിലുമുള്ള തിരഞ്ഞെടുക്കപ്പെട്ട യോഗ്യന്മാരായിരുന്നു.

**സൈദ്ധാന്തിക സിദ്ധാന്തം**

ഷിന്റോ മതത്തിലെ വിവിധങ്ങളായ സിദ്ധാന്തങ്ങൾ രൂപിക രിക്കപ്പെട്ടത് നൂറ്റാണ്ടുകളിലൂടെയാണ്. വികസന പാതയിലെ ചില പ്രധാന മേഖലകളെ പഠനവിധേയമാക്കുന്നത് ഷിന്റോയിസത്തെ ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കും.

**1. മതഗ്രന്ഥങ്ങൾ**

വിശ്വാസസംബന്ധിയായ കാര്യങ്ങളിൽ ആധികാരികവും ദൈവനിവേശിതവുമായ ഒന്നാണ് മതഗ്രന്ഥമെങ്കിൽ ഷിന്റോയി സത്തിനു മതഗ്രന്ഥമില്ലെന്നു പറയേണ്ടിവരും. എന്നാൽ ദേശ സ്നേഹത്തിന്റെയും മതബോധ്യങ്ങളുടെയും പേരിൽ വളർന്നുവന്ന ദേശീയ സാഹിത്യമായി മതഗ്രന്ഥത്തെ വിശേഷിപ്പാക്കാമെങ്കിൽ ഷിന്റോയിസത്തിന് മതഗ്രന്ഥങ്ങളുണ്ടെന്നു പറയാം. പ്രധാനപ്പെട്ട ഷിന്റോ മതഗ്രന്ഥങ്ങൾ താഴെപ്പറയുന്നവയാണ്.

**കോജിക്കി (Kojiki):** എ.ഡി. 712-ൽ വിരചിതമായി. ഇതിന്റെ അർത്ഥം 'പ്രാചീന സംഭവ വിവരണം' എന്നാണ്.

**നിഹോങ്കി (Nihongi):** എ.ഡി. 720-ൽ പ്രസിദ്ധീകരിക്കപ്പെട്ട 'നിഹോങ്കി'യുടെ വാച്യാർത്ഥം 'ജപ്പാനിലെ സംഭവ വിവരണ ങ്ങൾ' എന്നാണ്. നിഷോൻ ഷോകി എന്നാണ് ഈ ഗ്രന്ഥത്തിന്റെ പൂർണ്ണ നാമം.

മേൽപ്പറഞ്ഞ രണ്ടു ഗ്രന്ഥങ്ങളും ഇതിഹാസപരവും ചരിത്രപര വുമായ യാഥാർത്ഥ്യങ്ങളെ അവതരിപ്പിക്കുന്നു. 'കോജിക്കി'യുടെ ഇരട്ടി വലിപ്പമുള്ള നിഹോങ്കിയിൽ എ.ഡി. 697 വരെയുള്ള ചരിത്രം പ്രതിപാദിച്ചിട്ടുണ്ട്.

**എങ്കിഷിക്കി (Yengishiki):** എ.ഡി. 927-ൽ രചിക്കപ്പെട്ടതാണ് ഈ





ഗ്രന്ഥം. 'ആചാരനിയമം' എന്നാണ് ഈ പേരിന്റെ അർത്ഥം. എങ്കിഷിയിൽ 27 അനുഷ്ഠാന വിധികളെക്കുറിച്ചും പ്രതിപാദി ക്കുന്നു.

ഇവ കൂടാതെ ചക്രവർത്തിമാരുടെ കാലാകാലത്തുള്ള കല്പനകളും മതഗ്രന്ഥങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരി ക്കുന്നത്. ഭൂസ്വർഗ്ഗങ്ങളുടെ ഉത്ഭവവും, പിന്നീട് ജപ്പാന്റെതന്നെ ഉത്ഭവവം മതഗ്രന്ഥങ്ങളിലെ പ്രഘാന പ്രതിപാദ്യവിഷയങ്ങളാണ്.

**2. ദൈവസങ്കല്പം**

പ്രപഞ്ചത്തിൽ ദൈവങ്ങളുടേയും ആത്മാക്കളുടേയും സാന്നിദ്ധ്യമുണ്ടെന്ന് ഷിന്റോ മതാനുയായികൾ വിശ്വസിക്കുന്നു. ഈ ശക്തിയെ അവർ 'കാമി' (Kami) എന്നു വിളിക്കുന്നു. കാമി എന്ന പേരിന്റെ അർത്ഥം അതീത വ്യക്തി (Superior Being) എന്നാണ്. വളരെ സങ്കീർണമായ സങ്കല്പ വിശേഷണങ്ങളാണ് കാമിക്ക് നല്കിയിട്ടുള്ളത്. ജപ്പാനിലെ മഹാപണ്ഡിയനായ മൊണ്ടൂറി (Montoori) പറയുന്നു: 'എനിക്ക് ഇനിയും കാമിയുടെ അർത്ഥംമനസ്സിലായിട്ടില്ല,' പൊതുവിൽ പറഞ്ഞാൽ, പ്രാചീന രേഖകളിൽ കാണുന്ന ഭൂമി, സ്വർഗ്ഗം, എന്നീ ദേവന്മാരെയും, ദേവാലയങ്ങളിൽ ആരാധിക്കപ്പെടുന്ന ആത്മാക്കളെയുമാണ് കാമി എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്. ചിലപ്പോൾ അവ മനുഷ്യ വ്യക്തികലെയും അർത്ഥമാക്കുന്നുണ്ട്. കാട്ടുമൃഗങ്ങൾ, മരങ്ങൾ, സസ്യങ്ങൾ, സമുദ്രം, കൊടുമുടികൾ, തുടങ്ങിയവയും കാമിയാണ്. പ്രാചീന സങ്കൽപ്പമനുസരിച്ച് മേലധികാരമുള്ള എന്തിലെയും കാമി എന്നു വിളിക്കാം. തിന്മയോ നന്മയോഎന്തുമാകട്ടെ, അവ അസാധാരണവും ഭയാനകവുമാണെങ്കിൽ കാമിയാണ്. മനുഷ്യരായ ചക്രവർത്തിമാരും കാമിയാണ്.

ദൈവത്തെ ഏതെങ്കിലുമൊരു ശക്തിയിൽ കേന്ദ്രീകരിക്കുന്ന തിനു പകരം, സാധാരണ മനുഷ്യന് അതീതമായ എന്തിനെയും ദൈവികമായി കാണുന്ന ശൈലിയാണു ഷിന്റോയിസത്തിന്റേത്. സർവ്വാതിശാശിയായ ഒന്നിനെയും പരിഗണിക്കുന്നില്ലെന്നും സ്വർഗ്ഗത്തെ ഭരിക്കുന്ന അമർത്തരാസു (Amarterasu) എന്ന സൂര്യദേവതയ്ക്കാണ് ഷിന്റോയിസത്തിൽ പ്രഥമ സ്ഥാനം. ജപ്പാനിൽ ഇന്നും വിശ്വസിക്കപ്പെടുന്ന ഒരു ജോടി ദൈവങ്ങളാണ് 'ഈസാനഗി' (Izanagi) എന്ന ദേവനും, ഈസാനമി (Izanami) എന്ന ദേവിയും. ഇവരുടെ ലൈംഗിക ജീവിതത്തിലൂടെയാണ് അമർത്തരാസവും, ജപ്പാനിലെ ദ്വീപുകളും മലകളും മരങ്ങളും കാറ്റും

തീയുമെല്ലാം കാമികളായി രൂപംകൊള്ളുന്നതെന്ന് ഐതിഹ്യം സാക്ഷ്യപ്പെടുത്തുന്നു. ദൈവങ്ങളെല്ലാംതന്നെ ജനനന്മയ്ക്കു വേണ്ടി പൊതുവിൽ നിലകൊള്ളുന്നുവെങ്കിലും കോപിച്ചു കഴിഞ്ഞാൽ നല്ല ദൈവങ്ങൾപോലും ദുരന്തങ്ങൾ വിതയ്ക്കും. ദുഷ്ടശക്തികൾക്കു ചേരുന്ന പ്രവർത്തനങ്ങൾ ചെയ്യുന്ന അപൂർവ്വം ചില ദൈവങ്ങളിൽ ഒന്നാണ് സൂസാനോവാ (Susanowa= മഴക്കാറ്റു ദൈവം).

**3. പ്രപഞ്ചസങ്കല്പം**

പ്രാചീന ജപ്പാൻ സൃഷ്ടി വിവരണമനുസരിച്ചു പ്രപഞ്ചമുണ്ടാകുന്നത് ഭൂമിയോടൊപ്പമുണ്ടായിരുന്ന സ്വർഗ്ഗത്തിന്റെ ആരോഹണം വഴിയാണ്. മറ്റൊരു പുരാണകഥ പ്രകാരം, സ്വർഗ്ഗത്തെ പ്രതിനിധാനം ചെയ്യുന്ന ഇസാനഗി എന്ന ദേവൻ ഭൂമിയെ പ്രതിനിധാനം ചെയ്യുന്ന ഇസാനമി എന്ന ദേവിയെ വിവാഹം കഴിച്ചു. അവരുടെ കുഞ്ഞുങ്ങളായി ജനിച്ചവരാണ് സൂര്യൻ, കടൽ, പുഴ, മലകൾ, മൃഗങ്ങൾ തുടങ്ങിയവ. അഗ്നിക്ക് ജന്മം കൊടുത്ത് പൊള്ളലേറ്റ ഇസാനമി മരിച്ചു. അങ്ങനെ ഈ പ്രപഞ്ചത്തിന്റെ രക്ഷാകർത്താക്കൾ വേർപിരിഞ്ഞു. സ്വർഗ്ഗദേവനായ ഇസനാഗി സ്വർഗ്ഗത്തിലേക്കുയർന്നു. ഭൂമിദേവി പാതാളദേവിയാകാൻ പാതാളത്തിലേക്കു താണു.

**4. മനുഷ്യ സങ്കല്പം**

ഷിന്റോയിസത്തിൽ ദൈവികതയോടു ബന്ധപ്പെട്ടു നില്ക്കുന്ന മനുഷ്യന്റെ സ്ഥാനം അതുല്യവും അമൂല്യവുമാണ്. ദൈവ-മനുഷ്യബന്ധം അകന്നതും വ്യതിരിക്തവുമായ യാഥാർത്ഥ്യമായാണ് ചില മതങ്ങൾ ചിത്രീകരിക്കുന്നതെങ്കിൽ, ഷിന്റോയിസം മനുഷ്യനെ ദൈവിക മേഖലയിലേക്ക് ഉയർത്തുകയാണ് ചെയ്യുന്നത്. ദൈവികമായ മനുഷ്യാവതാരത്തെക്കുറിച്ചുള്ള ചിന്താധാര ഇവിടെ അന്തർലീനമായിക്കിടക്കുന്നു. ദൈവികമേഖലയിലേക്ക് ഉയരുവാൻ മനുഷ്യനു മരണശേഷം മാത്രമല്ല കഴിയുന്നതെന്നും, ലോകത്തിൽ ജീവിക്കുമ്പോൾതന്നെ അത് ആർജ്ജിക്കാൻ കഴിയുമെന്നും ഷിന്റോയിസം വിശ്വസിക്കുന്നു. ചക്രവർത്തിമാരെ 'മാംസത്തിൽ ദൃശ്യരായ ദൈവങ്ങളായി' ദർശിക്കുന്നത് ഇതിന്റെ ഭാഗമാണ്. രാജ്യത്തെ നന്നായി സേവിച്ച എല്ലാ മനുഷ്യരെയും ദൈവങ്ങളായി കാണുന്നതും 'മനസ്സിൽ ശുദ്ധനും സ്വഭാവത്തിൽ നീതിമാനുമായവൻ ദേവനാണ്' എന്നെഴുതപ്പെട്ടിരിക്കുന്നതും ഈ സത്യം തന്നെയാണ് ചൂണ്ടിക്കാണിക്കുന്നത്. വളരെ ഉന്നതമായ മനുഷ്യദർശനം





മനുഷ്യദർശനം മനുഷ്യനം വെറും വസ്തുവായി മാത്രം കാണുന്ന ആധുനിക ലോകത്തിന് ഒരു വെല്ലുവിളിയാണ്.

ഷിന്റോയിസത്തിൽ സ്ത്രീകൾക്ക് സമുന്നമായ സ്ഥനമുണ്ട്. അബലമായി സ്ത്രീകളെ തരംതാഴ്ത്താതെ സമൂഹത്തിൽ അവർക്കു പ്രത്യേക ധർമ്മങ്ങളും കടമകളും ജോലികളും നല്കുന്നു. മതത്തിന്റെ ഉത്ഭവകാലത്ത് കാമിക്കു ബലി നടത്തിയിരുന്നത് ഷാമാൽസ് (Shamals) എന്നു വിളിക്കപ്പെടുന്ന വനിതാപുരോഹിതകളായിരുന്നു. മതത്തിലെ 'പ്രധാന ഈശ്വരൻ 'ഒരു ദേവതയാണ് എന്നതു ശ്രദ്ധേയമാണ്. പുതിയ പ്രവാചകരിൽ ഭൂരിഭാഗവും (ഉദാ:മിക്കിനക്കയാമ്മ (1798-1887)) സ്ത്രീകൾ തന്നെയാണ് എന്ന യാഥാർത്ഥ്യവും ഷിന്റോമതം സ്ത്രീകൾക്കു നല്കുന്ന സ്ഥാനത്തെ വിളിച്ചറിയിക്കുന്നു.

**5. രക്ഷാസങ്കല്പം**

മനുഷ്യന്റെ ഈ ലോകജീവിതത്തിന് പ്രാധാന്യം നല്കുന്ന ഷിന്റോയിസത്തിന് രക്ഷ തികച്ചും അപ്രസക്തമാണ്. മരണമടഞ്ഞ പിതാമഹന്മാരുടെ കുഴിമാടങ്ങൾ നിത്യാന്ധകാരത്തിന്റെ മേഖലയായാണ് അവർ കാണുന്നത്. ദൈവിക മനുഷ്യൻ സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെടുമെന്ന് ചിന്തിക്കുന്നുണ്ടെങ്കിലും ഷിന്റോയിസത്തിൽ ഊന്നൽ വർത്തമാനകാല ജീവിതത്തിലാണ്.

03

# കൺഫ്യൂഷ്യനിസം

## ആമുഖം

ചൈനയിൽ ഇന്ന് ഷാൻതുങ്ങ് എന്നറിയപ്പെടുന്ന 'ലു' (Lu) എന്ന പട്ടണത്തിൽ ബി.സി. 551-ൽ കൺഫ്യൂഷ്യസ് ഭൂജാതനായി. കൺഫ്യൂഷ്യസ് എന്ന നാമം ചൈനീസ് ഭാഷയിലെ "കുങ്ങ് ഫു-ത്സു" എന്ന പദത്തിന്റെ ലത്തീൻ ഭാഷാന്തരമാണ്. അതാകട്ടെ 17-ാം നൂറ്റാണ്ടിലെ ക്രൈസ്തവ മിഷനറിമാരടെ സംഭാവനയാണ്. ഈ വാക്കിന്റെ അർത്ഥം തത്ത്വജ്ഞാനിയായ ഗുരു (കുങ്ങ്) എന്നാണ്. പണ്ഡിതൻ, തത്ത്വജ്ഞാനി, രാഷ്ട്രതന്ത്രജ്ഞൻ, ഉപദേഷ്ടാവ്, മജിസ്ട്രേട്ട് എന്നീ നിലകളിൽ പ്രവർത്തിച്ച കൺഫ്യൂഷ്യസ് അക്കാലത്തുതന്നെ 3000-ത്തിലധികം ശിഷ്യന്മാരുടെ ആരാധനാപാത്രമായിരുന്നു.

കൺഫ്യൂഷ്യസ് ഒരു വ്യവസ്ഥാപിത മതം പ്രസംഗിച്ചു എന്നു പറയാനാവില്ല. മറിച്ച് ഒരു ജീവിതരീതിയാണ് അഥവാ ജീവിതനിയമമാണ് അദ്ദേഹം പ്രസംഗിച്ചത്. ദൈവത്തെപ്പറ്റിയല്ല മനുഷ്യർ തമ്മിൽത്തമ്മിൽ എങ്ങനെ പെരുമാറണമെന്നാണ് അദ്ദേഹം പഠിപ്പിച്ച





ത്. സദാചാരസംഹിത അല്ലെങ്കിൽ ശരിയായ പ്രവൃത്തി വഴിയുള്ള രക്ഷ എന്നതാണ് കൺഫ്യൂഷ്യസിന്റെ പ്രമാണം. കൺഫ്യൂഷ്യസ് പുരോഹിതതന്ത്രത്തെയും ബഹുദേവതാ ദർശനത്തെയും അപലപിക്കുകയും ധാർമ്മിക മതസംഹിതകളാണു ജീവിതത്തിന് ആവശ്യമെന്നു പ്രഖ്യാപിക്കുകയും ചെയ്തു. ബി.സി. 6-ാം നൂറ്റാണ്ടിൽ ധാർമ്മികമായി അധഃപതനത്തിൽ കഴിഞ്ഞിരുന്ന ചൈനയെ വിമലീകരിച്ച കൺഫ്യൂഷ്യനിസ്റ്റ് ചിന്തകളുടെ സ്വാധീനം പിന്നീടുള്ള തത്ത്വശാസ്ത്രങ്ങളിലും കാണാവുന്നതാണ്. അരിസ്റ്റോട്ടിൽ (384-322 ബി.സി.), ഗ്രീസിലെ സ്റ്റോയിക്സ്, ചൈനയിലെ തത്ത്വജ്ഞാനികൾ, ആധുനിക മാനവികതാ വാദികൾ, നവീകരണ വാദികൾ തുടങ്ങിയവരിലൊക്കെ കൺഫ്യൂഷ്യനിസ്റ്റ് ധാർമ്മികതയുടെ സ്വാധീനമുണ്ട്.

## പ്രധാന മതഗ്രന്ഥങ്ങൾ

"വൂ - ചിങ്ങ് "(Wu-Ching അഞ്ചു വിശ്വോത്തര കൃതികൾ), സ്സു-ഷു Ssu-shu - നാലു ഗ്രന്ഥങ്ങൾ) എന്നീ രണ്ടു ഗ്രന്ഥ സമാഹാരങ്ങളാണ് "കൺഫ്യൂഷ്യൻ കാനൻ" എന്നറിയപ്പെടുന്നത്. മുൻകാലങ്ങളിലെ തത്ത്വജ്ഞാനികളുടെ പഠനങ്ങളെല്ലാം സമാഹരിച്ചും പുനഃക്രമീകരിച്ചും വ്യാഖ്യാനിച്ചും കൺഫ്യൂഷ്യസ് രൂപപ്പെടുത്തിയതാണ് ആദ്യ നാലു ഗ്രന്ഥങ്ങൾ. അഞ്ചാമത്തേത് കൺഫ്യൂഷ്യസിന്റെ കൃതിയാണെന്നു കരുതപ്പെടുന്നു. എന്നാൽ, ഇതിന്റെ രൂപീകരണത്തെക്കുറിച്ചും കാലഘട്ടത്തെക്കുറിച്ചും വ്യത്യസ്ത അഭിപ്രായങ്ങളാണ് പിതന്മാർക്കുള്ളത്. "ചൗ" രാജവംശത്തിന്റെ കാലഘട്ടത്തിലായിരിക്കാം ഇതിന്റെ രൂപീകരണം നടന്നതെന്ന് ചിലർ കരുതുന്നു. മറ്റു ചിലർ "വു - ചിങ്ങ് "ഹാൻ രാജകുലത്തിന്റെ (202 ബി.സി.220 എ.ഡി) കാലഘട്ടത്തിലും "സ്സ - ഷു സുങ്ങ് "രാജവംശത്തിന്റെ (960 - 1269 എ.ഡി) കാലഘട്ടത്തിലുമാണ് രൂപീകരിക്കപ്പെട്ടതെന്നു വാദിക്കുന്നു.

## അടിസ്ഥാന വിശ്വാസസംഹിതകൾ

### ദേവീദേവന്മാരും ആത്മാക്കളും

പുരാതന പാരമ്പര്യമനുസരിച്ച് ചൈനാക്കാർ ബഹുദേവതാ വിശ്വാസികളായിരുന്നു. കുറേ ആത്മാക്കളും ദേവീദേവന്മാരുമാണ് പ്രപഞ്ചത്തെ നിയന്ത്രിക്കുന്നതെന്ന് അവർ വിശ്വസിച്ചു. ദേവീദേവന്മാർക്ക് പ്രത്യേകബലികൾ അർപ്പിച്ചിരുന്നു. വസന്തകാലത്തും ശരത്കാലത്തും ചക്രവർത്തിമാർ ചെലവേറിയ കാഴ്ചകൾ നല്കി. ഫലഭൂയിഷ്ഠമായ മണ്ണിനും വിളവിനും വേണ്ടിയാണ് ഇപ്രകാരം ചെയ്തി

രുന്നത്. ദേവീദേവന്മാർക്കുള്ള പരമോന്നത ബലിയായ നരബലി യുടെ അവശിഷ്ടങ്ങൾ പുരാവസ്തു ഗവേഷകർ കണ്ടെത്തിയി ട്ടുണ്ട്.

സ്വർഗ്ഗത്തിലെയും ഭൂമിയിലെയും ദേവീദേവന്മാർക്കു പുറമേ പ്രാദേശിക ആത്മാക്കളിലും അവർക്കു വിശ്വാസമുണ്ടായിരുന്നു. നന്മയ്ക്കു കാരണമായ വെളിച്ചത്തിന്റെ ആത്മാക്കളെ 'ഷെൺ 'എന്നും തിന്മയ്ക്കു കാരണമായ ഇരുട്ടിന്റെ ആത്മാക്കളെ 'കൂയി'എന്നും അവർ വിളിച്ചിരുന്നു. സാധാരണ ജനങ്ങൾ തിന്മ യിൽ നിന്നും സംരക്ഷിക്കപ്പെടാൻ മൃഗബലിയും ധാന്യബലിയും അർപ്പിച്ചിരുന്നു.

**'യിൻ-യാങ്ങ്' പ്രപഞ്ച സങ്കല്പം**

പ്രപഞ്ചത്തിന്റെ സ്വഭാവം വിവരിക്കാൻ പുരാതന ചൈനീസ് ആചാര്യന്മാർ വികസിപ്പിച്ചെടുത്ത തത്ത്വചിന്തകളാണ് 'യിൻ-യാങ്ങ്'സങ്കല്പം. പ്രകൃതിയിലെ നിഷേധാത്മക ഭാവങ്ങളാണ് അഥവാ ശക്തിയാണ് 'യിൻ.' ഇരുട്ട്, തണുപ്പ്, സ്ത്രൈണത, മ്ലാന ത, ഭൂമി, ചന്ദ്രൻ, നിഴലുകൾ ഇവയെല്ലാം 'യിൻ'പ്രതിനിധാനം ചെയ്യുന്നു. 'യാങ്ങ്' ഭാവാത്മകശക്തിയാണ്. പ്രകാശം, ഊഷ്മള ത, പൗരുഷം, ഉറക്കം, സൂര്യൻ എന്നിവയാണ് യാങ്ങ്. ഇവ തമ്മി ലുള്ള പരസ്പര പ്രവർത്തനമാണ് പ്രപഞ്ചത്തിന്റെ അടിസ്ഥാന ഘടകം. സൂര്യനും ഭൂമിയുമൊഴികെ പ്രകൃതിയിലെ മനുഷ്യവംശവും ഇവിടെ നടക്കുന്ന സംഭവങ്ങളുമെല്ലാം 'യിൻ - യാങ്ങ്'ശക്തിക ളുടെ സങ്കലനം വഴിയായി നടക്കുന്നുവെന്നു വിശ്വസിക്കപ്പെടുന്നു.

**സ്ത്രീപുരുഷ സങ്കൽപ്പം**

പുരുഷ മേധാവിത്വമായിരുന്നു കൺഫ്യൂഷ്യനിസത്തിൽ നില നിന്നിരുന്നത്. ഒരു സ്ത്രീ വിവാഹിതയാകുന്നതോടെ ഭർത്താവിന്റെ നാമം സ്വീകരിക്കുന്നു. ആൺകുട്ടികളില്ലാത്ത കുടുംബങ്ങൾ നിർഭാഗ്യ കുടുംബങ്ങളായാണ് കരുതപ്പെട്ടിരുന്നത്. ഇതിനു കാര ണം, ആൺകുഞ്ഞുങ്ങൾ ഇല്ലാതെ വന്നാൽ അടുത്ത തലമുറ അതോടെ അപ്രത്യക്ഷമാക്കുമെന്നുള്ളതാണ്. ഇങ്ങനെയൊക്കെ ആയിരുന്നെങ്കിലും സ്ത്രീകൾ അവരുടെ ഭവനങ്ങളിൽ പുരുഷന്മാ രേക്കാൾ കൂടുതൽ സ്വാതന്ത്ര്യം അനുഭവിക്കുകയും ബഹുമാനിക്ക പ്പെടുകയും ചെയ്തിരുന്നു. പിശാചുകളും ദുഷ്ടാരൂപികൾ പോലും സ്ത്രീകളെ പുരുഷന്മാരേക്കാൾ അധികമായി ബഹുമാനിച്ചിരുന്ന തായി കൺഫ്യൂഷ്യനിസ്റ്റുകൾ കരുതിപ്പോന്നു. പടിഞ്ഞാറൻ ചൈന ക്കാരുടെ വിശ്വാസമനുസരിച്ച് പിശാചുക്കൾ ആൺകുഞ്ഞുങ്ങളെ





നശിപ്പിക്കുന്നതിനായി ശാരീരിക പീഡനകൾ ഏൽപ്പിക്കുമായിരു ന്നു. ഇത്തരം പീഡകളിൽനിന്ന് രക്ഷിക്കാനായി മാതാപിതാക്കൾ തങ്ങളുടെ പുത്രന്മാരെ പെൺകുട്ടികളുടെ വേഷമണിയിച്ചാണ് യാത്രയ്ക്ക് കൊണ്ടുപോയിരുന്നത്. പെൺകുട്ടിയെ കണ്ടാൽ ദുഷ്ടാ രൂപികൾ തങ്ങളുടെ മുഖം മറച്ച് ഓടി രക്ഷപ്പെടുമെന്നായിരുന്നു വിശ്വാസം.

**അഞ്ചു മൗലിക സുകൃതങ്ങൾ**

കൺഫ്യൂഷ്യസിന്റെ പഠനമനുസരിച്ച് അഞ്ചു മൗലിക സുകൃത ങ്ങളാണ് ഉള്ളത്. ജെൻ (Jen) - മറ്റുള്ളവരോട് തോന്നുന്ന അനുക മ്പ, യി (Yi) - തെറ്റായ പ്രവൃത്തിയിലുണ്ടാകുന്ന ലജ്ജ, ലി (Li) - ഔചിത്യം അഥവാ പെരുമാറ്റച്ചട്ടം, ചിച് (Chich) - നന്മയും തിന്മയും വിവേചിച്ചറിയാനുള്ള ജ്ഞാനം, ഹ് സിൻ (H Sin) - വിശ്വസ്തത എന്നിവയാണ് ഈ അഞ്ച് മൗലിക സുകൃതങ്ങൾ. ഈ നിയമങ്ങൾ അനുസരിച്ചു ജീവിക്കുന്നവൻ സ്വർഗ്ഗത്തിന്റെ വഴിയേ (Way of Heaven) ചരിക്കുന്നു എന്ന സങ്കല്പം മാത്രമാണ് ഈ മൗലികസു കൃതങ്ങളെ മതവുമായി ബന്ധപ്പെടുത്തുന്നത്. ഈ സുകൃതങ്ങൾക്കു വിരുദ്ധമായി ജീവിക്കുന്ന കൺഫ്യൂഷ്യസ് വിശ്വാസിയുടെ അനു ഭവം പാപബോധമായിരുന്നില്ല. മറിച്ച്, തന്നോടുതന്നെ തോന്നുന്ന ലജ്ജയായിരുന്നു. അതുകൊണ്ട് പാപമോചന കർമ്മങ്ങൾ ഈ മത ത്തിൽ ഇല്ലായിരുന്നു.

# 04

# തവോയിസം

## ആമുഖം

താവോ എന്ന അപരിമേയ സത്യത്തെ ഉണ്മയുടെ കേന്ദ്രമായി കണക്കാക്കുകയും പ്രവൃത്തിയില്ലായ്മയിലൂടെ ആ സത്തയുമായി ഐക്യപ്പെടാൻ ശ്രമിക്കുകയും ചെയ്യുന്ന ജീവിതശൈലിയും തത്ത്വശാസ്ത്രവും മതവുമാണ് താവോയിസം. ഇതിനെ നിരീശ്വരസിദ്ധാന്തമായി ചില പണ്ഡിതന്മാർ വിശേഷിപ്പിക്കുന്നുണ്ടെങ്കിലും മതമായാണ് പരക്കെ അറിയപ്പെടുന്നത്. ആദ്യകാലങ്ങളിൽ ഒരു തത്തവശാസ്ത്രം മാത്രമായിരുന്ന താവോയിസം പിന്നീടു മിസ്റ്റിക്കൽ ജീവിതശൈലിയാവുകയും കാലക്രമത്തിൽ ദൈവങ്ങളും, ദേവാലയങ്ങളും, തിരുക്കർമ്മങ്ങളും പുരോഹിതക്രമവും മറ്റും സ്വീകരിച്ച് വ്യവസ്ഥാപിത മതമായിത്തീരുകയും ചെയ്തു.

## സ്ഥാപകൻ: ലാവോത്സു (Lao Tzu)

ബി.സി. 6-ാം നൂറ്റാണ്ടിൽ കൺഫ്യൂഷ്യസിന്റെ സമകാലികനായി ജീവിച്ചിരുന്ന ലാവോത്സുവിനെയാണ് (ഏകദേശം 604-507 ബി.സി.) പരമ്പരാഗതമായി താവോയിസത്തിന്റെ സ്ഥാപകനായി കണക്കാക്കുന്നത്. അദ്ദേഹത്തിന്റെ യഥാർത്ഥ പേര് ലി പോഹ് യാങ്





എന്നാണെന്നു കരുതപ്പെടുന്നു. ലാവോത്സി, ലാവോതാൻ, എന്നീ പേരുകളിലും അദ്ദേഹം അറിയപ്പെടുന്നുണ്ട്. പ്രാചീന തത്ത്വജ്ഞാനി, പ്രാചീന ഗുരു (Old Philosopher, Old Master) എന്നൊക്കെ അർത്ഥം വരുന്ന ലാവോത്സുവെന്ന പേര് ശിഷ്യന്മാർ ബഹുമാനപൂർവ്വം നല്കിയതാവണം. ഇതൊരു കുടുംബപ്പേരാണ്; സ്ഥാനപ്പേരാണ് എന്നൊക്കെയും അഭിപ്രായങ്ങളുണ്ട്. എന്നാൽ പല പണ്ഡിതന്മാരുടെയും അഭിപ്രായത്തിൽ ലാവോത്സു ഒരു ഐതിഹ്യപുരുഷൻ മാത്രമാണ്.

## ചുവാങ്ങ് ത്സു (Chuang Tzu)

പ്രാചീന താവോയിസത്തിന് താത്ത്വികവും 'മിസ്റ്റിക്കലും' ആയ അടിസ്ഥാനം നല്കിക്കൊണ്ട് അതിനെ ജനസമ്മതിയുള്ള ജീവിതശൈലിയാക്കിത്തീർത്തത് ബി.സി. 4-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ചുവാങ്ങ്ത്സുവാണ് (369-286 ബി.സി.) ലാവോത്സു കൃത്രിമമായ ജീവിതത്തിനെതിരേ പ്രതികരിച്ചപ്പോൾ ചുവാങ്ങ്ത്സു പ്രായോഗിക ജീവിതത്തിൽ താവോയിസ്റ്റ് തത്ത്വങ്ങൾ എങ്ങനെ പാലിക്കാമെന്ന് കാണിച്ചു കൊടുത്തു. ഇക്കാരണത്താൽ താവോയിസത്തിന്റെ 'സെന്റ് പോൾ' എന്നാണ് ഇദ്ദേഹം അറിയപ്പെടുന്നത്.

## പ്രധാനപാഠങ്ങൾ

### 1. താവോ സങ്കല്പം

താവോയിസത്തിന്റെ അടിസ്ഥാനം 'താവോ' സങ്കല്പമാണ്. ചൈനീസ് തത്ത്വശാസ്ത്രത്തിൽ താവോ എന്നതു സാധാരണ ഉപയോഗത്തിലുണ്ടായിരുന്ന ഒരു പദമായിരുന്നു. ഈ പദത്തിന്റെ വ്യാച്യാർത്ഥം വഴി, മാർഗ്ഗം എന്നൊക്കെയാണ്. ഒരു വ്യക്തിയുടെ പ്രവർത്തനരീതിയെയോ മാർഗ്ഗത്തെയോ ഇതിനൊക്കെ പ്രേരിപ്പിച്ച സംഗതിയെയോ സൂചിപ്പിക്കാനായി താവോ എന്ന പദം കൺഫ്യൂഷ്യസ് ഉപയോഗിച്ചു. വ്യക്തികളുടെ പ്രവർത്തനങ്ങൾക്ക് കൺഫ്യൂഷ്യസ് മാതൃകയായി നല്കിയത് വികസനവും ഐശ്വര്യവും നേടിയെടുത്ത രാജാക്കന്മാരുടെ ജീവിതശൈലികളായിരുന്നു. ഈ മാർഗ്ഗത്തെ അദ്ദേഹം സ്വർഗ്ഗമാർഗ്ഗം എന്നു വിളിച്ചു. താവോയിസം വളരെ ആഴമേറിയ അർത്ഥമാണ് ഇതിനു നല്കുന്നത്. താവോയിസത്തിൽ താവോ വെറും ഒരു മാർഗ്ഗമോ മാതൃകയോ അല്ല. മറിച്ച് എല്ലാത്തിനെയും ഉൾകൊള്ളുന്ന, എല്ലാത്തിനും ആദികാരണവും അന്ത്യലക്ഷ്യവുമായ, അവർണ്ണനീയമായ പരമോന്നത സത്തയാണ്. താവോയെ മനുഷ്യന് അന്വേഷിച്ചു കണ്ടെത്താനാവില്ല, അതു വെളിവാകുന്നതാണ്, മനുഷ്യനു സ്വയം അറിയാൻ സാധിക്കുന്നത് ഗോചരമായ ലോകത്തിൽ നടക്കുന്ന താവോയുടെ പ്രകാശനങ്ങൾ മാത്രമാണ്.

താവോയുടെ പ്രസരണങ്ങളാണു പ്രകൃതിയും പ്രകൃതി നിയമങ്ങളും. ഈ താവോ ക്രിയാത്മകമാണ് (Active Tao). ക്രായാത്മക താവോ ശൂന്യതയിൽനിന്നാണ്, അസ്തിത്വ രാഹിത്യത്തിൽ നിന്നാണ് (Absolute Tao).

അസ്തിത്വം '' ആയിരിക്കുന്നതാണ്.' അസ്തിത്വത്തിൽ നിന്നും ഉത്ഭവിക്കുന്ന പ്രകൃതിയും പ്രകൃതിനിയമങ്ങളും 'ആയികൊണ്ടിരിക്കുന്നതും.' ആയികൊണ്ടിരിക്കുന്നതിന്റെ രീതി" യിൻ" ഉം"യാങ്" ഉം ആണ്. യിൻ-ഉം യാങ്-ഉം രണ്ടു തുല്യ വിപരീത ശക്തികളാണ്."യിൻ" ക്രിയാത്കകവും "യാങ്" നിർജ്ജീവാവസ്ഥയിലുള്ളതുമാണ്. ഈ രണ്ടു വിപരീത ശക്തികളുടെ ലീലാവിലാസമാണ് പ്രപഞ്ചവും പ്രതിഭാസങ്ങളും.

താവോയെ സാധാരണ സങ്കല്പത്തിലുള്ള ദൈവമായി മനസിലാക്കുന്നതു ശരിയല്ല. സാധാരണ സങ്കല്പത്തിൽ ദൈവം പരമേന്നതമായ അസ്തിത്വമാണ്. പ്രപഞ്ചം വേറൊരസ്തിത്വവും. പക്ഷേ, താവോയിസത്തിൽ പ്രപഞ്ചവും താവോയും വ്യത്യസ്തമായ അസ്തിത്വങ്ങളല്ല. ഇവ രണ്ടും ഒന്നാണ്. അതുപോലെതന്നെ താവോയെ ഒരസ്തിത്വമായി കണക്കാക്കാൻ സാധിക്കുകയില്ല. മറിച്ച്, താവോ ശൂന്യതയാണ്. ഹിന്ദു സങ്കല്പത്തിലെ 'ആത്മൻ' സങ്കല്പവുമായി താവോ സങ്കല്പത്തിനു സമാനത കാണാനാവും. താവോയെ മനസ്സിലാക്കാൻ അന്തർജ്ഞാനത്തിലൂടെ മാത്രമേ സാധിക്കൂ. ചുരുക്കത്തിൽ താവോയെക്കുറിച്ചു പറഞ്ഞുകൊടുക്കാനോ സാധിക്കുകയില്ല.

**2. 'ടെക് ' സങ്കല്പം**

'താവോ' സങ്കല്പം പൂർണ്ണമാകുന്നത് 'ടെക് '(Te) സങ്കല്പം കൂടി ഉൾപ്പെടുമ്പോഴാണ്. ഒരു വസ്തുവിന് അതിന്റെ രൂപവും (Form) സ്വഭാവവും (Character) സാദ്ധ്യതയും (Potentiality) കൊടുക്കുന്ന 'താവോ'യുടെ കാര്യക്ഷമതയാണ് അല്ലെങ്കിൽ ജീവൽ ശക്തിയാണ് 'ടെക്.' 'ടെക്' എന്നത് സാധാരണ വിവർത്തനം ചെയ്യപ്പെടുന്നത് പുണ്യം എന്നാണ്. പുണ്യം എന്നകു പാപത്തിനു വിപരീതം എന്നല്ല ഇവിടെ അർത്ഥമാക്കുന്നത്. മറിച്ച്, ഒരു ആന്തരിക ശക്തിയെയാണ് ഇതു സൂചിപ്പിക്കുന്നത്. ബോധപൂർവ്വമായ പ്രവർത്തനമില്ലാതെ മറ്റുള്ളവയെ സ്വാധീനിക്കുന്നതിനും സംഭവങ്ങളെ രൂപപ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനും കഴിവുള്ള ആന്തരികശക്തിയാണു ടെക്.

**3. ദൈവസങ്കല്പം**

താവോയിസ്റ്റു ചിന്താഗതയനുസരിച്ച് ദൈവസങ്കല്പത്തിനു





പ്രസ്ക്തിയില്ലെങ്കിലും മതാത്മക താവോയിസം വളർന്നതോടുകൂടി ബഹു ദൈവ വിശ്വാസവും താവോയിസത്തിന്റെ ഭാഗമായി. മഹായാനബുദ്ധിസത്തിനു ചൈനയിൽ ഉണ്ടായ സ്വാധീനമാണ് ബഹുദൈവവിശ്വാസം താവോയിസത്തിലും കടന്നുവരാൻ കാരണമായത്. മഹായാന ബുദ്ധിസത്തിന്റെ ത്രിത്വസങ്കല്പത്തെ അനുകരിച്ച 'മൂന്നു കളങ്കരഹികർ' (Three Pure Ones) എന്ന പേരിൽ എ.ഡി. 1-ാം നൂറ്റാണ്ടിൽ താവോയിസവും ദൈവ സങ്കല്പത്തെ വികസിപ്പിച്ചു. ഈ കാലഘട്ടത്തിൽ ലാവോത്സുവിനെ ബുദ്ധന്റെ പുനർജന്മമായി കണക്കാക്കാൻ തുടങ്ങി. എ.ഡി. 156-ൽ ഹവാൻ ചക്രവർത്തി ലാവോത്സുവിനു ബലിയർപ്പണം നടത്തി. ഷാങ് റ്റി (Shang Ti) യുടെ പ്രതിഫലനവും നീലസ്വർഗ്ഗത്തിലെ (Azure Heaven) ജേഡ് മലയിൽ വസിച്ചിരുന്നവനുമായ ജേഡ് ചക്രവർത്തിയും ബഹുമാന്യനായ താവോയും (Tao Chun or Mystic Jwel honoured of heaven) ലാവോത്സുവിന്റെ ഒപ്പം സ്ഥാനമുള്ള മറ്റു ദൈവങ്ങളായി കണക്കാക്കപ്പെട്ടു. ദൈവഗണത്തിന്റെ തലവനായി കണക്കാക്കുന്നത് ഈ മൂന്നു കളങ്കരഹിതയുടെ സംയുക്തത്തെയാണ്. ഇതിൽ ജേഡ് ചക്രവർത്തിയാണു മുഖ്യൻ. ഇവർ മൂന്നും വെവ്വേറെ സ്വർഗ്ഗങ്ങളിൽ വസിക്കുന്നുവെന്ന് വിശ്വസിക്കുന്നു.

ഇവർ വസിക്കുന്ന സ്വർഗ്ഗങ്ങളിൽ മറ്റു ദൈവികാസ്തിത്വങ്ങളുമുണ്ട്. അതിൽ വിശുദ്ധന്മാർ (ഷെങ്ങ് ജെൻ, Sheng jen) ഏറ്റവും ഉയർന്ന സ്വർഗ്ഗത്തിലും, പൂർണ്ണർ (ചെൻ ജെൻ, Chen jen) രണ്ടാമത്തെ സ്വർഗ്ഗത്തിലും, അമർത്ത്യർ (ജെന്നികൾ, genni) ഏറ്റവും അവസാനത്തെ സ്വർഗ്ഗത്തിലും വസിക്കുന്നുവെന്ന് താവോയ്സ്റ്റുകൾ കരുതുന്നു. അമർത്യരുടെ ഇടയിൽ പ്രധാനമായും അഞ്ചു വിഭാദങ്ങളുണ്ട്. അതിൽ ഒന്നാമത്തേത് ശരീരമില്ലാത്ത, വിശ്രമസ്ഥലമാവിശ്യമില്ലാത്ത ആത്മാക്കളാണ് (Demons Immortals). രണ്ടാമത്തേത്, ആത്മാവിന്റെ കാഴ്ചപ്പാടിൽനിന്നും ശരീരത്തിന്റെ ജീർണ്ണതയിൽനിന്നും മോചനം ലഭിച്ചവരാണ് (Human Immortals). മൂന്നാമത്തേത്, അമർത്യത ഈ ലോകത്തിൽ വെച്ചുതന്നെ നേടിയെടുത്ത മനുഷ്യരാണ് (Earthy Immortals). അനുഗ്രഹ ദ്വീപുകളിൽ വസിക്കുന്ന വിശുദ്ധീകരിക്കപ്പെട്ട ആത്മാക്കളാണ് (Deified Immortals ) നാലാമത്തേത്. സ്വർഗ്ഗത്തിൽ നിത്യജിവിതം ആസ്വദിക്കുന്ന മഹത്വപ്പെട്ട അസ്തിത്വങ്ങളാണ് (Celestial Immortals) അഞ്ചാമത്തേത്. യുവാൻ കാലഘട്ടത്തിൽ (എ.ഡി. 1279-1368) എട്ട് അമർത്യർ എന്നൊരു വിഭാഗം ദൈവസങ്കല്പത്തിന്റെ ഭാഗമാകുകയും താവോയിസ്റ്റുകൾ അവരെ ആരാധിക്കുകയും ചെയ്തിരുന്നു.

# 05

# ഇസ്ലാം മതം

## ആമുഖം

സലാം (Salam) എന്ന അറബിവാക്കിൽ നിന്നാണ് ഇസ്ലാം എന്ന വാക്കിന്റെ ഉത്ഭവം. സലാമിന്റെ അർത്ഥം 'സമാധാനം', 'രക്ഷ' എന്നെല്ലാമാണ്. ഇസ്ലാം എന്ന വാക്കിന് 'ദൈവത്തിനു കീഴടങ്ങൽ', 'ദൈവത്തിനു വഴങ്ങൽ' എന്നീ അർത്ഥങ്ങൾ കൊടുക്കാം. (എ.ഡി. 610-നും 632-നും ഇടയിൽ അല്ലാഹു പ്രവാചകൻ മുഹമ്മദിനു വെളിപ്പെടുത്തിയതാണ് ഇസ്ലാം മതം എന്നു മുസ്ലീംങ്ങൾ വിശ്വസിക്കുന്നു) ലോകാവസാനത്തിനു മുമ്പ് മനുഷ്യനു കിട്ടാവുന്നതിൽ ഏറ്റവും അവസാനത്തെ വെളിപാടായിട്ടാണ് മുസ്ലീംങ്ങൾ തങ്ങളുടെ വിശ്വാസത്തെ കാണുന്നത്. മതനാമം മതഗ്രന്ഥമായ ഖുറാനിൽത്തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. "ഇന്നു നിങ്ങൾക്കു ഞാൻ നിങ്ങളുടെ മതം പൂർണ്ണമാക്കുകയും എന്റെ അനുഗ്രഹം പൂർത്തീകരിച്ചുതരികയും ഇസ്ലാമിനെ മതമായി തൃപ്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നു" (ഖുറാൻ 5.3).

## പ്രതീകങ്ങളും അവയുടെ അർത്ഥവും

**വാൾ:** വെള്ളിയാഴ്ച ഖുറാൻ വ്യാഖ്യാന സമയത്ത്,





ഒരു വാൾ ഇമാം കൈയിലേന്തുന്ന പതിവുണ്ട്. യുദ്ധത്തിനുശേഷം പ്രവാചകൻ പറഞ്ഞു. നാം ചെറിയ യുദ്ധത്തിനുശേഷം (Al-Jihad as - Asghar) വലിയ യുദ്ധത്തിലേക്കു (Al-Jihad-alakbar)വന്നിരിക്കുന്നു. പ്രവാചകന്റെ ഈ വാക്കുകളുടെ പ്രതീകമാണു വാൾ. അന്ധവിശ്വാസം, അവിശ്വാസം, അജ്ഞത, തിന്മ, അടിമത്തംതുടങ്ങിയ ബലഹീനതകൾക്കെതിരേ ഒരുവൻ തന്നോടുതന്നെ യുദ്ധം ചെയ്യേണ്ടിയിരിക്കുന്നു. ഈ ആത്മീയയുദ്ധത്തിന്റെ പ്രതീകമാണ് ഇമാം കൈയിലേന്തുന്ന വാൾ.

**ഹിലാൽ (ചന്ദ്രക്കല):** ഇസ്ലാമിക കലണ്ടർ ചന്ദ്രമാസം അടിസ്ഥാനമാക്കിയാണു രൂപപ്പെടുത്തിയിരിക്കുന്നത്. ചന്ദ്രനെപ്പറ്റി ഖുർആനിൽ പലയിടത്തും പരാമർശമുണ്ട്. ഖുറാൻ 74:35; 84:18; 39:7 എന്നിവിടങ്ങളിൽ അല്ലാഹു ചന്ദ്രനെക്കൊണ്ടാണു ശപഥം ചെയ്യുന്നത്. പ്രകാശം നല്കാനും (ഖു.10:5, 71:15) ലക്ഷ്യത്തിലേക്ക് ഓടിയടുക്കാനും (ഖു.35:14; 39:7) വേണ്ടിയാണ് ചന്ദ്രഗോളം ആകാശത്തു സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. 54-ാം സൂറത്ത് ആരംഭിക്കുന്നതുതന്നെ ചന്ദ്രഗോളത്തിന്റെ വിഘടനം പരാമർശിച്ചുകൊണ്ടാണ്. പ്രവാചകൻ ചന്ദ്രനെക്കൊണ്ട് ഒരത്ഭുതം പ്രവർത്തിച്ചതാണെന്ന് ചിലർ ഇതിനെ വ്യാഖ്യാനിക്കുന്നു. അന്ത്യവിധിനാളിൽ ചന്ദ്രന് നാശം സംഭവിക്കും എന്നാണു വിശ്വാസം. മുസ്ലീം പള്ളികളിലെ ചന്ദ്രക്കലയുടെ കീഴിൽ സ്ഥാപിച്ചിരിക്കുന്ന മൂന്നു സമ്പൂർണ്ണഗോളങ്ങൾ മൂന്നു ലോകങ്ങളെ സൂചിപ്പിക്കുന്നു (a) നാം അധിവസിക്കുന്ന ഭൗതികലോകം (b) സ്വർഗ്ഗത്തിലെ താഴ്ന്ന തട്ടുകളുടെ ലോകം (c) മാലാഖമാരുടെ ലോകം.

**ഇമാമാഹ് (തൊപ്പി):** പൗരസ്ത്യജനങ്ങളുടെ ഇടയിൽ നിഷ്ക്കർഷിക്കപ്പെട്ടിരിക്കുന്ന പതിവാണ് തൊപ്പിധാരണം. അധികാരത്തിന്റെയും മാന്യതയുടെയും അടയാളമാണിത്. പ്രാർത്ഥനയ്ക്കും ആദരണീയരുടെ മുമ്പിൽ വ്യാപരിക്കുവാനും മുസ്ലീങ്ങൾ തൊപ്പി ധരിക്കുന്നു.

**താഴികക്കുടം:** മുസ്ലീം ആരാധനാലയങ്ങളും ശവകുടീരങ്ങളും നിർമ്മിക്കുമ്പോൾ, താഴികക്കുടങ്ങളാൽ മുകൾഭാഗം നിർമ്മിക്കുക എന്നത് പൊതുവെ കണ്ടുവരുന്ന പതിവാണ്. വൃത്താകൃതിയിലുള്ള താഴികക്കുടങ്ങൾ സ്വർഗ്ഗസൗഭാഗ്യത്തിന്റെ പ്രതീകമാണ്. ആരാധനാലയങ്ങളുടെയും ശവകുടീരങ്ങളുടെയും ഭൂമിയുമായി ബന്ധപ്പെടുന്ന ഭാഗം ചതുരാകൃതിയിലാണു നിർമ്മിക്കുന്നത്. ഇതു ഭൗതിക യാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്നു. ചതുരാകൃതിയിലുള്ള പ്രധാനരൂപത്തിനു മുകളിൽ വൃത്താകൃതിയുലുള്ള താഴികക്കുടങ്ങൾ സൂചിപ്പിക്കുന്നത് സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള സംയോജനമാ

ണ്. എന്നാൽ, ശവകുടീരങ്ങളിലത് മരണത്തിലൂടെയുള്ള സംയോജനമാണ് സൂചിപ്പിക്കുന്നത്.

**നിറങ്ങൾ:** മദ്ധ്യേഷ്യയിലെ മുസ്ലീംപതാകകൾ കറുപ്പോ പച്ചയോ ആണ്. മുസ്ലീങ്ങൾക്ക് ഏറ്റവും കൂടുതൽ പ്രതിപത്തിയുള്ളത് പച്ച നിറത്തോടാണ്. കോൺസ്റ്റാന്റിനോപ്പിളിലെ പുരാവസ്തുക്കളുടെ ശേഖരത്തിൽ അസ്-സിജാകിഷ്-ഷരിഫ് (As- Sinjaquash - Sharjif) എന്ന പേരോടെ ഒരു പ്രത്യേക പതാക കാണുന്നുണ്ട്. ഏറ്റവും വിശുദ്ധമായി കരുതപ്പെടുന്ന ഈ പതാക പ്രവാചകൻ ഉപയോഗിച്ചിരുന്നതാണത്രേ. താഴ് ഭാഗം സ്വർണ്ണംകൊണ്ട് ചിത്രപ്പണികൾ നടത്തിയിട്ടുള്ള തുണിയാണിത്. നാല് അടുക്കുകളുള്ള പട്ടുകൊണ്ടു നിർമ്മിച്ച ഇതിന്റെ മുകൾഭാഗം പച്ചനിറമാണ്. ഇതുകൊണ്ടാണ് പച്ചനിറത്തോട് മുസ്ലീം സമൂഹത്തിനു പൊതുവേ ആകർഷണം തോന്നിയത് എന്നു കരുതപ്പെടുന്നു.

**786:** ഖുറാനിലെ ഏറ്റവും പ്രധാനപ്പെട്ടതും മുസ്ലീം ജീവിതവുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നതുമാണ് ഒന്നാമത്തെ സൂറത്തായ 'ഫത്തീഹ' (Fathiha). ഇതിലെ ആദ്യവാക്യത്തിന്റെ (ബിസ്മില്ലാഹിർ റഹ്മാനിർറഹിം) അറബി അക്ഷരങ്ങളുടെ മൂല്യത്തിന്റെ ആകെത്തുകയാണ് 786 എന്ന സംഖ്യ.

## മുഹമ്മദു നബി

**ജനനവും ബാല്യകാലവും:** മെക്കയിലെ പ്രമുഖമായ ഖുറൈശി ഗോത്രത്തിൽ എ.ഡി. 570-ൽ മുഹമ്മദു ജനിച്ചു. അബ്ദുൾ മുത്താലിബിന്റെ (Ab-dal-Muttalib) ഇളയമകൻ അബ്ദുള്ളയുടെയും സൂറ (Zurah) ഗോത്രത്തിൽപ്പെട്ട വഹബന്റെ (Wahab) പുത്രി ആമിനയുടെയും മകനായിട്ടാണ് മുഹമ്മദു ജനിച്ചത്. പ്രശസ്ത തീർത്ഥാടന കേന്ദ്രമായ കഅബയുടെ സൂക്ഷിപ്പുകാരനായിരുന്നു മുത്താലിബ്. ഇസ്മായേലിൽനിന്നു നേരിട്ടുള്ള വംശപരമ്പര അവകാശപ്പെടുന്ന ഖുറൈശിഗോത്രത്തിൽ ഹാഷിം കുലത്തിൽ, കഅബയുടെ ആസ്ഥാനമായ മെക്കയാണ് മുഹമ്മദിന്റെ ജന്മസ്ഥലം.

മുഹമ്മദ് എന്ന പേരിന്റെ അർത്ഥം 'സ്തുതിക്കപ്പെട്ടവൻ' എന്നാണ്. ആമിന മുഹമ്മദിനെ ഗർഭംധരിച്ച കാലത്ത് മുഹമ്മദിന്റെ പിതാവായ അബ്ദുള്ള ഗാസ്സയിലേക്ക് ഒരു യാത്രപോയിരുന്നു. തിരിച്ചുവരുന്നവഴി മെദീനിയ്ക്കടുത്ത് വച്ച് അദ്ദേഹം മരണമടഞ്ഞു. പുത്രനായ മുഹമ്മദിനെ കാണാനുള്ള ഭാഗ്യം ആ പിതാവിനുണ്ടായില്ല. ഖുറൈശി ഗോത്രപാരമ്പര്യമനുസരിച്ച് നവജാത ശിശുക്കളെ ധാത്രിയുടെ സംരക്ഷണത്തിൽ മരുഭൂമിയിലേക്കയയ്ക്കുക പതിവായിരു





ന്നു. അപ്രകാരം ഹലീമ (Halimah) യുടെ സംരക്ഷണത്തിൽ അഞ്ചു വർഷക്കാലം മുഹമ്മദു മരുഭൂമിയിൽ വളർന്നു.

ഹീറ ഗുഹയിൽ വച്ചുണ്ടായ ദിവ്യദർശനത്തിനുശേഷമാണു നബി എന്ന പേരു മുഹമ്മദിനു നൽകപ്പെട്ടത് (നബി എന്ന വാക്കിന്റെ അർത്ഥം പ്രവാചകൻ എന്നാണ്). തുടർന്നു പലരും നബിയുടെ മാർഗ്ഗം സ്വീകരിച്ചു. ഇതിൽ ആദ്യകാലത്തു മാനസാന്തരപ്പെട്ടവരാണു ഖദീജയും ഖദീജയുടെ ബന്ധുവും ക്രൈസ്തവ വേദങ്ങളിൽ പണ്ഡിതനുമായിരുന്ന വറക്കത്തിബുനുനൗഫലും. പിന്നീട് അവരുടെ ഗണത്തിലേക്ക് അബൂബക്കറും ചേർന്നു. അങ്ങനെ, മെക്കയിൽ നബിയുടെ നേതൃത്വത്തിൽ ഒരു പ്രാർത്ഥനാസമൂഹം രൂപംകൊണ്ടു.

പുതുതായി രൂപമെടുത്ത ഈ പ്രാർത്ഥനാസമൂഹത്തോടു സഹിഷ്ണുതയോടെ പെരുമാറാൻ മക്കയിൽ നിലവിലിരുന്ന മതസമൂഹങ്ങൾക്കു കഴിഞ്ഞില്ല. അവരിൽ ചിലർ നബിയെ ഒരു മന്ത്രവാദിയായി ആരോപിച്ചു പീഡിപ്പിക്കാൻ തുടങ്ങി. ഈ പീഡനം രൂക്ഷമായപ്പോൾ, അദ്ദേഹത്തിനു സംരക്ഷണം നൽകിയത് പിതൃസഹോദരനായ അബുതാലിബ് ആയിരുന്നു. നബിയുടെ പ്രധാനാശയങ്ങൾ ദൈവത്തിലുള്ള ഏകത്വം, അന്ത്യവിധി, ദൈവത്തിലുള്ള സമർപ്പണം എന്നിവയായിരുന്നു. മെക്കയിലെ ജനങ്ങളുടെ ലൗകികതയ്ക്കും വിഗ്രഹാരാധനയ്ക്കും എതിരായും നബി സംസാരിച്ചു.

632 ജൂൺ 8-ാം തീയതി തിങ്കളാഴ്ച കലശലായ പനി ബാധിച്ചിരുന്ന നബി ദീർഘമായ പ്രാർത്ഥനയിലായിരിക്കേ ഈ ലോകത്തോടു വിടപറഞ്ഞു.

## ഇസ്ലാംമതം ഇന്ത്യയിൽ

724- ൽ സിന്ധ് ഖലീഫയുടെ നേരിട്ടുള്ള ഭരണത്തിൻകീഴിലായി. ഇന്ത്യയിൽ ഇസ്ലാംമതത്തിന്റെ വളർച്ച 18-ാം നൂറ്റാണ്ടുവരെ നീണ്ടുനില്ക്കുന്നതാണ്. 1001-നും 1027-നും ഇടയിൽ ഗസ്സ്‌ന (Ghazna) യിലെ മുഹമ്മദ് ഇന്ത്യയിൽ 17 ആക്രമണങ്ങൾ നടത്തി. 1185 -ൽ പഞ്ചാബ് അറബികളുടെ കീഴിലായി. ഡൽഹിയും മറ്റു സ്ഥലങ്ങളും കീഴടക്കിയ മുഹമ്മദു ഗോറി ഭരണം കുത്തബ്ദീൻ ഐബക്കിനെ ഏല്പിച്ചശേഷം മടങ്ങിപ്പോയി. 1206-ൽ മുഹമ്മദു ഗോറി വധിക്കപ്പെട്ടപ്പോൾ കുത്തബ്ദീൻ ഐബക് ഡൽഹിയിലെ ആദ്യത്തെ സുൽത്താനായി. അയോദ്ധ്യ, കാശി,ഗയ എന്നിവ അദ്ദേഹത്തിന്റെ ഭരണത്തിൻകീഴിലായിരുന്നു.

ഇന്ത്യയിലെ മുസ്ലീംമതത്തിന്റെ വളർച്ച ഏറ്റവും ശക്തമായത്

1526-നും 1707-നും ഇടയ്ക്കു ഭരിച്ച മുഗൾ രാജവംശത്തിന്റെ കാലത്താണ്. ഇക്കാലത്ത് ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ നല്ലൊരു ഭാഗവും മുസ്ലീം ഭരണത്തിൻകീഴിലായി. 1526-ലെ പാനിപ്പത്ത് യുദ്ധത്തിൽ ഇബ്രാഹിം ലോദിയെ കീഴ്പ്പെടുത്തിയാണ് ബാബർ മുഗൾസാമ്രാജ്യം സ്ഥാപിച്ചത്. അദ്ധേഹം ഡൽഹിയും ആഗ്രയും മുഗൾസാമ്രാജ്യത്തിന്റെ തലസ്ഥാനങ്ങളാക്കി. 1556 മുതൽ 1605 വരെ മുഗൾചക്രവർത്തി ആയിരുന്ന അക്ബറിന്റെ കാലത്താണ് ഇസ്ലാംമതം ഇന്ത്യയിലെ മതസാംസ്കാരികമേഖലയിൽ ഏറ്റവും കൂടുതൽ പുരോഗമിച്ചത്. അദ്ധേഹം ജസ്യൂട്ട് മിഷനറിമാർക്ക് ഇന്ത്യയിൽ ക്രിസ്തുമതം പ്രചരിപ്പിക്കുവാൻ അനുവാദം നല്കി. രാമായണം, മഹാഭാരതം മുതലായ ഹൈന്ദവവേതിഹാസങ്ങൾ പേർഷ്യൻ ഭാഷയിലേക്കു വിവർത്തനം ചെയ്യാൻ മുൻകൈയെടുത്തതും അക്ബർ ചക്രവർത്തിയാണ്.

7-ാം നൂറ്റാണ്ടിൽത്തന്നെ ഇസ്ലാംമതം കേരളത്തിൽ വന്നു. അറേബ്യയിൽനിന്ന് ഒരുകൂട്ടം മുസ്ലീങ്ങൾ മാലിക് ബ്നുദീനാറിന്റെ നേതൃത്വത്തിൽ കേരളത്തിലെത്തി താമസമുറപ്പിച്ചു. 642-43 ലാണ് ഇവരുടെ ആഗമനം. ഇവരായിരിക്കാം കേരളത്തിലെത്തിയ ആദ്യത്തെ മുസ്ലീംസമൂഹം കേരളത്തിൽ ഇന്നും 'മാപ്പിളസമൂഹം' എന്ന് ഇവർ അറിയപ്പെടുന്നു. മുസ്ലീം രാജ്യങ്ങളും കേരളവും തമ്മിലുള്ള വ്യാപാരബന്ധങ്ങളും ഇവിടെ ഇസ്ലാംമതം പ്രചരിക്കുന്നതിനു കാരണമായിട്ടുണ്ട്. ഇസ്ലാംമത പ്രചാരണത്തിന് കേരള രാജക്കന്മാർ ഒരിക്കലും തടസ്സം നിന്നിട്ടില്ല എന്നതു ശ്രദ്ധേയമാണ്.

### വിശ്വാസപ്രമാണങ്ങൾ

എല്ലാ മതങ്ങളിലും എന്നപോലെ ഇസ്ലാംമതവും അനുയായികളിൽ നിന്നു ചില അടിസ്ഥാനസത്യങ്ങളിലുള്ള വിശ്വാസം ആവശ്യപ്പെടുന്നു.

### അല്ലാഹുവിലുള്ള വിശ്വാസം

ഇസ്ലാംമതത്തിലെ ദൈവമാണ് അല്ലാഹു. ഈ അറബിവാക്കിന്റെ അർത്ഥം 'സംശുദ്ധനും പരമകാരുണികനുമായ ദൈവികസത്ത' എന്നാണ്. ദ ഗോഡ് (The God) എന്ന ഇംഗ്ലീഷ് സംജ്ഞയ്ക്കു തുല്യമാണിത്. അൽ the) എന്നതിനോട് ഇലാഹ് (God - ദൈവം) എന്ന പദം ചേർന്നാണ് അല്ലാഹു ആയത്. ഈശ്വരൻ ഒന്നേ ഉള്ളൂവെന്നും അത് അല്ലാഹു മാത്രമാണെന്നും മുസ്ലീംങ്ങൾ വിശ്വസിക്കുന്നു. പ്രവാചകനും ഖുർആനും മുമ്പു മുതൽ തന്നെ അല്ലാഹു എന്ന നാമം ദൈവനാമമായി ഉപയോഗിച്ചിരുന്നു. ഉദാഹരണമായി, പ്രവാചകന്റെ പിതാവിന്റെ പേര് 'ദൈവദാസൻ' എന്നർത്ഥമുള്ള "അബ്ദുള്ള" (abd-allah) എന്നായിരുന്നു. ഇതിനോടു സമാനമായ ദൈവനാമം അറബി സംസാരിച്ചിരുന്ന പൗരസ്ത്യക്രിസ്ത്യാനികളും യഹൂദരും ഉപയോഗിച്ചിരുന്നതായും കാണാം. അല്ലാഹുവിലുള്ള വിശ്വാസത്തിൽ മൂന്ന് ആശയങ്ങൾ ഉൾച്ചേർന്നിരിക്കുന്നു:

1. ദൈവം സകലത്തിന്റെയും സ്രഷ്ടാവും വിധികർത്താവും ആണ്. "അവൻ അല്ലാഹു ആണ്; സൃഷ്ടിക്കുന്നവനും നിർമ്മിച്ചുണ്ടാക്കുന്നവനും രൂപം നല്കുന്നവനും"(ഖു.59:24). ഖുറാൻ വീണ്ടും പറയുന്നു: "ആകാശ ഭൂമികളിലുള്ളതെല്ലാം അല്ലാഹുവിനുള്ളതാകുന്നു" (ഖു.2:284).

2. അല്ലാഹു ദ്വൈതേതരനും (വാഹിത്) ഏകനും (അഹാദ്) ആണ്. "തീർച്ചയായും നിങ്ങളുടെ ആരാധ്യൻ ഏകൻതന്നെയാണ്" (ഖു.37:4). "അവൻ, അല്ലാഹു ഏകനാണ്. അല്ലാഹു ആരോടും ഒരു നിലയ്ക്കും ആശ്രയമില്ലാത്തവനും സർവ്വചരാചരങ്ങളുടെയും ആശ്രയകേന്ദ്രവുമാണ്. അവൻ സന്താനങ്ങളെ ജനിപ്പിച്ചിട്ടില്ല; അവനു തുല്യരായി ആരും (ഒന്നും) ഇല്ല"(ഖു.112).

3. അല്ലാഹു സർവ്വശക്തനും പരമകാരുണികനുമാണ്. ഖുർആൻ തുടങ്ങുന്നതുതന്നെ കാരുണ്യവാനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ (ഖു.1:1) ആണ്. നിശ്ചമായും മനുഷ്യനെ നാം സൃഷ്ടിച്ചു. അവന്റെ ഹൃദയം മന്ത്രിക്കുന്നതു നാം അറിയുന്നുണ്ട്. അവന്റെ കണ്ഠധമനിയെക്കാൾ നാം അവനോട് അടുത്തവനാണ് (ഖു.50:16) തുടങ്ങിയ വചനങ്ങളാൽ അല്ലാഹുവിന്റെ കാരുണ്യത്തെ ഖുർആൻ പ്രകീർത്തിക്കുന്നു.

### പരിശുദ്ധ ഖുർആനിലുള്ള വിശ്വാസം

ഖുറാൻവചനങ്ങൾ മനുഷ്യസൃഷ്ടിയല്ല; അല്ലാഹുവിന്റെ വചനങ്ങളാണ്. പാരായണം (recitation) എന്നാണ് ഖുർആൻ എന്ന വാക്കിന്റെ വാച്യാർത്ഥം. നബിക്ക് 40 മുതൽ 63 വരെയുള്ള വയസ്സുകൾക്കിടയിൽ പല സന്ദർഭങ്ങളിലായി അല്ലാഹുവിൽനിന്ന് നേരിട്ടു ലഭിച്ചിട്ടുള്ള വചനങ്ങൾ ക്രോഡീകരിക്കപ്പെട്ടതാണു ഖുർആൻ. ഖുറാന്റെ ഭാഷ അറബിയാണ്. 6506 സൂക്തങ്ങളും 80,000 പദങ്ങളുമുള്ള ഈ വിശിഷ്ട ഗ്രന്ഥത്തിൽ 320,000 അക്ഷരങ്ങളാണുള്ളത്. ഖുറാൻ 114 സൂറത്തുകൾ (അദ്ധ്യായങ്ങൾ) ആയി വിഭജിക്കപ്പെട്ടിരിക്കുന്നു. സ്വർഗ്ഗത്തിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്ന വിശേഷതരമായ ഒരു തകിടിൽ അനാദികാലം മുതൽക്കേ രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന സംഗതികളാണ് ഖുറാനിലൂടെ വെളിപ്പെടുത്തപ്പെട്ടിരിക്കു

ന്നതെന്ന് മുസ്ലീങ്ങൾ വിശ്വസിക്കുന്നു. ഇത് ഉന്നതസ്വർഗ്ഗത്തിൽനിന്ന് താഴ്ന്ന സ്വർഗ്ഗത്തിലേക്കും അവിടെനിന്ന് നബിക്കും എത്തിച്ചുകൊടുത്തത് ഗബ്രിയേൽ മലക്ക് ആണ്.

**ഖുർആൻ രൂപീകരണം:** അല്ലാഹുവിൽനിന്നുള്ള സന്ദേശം മൂന്നു രീതികളിലാണ് ലഭിച്ചതെന്നു ഖുർആൻ സാക്ഷിക്കുന്നു. 1. മനുഷ്യ രൂപത്തിൽ ഒരു മലക്ക് (....) വന്നു നബിയോടു നേരിട്ടു സംസാരിക്കുന്നു.

2. ഖുറാൻ സന്ദേശം അശരീരി വാക്കുകളായി ലഭിക്കുന്നു. 3. സന്ദേശം അല്ലാഹുതന്നെ നബിയുടെ മനസ്സിൽ തോന്നിക്കുന്നു (ഖു.42:5).

അല്ലാഹുവിൽനിന്നു ലഭിച്ചുകൊണ്ടിരുന്ന സന്ദേശങ്ങൾ വളരെ സൂക്ഷ്മതയോടെ നബിതന്നെ രേഖപ്പെടുത്താറുണ്ടായിരുന്നുവെന്നു പറയുന്നവരുണ്ട്. സന്ദേശത്തിലെ വാക്കുകൾപോലും വള്ളിപുള്ളി വ്യത്യാസം വരാതെ പ്രവാചകൻ ഹൃദിസ്ഥമാക്കിയിരുന്നുവെന്ന സൂചനയാണു ഖുറാനിലുള്ളത്. "അതിനെ (അല്ലാഹുവിന്റെ വചനങ്ങളെ) ഒരുമിച്ചുകൂട്ടലും ഓതിത്തരലും നിശ്ചയമായും നമ്മുടെ ബാധ്യതയാണ്. അതുകൊണ്ട്, നാം ഓതിത്തന്നാൽ അതിന്റെ ഓത്ത് താങ്കൾ പിന്തുടരുക. പിന്നെ, അതു വിശദീകരിക്കേണ്ടതും നമ്മുടെ ബാധ്യതതന്നെയാണ് "(ഖു.75:17; 18,19). എന്തുതന്നെയായാലും നബിയുടെ കാലത്തു ഖുറാൻ ഗ്രന്ഥരൂപത്തിലായിത്തീർന്നിരുന്നില്ല, വാമൊഴിയായിട്ടാണു കൈമാറിയിരുന്നത്.

ഖുറാൻ എഴുതപ്പെടാനുണ്ടായ സാഹചര്യം താഴെപ്പറയുന്നതാണ്. നബിയുടെ മരണശേഷം യമാമ (Yamamah ) യിലെ ജനങ്ങളുമായി ഉണ്ടായ യുദ്ധത്തിൽ, ഖുർആൻ മനഃപാഠമാക്കിയിരുന്ന 500-ഓളം പേർ മരണമടയുകയുണ്ടായി. അങ്ങനെ, ഖുർആൻ മനഃപാഠമാക്കിയിരുന്നവരുടെ എണ്ണം വളരെ കുറഞ്ഞതിനാൽ, ഖലീഫ അബുബക്കർ ഖുർആന്റെ ഗ്രന്ഥരൂപം തയ്യാറാക്കുവാൻ നിർദേശിച്ചു. അതനുസരിച്ചു ഹസ്രത്ത്- സെയ്ദ്-ഇബ്നു-താസിക് എന്നയാൾ പല വാമൊഴി പാരമ്പര്യങ്ങളും സമാഹരിച്ച് ഒറ്റ ഗ്രന്ഥമാക്കി ഖലീഫയെ ഏല്പിച്ചു. ഇതിന്റെ പ്രതികളാണ് ഇന്നു ലോകമെമ്പാടും പ്രചാരത്തിലിരിക്കുന്നത്. മൂന്നാമത്തെ ഖലീഫ ഉസ്മാൻ ആണു ഖുർആൻ വചനങ്ങളുടെ ഉച്ചാരണത്തിൽ തെറ്റുവരാത്ത വിധം സ്വരചിഹ്നങ്ങൾ ക്രമപ്പെടുത്തിയത്.

**ഖുറാനിലെ അടിസ്ഥാനചിന്തകൾ**

1. പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവും പരിപാലകനുമുണ്ട്. അവനിലേക്കാണ് ഈ പ്രപഞ്ചം നീങ്ങിക്കൊണ്ടിരിക്കുന്നത്.





2. മനുഷ്യനാണു പ്രപഞ്ചത്തിലെ സർവ്വോത്കൃഷ്ടജീവി.
3. മനുഷ്യജീവിതത്തിലെ ഒരു ഘട്ടം മാത്രമാണ് ഈലോക ജീവിതം.
4. മനുഷ്യജീവിതത്തിലെ വരാനിരിക്കുന്ന ഘട്ടം ഇതിനെക്കാൾ ഉത്കൃഷ്ടമാണ്.
5. വരാനിരിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള കഴിവ് മനുഷ്യബുദ്ധിക്ക് ഇല്ല.
6. മനുഷ്യരെല്ലാവരും സമന്മാരാണ്. അവരുടെ ഇടയിൽ യാതൊരു ഉച്ചനീചത്വവും കല്പിക്കുവാൻ പാടുള്ളതല്ല.
7. എല്ലാ മനുഷ്യർക്കും ഒരേ ജീവിതനിർദ്ദേശമാണ് പ്രപഞ്ചകർത്താവു നല്കിയിരിക്കുന്നത്. അതിൽ ഭിന്നിപ്പുണ്ടാക്കുന്നതു മനുഷ്യനാണ്.
8. ഭൂമിയുടെ യഥാർത്ഥ ഉടമ അല്ലാഹുവാണ്.
9. ഭൂമിയിലെ സമ്പത്ത് എല്ലാവർക്കുമായി ഉപയോഗിക്കപ്പെടേണ്ടതാണ്.
10. കഴിവിൽ കവിഞ്ഞ ജോലിക്ക് ആരെയും നിർബന്ധിക്കുവാൻ പാടില്ല.
11. മനുഷ്യന്റെ അഭിപ്രായസ്വാതന്ത്ര്യം അംഗീകരിക്കണം.
12. ഒരാൾ ചെയ്ത കുറ്റത്തിനു മറ്റൊരാൾ ഉത്തരവാദിയാകുന്നില്ല.
13. അരാജകത്വം പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്നവർക്ക് നാടുകടത്തൽ, കൊല തുടങ്ങിയ ശിക്ഷകൾ നല്കാവുന്നതാണ്.
14. ആക്രമിക്കപ്പെട്ടാൽ മാത്രമേ ആക്രമിക്കാവൂ.
15. ശത്രുക്കളിൽ ആരെങ്കിലും അഭയം തേടി വന്നാൽ അവരെ സംരക്ഷിക്കണം.
16. യുദ്ധത്തിനിടയിൽ എതിർപക്ഷം സന്ധി ആവശ്യപ്പെട്ടാൽ അംഗീകരിക്കണം. എല്ലാ സന്ധികളിലും വിശ്വസ്തത പുലർത്തണം.
17. ഭരണാധികാരികളെ തിരെഞ്ഞടുക്കുന്നത് ഭരണപ്രാപ്തി നോക്കിയായിരിക്കണം.
18. കക്ഷി നോക്കാതെ എല്ലാവരും നല്ല കാര്യങ്ങളിൽ യോജിക്കണം.
19. സത്യത്തിനും നീതിക്കുംവേണ്ടി മരിക്കുന്നവർ പുണ്യാത്മാക്കളാണ്.
20. മതപണ്ഡിതന്മാർക്ക് മതനിയമങ്ങൾ ഉണ്ടാക്കുവാൻ അധികാരമില്ല.
21. അടുത്തബന്ധമുള്ള സ്ത്രീപുരുഷന്മാർ തമ്മിൽ വിവാഹം

പാടില്ല.

22. മരിച്ചയാളിന്റെ സ്വത്തിൽ സ്ത്രീകൾക്ക് അവകാശമുണ്ട്.
23. സത്യത്തിനു സാക്ഷ്യംപറയുന്നതിൽനിന്ന് ആരും പിന്തിരിയാൻ പാടില്ല.
24. സന്ന്യാസം നിഷിദ്ധമാണ്.
25. എല്ലാ ലഹരി പദാർത്ഥങ്ങളും നിഷിദ്ധമാണ്.
26. പന്നിമാംസം, മൃതശരീരം, രക്തം തുടങ്ങിയവ നിഷിദ്ധമാണ്.
27. ചൂതുകളി നിഷിദ്ധമാണ്.
28. പ്രവാചകന്മാരാണു വേദം നടപ്പിൽവരുത്തുന്നത്.
29. മറ്റു മതങ്ങളെ അവഹേളിക്കുവാൻ പാടില്ല.

**പ്രവാചകന്മാരിലുള്ള വിശ്വാസം**

അല്ലാഹുവിൽനിന്നു മനുഷ്യരിലേക്കു സന്ദേശങ്ങൾ കൈമാറുകയും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തിരുന്നവരാണ് പ്രവാചകന്മാർ. പ്രവാചകന്മാരെ സൂചിപ്പിക്കുവാൻ മൂന്നു വാക്കുകളാണ് അറബി ഭാഷയിൽ ഉപയോഗിക്കുന്നത്. 1. നബി (Nabi) 2. റസൂൽ (Rasul) 3. മുർസൽ (Mursal) ഈ വാക്കുകളുടെയെല്ലാം അർത്ഥം സന്ദേശവാഹകൻ എന്നാണ്. ഇവരിൽ അല്ലാഹുവിൽനിന്നു നേരിട്ടു സന്ദേശം ലഭിച്ച ആളാണു നബി. അല്ലാഹുവിന്റെ ഏതെങ്കിലും ഒരു പ്രത്യേക ദൗത്യം ഏറ്റെടുത്തിട്ടുള്ളവരാണു റസൂലും മുർസലും.

ആദം, അലിയാസ (ഏലിശാ), അയൂബ് (ജോബ്), ദാവൂദ് (ദാവീദ്), ദുവാൽക്കിഫിൽ (എസക്കിയേൽ), ഇബ്രാഹിം (അബ്രാഹം), ഈശാ (യേശു), ഇസ്ഹാക്, ഇസ്മയിൽ (ഇസ്മായേൽ), മൂസ്സ (മോശ), ഇദ്രീസ് (എനോക്ക്), ഇലിയാസ് (ഏലിയ), ലുക്ക്മാൻ (ഈസോപ്പ് അല്ലെങ്കിൽ ബാലാം), ലൂത്ത് (ലോത്ത്), സുലൈമാൻ (സോളമൻ), യൂനസ്സ് (യോന), ഉസായിൽ (എസ്രസ), യഹിയാ (സ്നാപകയോഹന്നാൻ), യാക്കൂബ് (യാക്കോബ്), യൂസുഫ് (ജോസഫ്), ദുൽകർയിൻ (അലക്സാണ്ടർ), സുൽ - കിഫിൽ (ഏശയ്യ), ഹൂദ് മുഹമ്മദ്, സാലിഹ്, അയ്ബ് തുടങ്ങി ഇരുപത്തെട്ടോളം പ്രവാചകന്മാരുടെ പേരുകൾ ഖുറാനിൽ കാണാം. യഹൂദരുടെയും അറബികളുടെയും പൊതു പിതാവാണ് അബ്രാഹം.

പാരമ്പര്യപ്രകാരം ആദം മുതൽ മുഹമ്മദു നബിവരെ 1,24,000 പ്രവാചകന്മാരാണ് ഭൂമിയിലേക്കു അയയ്ക്കപ്പെട്ടിരിക്കുന്നത്. ഖുറാൻ പഠനമനുസരിച്ച് പ്രവാചകനെ ലഭിക്കാത്ത ഒരൊറ്റ ജനസമൂഹവും ഇന്നേവരെ ഉണ്ടായിട്ടില്ല (ഖു.10:47; 13:7). അതിനാൽ, അല്ലാഹുവിൽനിന്ന് അയയ്ക്കപ്പെട്ടിരിക്കുന്നു എന്നു ബോധ്യപ്പെട്ട എല്ലാ പ്രവാചകന്മാരെയും സ്വീകരിക്കുവാനാണ് ഇസ്ലാംമതം പഠിപ്പിക്കുന്നത്.





**മലക്കുകളിലുള്ള (മാലാഖമാർ) വിശ്വാസം**

'ഒരു പ്രത്യേക ദൗത്യത്തിനയയ്ക്കുക' എന്നർത്ഥമുള്ള "ലാക്ക" (laakah) എന്ന ധാതുവിൽനിന്നാണ് മാലാഖ എന്നർത്ഥമുള്ള മലക്ക് എന്ന വാക്കിന്റെ ഉത്ഭവം. ഖുറാനിൽ 80-ലധികം പ്രാവശ്യം ഈ വാക്ക് ഉപയോഗിച്ചിട്ടുണ്ട്. ഇസ്ലാമിക വീക്ഷണമനുസരിച്ച് സൃഷ്ടി, വെളിപാട്, പ്രവചനം, ആരാധന, ആദ്ധ്യാത്മികജീവിതം, മരണം, പുനരുത്ഥാനം, ലോകത്തിൽ അനുദിനം നടക്കുന്ന സംഭവങ്ങൾ തുടങ്ങിയവയൊന്നും മലക്കുകളെ കൂടാതെ മനസ്സിലാക്കുക സാധ്യമല്ല. ദൈവത്തിനും ദൃശ്യപ്രപഞ്ചത്തിനും ഇടയിൽ പ്രവർത്തിക്കുന്ന പ്രകാശധോരണികളും അദൃശ്യങ്ങളായ ആത്മീയസത്തകളുമാണു മലക്കുകൾ. പ്രകാശംകൊണ്ടാണ് ഇവ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

**ഇസ്ലാംമതവിശ്വാസം അനുസരിച്ചുള്ള മലക്കുകൾ**

1. ഗബ്രിയേൽ (ജിബ്രിൽ) - നബിക്കു ഖുറാൻ വെളിപ്പെടുത്തിയത് ഈ മലക്കാണ് (ഖു. 53:1-14).
2. മിഖായിൽ - ഈ മലക്കാണു ശരീരത്തിനു പോഷണവും ആത്മാവിനു വിജ്ഞാനവും നല്കുന്നത്. അന്ത്യവിധിയിൽ സെറാഫിൽ (ഇസ്റാഫിൽ) മലക്കു കാഹളം മുഴക്കുമ്പോൾ ഗബ്രിയേൽ വലതുവശത്തും മിഖായിൽ ഇടതുവശത്തും നില്ക്കും എന്നാണു പരമ്പരാഗതമായ വിശ്വാസം.
3. അസ്രാ ഈൽ - മരണത്തിന്റെ മലക്കാണിത്.
4. സെറാഫുകൾ (ഇസ്രാഫിൽ) - അന്ത്യവിധിദിവസം കാഹളം മുഴക്കുന്നത് ഈ മലക്കുകളാണ്. ഈ നാലു മലക്കുകളാണ് പ്രധാന മാലാഖമാർ (archangels).
5. സിംഹാസനത്തെ വഹിക്കുന്നവരും അതിന്റെ ചുറ്റുമുള്ളവരും.
6. ദിവ്യാരൂപികൾ - നഭോമണ്ഡലത്തിലുള്ള എല്ലാ ഗ്രഹങ്ങളെയും സംഭവങ്ങളെയും നിയന്ത്രിക്കുന്ന മലക്കുകളാണിവ.
7. ഏഴു സ്വർഗ്ഗങ്ങളുടെ മലക്കുകൾ - ഇവയിൽ ഓരോന്നും സ്വർഗ്ഗത്തിലെ ഓരോ തട്ടുകളുടെ കാവൽക്കാരാണ്.
8. കാവൽ മലക്കുകൾ - ഓരോ മനുഷ്യനും രണ്ടു കാവൽ മലക്കുകളാണ് ഉള്ളത്. ഒന്ന് ഒരാളുടെ മുന്നിലും മറ്റതു പിന്നിലും നില്ക്കുന്നു.
9. അനുചരന്മാരായ മലക്കുകൾ - അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ മനുഷ്യരുടെമേൽ വർഷിക്കുന്നതും മനുഷ്യപ്രവൃത്തി

കളുടെ വിശേഷങ്ങൾ അല്ലാഹുവിന്റെ പക്കലെത്തിക്കുന്നതും ഈ മലക്കുകളാണ്.

10. നക്കീർ, മുൻകർ മലക്കുകൾ - മരിച്ചവരെ കല്ലറയിൽ ചോദ്യം ചെയ്യുന്ന മലക്കുകളാണിവ.
11. യാത്രക്കാരായ മലക്കുകൾ - അല്ലാഹുവിന്റെ നാമം ഉച്ചരിക്കുന്ന സമൂഹങ്ങൾ സന്ദർശിക്കുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന മലക്കുകളാണിവ.
12. ഹാരുത്ത്, മാരുത്ത് മലക്കുകൾ
13. ഓരോ വസ്തുക്കളുടെമേലും അധികാരമുള്ള മലക്കുകൾ - ഈ പ്രപഞ്ചത്തെ ക്രമത്തിൽ സൂക്ഷിക്കുന്നത് ഇവയാണ്. ഇവയുടെ സംഖ്യ അല്ലാഹുവിനു മാത്രമേ അറിയൂ.

### യുഗാന്ത്യത്തിലുള്ള വിശ്വാസം

മരണത്തിന്റെ മലക്ക് എന്നറിയപ്പെടുന്ന അസ്രായിലിന്റെ ഇടപെടൽ മൂലമാണു മരണം സംഭവിക്കുന്നത്. മരിച്ച വ്യക്തി തന്റെ ശരീരത്തെപ്പറ്റി ബോധവാനാണ്. കബറിലെ (കല്ലറ) ആദ്യസമയത്തുതന്നെ നക്കീർ, മുൻകർ എന്നീ മലക്കുകൾ മരിച്ച വ്യക്തിയെ അയാളുടെ വിശ്വാസത്തെക്കുറിച്ചു ചോദ്യം ചെയ്യുന്നു. മരണദിവസം മുതൽ അന്ത്യവിധിദിവസം വരെയുള്ള സമയം ബർസ്സാക്ക് (barzakh) എന്നാണ് അറിയപ്പെടുന്നത്. മനുഷ്യാത്മാവ് അനശ്വരമാണെന്നും മരണത്തോടെ അതു നശിക്കുന്നില്ലെന്നും മുസ്ലീങ്ങൾ വിശ്വസിക്കുന്നു. എന്നാൽ, മരണത്തിനും അന്ത്യവിധിക്കുമിടയിൽ ആത്മാവ് എവിടെ ആയിരിക്കുമെന്ന് പ്രതിപാദിച്ചു കാണുന്നില്ല.

**അന്ത്യവിധി:** അന്ത്യവിധിനാളിൽ ആദ്യം സംഭവിക്കുന്നത് മഹ്ദിയുടെ പുറപ്പാടാണ്. ശേഷം യേശുവിന്റെ രണ്ടാമത്തെ ആഗമനമാണ്. യേശു വീണ്ടും വരുന്നത് അന്തിക്രിസ്തുവിനെ (അൽ-ദജാൽ) നശിപ്പിക്കുവാനാണ്. പിന്നീട് ഇസ്റാഫിൽ മലക്കു കാഹളം മുഴക്കുമ്പോൾ ഈ ലോകത്തിന്റെ അവസാനമായി. "കാഹളം ഊതപ്പെടും. അപ്പോൾ അവരതാ കബറുകളിൽനിന്നും തങ്ങളുടെ നാഥനിലേക്കു ധൃതിയിൽ പോകുന്നു. അവർ പറയും - എന്തൊരു നാശം ! ഉറങ്ങിയിടത്തുനിന്നു ഞങ്ങളെ എഴുന്നേല്പിച്ചത് ആരാണ്? ഇത് കരുണാനിധിയായ അല്ലാഹു വാഗ്ദാനം ചെയ്യുകയും ദൂതന്മാർ സത്യം ചെയ്യുകയും ചെയ്തിട്ടുള്ളതാണ്"(ഖു.36:51-52).

എല്ലാ മനുഷ്യരും തങ്ങളുടെ പ്രവൃത്തികൾക്കനുസരണമായി തൂക്കി അളന്നു വിലയിരുത്തപ്പെടുന്നത് അന്ത്യനാളിലാണ്. ഈ പ്രപഞ്ചം പരിവർത്തനത്തിനു വിധേയമാകും. പ്രപഞ്ചത്തിലെ ഗോളങ്ങളെല്ലാം തകരും. വലിയ പ്രളയം ഉണ്ടാകുകയും ചെയ്യും. ഇതെല്ലാം പെട്ടെന്നാണു സംഭവിക്കുന്നത് (ഖു.18:187). ആ അവസരത്തിൽ ഭയാനകമായ ഭൂമികുലുക്കമുണ്ടാകുകയും മനുഷ്യരെല്ലാം ഭയപ്പെട്ടു വിറയ്ക്കുകയും ചെയ്യും. "നിങ്ങൾ അതു കാണുന്ന ദിവസം മുലകൊടുക്കുന്ന എല്ലാ സ്ത്രീകളും കുഞ്ഞുങ്ങളെക്കുറിച്ച് അശ്രദ്ധരാകും. ഗർഭിണികളുടെയെല്ലാം ഗർഭം പ്രസവിച്ചു പോകുകയും ചെയ്യും. ജനങ്ങളെ ലഹരി ബാധിച്ചവരായി നിങ്ങൾ കാണും. യഥാർത്ഥത്തിൽ അവർ ലഹരി ബാധിച്ചവരല്ല; അല്ലാഹുവിന്റെ ശിക്ഷ കഠിനമായതാണ് "(ഖു.22:2).

എല്ലാ മനുഷ്യരും അന്നു വിധിക്കു വിധേയരാകും. ഒരു രഹസ്യവും അന്ന് അവശേഷിക്കില്ല. ഓരോ മനുഷ്യനും അവനവന്റെ പ്രവൃത്തികൾ രേഖപ്പെടുത്തിയ പുസ്തകം നല്കപ്പെടും. "അപ്പോൾ ആർക്കാണോ സ്വന്തം പുസ്തകം തന്റെ വലതുകൈയിൽ നല്കപ്പെട്ടിരിക്കുന്നത് അവൻ പിന്നീടു ലഘുവായ നിലയ്ക്കുമാത്രം വിചാരണ ചെയ്യപ്പെടുകയും സന്തുഷ്ടനാക്കുകയും ചെയ്യും. എന്നാൽ, ആർക്കാണോ തന്റെ പുസ്തകം സ്വന്തം മുതുകിന്റെ പിന്നിലൂടെ നല്കപ്പെടുന്നത് അവൻ പിന്നീട് എന്റെ നാശമേ എന്നു നിലവിളിക്കുന്നതും ജ്വലിക്കുന്ന നരകാഗ്നിയിൽ പ്രവേശിക്കുന്നതുമാണ് " (ഖു. 84:7-12).

ഓരോരുത്തനും തന്റെ പ്രവൃത്തികൾക്കനുസരണമായിട്ടായിരിക്കും ചോദ്യംചെയ്യപ്പെടുന്നത്. നരകത്തിനു മുകളിലൂടെ ഒരു പാലം അനാദി മുതലേ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഇതു നല്ലവർക്കു വീതിയുള്ളതായും തിന്മപ്രവർത്തിച്ചവർക്കു വാൾമുനയെക്കാൾ ഇടുങ്ങിയതായും അനുഭവപ്പെടും. ഈ പാലത്തിന് ഏഴു കേന്ദ്രങ്ങളുണ്ട്. ഏഴു കേന്ദ്രങ്ങളിലുംവെച്ച് മനുഷ്യൻ ചോദ്യം ചെയ്യപ്പെടും. ഒന്നാമത്തേതിൽ വിശ്വാസസാക്ഷ്യത്തെ പ്പറ്റിയും രണ്ടാമത്തേതിൽ പ്രാർത്ഥനയെപ്പറ്റിയും മറ്റുമാണു ചോദ്യം ചെയ്യുക. തിന്മ പ്രവർത്തിച്ചവർക്ക് ഏഴുകേന്ദ്രങ്ങളും പിന്നിട്ട് സ്വർഗ്ഗത്തിലെത്തുവാൻ വിഷമം അനുഭവപ്പെടും.

**സ്വർഗ്ഗം:** ഇസ്ലാംമതവിശ്വാസം അനുസരിച്ച് സ്വർഗ്ഗം എന്നതു മനോഹരമായ ഒരു തോട്ടമാണ്. അൽ - ജന്ന (Al-Jannah), ഫിർദാസ് (Firdas -പറുദീസ), സാമ (Sama) എന്നീ വാക്കുകളാണു സ്വർഗ്ഗത്തെ സൂചിപ്പിക്കുവാൻ ഖുറാൻ ഉപയോഗിച്ചിരിക്കുന്നത്.

സ്വർഗ്ഗത്തെപ്പറ്റി ഖുറാൻ വിവരിക്കുന്നു: "ഭയഭക്തിയുള്ളവർക്കു വാഗ്ദാനംചെയ്യപ്പെട്ട സ്വർഗ്ഗത്തിന്റെ സ്ഥിതി ഇതാണ്. അതിൽ

തെളിഞ്ഞ വെള്ളത്തിന്റെ അരുവികളും രുചിവ്യത്യാസം വരാത്ത പാലിന്റെ അരുവികളും രുചികരമായ മദ്യത്തിന്റെ അരുവികളും ശുദ്ധീകരിക്കപ്പെട്ട തേനിന്റെ അരുവികളും ഉണ്ട്. അവിടെ എല്ലാത്തരം പഴങ്ങളും ഉണ്ടായിരിക്കും. തങ്ങളുടെ രക്ഷിതാവിൽ നിന്നുള്ള പാപമോചനവും" (ഖു. 47:15). ഖുറാൻ തുടരുന്നു: "സ്വർണ്ണനൂലുകൾകൊണ്ടു മെനഞ്ഞുണ്ടാക്കിയ കട്ടിലുകളിൽ അവർ സുഖം അനുഭവിക്കും. സേവനവുമായി അവിടെ ബാലന്മാർ ചുറ്റിസഞ്ചരിച്ചുകൊണ്ടിരിക്കും. മദ്യംനിറച്ച കോപ്പകളും കൂജകളും അവിടെ ഉണ്ട്. പക്ഷേ, ലഹരി അവരെ ബാധിക്കുകയില്ല. അവർക്കിഷ്ടപ്പെട്ട പഴങ്ങളും അവർ ആഗ്രഹിക്കുന്ന പക്ഷികളുടെ മാംസവും അവർക്കു ലഭിക്കും. വിശാലാക്ഷികളായ വെളുത്ത സുന്ദരിമാർ അവിടെ ഉണ്ടായിരിക്കും. ചിപ്പികളിൽ മറച്ചു സൂക്ഷിക്കപ്പെട്ട മുത്തുകൾപോലെയുള്ള സുന്ദരികൾ (ഖു.56:15-23).

**നരകം:** അല്ലാഹുവിനാൽ ശപിക്കപ്പെട്ട മനുഷ്യർ നിത്യകാലത്തേക്കു പീഡനം അനുഭവിക്കുന്ന സ്ഥലമാണു നരകം. അൻ - നാർ ( An-Nar = അഗ്നി), ജഹന്നാൻ ( Jahannan -ഗേഹന്ന), അൽ - ജാഹിം ( Al-Jahim=ആളിപ്പടരൽ), അസ് - സയിർ (As-Saquir=അഗ്നിജ്വാല), അസ്-സാഖിർ (As-Saguir =കുത്തിക്കയറുന്ന അഗ്നി), അൽ - ഹാവിയാഹ് (Al-Hawiyah=ഗർത്തം), അൽ ഹുത്താമ (Al-Jutamah=ഞെരുക്കം) എന്നീ വാക്കുകളാണ് 'നരക'ത്തെ സൂചിപ്പിക്കാൻ ഖുറാൻ ഉപയോഗിച്ചിരിക്കുന്നത്. നരകത്തിലെ ജീവിതം ജ്വലിക്കുന്ന അഗ്നിയിലെ ജീവിതമാണ്. അവിടെ തണുപ്പോ വെള്ളമോ ഇല്ല (ഖു. 77:24). കഠിന ചൂടുള്ള വെള്ളമാണു കുടിക്കുവാൻ കിട്ടുന്നത് (ഖു. 47:15). കഴുത്തും കാലുകളും ചങ്ങലകളാൽ ബന്ധിക്കപ്പെട്ടിരിക്കും (ഖു. 76:4). ശിക്ഷ അനുഭവിക്കുക എന്നതല്ലാതെ നരകത്തിൽ മരണം സംഭവിക്കുന്നില്ല (ഖു. 20:74).

നരകത്തിന് ഏഴു വാതിലുകളാണുള്ളത് (ഖു. 15:44). ഖുറാൻ വ്യാഖ്യാതാക്കൾ ഈ ഏഴു വാതിലുകളെ നരകത്തിന്റെ ഉള്ളിൽത്തന്നെയുള്ള ഏഴു ഭാഗങ്ങളായി കാണുന്നു.

1. ജഹന്നാൻ (Jahannan): എല്ലാ മുസ്ലീങ്ങളും നിർബന്ധമായും കയറിയിറങ്ങേണ്ട സ്ഥലമാണിത് (ഖു. 19:72).
2. ലാസ്സ ( Laza ): മനുഷ്യൻ തങ്ങളുടെ ശിരോവൽക്കങ്ങളിൽ കെട്ടി വലിക്കപ്പെടുന്ന സ്ഥലമാണിത്.
3. അൽ-ഹുത്താമ (Al-Hutamah) : അല്ലാഹുവിന്റെ ആളിക്കത്തുന്ന അഗ്നിയാണിത് (ഖു. 104:6-7)





4. സയിൽ (Sair): അനാഥരെ പീഡിപ്പിച്ച് അവരുടെ സ്വത്തു കൈവശപ്പെടുത്തുന്നവർ ശിക്ഷിക്കപ്പെടുന്ന സ്ഥലമാണിത്.
5. സാഖിർ (Saquir): തിന്മ ചെയ്തവർ ഇവിടെ മുഖം നിലത്തു കുത്തി വലിച്ചിഴയ്ക്കപ്പെടും.
6. അൽ-ജാഹിം (Al-Jahim): ആളിപ്പടരുന്ന അഗ്നിയാണിത്.
7. അൽ-ഹാവിയാഹ് (Al-Hawiyah): നന്മ ചെയ്യുവാൻ വിമുഖത കാണിച്ചവരുടെ സ്ഥലമാണിവിടം.

## പ്രവൃത്തിയുടെ അഞ്ചു തൂണുകൾ

### 1. ശഹാദ (Shahada-വിശ്വാസപ്രഖ്യാപനം)

അല്ലാഹുവിന്റെ ഏകത്വവും മുഹമ്മദു നബിയുടെ പ്രവാചകത്വവുമാണ് ഇവിടെ പ്രഖ്യാപിക്കുന്നത്. വിശ്വസിച്ചാൽ മാത്രം പോര, വിശ്വസിക്കുന്ന കാര്യം പ്രഖ്യാപിക്കുകകൂടി ചെയ്യണമെന്ന് ഇസ്ലാം മതം അനുശാസിക്കുന്നു. 'അല്ലാഹു അല്ലാതെ മറ്റൊരു ദൈവമില്ലെന്നും മുഹമ്മദു നബി അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു.' ഇങ്ങനെ പ്രഖ്യാപിക്കുന്ന ഏവനും ആ നിമിഷം മുതൽ ഒരു മുസൽമാൻ ആയിത്തീരുന്നു.

### 2. സലാത്ത് (നിസ്കാരം)

മതകർമ്മങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായി അനുശാസിക്കപ്പെട്ടിരിക്കുന്ന കർമ്മമാണ് സലാത്ത് അഥവാ നിസ്കാരം. മുഹമ്മദു നബിക്കു പ്രവാചക പദവി നല്കിയതിനെത്തുടർന്ന അല്ലാഹു ആദ്യം ആവശ്യപ്പെട്ടത് നിസ്കാരം അനുഷ്ഠിക്കുവാനാണ്. നബിയുടെ അന്തിമോപദേശവും 'നിങ്ങൾ നിസ്കാരത്തെ മുറുകം പിടിക്കണം' എന്നതാണ്. പൂർവ്വകാല പ്രവാചകന്മാരും പിതാക്കന്മാരും ആചാരപ്രകാരം നിസ്കരിക്കുകയും അവ അനുഷ്ഠിക്കാൻ പിൻതലമുറക്കാരെ നിർദ്ദേശിക്കുകയും ചെയ്തതായി കാണാം.

ഒരു മുസ്ലീമിന് ഏതു സമയത്തും അല്ലാഹുവിനോട് പ്രാർത്ഥിക്കാം. എന്നാൽ, നിശ്ചയിക്കപ്പെട്ടിരിക്കുന്ന അഞ്ചുനേരത്തെ നിസ്കാരം കൃത്യസമയത്തുതന്നെ നിർവഹിക്കണം. അഞ്ചുനേരം നിസ്കരിക്കണമെന്ന് നബിയുടെ ദിനചര്യയിൽ നിന്നാണു മനസ്സിലാക്കുന്നത്. നിസ്കാരസമയങ്ങൾ ഇവയാണ്: 1. സൂര്യോദയത്തിനുമുമ്പ് (സുബഹി) 2. ഉച്ചതിരിഞ്ഞ് ഉടൻ (സുഹർ) 3. ഉച്ചതിരിഞ്ഞ് അല്പം വൈകി (അസ്സർ) 4. സൂര്യാസ്തമയം കഴിഞ്ഞ ഉടനെ (മ

ഗ്ഗരീബ്) 5. സൂര്യാസ്തമയത്തിനുശേഷം ഏകദേശം രണ്ടുമണിക്കൂർ കഴിഞ്ഞ് (ഇശ). സൂര്യോദയത്തിനും സൂര്യാസ്തമയത്തിനുംമുമ്പ് താങ്കളുടെ നാഥനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുക. രാത്രിസമയങ്ങളിലും പകലിന്റെ ഭാഗങ്ങളിലും അവന്റെ പരിശുദ്ധിയെ വാഴ്ത്തുക. എന്നാൽ, താങ്കൾക്കു സംതൃപ്തി ലഭിക്കും (ഖു. 20:130).

നിസ്കാരത്തിനുള്ള സമയമാകുമ്പോൾ പള്ളിയിൽനിന്നു ബാങ്ക് വിളി ഉയരും. ബാങ്കു വിളിക്കുന്ന ആൾ മു അദിൻ എന്നാണ് അറിയപ്പെടുന്നത്. ബാങ്കുവിളിയിൽ നാം ഇപ്രകാരം ശ്രവിക്കുന്നു:

| | |
|---|---|
| അല്ലാഹു അക്ബർ | |
| അല്ലാഹു അക്ബർ | അല്ലാഹുവാണ് സർവ്വോന്നതൻ |
| അല്ലാഹു അക്ബർ | |
| അല്ലാഹു അക്ബർ | |
| അശ്ഹദു അൽലാ | അല്ലാഹു അല്ലാതെ ആരാധനയ്ക്ക് |
| ഇലാഹ ഇല്ലല്ലാഹ് | അർഹനായി മറ്റാരുമില്ല എന്നു ഞാൻ |
| അശ്ഹതു അൽലാ | സാക്ഷ്യം വഹിക്കുന്നു |
| ഇലാഹ ഇല്ലല്ലാഹ് | |
| അശ്ഹദു അന്ന | മുഹമ്മദ് അല്ലാഹുവിന്റെ |
| മുഹമ്മദു റസൂലുല്ലാഹ് | ദൂതനാണെന്നു ഞാൻ |
| അശ്ഹതു അന്ന | സാക്ഷ്യം വഹിക്കുന്നു |
| മുഹമ്മദു റസൂലുല്ലാഹ് | |
| ഹൈയാല സ്വലാഹ് | |
| ഹൈയാല സ്വലാഹ് | നിസ്കാരത്തിനു വരിക |
| ഹൈയ്യാൽ ഫലാഹ് | |
| ഹൈയ്യാൽ ഫലാഹ് | വിജയത്തിലേക്കു വരിക |
| അല്ലാഹു അക്ബർ | അല്ലാഹുവാണ് സർവ്വോന്നതൻ |
| അല്ലാഹു അക്ബർ | അല്ലാഹു അല്ലാതെ ആരാധനയ്ക്ക് |
| ലാ ഇലാഹ ഇല്ലല്ലാഹ് | അർഹനായി മറ്റാരുമില്ല. |

നിസ്കാരത്തിനു വരുന്നതിനുമുമ്പ് ചില ശുദ്ധീകരണകർമ്മങ്ങൾ അനുഷ്ഠിക്കേണ്ടതാണ്. നിസ്കാരം നടത്തുന്ന ആളുടെ ശരീരവും വസ്ത്രങ്ങളും നിസ്കാരം നടത്തുന്ന സ്ഥലവും പരിപ്പൂർണമായും ശുദ്ധമായിരിക്കണം . അതിനായി അവർ കൈപ്പത്തിയും (മൂന്നു പ്രാവിശ്യം) രണ്ടു കൈമുട്ടുകളും മുട്ടുവരെയും (മൂന്നു പ്രാവിശ്യം) വായും (മൂന്നു പ്രാവിശ്യം) മൂക്കും മുഖം മുഴുവനും രണ്ടു കൈകൾക്കൊണ്ടും (മൂന്നു പ്രാവിശ്യം) നെറ്റിമുതൽ താടിയെല്ലു വരെയും ചെവിമുതൽ ചെവിവരെയും കഴുകി ശുദ്ധമാക്കേണ്ടതുണ്ട്.





നിസ്കാരം എപ്പോഴും മക്കയിലെ കഅബയിലേക്കു തിരഞ്ഞായിരിക്കണം. ശുദ്ധമായി ഏതു സ്ഥലത്തും നിസ്കരിക്കാമെങ്കിലും ഏറ്റവും ഉചിതമായ സ്ഥലം പള്ളിതന്നെയാണ്. വെള്ളിയാഴ്ച ദിവസങ്ങളിൽ ഉച്ചതിരിഞ്ഞുള്ള നിസ്കാരത്തിനു പകരം പ്രദേശത്തെ മുസ്ലീംങ്ങൾ ഒരുമിച്ച്ചേർന്ന് 'ജുമഅ' നിസ്കാരം നിർവ്വഹിക്കുന്നു. ഇത് എല്ലാ മുസ്ലീംങ്ങൾക്കും നിർബന്ധമാണ്. ഈ നിസ്കാരത്തിനു മുമ്പ് പ്രാർത്ഥന നയിക്കുന്ന ഇമാം അവിടെ കൂടിയിരിക്കുന്ന എല്ലാവർക്കും സന്ദേശം കൊടുക്കുന്ന പതിവുണ്ട്. ഇതിനെ കുത്ബ (Khutbah) എന്നുപറയുന്നു. ജീവിത വിജയത്തിനും പരലോക സൗഖ്യമാർജിക്കുന്നതിനും വേണ്ട ഉപദേശങ്ങളാണ് ഇതിലടങ്ങിയിരിക്കുന്നത്. തുടർന്ന് കഅബയ്ക്കഭിമുഖമായി പ്രാർത്ഥിക്കുന്നു.

### 3. സക്കാത്ത് (ദാനധർമ്മം)

കർമ്മാനുഷ്ഠാനങ്ങളിൽ മൂന്നാം സ്ഥാനമാണു സക്കാത്തിനുള്ളത്. നിർബന്ധ ദാനധർമ്മമാണിത്. സക്കാത്ത് എന്ന വാക്കിന്റെ അർത്ഥം ശുദ്ധീകരണം എന്നാണ്. സക്കാത്തു കൊടുത്തു കഴിഞ്ഞാൽ അവശേഷിക്കുന്ന സ്വത്ത് മതപരമായും നിയമപരമായും ശുദ്ധിയുള്ളതായിരിക്കും എന്നതാണു വിശ്വാസം. ഭക്ഷ്യസാധനങ്ങൾ , പഴങ്ങൾ തുടങ്ങി സാമ്പത്തിക പ്രയോജനമുള്ള എല്ലാ വസ്തുകൾക്കും സക്കാത്തു ബാധകമാണ്. സാധനങ്ങളുടെ തരത്തിനും ഉല്പാദനരീതിക്കുമനുസരിച്ച് സക്കാത്തു കൊടുക്കുന്നതിന്റെ തീതിയിലും വ്യത്യാസം ഉണ്ട്. മഴവെള്ളംകൊണ്ടു കൃഷി ചെയ്തുണ്ടാക്കുന്ന ധ്യാനങ്ങൾ, പഴങ്ങൾ മുതലായവയ്ക്കു പത്തും, വെള്ളം കോരി നനച്ചുണ്ടാക്കുന്നവയ്ക്ക് അഞ്ചും കൈവശമുള്ള പണത്തിനു രണ്ടരയും ശതമാനമാണ് സക്കാത്തു നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ആച്, കന്നുകാലി മുതലായവയും സക്കാത്തിന്റെ വിഭാഗത്തിൽപെടുന്നു.

### 4. സൗം (Sawm-നോമ്പാചരണം-റംസാൻ)

റംസാൻ മാസമാണ് നോമ്പാചരണത്തിനായി നീക്കിവച്ചിരിക്കുന്ന കാലഘട്ടം. ഈ മാസത്തിലാണു വിശുദ്ധ ഖുർആൻ ആദ്യമായി അവതരിച്ചത് എന്നു വിശ്വസിക്കുന്നു. അതിനാൽ ഈ മാസം നോമ്പിന്റെ മാസമായി എല്ലാ വിശ്വാസികളും ആചരിക്കുന്നു. ആർക്കെങ്കിലും രോഗത്താലോ വാർദ്ധക്യത്താലോ നോമ്പ് ആചരിക്കാൻ സാധിക്കാതെ വന്നാൽ, പകരം സാധ്യമായ ഏതെങ്കിലും ദിവസത്തിൽ അത് ആചരിക്കേണ്ടതാണ് എന്നു ഖുറാൻ പഠിപ്പിക്കുന്നു (ഖു. 2:185).

കറുത്ത വാവിനുശേഷം നിലാവു കാണപ്പെടുന്ന ദിവസം മുത ലാണു റംസാൻ മാസം ആരംഭിക്കുന്നത്.സൂര്യാസ്തമയം മുതൽ സൂര്യാസ്തമയം വരെയാണ് ഒരു ദിവസം. ചക്രവാളത്തിൽ പ്രകാശം പ്രത്യക്ഷപ്പെടുന്നതു മുതൽ സൂര്യാസ്തമയം വരെ യാതൊന്നും ഭക്ഷിക്കുകയോ പാനം ചെയ്യുകയോ അരുത്. സായാഹ്ന നിസ്കാരത്തിനുശേഷം 'പ്രഭാതഭക്ഷണം കഴിക്കുന്നു.' രാത്രി അല്പംവൈകി 'ഉച്ചഭക്ഷണവും' പുലർച്ചക്ക് അല്പംമുമ്പ് അത്താഴവും കഴിക്കുന്നു. കുട്ടികൾ പടിപടിയായാണ് നോമ്പ് അനു ഷ്ഠിക്കാൻ പഠിക്കുന്നത്. ആദ്യം ദിവസത്തിന്റെ പകുതിയും പിന്നീട് ഒരു ദിവസവും.അങ്ങനെ അവർ വളർച്ച പ്രാപിക്കുമ്പോഴും റംസാൻമാസം മുഴുവൻ നോമ്പ് ആചരിക്കാൻ പ്രാപ്തരാകും. നോമ്പ നുഷ്ഠിക്കുമ്പോൾ പകൽസമയത്തു ഭക്ഷണപാനീയങ്ങൾ മാത്രമ ല്ല, ലൈംഗികബന്ധത്തലേർപ്പെടുക തുടങ്ങി എല്ലാവിധ ശാരീരി കസുഖങ്ങളും ഒഴിവാക്കണം. വലിയ ആഘോഷങ്ങളൊന്നും റംസാൻ മാസത്തിൽ നടത്താറില്ല. റംസാൻമാസത്തിനുവേണ്ടി പ്രത്യേക പ്രാർത്ഥനകളും നിഷ്കർഷിച്ചിട്ടുണ്ട്.

**5. ഹജ്ജ്**

മുസ്ലീങ്ങളുടെ തീർത്ഥാടനമാണിത്. ഖുറാനിൽ തീർത്ഥാടനത്തെ കുറിക്കാൻ മൂന്നു വാക്കുകളാണ് ഉപയോഗിക്കുന്നത് - അൽ - ഹജ്ജ് (Al-Hajj ), അൽ - ഉമ്റ (Al-Umrah), അസ് - സിയാറ (Az-Ziyarah).

**അൽ-ഹജ്ജ്:** കഴിവുള്ള എല്ലാ മുസ്ലീങ്ങളും നടത്തിയിരിക്കേണ്ട തീർത്ഥാടനമാണിത്. ഹജ്ജ് പൂർത്തിയാകണമെങ്കിൽ വിശുദ്ധനഗ രമായ മക്കയിൽച്ചെന്ന് അവിടെയുള്ള കഅബ സ്ഥിതിചെയ്യുന്ന വലിയ പള്ളിയിലും പരിസരപ്രദേശങ്ങളിലും പലദിവസങ്ങൾ നീണ്ടുനിൽക്കുന്ന കർമ്മാനുഷ്ഠാനങ്ങൾ നടത്തേണ്ടതാണ്. ഓരോ വർഷത്തിലും ഇതിനായി പ്രത്യേക ദിവസങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സ്ത്രീകളും പുരുഷന്മാരും ജീവിതത്തിൽ ഒരിക്കലെങ്കിലും ഹജ്ജു കർമ്മം നടത്തിയിരിക്കണമെന്നു നിർബന്ധമാണ്. എന്നാൽ, യാത്രാ കാലത്തു സ്വന്തം ആവശ്യങ്ങൾക്കു തിരിച്ചുവരുന്നതുവരെ അവ രുടെ ആശ്രിതരുടെ ആവശ്യങ്ങൾക്കും വകയുള്ളവർ മാത്രമേ ഹജ്ജു നടത്തേണ്ടതുള്ളൂ. ഖുറാനിൽ 22:27-ലാണ് ഹജ്ജു കർമ്മ ത്തെപ്പറ്റി വിവരിക്കുന്നത്.

മുസ്ലീംകലണ്ടറിലെ പന്ത്രണ്ടാംമാസം (ദുൽഹജ്ജ്) ഏഴാം തീയതി തുടങ്ങി 13-ാം തീയതി വരെയാണ് ഹജ്ജു കർമ്മങ്ങൾ. തീർത്ഥാടകർ മക്കയ്ക്ക് ആറു നാഴിക ദൂരെവച്ച് ' ഇഹ്റാം' എന്ന





അവസ്ഥയിലേക്കു പ്രവേശിക്കുന്നു. പ്രാർത്ഥനയ്ക്കുശേഷം പുരുഷന്മാർ സാധാരണ വസ്ത്രങ്ങൾ മാറ്റി തുന്നലില്ലാത്ത രണ്ടു വസ്ത്രങ്ങൾ മാത്രം ധരിച്ചാണ് ഈ ദിവസങ്ങൾ ചെലവഴിക്കുന്നത്. മുടിയും നഖവും മുറിക്കാനോ താടി വടിക്കാനോ പാടില്ല. മെക്കയിലെ ഏറ്റവും പ്രധാന പള്ളിയായ മസ്ജി ദുൽഹറം സന്ദർശിച്ച് ഹജുറൽ ഹസ്വദിനെ ചുംബിക്കുന്നു. 'കറുത്തകല്ല്' എന്നാണ് ഇത് അറിയപ്പെടുന്നത്. മസ്ജിദുൽ ഹറം പള്ളിയിൽ ഹജുറൽ ഹസ്വദിനെ സൂക്ഷിച്ചിരിക്കുന്ന സ്ഥലമാണ് കഅബ. തീർത്ഥാടകർ കഅബയെ ഏഴുപ്രാവിശ്യം പ്രദക്ഷിണംവച്ചു പ്രാർത്ഥിക്കുന്നു. കഅബയെ പ്രദക്ഷിണം (തവാഫ്) ചെയ്യുന്നതി നിടയിൽ ഹജുറുൽ അ അസ്മദിനെ ചുംബിക്കുകയോ, അല്ലെങ്കിൽ അതിനു നേരെ ആംഗ്യം കാണിക്കുകയോ ചെയ്യണം.

പിന്നീട് സഫാമർവ്വാൻ കുന്നുകളിലേക്ക് ഏഴുപ്രാവിശ്യം കയറിയിറങ്ങുന്നു. അറഫായിൽ എത്തി മതപ്രസംഗം ശ്രവിക്കു കയാണ് ഹജ്ജ് കർമ്മത്തിലെ അടുത്ത കർമ്മം. തുടർന്നു മീനയിൽ ചെന്ന് അവടെയുള്ള മൂന്നു സ്തൂപങ്ങളിൽ കല്ലെറിയുന്നു. ദുൽഹജ്ജ് 10-ാം ദിനം ലോകത്തിലുള്ള മുസ്ലീംങ്ങൾ മുഴുവൻ ബലിപ്പെരുന്നാളായി ആചരിക്കുന്നു. ' ഈ ദുൽ അസ്ഹ' എന്നാണ് ആ ഈ ദിവസത്തെ വിളിക്കുന്നത്. കഴിവുള്ള എല്ലാവരും അന്ന് ഒരു ഒട്ടകത്തെ അല്ലെങ്കിൽ ഒരാടിനെ അറക്കുന്നു. ഈ ബലിക്കുശേഷം ബലിചെയ്ത മൃഗത്തിന്റെ മാംസം പാവങ്ങൾ ക്കിടയിൽ വിതരണം ചെയ്യുന്നു. അതോടെ ഹജ്ജ് കർമ്മം അവസാനിക്കുന്നു. തീർത്ഥാടകർ ക്ഷൗരം ചെയ്യുകയും ഇഹ്റാം അവസ്ഥയിൽ ഉപയോഗിച്ചിരിക്കുന്ന വസ്ത്രങ്ങൾ മാറ്റുകയും സാധാരണ വസ്ത്രങ്ങൾ ധരിക്കുകയും ചെയ്യുന്നു. ഇതിനുശേഷം പള്ളിപരിസരത്തുള്ള സാംസാം ഉറവയിൽനിന്ന് ചിലർ വെള്ളം കുടിക്കാറുണ്ട്. ഹാജിറ ബീവിയും ശിശുവായിരുന്നഇസ്മായിൽ നബിയും ഉപേക്ഷിക്കപ്പെട്ട സ്ഥലത്താണ് ഈ ഉറവ ഉണ്ടായതത്രെ. സ്വന്തം നാടുകളിലേക്കു മടങ്ങുന്നതിനുമുമ്പ് തീർത്ഥാടകർ മദീനയിൽ പോയി മുഹമ്മദു നബിയുടെ കബർ സന്ദർശിക്കുന്ന പതിവുമുണ്ട്. ഹജ്ജു കർമ്മം നടത്തിയവരെ വളരെ ബഹുമാന ത്തോടെയാണ് മുസ്ലീംങ്ങൾ കാണുന്നത്. ഹജ്ജുകർമ്മം നടത്തിയ പുരുഷന്മാരെ 'ഹാജിയർ' എന്നും സ്ത്രീകളെ 'ഹാജിയുമ്മ' എന്നും ആണു വിളിക്കുന്നത്.

**അൽ - ഉമ്റ:** ചെറിയ തീർത്ഥാടനം എന്നാണ് ഇതിന്റെ അർത്ഥം. ഇതു നിർവ്വഹിക്കാൻ പ്രത്യേക ദിവസങ്ങളില്ല. വർഷത്തിലെ ഏതു ദിവസം വേണമെങ്കിലും ഇതിനായി തിരെഞ്ഞെടുക്കാം. മസ്ജി

ദുൽ ഹറാമിൽ അരമണിക്കൂർക്കൊണ്ട് ഇതിനാവശ്യമായ എല്ലാ കർമ്മങ്ങളും ചെയ്തു തീർക്കാനാകും. സ്വയം കഴിയാതെ വന്നാൽ മറ്റൊരാളെ വിട്ടും ഈ കർമ്മം ചെയ്യാക്കാം.

**അസ് – സിയാറ:** നബിയുടെ കബർ സന്ദർശിക്കലാണ് ഇത്. ഇതു ഹജ്ജു കർമ്മമായി ബന്ധപ്പെട്ടതല്ല. എന്നാലും തീർത്ഥാടകർ മദീനയിലുള്ള പ്രവാചകന്റെ കബറിടക്കം സന്ദർശിക്കുക പതിവാണ്.

## ഇസ്ലാംനിയമം, കലണ്ടർ, ഇമാം

### 1. ശരിഅത്ത്

മതത്തിന്റെ ആരംഭകാലത്തു മതവും നിയമവും തമ്മിൽ വ്യക്തമായ വേർതിരിവ് ഉണ്ടായിരുന്നില്ല. പിന്നീടാണു മതത്തിന്റെ ഒരു ഭാഗമായി നിയമം രൂപപ്പെട്ടു വന്നത്. 'ഷരിഅ' (Shariah) ഷാർ (Shar) എന്നിവയാണ് നിയമത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന അറബി വാക്കുകൾ. ' തെളിഞ്ഞ പാത ' എന്നോ 'പരിചയപ്പെടുത്തൽ' എന്നോ ആണ് ഈ വാക്കുകളുടെ അർത്ഥം. ജീവിത കർത്തവ്യങ്ങൾ ശരിയായി നിർവഹിക്കാനും ദൈവാരാധനയ്ക്കും അല്ലാഹുതന്നെ മനുഷ്യർക്കു കാണിച്ചു കൊടുത്ത ' വഴി' യാണു നിയമം. ഇസ്ലാംമതത്തിലെ നിയമങ്ങളുടെ ഉറവിടങ്ങൾ താഴെ പറയുന്നവയാണ്: 1. ഖുർആൻ 2. പ്രവാചകചര്യ (ഹാദിത് – നബിയുടെ വചനങ്ങളും പ്രവൃത്തികളും) 3. സാദൃശ്യങ്ങൾ (Qiyas ) 4. പൊതു അഭിപ്രായം (ഇജ്മ(Ijma) – സമൂഹത്തിന്റെ അഭിപ്രായം).

ഇസ്ലാമിക നിയമമനുസരിച്ച് എല്ലാ പ്രവൃത്തികളും താഴെപ്പറയുന്ന ഏതെങ്കിലും വിഭാഗത്തിൽപെടും. 1. നിയമത്താൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പ്രവൃത്തികൾ. ഇവയുടെ ഉപേക്ഷ തിന്മയാണ്. ഉദാ: നിസ്കാരം; 2. ഓരോ മനുഷ്യനിൽ നിന്നും പ്രതീക്ഷിക്കുന്ന പ്രവൃത്തികൾ (Mandub) . ഇവ ചെയ്യണമെന്നു നിയമം ആരെയും കടപ്പെടുത്തുന്നില്ല; പക്ഷേ, ചെയ്യുന്നതു പുണ്യമാണ്. ഉദാ: നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനേക്കാൾ ഏറെ ദാനധർമ്മം ചെയ്യുക; 3. ചെയ്യുവാൻ അനുവദിക്കപ്പെട്ടിരിക്കുന്ന പ്രവൃത്തികൾ (Mandub) ഇവ ചെയ്യുന്നതു നന്മയോ തിന്മയോ അല്ല; 4. നിരോധിക്കപ്പെട്ടിട്ടില്ലെങ്കിലും പ്രോത്സാഹിപ്പിക്കപ്പെടാത്ത പ്രവൃത്തികൾ (Mubah); 5. നിരോധിക്കപ്പെട്ടിരിക്കുന്ന പ്രവൃത്തികൾ (Haram). ഉദാ: പന്നി മാംസം ഭക്ഷിക്കൽ.

ഒരു പ്രവൃത്തി നന്മയോ തിന്മയോ ആകുന്നത് ഏത് ഉദ്ദേശ്യ





ത്തോടെ ചെയ്യുന്നു എന്നതിനെ ആശ്രയിച്ചാണ്. നിയമത്തിൽനിന്ന് ഇസ്ലാംമതം ആരെയും ഒഴിവാക്കുന്നില്ല. മുസ്ലീംങ്ങൾക്ക് അഞ്ചുതരത്തിലുള്ള നിയമങ്ങളാണുള്ളത്.

1. വിശ്വാസസംബന്ധമായ നിയമങ്ങൾ ( Itiqabat). ഈ നിയമങ്ങൾ അല്ലാഹുവിലും മലക്കുകളിലും ഖുറാനിലും പ്രവാചകന്മാരിലും യുഗാന്ത്യത്തിലുമുള്ള വിശ്വാസങ്ങളെ സംബന്ധിച്ചു പ്രതിപാദിക്കുന്നു.

2. ധാർമ്മികതയെ സംബന്ധിക്കുന്ന നിയമങ്ങൾ (Adab): മനുഷ്യരും മനുഷ്യരും തമ്മിലുള്ള ഇടപാടുകളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റി ഖുർആനും നബിചര്യയും പറയുന്നതെല്ലാം ഇതിൽപെടുന്നു. സത്യസന്ധത, എളിമ തുടങ്ങിയ വിഷയങ്ങളാണ് ഇവിടെ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്.

3. ആദ്ധ്യാത്മിക നിയമങ്ങൾ (Ibadat): ഭക്തിസംബന്ധമായ എല്ലാകാര്യങ്ങളും പ്രത്യേകിച്ച് ഇസ്ലാംമതത്തിലെ അഞ്ചു തൂണുകളെപ്പറ്റിയുള്ള വിവരണമാണിവിടെ അടങ്ങിയിരിക്കുന്നത്.

4. വ്യവഹാര നിയമങ്ങൾ (Muamalat): സ്ത്രീയും പുരുഷനും തമ്മിലുള്ള വ്യവഹാരത്തെ സംബന്ധിക്കുന്ന നിയമങ്ങളാണിവ. വിവാഹം, വിവാഹമോചനം, ഭാര്യാഭർത്തൃബന്ധത്തിലെ അവകാശങ്ങളും കടമകളുമെല്ലാം ഇതിന്റെ ഭാഗങ്ങളാണ്.

5. ശിക്ഷാനിയമങ്ങൾ: ഇസ്ലാമിൽ ശിക്ഷാനിയമങ്ങൾ കൂടുതൽ കർശനമാണ്. മോഷണക്കുറ്റത്തിനു കൈവെട്ടിക്കളയുക, വിവാഹിതർ വ്യഭിചാരം ചെയ്താൽ കല്ലെറിഞ്ഞുകൊല്ലുക, അവിവാഹിതർ വ്യഭിചാരം ചെയ്താൽ നൂറ് അടി, അപവാദം പറഞ്ഞുപരത്തുന്നതിന് 80 അടി, മദ്യപാനത്തിന് 80 അടി, വിശ്വാസപരിത്യാഗത്തിനു മരണം ആദിയായ ശിക്ഷാ നടപടികളാണ് ഇവിടത്തെ പ്രമേയങ്ങൾ. രണ്ടു സാക്ഷികളുടെ മൊഴിയോ സാഹചര്യതെളിവുകളോ ഉണ്ടങ്കിൽ ഒരുവനെ ശിക്ഷിക്കാം. സിവിൽ അധികാരികളാണു ശിക്ഷ നടപ്പാക്കേണ്ടവർ. ചുരുക്കം ചില ഗൾഫു രാജ്യങ്ങളിലും സൗദിഅറേബ്യയിലുമല്ലാതെ മറ്റെങ്ങും ഇസ്ലാം മതനിയമങ്ങൾ അതുപോലെ നിലനില്ക്കുന്നില്ല. 19–ാം നൂറ്റാണ്ടിൽ യൂറോപ്യൻ നിയമങ്ങൾ പ്രചാരത്തിലായതോടെ മിക്ക ഇസ്ലാമിക രാജ്യങ്ങളിലും കുടുംബ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ മാത്രമാണ് ഇസ്ലാമിക നിയമങ്ങൾ ഉപയോഗിക്കുന്നത്.

**2. ആരാധന കലണ്ടർ**

അറബികൾ ഉപയോഗിച്ചിരുന്ന കലണ്ടറിൽ ഹിജറ ഒരു പുതിയ ആരംഭമായി കുറിച്ചുകൊണ്ടാണ് ഇസ്ലാംകലണ്ടർ രൂപംകൊണ്ടത്. എ.ഡി. 637-ൽ ഖലീഫ ഉമർ ആണു മക്കയിൽനിന്നു മദീനയിലേക്കുള്ള നബിയുടെ പലായനം കേന്ദ്രമാക്കി ഹിജറവർഷം ആരംഭിച്ചത്. ഇതു ഹിജറ വർഷത്തിലെ പ്രാരംഭദിനം (മുഹ്റം ഒന്ന്).

എല്ലാ സെമിറ്റിക് കലണ്ടറുകലെന്നപോലെ ഹിജറ കലണ്ടറും ചന്ദ്രവർഷം അടിസ്ഥാനപ്പെടുത്തിയാണു രൂപപ്പെടുത്തിയിരിക്കുന്നത്. മാസങ്ങളുടെ ആരംഭം അമാവാസി അടിസ്ഥാനപ്പെടുത്തി സിശ്ചയിക്കുന്നതിനാൽ എല്ലാ മാസങ്ങളുടെയും ദിവസങ്ങളുടെയും എണ്ണം കൃത്യമായി മുൻകൂട്ടി പറയുക സാധ്യമല്ല. എങ്കിലും, ഇന്നത്തെ സാഹചര്യത്തിൽ ചന്ദ്രന്റെ സഞ്ചാരം കൂടുതൽ കൃത്യതയോടെ കണക്കാക്കുവാൻ സാധിക്കുന്നതുകൊണ്ട്, മാസാരംഭം കണ്ടുപിടിക്കാൻ എളുപ്പമാണ്. ഹിജറ വർഷത്തിൽ ഇരുപത്തൊമ്പതോ മുപ്പതോ ദിവസങ്ങൾ വീതമുള്ള 12 മാസങ്ങളാണുള്ളത്. ഒരു ഹിജറ വർഷത്തിൽ 354 ദിവസങ്ങളും 8 മണിക്കൂറും 48 മിനുട്ടും മാത്രമേയുള്ളൂ.

**ഇവയാണു ഹിജറയിലെ 12 മാസങ്ങൾ**

| | |
|---|---|
| 1. മുഹ്റം | 2. സഫർ |
| 3. റബീ ഉൽ അവ്വൽ | 4. റബീ ഉൽ ആഖീർ |
| 5. ജമാദുൽ അവ്വൽ | 6. ജമാദുൽ ആഖീർ |
| 7. റജബ് | 8. ഷഹബാൻ |
| 9. റമളാൻ | 10. ഷവ്വാൽ |
| 11. ദുൽക അദ് | 12. ദുൽ ഹജ്ജ് |

അവസാന മാസമായ ദുൽ ഹജ്ജിനു 30 ദിവസങ്ങൾ ഉണ്ടെങ്കിൽ ആ വർഷം 355 ദിവസങ്ങളുണ്ടായിരിക്കും. ആഴ്ചയിലെ ആദ്യത്തെ 5 ദിവസങ്ങൾ 1-ാം ദിവസം, 2-ാം ദിവസം എന്നിങ്ങനെ എണ്ണപ്പെടുന്നു. 6-ാം ദിവസം 'സമൂഹദിനം' എന്നറിയപ്പെടുന്നു. 7-ാം ദിവസം വിശ്രമദിനമാണ്. സൂര്യാസ്തമയം മുതൽ സൂര്യാസ്തമയം വരെയാണ് ദിവസം കണക്കു കൂട്ടുന്നത്. അതിനാൽ വ്യാഴാഴ്ച വൈകിട്ടു തുടങ്ങുന്ന വെള്ളിയാഴ്ച ആചരണം വെള്ളിയാഴ്ച വൈകിട്ട് അവസാനിക്കുന്നു.

സൗദി അറേബ്യയിലെ യമനിലും ഹിജറ കലണ്ടറാണ് ഔദ്യോഗികമായി ഉപയോഗിക്കുന്നത്. അറബി റിപ്പബ്ലിക്, സിറിയ,





ജോർദ്ദാൻ, മൊറോക്കൊ എന്നീ രാജ്യങ്ങളിൽ ഹിജറ കലണ്ടറും ഗ്രിഗോറിയൻ കലണ്ടറും ഒരുപോലെ ഉപയോഗിക്കുന്നു. ലോകമെമ്പാടും മുസ്ലീംകൾ മതപരമായ ആവശ്യങ്ങൾക്കു ഹിജറ കലണ്ടറാണ് ഉപയോഗിക്കുന്നത്.

**3. ഇമാം**

ഇസ്ലാം മതത്തിൽ പ്രാർത്ഥന നയിക്കുന്ന വ്യക്തി ഇമാം എന്നാണ് അറിയപ്പെടുന്നത്. ' മാതൃക' എന്നാണ് ഇമാം എന്ന വാക്കിന്റെ അർത്ഥം. സമൂഹത്തിനു മാതൃകയും നേതൃത്വവും നല്കേണ്ട ആളാണ് ഇമാം. പ്രാർത്ഥനാ സമൂഹത്തിൽ ഏറ്റവും മുമ്പിലാണ് ഇമാമിന്റെ സ്ഥാനം. ഇമാമിനെ കൂടാതെ രണ്ടുപേർ മാത്രമേ പ്രാർത്ഥിക്കുവാനുള്ളൂ എങ്കിൽ, ഇടതുവശത്ത് അൽപ്പം മുമ്പിലായി ഇമാം നില്ക്കുന്നു. ഖുർആനെപ്പറ്റിയുള്ള അറിവാണ് ഇമാം സ്ഥാനത്തിനുള്ള യോഗ്യത. പ്രാർത്ഥനസമൂഹത്തിൽ തുല്യയോഗ്യതയുള്ള പലരുണ്ടെങ്കിൽ മാറിമാറി പ്രാർത്ഥന നയിക്കും. തർക്കം വന്നാൽ നറുക്കിട്ട് ആളെ നിശ്ചയിക്കുന്നു. എല്ലാ മുസ്ലീം ദേവാലയങ്ങളിലും പ്രാർത്ഥന നയിക്കുവാനായി ഒന്നോ അതിലധികമോ ഇമാമുകൾ ഉണ്ടായിരിക്കും. ഇവരില്ലാത്തപ്പോൾ യോഗ്യതയുള്ള ഏതെങ്കിലും പുരുഷന് ഇമാമിന്റെ സ്ഥാനം ഏറ്റെടുക്കാം. സമൂഹത്തിലെ നേതാക്കന്മാർക്കു ബഹുസൂചകമായി ഇമാം സ്ഥാനം നല്കുന്ന പതിവുണ്ട്. ചില പ്രത്യേക ചിന്താ ധാരകൾക്കു രൂപംകൊടുത്തവരും ചില മുസ്ലീം വിഭാഗങ്ങളുടെ തലവന്മാരും ഇമാമുകൾ എന്നാണ് അറിയപ്പെടുന്നത്.

## ആചാരങ്ങളും അനുഷ്ഠാനങ്ങളും

**1. ജനനം**

ശിശു ജനിച്ചുകഴിഞ്ഞാലുടൻ കുഞ്ഞിന്റെ ഇരു ചെവികളിലും പ്രാർത്ഥനാഹ്വാനം നടത്തുന്നു. ജീവിതാരംഭത്തിൽതന്നെ ശിശുവിന് അല്ലാഹുവിന്റെ നാമം ശ്രവിക്കുവാനും ഇസ്ലാം വിശ്വാസം അറിയുവാനും വേണ്ടിയാണിത്. ഏതെങ്കിലും ഭക്തനായ വിശ്വാസി ഭക്ഷണ സാധനം കുഞ്ഞിന്റെ വായിൽ വച്ചുകൊടുക്കുകയാണ് മറ്റൊരു കർമ്മം. കുഞ്ഞിന്റെ വിശുദ്ധീകരണമാണ് ഇതു സൂചിപ്പിക്കുന്നത്. നബിയുടെ കലം മുതലേ നിലനില്ക്കുന്ന ഒരു പതിവാണിത്.

**2. സമർപ്പണം (Aqiqa)**

ജനിച്ച് ഏഴാംദിവസമോ അടുത്ത മറ്റേതെങ്കിലും ദിവസമോ

നടത്തുന്ന കർമ്മമാണിത്. ക്ഷൗരക്കാരനെ വിളിച്ച് കുഞ്ഞിന്റെ തല മുണ്ഡനം ചെയ്യുകയും ആ മുടിയുടെ ഭാരത്തോളം വെള്ളി പാവകൾക്കു കൊടുക്കുകയും ചെയ്യുന്നു. കുഞ്ഞിന്റെ ഈ മുടി കുഴിച്ചിടുന്നു. ജനിച്ചത് ആൺകുട്ടിയാണെങ്കിൽ രണ്ട് ആട്ടിൻകുട്ടികളെയും, പെൺകുട്ടിയാണെങ്കിൽ ഒരു ആട്ടിൽകുട്ടിയേയും അറുത്ത് സാധുകൾക്ക് വിതരണം ചെയ്യുന്നു.

കുഞ്ഞിന്റെ ജീവിതകാലത്തു വരാനിരിക്കുന്ന എല്ലാ നിർഭാഗ്യങ്ങളിൽനിന്നും സാത്താന്റെ സ്വാധീനത്തിൽ നിന്നും രക്ഷ നേടുന്നതിനാണ് ഈ സമർപ്പണം. ഇന്ത്യയിൽ ഈ കർമ്മം അപൂർവ്വമായി മാത്രമേ കാണപ്പെടുന്നുള്ളൂ.

### 3. നാമകരണം

നാട്ടാചാരമനുസരിച്ച് സ്വന്തം കുടുംബത്തിൽപ്പെട്ടതോ അയൽപ്പക്കത്തുള്ളതോ ആയ പ്രായമായ വ്യക്തിയാണ് പേരു നിർദ്ദേശിക്കുന്നത്. മാതാപിതാക്കളും കുടുംബാഗങ്ങളും ഉചിതമായ പേരു നിർദ്ദേശിക്കുന്ന രീതിയും കണ്ടുവരുന്നു. സാധാരണയായി അറബി പേരുകളാണു കുട്ടികൾക്കിടുന്നത്. കുട്ടിയെ വിശ്വാസത്തിൽ വളർത്താൻ സഹായകമായ പേരുകളാണ് നൽകുന്നത്. ഖുർആനിൽ വിവരിക്കുന്ന പേരുകളുടെകൂടെ ദാസൻ എന്നർത്ഥം വരുന്ന 'അബ്ദ്' കൂട്ടിച്ചേർത്താണ് പലപ്പോഴും പേരുകൾ ഉണ്ടാക്കുന്നത്. ഉദാഹരണം അബ്ദുള്ള (അല്ലാഹുവിന്റെ ദാസൻ), അബ്ദുൾ അസ്സീസ്സ് (ശക്തനായവന്റെ ദാസൻ), അബ്ദുൾ ഗാഫർ (പാപം പൊറുക്കുന്നവന്റെ ദാസൻ). ഇവ കൂടാതെ നബിയുടെ കുടുംബാംഗങ്ങളുടേയോ കൂട്ടുകാരുടേയോ നബിയുടെ തന്നെയോ പേരും നിർദ്ദേശിക്കാറുണ്ട്. ഉദാ: അഹമ്മദ്, ഹുസ്സൈൻ, ഉമ്മർ, മുഹമ്മദ്. നബിക്കുമുമ്പു ജീവിച്ചിരുന്ന വ്യക്തികളുടെ പേരും കുഞ്ഞുങ്ങൾക്കു നല്കാറുണ്ട്. യാക്കൂബ്, യൂസഫ്, ഇഷാക്ക് എന്നിവ ഉദാഹരണങ്ങളാണ്. കുഞ്ഞിന്റെ പേരിനോടു പിതാവിന്റെ പേരു ചേർക്കുന്ന പതിവ് ഇന്ത്യയിൽ കണ്ടുവരുന്നു. കാശ്മീരിലാകട്ടെ, പേരിനോടൊപ്പം പിറ്റ് എന്ന് ഉപയോഗിക്കാറുണ്ട്.

### 4. സുന്നത്ത്

മുസ്ലീങ്ങളുടെ ഇടയിൽ ഏറ്റവും പ്രചാരത്തിലുള്ള ആചാരമാണ് സുന്നത്ത് (പരിച്ഛേദനം). ഇസ്ലാമിനു മുമ്പുണ്ടായിരുന്ന അറേബ്യയിലും യഹൂദമതത്തിലും ഈ കർമ്മം നിലനിന്നിരുന്നു. ഖുർആനിൽ ഒരു സ്ഥലത്തും സുന്നത്തിനെപ്പറ്റി പരമാർശിച്ചു കാണുന്നില്ല. അബ്രാഹത്തിന്റെ ആചാരങ്ങളെ പിന്തുടരണമെന്ന്





ഖുറാൻ ഉദ്ബോധിപ്പിക്കുന്നു. അബ്രാഹം സുന്നത്തു സ്വീകരിച്ച വ്യക്തിയായിരുന്നു. അതിനാൽ, എല്ലാ മുസ്ലീംകളും സുന്നത്തു സ്വീകരിക്കണം എന്നത് പ്രവാചക നിർദ്ദേശമാണ്.

സുന്നത്തു സ്ഥീകരിക്കാൻ പ്രത്യേക പ്രായമൊന്നും നിയമം അനുശാസിക്കുന്നില്ല. ജനിച്ചുകഴിഞ്ഞ് ഏഴാം ദിവസം അല്ലെങ്കിൽ 14-ാം ദിവസം ആണ് ഏറ്റവും ഉചിതമായ സമയം എന്ന് അഭിപ്രായപ്പെടുന്നു. എങ്കിലും കുട്ടിക്കു കുറേക്കൂടി പ്രായമായ ശേഷമാണ് ഈ കർമ്മം നടത്തുന്നത്. സുന്നത്തു നടത്തുന്നതു മുസ്ലീം ക്ഷുരകന്മാരാണെങ്കിലും ആശുപത്രിയിൽവച്ചു നടത്താനാണ് ഇന്ന് അധികംപേരും ഇഷ്ടപ്പെടുന്നത്. സുന്നത്തിനോടനുബന്ധിച്ചു നടത്തിവരുന്ന പ്രാർത്ഥനകൾ സ്ഥലകാലമനുസരിച്ചു വ്യത്യാസപ്പെട്ടിരിക്കുന്നു. ഇസ്ലാംമതം സ്വീകരിച്ചതിന്റെ ചിഹ്നമായിട്ടാണ് ഇതിനെ കണക്കാക്കുന്നത്. അന്യമതസ്ഥനായ ഒരുവൻ ഇസ്ലാംമതം സ്വീകരിക്കുമ്പോൾ സുന്നത്തുകർമ്മം ചെയ്യാറുണ്ട്. എന്നാൽ സുന്നത്തു ചെയ്യുക മതപരിവർത്തനത്തിനു നിർബന്ധമുള്ള കാര്യമല്ല.

### 6. ബിസ്മില്ല ആചാരം

കുട്ടി സംസാരിക്കാൻ തുടങ്ങുമ്പോൾ സമൂഹത്തിലെ ആദരണീയനാഒരു വിശ്വാസിയെ വീട്ടിലേക്ക് വിളിച്ച് മതപഠനത്തിലേക്കു കുട്ടിയെ പ്രവേശിപ്പിക്കുന്ന ആചാരമാണിത്. ഇതോടെ കുട്ടിയുടെ വിദ്യാഭ്യാസത്തിന് ആരംഭം കുറിക്കുന്നു. പാരമ്പര്യപ്രകാരം കുട്ടിക്കു നാലു വയസ്സും നാലു മാസവും നാലു ദിവസവും പ്രായമാകുമ്പോഴാണ് ഇതു നടത്തേണ്ടത്. ഇതിന്റെ ലളിതരൂപം മാത്രമേ ഇന്നു നിലവിലുള്ളൂ. കുട്ടി ആദ്യമായി സ്കൂളിൽ ചെല്ലുമ്പോൾ ബിസ്മില്ല ചൊല്ലി മറ്റുകുട്ടികൾക്കു മധുരം പങ്കുവയ്ക്കുന്നു. ബന്ധുക്കളെയും സുഹൃത്തുക്കളെയും ക്ഷണിച്ച് വീടുകളിലും ഇത് ആഘോഷിക്കാറുണ്ട്. ഖുർആൻ പഠനത്തിന്റെ ആരംഭമായി നടത്തുന്ന ഈ ആചാരത്തിനു സമാനമായ ഒരാചാരം ഖുർആൻ പഠനത്തിന്റെ അവസാനത്തിലും ചില സ്ഥലങ്ങളിൽ കാണുന്നുണ്ട്.

### 6. വിവാഹം (നിക്കാഹ്)

എല്ലാവരും വിവാഹം കഴിച്ചിരിക്കണമെന്ന് ഇസ്ലാമിക നിയമം അനുശാസിക്കുന്നു. യഥാർത്ഥകാരണം കൂടാതെ വിവാഹം കഴിക്കാതിരിക്കുന്നതു നീട്ടികൊണ്ടു പോകുന്നതും യഥാർത്ഥ മുസ്ലീമിനു നിരക്കുന്നതല്ല. വിവാഹത്തിനു പ്രായം ശരിഅത്തിൽ

നിർദ്ദേശിച്ചുകാണുന്നില്ല. സൂറത്ത് 4:22-36 വിനക്കുന്ന, "സ്വന്തം പിതാക്കൾ വിവാഹം ചെയ്ത സ്ത്രീകൾ, അമ്മ, പുത്രി, സഹോദരി, പിതൃമതൃ സഹോദരികൾ, സഹോദരസഹോദരീ പുത്രി, സഹോദരീ, പുത്രഭാര്യ" തുടങ്ങിയവരൊഴികെയുള്ളവരുമായി വിവാഹ ബന്ധം നടത്തുന്നതിനാണ് ഇന്ത്യയിലെ മുസ്ലീങ്ങൾ താത്പര്യം കാണിക്കുന്നത്.

ശരീരം വസ്ത്രത്തോട് ഒട്ടിച്ചിരിക്കുന്നതുപോലെ സ്ത്രീയും പുരുഷനും വിവാഹത്തിലൂടെ ഒന്നാകുന്നുവെന്നാണ് ഖുറാൻ പഠിപ്പിക്കുന്നത്. (ഖു. 2:157). "കുടുംബജീവിതം ആരംഭിക്കുന്നതുതന്നെ അല്ലാഹുവിന്റെ ഇഷ്ടമനുസരിച്ചാണ് "(ഖു. 30:21). വിവാഹത്തിലേർപ്പെടാൻ നിയമപരമായി തടസ്സങ്ങളില്ലാത്ത രണ്ടുപേർ രണ്ടുസാക്ഷികളുടെ മുമ്പാകെ പരസ്പര സമ്മതത്തോടെ ഏർപ്പെടുന്ന വിവാഹക്കരാർ സാധുവാണ്. രണ്ടു സാക്ഷികളെ വച്ചിരിക്കുന്നത്. വിവഹത്തിന്റെ പൊതുസ്വഭാവം വ്യക്തമാക്കുന്നു. ഇസ്ലാമിക നിയമമനുസരിച്ച് വരൻ വധുവിനു മഹർ (വിവാഹമൂല്യം) കൊടുക്കുകയും അവനു സാധിക്കുന്ന വിധത്തിൽ അവളെ സംരക്ഷിക്കുകയും ചെയ്യണം.

സാധാരണയായി വീടുകളിലാണു വിവാഹച്ചടങ്ങു നടത്തുന്നത്. പാട്ട്, നൃത്തം,മൈലാഞ്ചിയിടൽ തുടങ്ങി. കർമ്മങ്ങൾ വിവാഹാഘോഷങ്ങളുടെ പ്രത്യേകതയാണ്. വിവാഹത്തിന്റെ തലേദിവസം രാത്രിയാണ് ഇതെല്ലാം നടക്കുന്നത്. വിവാഹച്ചടങ്ങിനു മുമ്പ് വരൻ പ്രമുഖസ്ഥാനത്ത് ഇരിക്കുന്നു. വിദ്യാഭ്യാസമുള്ള ഏതൊരു മുസ്ലീംപുരുഷനും വിവാഹാഘോഷത്തിന്റെ മുഖ്യകാർമ്മികനാകാം. എന്നാൽ, ഏറ്റവും നല്ലത് വധുവിന്റെ പിതാവു തന്നെ ഇതു നടത്തുകയാണ്. വിവാഹകർമ്മം വളരെ ലളിതമാണ്. കാർമ്മികനും സാക്ഷികളും വധുവിന്റെ അടുത്തുചെന്ന് വിവാഹ ഉടമ്പടിയെപ്പറ്റിയും മഹറിനെപ്പറ്റിയും അറിയിച്ച് അവളുടെ സമ്മതം ആരായുന്നു. അവൾ സമ്മതം കൊടുക്കുന്നു. "ഇന്ന സ്ത്രീയെ ഇത്ര മഹറിന് ഞാൻ വിവാഹം ചെയ്തുതരുന്നു, എന്ന് വധുവിന്റെ പിതാവ് വരനോട് പറയുന്നു. "ഞാനതു സ്വീകരിച്ചിരിക്കുന്നു "എന്ന് മറ്റുള്ളവർ കേൾക്കത്തക്ക രീതിയിൽ വരൻ മറുപടി പറയുന്നു. അതോടെ വിവാഹ ഉടമ്പടി ആയി. സന്നിഹിതരായ എല്ലാവരും കൈകളുയർത്തി അവർക്ക് ആശംസകളും പ്രാർത്ഥനകളും നേരുന്നു. തുടർന്ന് വിവാഹാഘോഷത്തോടനു ബന്ധിച്ചു നടത്തുന്ന വിരുന്നിൽ എല്ലാവരും പങ്കെടുക്കുന്നു.





**7. മരണവും കബറടക്കവും**

ഇസ്ലാമിക സങ്കല്പം അനുസരിച്ച് നിത്യതയിലേക്കുള്ള യാത്രയുടെ ആദ്യപടിയാണു മരണം (ഖു. 3:48). ദാഹിക്കുന്നവർക്ക് ശുദ്ധജലത്തിന്റെ അരുവിപോലെയാണത്. ഒരു കുഞ്ഞു ജനിച്ചാൽ അവന്റെ ചെവികളിൽ ഷഹാദ ഓതിക്കൊടുക്കുന്നു. മരിച്ചു കഴിഞ്ഞു എന്നുറപ്പായാൽ വൃത്തിയുള്ള വസ്ത്രംകൊണ്ട് മയ്യത്തു (ശവശരീരം) മൂടുന്നു. അവിടെയിരുന്നുകൊണ്ടു ഖുറാൻ വായിക്കുന്ന പതിവുമുണ്ട്.

മയ്യത്തു കുളിപ്പിക്കുകയാണ് കബറടക്കത്തിന്റെ ആദ്യചടങ്ങ്. മരിച്ച ആളുടെ അതേ ലിംഗത്തിൽപ്പെട്ട ആളുകൾ തന്നെയാണ് മയ്യത്തു കുളിപ്പിക്കുന്നത്. കുളിപ്പിക്കുമ്പോൾ ആദ്യം കൈകാലുകൾ, പല്ല്, നാക്ക്, മുഖം (നിസ്കാരത്തിനു മുമ്പ് വൃത്തിയാക്കുന്ന ശരീരഭാഗങ്ങൾ) എന്നിവ വൃത്തിയായി കഴുകുന്നു. പിന്നീടാണ് ദേഹമാസകലം കഴുകുന്നത്. കുളിപ്പിച്ചു കഴിഞ്ഞാൽ മയ്യത്ത് വൃത്തിയുള്ള വെളുത്ത പരുത്തി വസ്ത്രത്തിൽ പൊതിയുന്നു. മയ്യത്തിൽ സുഗന്ധദ്രവ്യങ്ങൾ പൂശുന്ന പതിവും ഉണ്ട്. (രക്തസാക്ഷികളായി മരിച്ചാൽ മരണസമയത്ത് ഉപയോഗിച്ച അതേ വസ്ത്രത്തോടെ കുളിപ്പിക്കാതെതന്നെയാണ് കബറടക്കം നടത്തുന്നത്). വസ്ത്രത്തിൽ പൊതിഞ്ഞശേഷം മയ്യത്തു സംസ്കരിക്കാനുള്ള സ്ഥലത്തേക്ക് എടുത്തുകൊണ്ടുപോകുന്നു.

സംസ്കാരത്തിനായി കൊണ്ടുപോകുമ്പോൾ ബന്ധുക്കളാണ് മയ്യത്തു വഹിക്കുന്നത്. സ്ത്രീകളാരുംതന്നെ ഈ വിലാഹ യാത്രയിൽ പങ്കെടുക്കാറില്ല. മയ്യത്തു സംസ്കരിക്കാൻ പെട്ടികൾ ഉപയോഗിക്കുന്ന പതിവില്ല. സംസ്കരിക്കുകയല്ലാതെ ദഹിപ്പിക്കുന്ന രതിയും ഇല്ല. സാധിക്കുന്നിടത്തോളം മരണമടഞ്ഞ ദിവസം സൂര്യൻ അസ്തമിക്കുന്നതിനുമുമ്പ് മയ്യത്തു മറവു ചെയ്യുന്നതാണ് പതിവ്. സംസ്കരിക്കുന്നതിനുമുമ്പു പ്രാർത്ഥിക്കുന്ന പതിവുണ്ട്. പള്ളിയിൽ സന്നിഹിതരായിട്ടുള്ള ആർക്കുവേണമെങ്കിലും ഈ പ്രാർത്ഥന നയിക്കാം. മയ്യത്തു കുഴിയിൽ വയ്ക്കുമ്പോൾ "ബിസ്മില്ലാഹിവ അല്ലാമില്ലാത്തി റസൂലില്ലാഹി" എന്നു ചൊല്ലുന്നു. അല്ലാഹുവിന്റെ നാമത്തിലും ദൈവദൂതന്റെ മാർഗ്ഗമനുസരിച്ചും എന്നാണ് ഇതിന്റെയർത്ഥം. മയ്യത്തു കിടത്തുന്നത് മെക്കയ്ക്ക് അഭിമുഖമായി വലതുഭാഗം ചരിഞ്ഞാണ്.

മയ്യത്തു സംസാകാരത്തിനുശേഷമുള്ള കുറേ ദിവസങ്ങൾ ദു:ഖാചരണത്തിനായി മാറ്റിവയ്ക്കുന്നു. മരിച്ചയാളുടെ അടുത്ത

ബന്ധുമിത്രാദികൾ മൂന്നു ദിവസത്തെയോ മൂന്നു നേരത്തെയോ ഭക്ഷണം ദാനം ചെയ്യാറുണ്ട്. ഈ ദിവസങ്ങളിൽ നിറമുള്ളതോ വിലയേറിയതോ ആയ വസ്ത്രങ്ങൾ അവർ ധരിക്കാറില്ല. മൂന്നാം ദിവസം കബർ സന്ദർശിച്ച് ഖുറാൻവചനങ്ങൾ ഉരുവിടുന്നു. മൂന്ന്, ഏഴ്, പതിനാല് എന്നീ ദിവസങ്ങളിൽ ബന്ധുമിത്രാദികൾക്ക് ഭക്ഷണം കൊടുക്കുന്ന പതിവും കണ്ടുവരുന്നുണ്ട്. മരണശഷം നാല്പതാം ദിവസം മരിച്ചയാളുടെ ഓർമ്മയ്ക്ക് പ്രാർത്ഥന ചൊല്ലുന്നു. "അല്ലാഹു ഇയാളുടെമേൽ കൃപയായിരിക്കണമേ" എന്നതാണ് ആ പ്രാർത്ഥന.

## ഇസ്ലാം മതവിഭാഗങ്ങൾ

### 1. സുന്നി മുസ്ലീങ്ങൾ

'സുന്നി' എന്ന വാക്കിന്റെ അർത്ഥം പാരമ്പര്യത്തിൽ വിശ്വസിക്കുന്നവൻ എന്നാണ്. ലോക മുസ്ലീം ജനതയിൽ 83% സുന്നി മുസ്ലീം വിഭാഗത്തിൽപ്പെടുന്നവരാണ്. ഇവർ ഖുർആനും മുഹമ്മദു നബിയുടെ പ്രവാചക ദൗത്യത്തിനും നബിയുടെ സഹപ്രവർത്തകർക്കും പ്രാധാന്യം കൊടുക്കുന്നവരാണ്. ഇസ്ലാമിക നിയമങ്ങളുടെ ആധികാരിക ഉറവിടം ഇവ മൂന്നുമാണെന്ന് സുന്നികൾ വിശ്വസിക്കുന്നു. നബിയുടെ കാലശേഷം നാലു ഖലീഫമാരാണ് ഇസ്ലാമിനു നേതൃത്വം കൊടുത്തത്. ഇവർ മുപ്പതുവർഷത്തോളം രാഷ്ട്രത്തെ ഖുറാന്റെ പഠനത്തിലും പ്രവാചകന്റെ വാക്കുകൾക്കും പ്രവൃത്തികൾക്കും അനുസരിച്ചു നയിച്ചു. ഖലീഫ ഉസ്മാന്റെ മരണശേഷം (656) അലിയുടേയും മുവാമിയാഹിന്റെയും ഖലീഫ സ്ഥാനത്തെക്കുറിച്ചുള്ള തർക്കംമൂലം സുന്നികൾക്കിടയിൽ മൂന്നുവിഭാഗങ്ങൾ രൂപംകൊണ്ടു.

**ഖരിജിറ്റസ് (Kharijites):** അലിയുടെ അധികാരത്തിനു കീഴടങ്ങുവാൻ സിറിയായുടെ ഗവർണറായിരുന്ന മുവാമിയാഹ് വിസമ്മതിച്ചു. കാരണം, ഉസ്മാന്റെ മരണത്തിനുത്തരവാദിത്വം അലിക്കാണെന്നു മുവാമിയാഹ് കരുതി. തുടർന്നുണ്ടായ യുദ്ധത്തിൽ വിജയം അലിയുടേതായിരുന്നെങ്കിലും പ്രശ്നം രമ്മായി പരിഹരിക്കപ്പെട്ടു. അലിയുടെ സൈന്യത്തിലെ ഒരു വിഭാഗത്തിന് ഈ തീരുമാനം സ്വീകാര്യമായില്ല. ഈ വിഭാഗം അലിയുമായും മുവാവിയാഹുമായും ഒരോ സമയം യുദ്ധം പ്രഖ്യാപിച്ചു. ഇവരുടെ പിൻഗാമികളാണ് ഖരിജിറ്റസ്. അലിയുടെ മദ്ധ്യസ്ഥതയിൽ യുദ്ധം അവസാനിപ്പിച്ചത് മാനുഷികമായ പെരുമാറ്റമാണന്നും യുദ്ധ വിജയത്തിലൂടെ അല്ലാഹു ആണ് പ്രശ്നം പരിഹരിക്കേണ്ടി





യിരുന്നത് എന്നും അവർ വിശ്വസിക്കുന്നു. ഇസ്ലാമിലെ തീവ്രവാദികളായിരുന്ന ഇവരുടെ അംഗസംഖ്യ ഇന്നു തുലോം കുറവാണ്.

**മുർജൈററുകൾ (Murjites):** ഖുറാനിൽ ഇസ്ലാംമതവിശ്വാസം ഏറ്റുപറയുന്നവർക്ക് നല്കിയിരുന്ന വാഗ്ദാനങ്ങളെ ഏറെ ഗൗരവമായി കാണുന്നവരാണിവർ. നിത്യരക്ഷ പ്രാപിക്കുവാൻ പ്രവൃത്തികളെക്കാൾ പ്രധാനപ്പെട്ടത് വിശ്വസപ്രഖ്യാപനമാണെന്ന് ഇവർ കരുതുന്നു. വലിയ തെറ്റുകൾ വിശ്വാസത്തെ കാര്യമായി ബാധിക്കുമെങ്കിലും അവയിലൂടെ ഒരു വിശ്വാസി വിശ്വാസമില്ലാത്തവൻ ആകുന്നില്ല. അതിനാൽ, ഇസ്ലാം വിശ്വാസം ഏറ്റുപറയുന്നവന്, അവൻ എത്ര വലിയ പാപംചെയ്താലും, മുസ്ലീം വിശ്വാസം പ്രഖ്യാപിക്കാത്തവരേക്കാളും വലിയ സ്ഥാനം സ്വർഗ്ഗത്തിൽ ലഭിക്കും. മുർജൈറ്റുകളുടെ അഭിപ്രായത്തിൽ അലിയെയും സഹപ്രവർത്തകരെയും സമൂഹത്തിൽനിന്നു പുറത്താക്കേണ്ടതില്ല. കാരണം, വിശ്വാസമാണ് അവർ ചെയ്ത തിന്മകളെക്കാൾ പ്രധാനപ്പെട്ടത്.

പാപത്തെപ്പറ്റിയുള്ള സാധാരണ സുന്നിമുസ്ലീങ്ങളുടെ വിശ്വാസം മുകളിൽ പറഞ്ഞ രണ്ടു ചിന്താധാരകളുടെയും മദ്ധ്യേ ആണ്. ഏറ്റവും വലിയ പാപംപോലും വിശ്വാസത്തെ ഒരുവിധത്തിലും ബാധിക്കില്ല എന്ന മുർജൈറ്റ്സ് വീക്ഷണവും പാപം വിശ്വാസ ജിവിതത്തിനു നിരക്കാത്തതാണെന്ന ഖരിജിസ്റ്റ് വാദവും ഒരുപോലെ അപ്രധാനമാണ്. പാപമെന്നാൽ അല്ലാഹുവിന്റെ അധികാരത്തിന്മേലുള്ള കൈയേറ്റമാണ്.

**മുത്താഗസുകൾ (Murjites):** ഇസ്ലാംമതത്തിൽ ചിന്തയ്ക്കു പ്രാധാന്യംകൊടുക്കുന്ന വിഭാഗമാണിത്. ക്രിസ്തുമതം, മനിക്കേയൻമതം, നിലവിലുണ്ടായിരുന്ന മറ്റു മതങ്ങൾ എന്നിവയിൽ നിന്ന് ഇസ്ലാം ദൈവശാസ്ത്രത്തെ കാത്തുസൂക്ഷിക്കാനാണ് ഇതു രൂപംകൊണ്ടത്. ഇതിന്റെ ഭാഗമായി ഇവർ കേവലയുക്തിയെ മാത്രം അവലംബിച്ചു. ഇതിന്റെ ആവിർഭാവം ഇറാനിൽ നിന്നാണ്. മഹാപാപിക്കു മതഭ്രഷ്ടു കല്പിക്കാമെന്ന് അവർ വാദിച്ചു. പക്ഷേ, കാഫിർ എന്നു വിളിക്കാൻ പാടില്ല. ഇവരാണ് ഇസ്ലാമിലെ ഏകദൈവവിശ്വാസത്തിനും ഖുറാന്റെ അവതാരത്തിനും താത്ത്വികാടിസ്ഥാനം നല്കിയത്. അന്ത്യവിധി ദിവസങ്ങളിൽ മനുഷ്യനു വിവരിക്കാനാവാത്ത രീതിയിലുള്ള സംഭവങ്ങളൊന്നുമുണ്ടാവില്ലെന്ന് ഇവർ പറയുന്നു. ഇവരുടെ അഭിപ്രായത്തിൽ അന്ന് അല്ലാഹുവിനെ ദർശിക്കുക സാധ്യമല്ല. കാരണം, ഈ ലോകത്തിൽ നിനനില്ക്കുന്നതും, കാണുകയും തൊടുകയും ചെയ്യുന്നതും

മാത്രമേ മനുഷ്യനേത്രങ്ങൾക്ക് ദർശിക്കാൻ സാധിക്കുകയുള്ളൂ. മുത്താഗസുകൾ സുന്നിവിഭാഗത്തിൽപ്പെടുന്നവരാണെങ്കിലും ഇവരുടെ വാദഗതികളെ ഭൂരിഭാഗം സുന്നിമുസ്ലാങ്ങളും അംഗീകരിക്കുന്നില്ല.

**2. ഷിയ മുസ്ലീമുകൾ**

നബിയുടെ മരണശേഷം ഉടൻതന്നെ അടുത്ത പിൻഗാമിയെ കണ്ടെത്തുവാൻ ഒരു ആലോചനായോഗം നടന്നു. അതിൽ അബൂബക്കറിനെ ഖലീഫ ആയി തിരഞ്ഞെടുത്തു. ഈ യോഗത്തിൽ രണ്ടു വിഭാഗങ്ങളാണു പ്രധാനമായും പങ്കടുത്തത്ത്: മക്കയിൽനിന്ന് കുടിയേറിയവരും മെദീനാസ്വദേശികളും. മുസ്ലീംസമൂഹം രണ്ടായി പിളരുമെന്ന് പലരും ഭയപ്പെട്ടതിനാൽ ആയിരിക്കണം അബൂബക്കറിന്റെ തിരഞ്ഞെടുപ്പ് വളരെ പെട്ടെന്നു നടന്നത്. ഈ ആലോചനയോഗത്തിൽ അലിക്കു പങ്കെടുക്കുവാൻ സാധിച്ചില്ല. പ്രവാചകന്റെ ഗ്രോത്രത്തിൽപ്പെട്ടവനും ഫാത്തിമയുടെ ഭർത്താവുമായ അലി പ്രവാചകന്റെ മരണക്കിടക്കയുടെ സമീപത്താ യിരുന്നതിനാലാണ് ഈ യോഗത്തിൽ സംബന്ധിക്കുവാൻ കഴിയാതെപോയത്. പ്രായത്തെ ബഹുമാനിക്കുന്ന അറബികൾ കേവലം മുപ്പതുവയസ്സു മാത്രം പ്രായമുള്ള അലിയെ പരിഗണി ച്ചതുമില്ല. പക്ഷേ, അലി പക്ഷക്കാർക്ക് അബൂബക്കറിന്റെ തിരഞ്ഞെടുപ്പു തൃപ്തികരമായില്ല.

അബൂബക്കറിന്റെ ഖലീഫ ആയി ഉമർ തിരഞ്ഞെടുക്കപ്പെട്ടു. ഉമറിന്റെ മരണശേഷം ഖലീഫസ്ഥാനം അലിക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്നു. പക്ഷേ, വ്യവസ്ഥകൾക്കു വഴങ്ങാൻ അലി തയ്യാറല്ലായിരുന്നു. ഉമറിനുശേഷം ഉസ്മാൻ ഖലീഫയായി. ഉസ്മാനുശേഷമാണ് അലി ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടത്. അലിയെ ആദ്യത്തെ ഖലീഫ ആക്കണം എന്നു വാദിച്ചവരാണു ഷിയാ മുസ്ലീങ്ങൾ. 'ഷിയ' എന്ന വാക്കിന്റെ അർത്ഥം 'വിഭാഗ ത്തിൽപ്പെട്ട' എന്നാണ്. ഖുറാൻ വ്യാഖ്യാനിക്കുന്നതിനും ഇസ്ലാം മതത്തിനു നേതൃത്വം നല്കുന്നതിനും അലിക്കു പ്രവാചക നോടൊപ്പം അധികാരവും തെറ്റാവരവും ഉണ്ടെന്ന് അവർ വിശ്വസിക്കുന്നു.

അലിയുടെ പിൻതുടർച്ചയിലൂടെ പരമമായ ആത്മമീയാ ധികാരികൾ ലഭിച്ചിട്ടുള്ള ആളുകളാണ് ഇമാമുകൾ എന്നു ഷിയാ മുസ്ലീങ്ങൾ വിശ്വസിക്കുന്നു. എങ്കിലും ഇവരുടെ ഇടയിൽത്തന്നെ ഇമാമുകളുടെ അധികാരത്തെപ്പറ്റി പല അഭിപ്രായങ്ങളുണ്ട്. പൊതുവേയുള്ള വിശ്വാസം അനുസരിച്ച് ഇമാമുകൾ വഴിയാണ്





ദൈവികവെളിച്ചം വിശ്വാസികളിലേക്കു കടന്നു വരുന്നതും വിശ്വാസികൾ പാപം ഇല്ലാതെ വളർന്നുവരുന്നതും. അവർ ദൈവത്തിനും മനുഷ്യർക്കുമിടയിലെ മദ്ധ്യവർത്തികളാണ്. ആറാമത്തെ ഇമാമായ ജാഫർ അസ്-സാദിക് (Jafar as-sadiq) പറയുന്നതിങ്ങനെയാണ്: ഒരുവൻ അവന്റെ കാലത്തുള്ള ഇമാമിനെ അറിയാതെ മരിച്ചാൽ, അവൻ അവിശ്വാസി ആയാണു മരിക്കുന്നത്. ഇമാമുകളെ സംബന്ധിച്ചുള്ള ഷിയാമുസ്ലീങ്ങളുടെ ഈ വിശ്വാസം മറ്റു മുസ്ലീം മതവിഭാഗക്കാർക്കു സ്വാകാര്യമല്ല. അവരുടെ അഭിപ്രായത്തിൽ ഒരു മദ്ധ്യവർത്തിയും കൂടാതെ അല്ലാഹുവിനു മുമ്പിൽ സമർപ്പണം നടത്തുന്ന ഏതൊരു വ്യക്തിക്കും രക്ഷ പ്രാപിക്കുവാൻ സാധിക്കും.ഇതാണു ഷിയാമുസ്ലീങ്ങളും സുന്നിമുസ്ലീങ്ങളും തമ്മിലുള്ള വ്യത്യാസം. സുന്നികൾക്ക് ഇമാം എന്നത് 'മാതൃക നല്കുന്ന ആൾ' അല്ലെങ്കിൽ, 'പ്രാർത്ഥന നയിക്കുന്ന ആൾ' മാത്രമാണ്.

ഷിയാമുസ്ലീങ്ങൾ ഖലീഫ എന്ന വാക്ക് ഉപയോഗിക്കുന്നില്ല. അവർ ഇമാം എന്ന വാക്കാണ് ഉപയോഗിക്കുന്നത്. ആദ്യത്തെ പന്ത്രണ്ടുപേരെയാണു ശരിയായ ഇമാമുകൾ ആയി അവർ അംഗീകരിക്കുന്നത്. ഈ 12 ഇമാമുകളുടെ ചക്രം പൂർത്തിയാകുന്നത് പന്ത്രണ്ടാമത്തെ ഇമയായ മുഹമ്മദിന്റെ പുനരാഗമത്തോടു കൂടിയാണ്. ഈ ആഗമനം അന്ത്യവിധിനാളിൽ മിശിഹാ ആയിട്ടായിരിക്കും എന്നു ഷിയാമുസ്ലീങ്ങൾ വിശ്വസിക്കുന്നു.

# 06

## ഹിന്ദുമതം

**ആമുഖം**

ഹിന്ദുമതത്തെ അതിന്റെ പൂർണതയിൽ നിർവ്വചി ക്കാനോ മനസ്സിലാക്കാനോ സാധിക്കുകയില്ല. കാരണം മറ്റു മതങ്ങളിലുള്ളതുപോലെ ഏതെങ്കിലുമൊരു സ്ഥാപകനെയോ ഗ്രന്ഥത്തെയോ അടിസ്ഥാനമാക്കി യുള്ളതല്ല ഇതിന്റെ പ്രമാണങ്ങൾ. മാത്രമല്ല അനേകം ജാതികളും ഉപജാതികളുമായി വിഭജിക്കപ്പെട്ടു കിടക്കുന്ന ഹിന്ദുമതത്താൽ ഏവർക്കും സ്വീകാര്യമായ ദർശനങ്ങളോ അവയെ തിട്ടപ്പെടുത്തുന്നതിന് അംഗീകരിക്കപ്പെട്ട അധികാരസമിതിയോ ഇല്ല.

ഇന്ത്യയിൽ ഉടലെടുത്തതും ഇന്ത്യൻ ജനതയുടെ സംസ്കാരവും ജീവിത ശൈലിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതുമായ വിശ്വാസ സംഹിതകളുടെ സമുച്ചയമാണ് ഹിന്ദുമതമെന്നു പറയാം. ഹിന്ദു എന്ന പദത്തിന് ആരംഭത്തിൽ ഭൂമിശാസ്ത്രപരമായ അർത്ഥമാണുണ്ടായിരുന്നത്. ഹിമാലയ പർവ്വത നിരകളുടെ വടക്കുപടിഞ്ഞാറുഭാഗം വഴി ഇന്ത്യയെ ആക്രമിച്ച പേർഷ്യക്കാർ ഇൻഡസ് നദീതടത്തെ സിന്ധു എന്നു വിളിച്ചു. ആ പേരാണ് പിന്നീട്





ഹിന്ദുവായി ത്തീർന്നത്. ഹിമാലയം മുതൽ ഇൻഡസ് സമുദ്രം വരെ വ്യാപിച്ചു കിടക്കുന്ന ഹിന്ദുസ്ഥാനിലെ ആളുകൾ പിന്തുടരുന്ന വിവിധ ഉപാസനാസമ്പ്രദായങ്ങൾ ഹിന്ദുമതം എന്നപേരിൽ അറിയ പ്പെടുകയാണു ചെയ്തത്. സനതനധർമ്മം, വൈദികഘർമ്മം എന്നീ പേരുകളിലും ഹിന്ദുമതം അറിയപ്പെടുന്നുണ്ട്.

നൂറ്റാണ്ടുകൾക്കുമുൻപ് ഭാരതത്തിൽ ജീവിച്ചിരുന്ന ഋഷി വര്യന്മാരുടെ ദൈവികാനുഭവങ്ങളെ ഹിന്ദുമതം ആധികാരികമായി കണക്കാക്കുന്നു. വേദങ്ങളാണ് ഹിന്ദുമതത്തിന്റെ മുഖ്യപ്രമാണം. തുടർന്ന് ഉപനിഷത്തുകളടക്കമുള്ള വൈദിക സാഹിത്യത്തെ അടിസ്ഥാനമാക്കി ഇതിഹാസങ്ങൾ, പുരാണങ്ങൾ, സ്മൃതികൾ, സ്തോത്രങ്ങൾ എന്നീ സാഹിത്യരൂപങ്ങളിൽ ഹിന്ദുമത തത്ത്വങ്ങൾ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ഈ ഗ്രന്ഥങ്ങളിൽ വിശ്വാസവും തത്ത്വവിചാരവും മതവും ശാസ്ത്രവും വേർതിരിക്കാനാവാതെ കിടക്കുന്നു. സൈദ്ധാന്തികമെന്നതിനെക്കാൾ ഹിന്ദുമതം ഒരു ജീവിതശൈലിയാണ്. മനുഷ്യാത്മാവിനെ മോക്ഷത്തിലേക്കു നയിക്കാനുള്ള അന്വേഷണത്തിൽ ഋഷിവര്യന്മാർകണ്ടെത്തിയ സാധനങ്ങളുടെ ആകെത്തുകയാണത്.

ആര്യന്മാരുടെ വരവിനു വളരെ മുമ്പ് ഭാരതത്തിൽ ദ്രാവിഡ സംസ്കാരം നിലനിന്നിരുന്നു. 1921-ൽ സർ ജോൺ മാർഷൽ സിന്ധിലെ ഇൻഡസ് മോഹൻജദാരോയിലും പിന്നീട് പഞ്ചാബിലെ ഹാരപ്പായിലും നടത്തിയ ഭൂഗർഭ ഗവേഷണത്താൽ ഇതിലേക്കു വെളിച്ചം വീശുന്നുണ്ട്. ബി.സി. 2-ാംസഹസ്രാബ്ദത്തിൽ ഇന്ത്യയിലെത്തിയ ആര്യന്മാരുടെ മതസംസ്ക്കാരം ഭാരതത്തിൽ നിലനിന്നിരുന്ന ആചാരാനുഷ്ഠാനങ്ങളുമായി ഇഴുകിച്ചേർന്ന് രൂപഭേദം സംഭവിച്ചു. ഇന്നു ഹിന്ദുമതത്തിൽ നിലനില്ക്കുന്ന ലിംഗാരാധന പോലുള്ള ആര്യേതര ആചാരാനുഷ്ഠാനങ്ങളിൽ നിന്ന് ഇതു വ്യക്തമാണ്. സാധാരണ പുരുഷ ദേവന്മാരെ ഭജിച്ചിരിക്കുന്ന ആര്യന്മാർ സ്ത്രീ ദേവതകളെ സ്വീകരിച്ചു. ദ്രാവിഡർ ആരാധിച്ചു വന്ന എലി, പാമ്പ് തുടങ്ങിയ ഇഴജന്തുക്കളും ഗരുഡൻ തുടങ്ങിയ പക്ഷികളും കാള, സിംഹം ആദിയായ മൃഗങ്ങളും ആര്യദേവന്മാരുടെ വാഹനങ്ങളായിത്തീർന്നു. ഇതിന്റെ വെളിച്ചത്തിൽ ഹിന്ദുമതത്തിന്റെ ചില വിശ്വാസങ്ങളും അനുഷ്ഠാന ങ്ങളും ആര്യന്മാരുടെ വരവിനു മുൻപേ ബി.സി. 3500-നും 2500-നും ഇടയ്ക്ക് ഭാരതത്തിൽ നിലനിന്നിരുന്നവയാ ണെന്നു പറയാം.

ഹിന്ദുമതം അതിന്റെ വളർച്ചയിൽ ശ്രീലങ്ക, നേപ്പാൾ, പാക്കി സ്ഥാൻ, തായ്‌ലാന്റ്, ബർമ്മ തുടങ്ങിയ സ്ഥലങ്ങളിലേക്കു വ്യാപിച്ചു. കംബോഡിയ, ചാമ്പ, ബാലി എന്നീ സ്ഥലങ്ങളിലും ഈ മതം

സ്വാധീനം ചെലുത്തിയിട്ടുണ്ട്. ലോകത്തിൽ 90 കോടി ഹിന്ദുക്കളുണ്ടെന്നു കണക്കാക്കപ്പെടുന്നു. ഭാരതത്തിലെ ജനങ്ങളിൽ 82 ശതമാനവും ഹിന്ദുക്കളാണ്.

## വേദങ്ങളുടെ കാലഘട്ടം (2000 - 600 ബി.സി.)

ഇന്ത്യയിലെ ഉദാത്തമായ ആദർശവാദത്തിന്റെ അടിസ്ഥാനങ്ങളായ ആരേയ സംസ്കാരവും അതിന്റെ തത്ത്വശാസ്ത്രങ്ങളും മതാനുഷ്ഠാനങ്ങളും തഴച്ചുവളർന്ന കാലഘട്ടമാണ് വേദങ്ങളുടെ കാലം. ഹിന്ദുമതത്തെക്കുറിച്ച് ഇന്നു ലഭിച്ചിരിക്കുന്ന ഏറ്റവും പൗരാണികങ്ങളായ രേഖകളാണു വേദങ്ങൾ. ഇവ ഏതെങ്കിലും ഒരു പ്രത്യേക വ്യക്തിയുടെ ചിന്താധാരയെയോ പുസ്തകങ്ങളുടെ സമാഹാരത്തെയോ അല്ല സൂചിപ്പിക്കുന്നത്. പ്രത്യുത, നൂറ്റാണ്ടുകളായി ഋഷിവര്യന്മാർ തങ്ങളുടെ ശിഷ്യൻമാർക്കു വാമൊഴിയായി പകർന്നുനല്കിയ ദിവ്യപ്രചോദനങ്ങളാണത്. വേദം എന്ന പദം 'വിദ്'(Vid) - 'അറിയുക' എന്ന മൂലപദത്തിൽനിന്നു രൂപപ്പെട്ടതാണ്. അറിവ് എന്നാണിതിനർത്ഥം. ഏകവചന രൂപത്തിൽ ഇതു ദൈവികമായ അറിവിനെയും ബഹുവചന രൂപത്തിൽ നാലു വേദങ്ങളെയും (ഋഗ്, യജുസ്, സാമം, അഥർവ്വം) സൂചിപ്പിക്കുന്നു. കാലക്രമത്തിൽ എഴുത്തിന്റെ ആവിർഭാവത്തോടുകൂടി വേദങ്ങൾ പുസ്തകരൂപത്തിലായി. പൂർവ്വ മീമാംസാദർശനം പഠിപ്പിക്കുന്നതനുസരിച്ച് വേദങ്ങൾഅപൗരുഷേയമാണ്. പരബ്രഹ്മത്തിന്റെ ശ്വാസത്തിൽനിന്നാണ് വേദങ്ങളുടെ ഉത്ഭവമെന്നും ഒരു ഐതിഹ്യമുണ്ട്.

വേദങ്ങളുടെ കാലഘട്ടത്തെ പ്രധാനമായി നാലായി തരംതിരിക്കാം:

(1) സംഹിതകൾ, (2) ബ്രാഹ്മണങ്ങൾ, (3) ആരണ്യകങ്ങൾ, (4) ഉപനിഷത്തുകൾ (സൂത്രവേദാന്ത കാലഘട്ടം). ഈ നാലു ഘട്ടങ്ങൾ വേദങ്ങളുടെ ക്രമാനുഗതമായ വളർച്ച്യ സൂചിപ്പിക്കുന്നു.

### 1. സംഹിതകൾ

വേദകാലഘട്ടത്തിലെ ആദ്യഭാഗത്തു വരുന്ന സംഹിതകൾ ദേവസ്തുതിക്കും കർമ്മാനുഷ്ഠാനങ്ങൾക്കും ഉപയോഗിച്ചിരുന്ന സൂക്തങ്ങളുടെയും മന്ത്രങ്ങളുടെയും ശേഖരങ്ങളാണ്. സംഹിതകളെ പ്രധാനമായും നാലായി തിരിച്ചിരിക്കുന്നു.

**ഋഗ്വേദ സംഹിത:** ആര്യന്മാരുടെ ഭാരതാഗമനത്തോടൊപ്പം അവരുടെ ഏറ്റവും വിലപിടിച്ച സമ്പത്തായ ദിവ്യപ്രചോദനങ്ങൾ ഉൾക്കൊണ്ടഗാനങ്ങളും അവർ കൊണ്ടുവന്നു. പുതിയ രാജ്യത്ത്





ഇതര ദേവന്മാരെ ആരാധിക്കുന്ന വളരെയധികം ജനങ്ങളുമായി അവർക്ക് ഇടപഴകേണ്ടിവന്നപ്പോൾ ആ ഗാനങ്ങൾ ശേഖരിച്ചുവയ്ക്കേണ്ടതിന്റെ ആവശ്യം നേരിട്ടു. ഇപ്രകാരം എഴുതപ്പെട്ട ഗാനങ്ങളുടെ സമാഹാരമാണ് ഋഗ്വേദ സംഹിത. സ്തുതിപ്പിന്റെ വേദം എന്ന പേരിലും ഇത് അറിയപ്പെടുന്നുണ്ട്.

**സാമവേദ സംഹിത:** വേദങ്ങളുടെ ആദ്യഘട്ടത്തിൽ യാഗം പ്രത്യേക അധികാരമുള്ള പുരോഹിതന്മാരുടെ നിയന്ത്രണത്തിലായിരുന്നില്ല. യാഗത്തിന്റെ വിശദാംശങ്ങൾ നിയമനിയന്ത്രിതമാക്കിയിരുന്നുമില്ല. എന്നാൽ, പിന്നീട് സാമവേദികൾ (സാമവേദക്കാരായ ബ്രാഹ്മണർ) യാഗങ്ങളുടെ വിശദാംശങ്ങൾക്ക് ഊന്നൽ നല്കി. മതാനുഷ്ഠാനങ്ങൾക്കുവേണ്ടി ഋഗ്വേദത്തിൽ (പുസ്തകങ്ങൾ 8,9) നിന്ന് അടർത്തിയെടുത്ത സൂക്തങ്ങളുടെ സമാഹാരമാണ് സാമവേദ സംഹിത. യാഗങ്ങളിൽ ആലപിക്കുന്നതിന് അനുസൃതമായാണ് ഇവ ക്രമപ്പെടുത്തിയിരിക്കുന്നത്.

**യജുർവ്വേദസംഹിത:** കാലക്രമത്തിൽ യാഗകർമ്മങ്ങൾ കൂടുതൽ സൂക്ഷ്മങ്ങളും കർശനങ്ങളുമായിത്തീർന്നപ്പോൾ യാഗത്തിലെ ഓരോ അനുഷ്ഠാന വിധിയേയും വിശദീകരിക്കുവാൻ വചന സമുച്ചയം നിലവിൽ വന്നു. അതിനെ യജർവ്വേദം എന്നുവിളിക്കുന്നു. ഇതിലെ ഒട്ടുമിക്ക സൂക്തങ്ങളും ഋഗ്വേദത്തിൽനിന്നു സ്വീകരിച്ചതാണ്. യാഗാനുഷ്ഠാനങ്ങളെക്കുറിച്ചുള്ള വ്യാഖ്യാനമായതു കൊണ്ട് ഗദ്യരൂപത്തിലാണ് ഇല എഴുതപ്പെട്ടിരിക്കുന്നത്. യാഗങ്ങളിൽ പുരോഹിതരുടെ അനുഷ്ഠാനങ്ങൾ ഏവയാണെന്ന് കൃത്യമായി ഇതിൽ വിവരിച്ചിട്ടുണ്ട്. പ്രപഞ്ചഗതിയെ ക്രമമായി നയിക്കുന്ന യാഗങ്ങളുടെ കൃത്യതയാണ് യജുർവേദത്തിന്റെ ലക്ഷ്യം.

**അർഥവ്വവേദ സംഹിത:** ആദ്യകാലത്തു വേദങ്ങൾ മൂന്നേ ഉണ്ടായിരുന്നുള്ളൂ. അവയെ 'ത്രയി' എന്നു വിളിച്ചിരുന്നു. പിന്നീട്, ആര്യന്മാരുടെ വരവിനു മുൻപ് ഭാരതത്തിലുണ്ടായിരുന്ന ജനങ്ങൾ ആരാധിച്ചിരുന്ന ദേവന്മാരുടെയും ഭൂതപ്രേതാദികളുടെയും നേർക്ക് ആര്യന്മാർ കൈകൊണ്ട ഒത്തുതീർപ്പു മനോഭാവത്തിന്റെ ഫലമായാണ് അഥർവ്വ വേദം രൂപപ്പെട്ടത്. അഥർവ്വൻ എന്ന ഋഷിയാണ് അതു രചിച്ച്ത് എന്നു പറയപ്പെടുന്നു. ഇതിന്റെ ആദ്യത്തെ പേരായ അഥർവ്യാംഗീരസ് എന്നത് അഥർവ്വൻ, ആംഗീരസൻ എന്നീ പുരോഹിത കുടുംബങ്ങളുടെ പേരുകളിൽ നിന്നാണ് ഉരുതിരിഞ്ഞിട്ടുള്ളത്. അഥർവ്വ വേദത്തിൽ 20 കാണ്ഡങ്ങളും 7630 സൂക്തങ്ങളും 5987 മന്ത്രങ്ങളും ഉൾച്ചേർന്നിരിക്കുന്നു.

ഋഗ്യേദത്തിൽനിന്നു വിഭിന്നമായ ഒരു ദർശനമാണ് അഥർവ്വ

വേദത്തിൽ ഉള്ളത്. യജ്ഞകർമ്മങ്ങളോടു ഗുഹ്യമായ ആചാരങ്ങൾ കെട്ടുപിണഞ്ഞു കിടക്കുന്ന മന്ത്രവിധിയാണിവിടെ കാണുന്നത്. മന്ത്രവിധിയിലൂടെയും മന്ത്രോച്ചാരണത്തിലൂടെയും ശത്രുക്കളെ നശിപ്പിക്കുവാനും ഉദ്ദിഷ്ടകാര്യങ്ങൾ നേടിയെടുക്കാനും ചെയ്യുന്ന പല ഉപായങ്ങളും ഇതിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. ഭൂതപ്രേതോപസ്മാരകാക്ഷസാദി നിവാരണ കർമ്മങ്ങൾ, വശീകരണം, ആഭിചാരം, പ്രത്യാഭിചാരം, സപത്നീസംഹാരം തുടങ്ങിയ ക്ഷുദ്രക്കിയകളും വിവാഹവിധി, വൈദ്യവിദ്യ ആദിയായ കാര്യങ്ങളും ഇതിൽ പ്രതിപാദിച്ചിരിക്കുന്നതിനാൽ സാധാരണ ജനങ്ങളുടെ ഇടയിൽ ഇവയ്ക്കു സ്വാധീനമുണ്ടായിരുന്നു.

**ബ്രാഹ്മണങ്ങൾ**

വളരെയധികം സങ്കീർണ്ണമായിത്തീർന്ന യജ്ഞക്രിയകളുടെ പരികർമ്മ തീതികളെക്കുറിച്ച് പുരോഹിതന്മാർക്കു വേണ്ടത്ര നിർദ്ദേശം നല്കുന്നതായി രൂപീകരിച്ച വേദങ്ങളുടെ രണ്ടാം ഭാഗത്തെ ബ്രാഹ്മണങ്ങൾ എന്നു വിളിക്കുന്നു. ഓരോ പുരോദിത വിഭാഗവും അവരുടേതായ ബ്രാഹ്മണങ്ങൾക്കു രൂപം നല്കി. ഇവയിൽ ഐതരേയവും ശതപഥവുമാണ് ഏറ്റവും പ്രധാവനും ലക്ഷണമൊത്തതും. ബ്രാഹ്മണങ്ങളുടെ ഉള്ളടക്കത്തെ വിധി, അർത്ഥ വാദം എന്നിങ്ങനെ രണ്ടായി തരംതിരിക്കാം. യാഗാനുഷ്ഠാനങ്ങളെ സംബന്ധിച്ച നിയമങ്ങളും അനുശാസനങ്ങളും ഉൾക്കൊള്ളുന്നതാണ് അർത്ഥവാദം.

മതപരമായ അനുഷ്ഠാനങ്ങളിൽ മുഖ്യമായ ചില മാറ്റങ്ങൾ ഈ കാലഘട്ടത്തിൽ കാണുവാൻ സാധിക്കും. യജ്ഞാനുഷ്ഠാനത്തിൽ നിഷ്ക്കർഷ, വർണ്ണാശ്രമധർമ്മങ്ങളുടെ വ്യവസ്ഥ, വേദം നിത്യമാണെന്ന വിശ്വാസം ,പുരോഹിതനു സർവ്വോന്നതമായ സ്ഥാനം നല്കൽ എന്നിവയെല്ലാം ഈ ഘട്ടത്തിന്റെ പ്രത്യേകതകളാണ്. ബ്രാഹ്മണങ്ങളിൽ ആത്മീയതയേക്കാളുപരി അനുഷ്ഠാന കർമ്മങ്ങൾക്കാണ് ഈ കാലഘട്ടം ഊന്നൽ നല്കിയത്. കാലാവസ്ഥാപരവും രാഷ്ട്രീയവുമായ കാരണങ്ങളായിരിക്കാം ഈ മാറ്റത്തിനടിസ്ഥാനം. ഇൻഡോ ആര്യന്മാരുടെ ഗംഗാതടത്തിലെ അധിനിവേശം അവരെ പല ചെറുഗണങ്ങളാക്കി. കാലക്രമേണ അവർ പരസ്പരം യുദ്ധത്തിൽ ഏർപ്പെട്ടു. ആര്യന്മാരല്ലാതിരുന്ന ദ്രാവിഡരുമായും അവർക്കു യുദ്ധം ചെയ്യേണ്ടിവന്നു. ഇപ്രകാരം ചെറിയ സമൂഹങ്ങളായി ആര്യന്മാർ വേർതിരിക്കപ്പെട്ടപ്പോൾ ഓരോ സമൂഹവും തങ്ങളുടെ തനിമ നിലനിർത്തുന്നതിന് തനതായ അനുഷ്ഠാന ക്രമങ്ങൾക്കു രൂപം നല്കിയതിനാൽ മതാനുഷ്ഠാനങ്ങൾപ്രസക്തിയേറിയതായിരിക്കാം.





**ആരണ്യകങ്ങൾ**

ബ്രാഹ്മണങ്ങളുടെ അനുബന്ധങ്ങളാണ് ആരണ്യകങ്ങൾ. ബ്രാഹ്മണങ്ങളെയും ഉപനിഷത്തുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയും ഇവതന്നെ. ഓരോ ബ്രാഹ്മണങ്ങൾക്കും അതിന്റേതായ ആരണ്യങ്ങളും അതിനെത്തുടർന്ന് ഉപനിഷത്തുകളും ഉണ്ട്. ഉദാഹരണത്തിന് തൈത്തിരേയ ബ്രാഹ്മണത്തിന്റെ ആരണ്യകമാണ് തൈത്തിരീയാരണ്യകം. ബ്രാഹ്മണങ്ങളുമായി ബന്ധപ്പെട്ടതാണെങ്കിലും ആരണ്യകങ്ങൾ അവയിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. ബ്രാഹ്മണത്തിന്റെ പുകമറയ്ക്കുള്ളിൽനിന്ന് സത്യപ്രകാളത്തിലേയ്ക്കുള്ള ഒരു ചെറിയ - വളരെ ചെറിയ കടാക്ഷമാണ് ആരണ്യകങ്ങളെ വേർതിരിച്ചുനിർത്തുന്ന സംഭവം. യജ്ഞകർമ്മങ്ങളുടെ ബാഹ്യാനുഷ്ഠാനങ്ങളേക്കാൾ ഉപാസനയ്ക്കാണ് ഇവ പ്രാധാന്യം കൊടുത്തിരിക്കുന്നത്. ചിന്താരീതിയിലും ശൈലിയിലും ഇവ യാന്ത്കികമായ അനുഷ്ഠാനങ്ങളിൽ നിന്ന് പ്രതീകാത്മകമായ ധ്യാനരീതിയിലേക്കുള്ള മാറ്റത്തെ സൂചിപ്പിക്കുന്നു. ചാതുർവർണ്യത്തെക്കുറിച്ചുള്ള വ്യവസ്ഥ സ്ഥിര പ്രതിഷ്ഠ നേടിയപ്പോൾ വാനപ്രസ്ഥാശ്രമത്തിലുള്ളവർക്ക് അരണ്യത്തിൽ വച്ചു ധ്യാനിക്കാനുള്ള ഭാഗമായി ആരണ്യകങ്ങൾ കരുതപ്പെട്ടു. അവരുടെ ചിന്താരീതികളും ആത്മീയാനുഭവങ്ങളുമാണ് ആരണ്യകങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നത്.

**ഉപനിഷത്തുകൾ**

'ഉപനിഷത്'എന്ന പദം ഉരുത്തിരിയുന്നത് രണ്ടു വ്യത്യസ്ത മൂലരൂപങ്ങളിൽ നിന്നാണ്: 'ഉപ' = അടുത്ത്, 'നിഷത്' = ഭക്തിപൂർവ്വം ഇരിക്കുക. പരമോന്നതമായ യാഥാർത്ഥ്യത്തെക്കുറിച്ചു ധ്യാനിക്കുവാൻ തന്റെയെടുക്കൽ ഭക്തിപൂർവ്വം ഇരിക്കുന്ന ശിഷ്യന്മാർക്ക് ഗുരു കൊടുക്കുന്ന ഉപദേശങ്ങളാണ് ഉപദേശങ്ങളാണ് ഉപനിഷത്തുകളിലെ വിഷയം. വേദങ്ങളുടെ അവസാന ഭാഗങ്ങളാണ് ഉപനിഷത്തുകൾ. ആശ്രമ ധർമ്മത്തിന്റെ അവസാന ഘട്ടമായ സന്ന്യാസം സ്വീകരിച്ചവർക്കായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതുകൊണ്ടും വേദ സംസ്കാരത്തിന്റെ കാതൽരൂപം ഇതിൽ കാണുന്നതുകൊണ്ടും ഉപനിഷത്തുകളെ വേദാന്തം എന്നു വിളിക്കാം. ഉപനിഷത്ത് ഒരേ സമയം വേദചിന്താസാരാംശത്തിന്റെ പുന:പ്രകാശനവും ബ്രാഹ്മണ സംസ്കാരത്തോടുള്ള പ്രതിഷേധവും, രണ്ടിലും ഉൾക്കൊള്ളാത്ത ഒരു നവദർശനത്തിന്റെ പ്രഫുല്ലനവുമത്രേ. ഉപനിഷത്തിൽ പ്രതിപാദിക്കുന്നതിലേറെ ഉന്നതവും ശ്രേഷ്ഠവുമായ തത്ത്വം വേദത്തിലെങ്ങുമില്ലെന്ന് പറയപ്പെടുന്നു. കാലക്രമത്തിൽ വേദദർശനത്തിന് ജനങ്ങളുടെ

ഇടയിൽ ഭ്രംശം സംഭവിച്ചപ്പോൾ അതിന്റെ ഉദ്ധാരണം ഉപനിഷത്തുകളുടെ കർത്തവ്യമായിത്തീർന്നു. ഭാരതീയ ജീവിതത്തിൽ വേരുറച്ചിരിക്കുന്ന യജ്ഞപ്രസ്ഥാനത്തിനെതിരേയുള്ള വിമർശനം ഉപനിഷത്തുകളിൽ കാണാം (ഛാന്ദോഗ്യം 4.15.5; 5.10.3).

യഥാർത്ഥ സത്തയെക്കുറിച്ചാണ് ഉപനിഷത്തുകളിൽ മുഖ്യമായും ചർച്ചചെയ്യുന്നത്. ആത്യന്തിക സത്യം കണ്ടുപിടിക്കാനുള്ള തീവ്രമായ അന്വേഷണമാണ് ഇവയിൽ നാം കാണുന്നത്. അസതോമാ സദ്ഗമയാ (അസത്യത്തിൽ നിന്ന് എന്നെ സത്യത്തിലേക്ക് നയിച്ചാലും) എന്നത് ഉപനിഷത്ചിന്തകരുടെ ഹൃദയത്തിൽ നിന്നുയർന്ന ആത്മാർത്ഥമായ പ്രാർത്ഥനയാണ്. ജിജ്ഞാസുക്കളായ സാധാകാർക്ക് യഥാർത്ഥ സത്യത്തെ കണ്ടെത്തി ശാന്തിയും സ്വാതന്ത്ര്യവും നല്കുകയാണ് ഇവയുടെ ലക്ഷ്യം.

മുക്തികോപനിഷത്തിൽ ഉപനിഷ്ത്തുകളുടെ എണ്ണം 109 ആയി രേഖപ്പെടുത്തിയിരിക്കുന്നു. ആചാര്യന്മാർ വ്യാഖ്യാനിച്ചിട്ടുള്ള പതിമൂന്ന് ഉപനിഷത്തുകളാണ് ഏറ്റവും പ്രമാണികങ്ങളും പുരാതനങ്ങളുമായി അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ബൃഹദാരണ്യകം, ഛാന്ദോഗ്യം, തൈത്തരീയം, ഐതരേയം, കൗഷീതകി, കേനം, കഠം, ഈശാവാസ്യം, മുണ്ഡകം, പ്രശ്നം, മാണ്ഡൂക്യം, ശ്വേതാശ്വതരം, മൈത്രി എന്നിവയാണ് പ്രധാനപ്പെട്ട ഉപനിഷത്തുകൾ.

ഭാരതത്തിൽ പിന്നീചുണ്ടായ ഒട്ടേറെ തത്ത്വശാസ്ത്രങ്ങളും മതങ്ങളും ഉപനിഷത്തുകളെ ആശ്രയിച്ചാണു നിലകൊള്ളുന്നത്. ഹിന്ദുമതത്തിന്റെ പൂർണ്ണത ഉപനിഷത്തുകളിൽ കാണാവുന്നതാണ്. ശങ്കരൻ, രാമാനുജൻ, മാധ്വ തുടങ്ങിയ ആചാര്യന്മാർ എല്ലാവരും തന്നെ പ്രധാന ഉപനിഷത്തുകളെ വ്യാഖ്യാനിച്ചിട്ടുണ്ട്. സംഹിത കാലഘട്ടം കവികൾക്കും ബ്രാഹ്മണകാലഘട്ടം പുരോഹിതന്മാർക്കുമാണ് പ്രാധാന്യം കൊടുക്കുന്നതെങ്കിൽ ഉപനിഷത് കാലഘട്ടം തത്ത്വചിന്തകന്മാരുടെ കാലഘട്ടമായാണ് അറിയപ്പെടുന്നത്. ആദിമ ഉപനിഷത്തുകളുടെ കാലം ബി.സി. 1000 മുതൽ ബി.സി. 300 വരെയാണെന്നു കണക്കാക്കപ്പെടുന്നു. ശങ്കരഭാഷ്യമുള്ള പുതിയ ഉപനിഷത്തുകൾ ബുദ്ധനുശേഷം രചിക്കപ്പെട്ടതാണ്. അവയുടെ കാലം ബി.സി. 400-ലോ 300-ലോ ആണ്. വ്യത്യസ്തമായ സ്ഥലകാലസാഹചര്യങ്ങളിൽ വളർന്നുവന്നതിനാൽ, ഉപനിഷത്തുകളിൽ ചർച്ചചെയ്യപ്പെടുന്ന പ്രശ്നങ്ങളിലും അവയ്ക്കുള്ള പ്രതിവിധികളിലും ഏകതാനത ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഉപനിഷത്തുകളുടെ ക്രോഡീകരണം ആവശ്യമായിവന്നു. ഈ





ക്രോഡീകരണം സാധ്യമായത് ബാദരായണന്റെ ബ്രഹ്മസൂത്രത്തിലൂടെയാണ്.

## 5. ഹിന്ദുമത സംസ്കാരങ്ങൾ

ആന്തരികവും ആത്മീയവുമായ അനുഗ്രഹം പ്രദാനം ചെയ്യുന്ന ബാഹ്യവും ദൃശ്യവുമായ അടയാളങ്ങളുള്ള മതപരമായ ചടങ്ങിനെയോ കർമ്മത്തെയോ ആണ് ഇവിടെ സംസ്കാരം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. സംസ്കാരങ്ങളുടെ എണ്ണത്തെക്കുറിച്ചു ഹിന്ദുക്കളുടെയിടയിൽ വ്യത്യസ്ത അഭിപ്രായങ്ങളാണുള്ളത്. ധർമ്മശാസ്ത്രത്തിലെ പരമ്പരാഗതങ്ങളായ ചില പുസ്തകങ്ങളിൽ 40 സംസ്കാരങ്ങളെക്കുറിച്ചു സവിസ്തരം പ്രതിപാദിക്കുന്ന ഗൃഹ്യസൂത്രങ്ങളാകട്ടെ, പതിനെട്ടോളം സംസ്കാരങ്ങളെക്കുറിച്ചാണു വിവരിക്കുന്നത്. സംസ്കാരങ്ങളുടെ സംഖ്യയെക്കുറിച്ചു വിവിധ അഭിപ്രായങ്ങളുണ്ടെങ്കിലും ഗർഭധാരണം മുതൽ വിവാഹംവരെയുള്ള സംസ്കാരങ്ങളിൽ 16 എണ്ണമാണ് ഭൂരിഭാഗം ഹിന്ദുകൾക്കും പ്രീതികരമായുള്ളത്. ഹൈന്ദവർ സംസ്കാരങ്ങളെ പൊതുവെ അഞ്ചായി തരംതിരിച്ചിരിക്കുന്നു. (1) ജനനത്തിനുമുമ്പുള്ള സംസ്കാരങ്ങൾ (2) ശൈശവ സംസ്കാരങ്ങൾ (3) വിദ്യാഭ്യാസ സംസ്കാരങ്ങൾ (4) വിവാഹ സംസ്കാരങ്ങൾ (5) അന്ത്യേഷ്ടി കർമ്മങ്ങൾ. ഇവയിൽ, സ്ഥലപരിമിതിമൂലം, പ്രധാനപ്പെട്ട സംസ്കാരങ്ങൾ മാത്രമേ ഇവിടെ പരാമർശിക്കുന്നുള്ളൂ.

### 1. ജാതകർമ്മം

മനുഷ്യനെ എന്നും അത്ഭുതപരതന്ത്രനാക്കിയിരുന്ന ഒന്നായിരുന്നുശിശുവിന്റെ ജനനം. ഇതിനു പിന്നിൽ ഏതോ ഒരു അതിമാനുഷ ശക്തി പ്രവർത്തിക്കുന്നുണ്ടെന്ന് അവനു തോന്നി. ജനനസമയത്തുണ്ടാകുന്ന അപകടങ്ങളെക്കുറിച്ചും അവൻ ബോധവാനായിരുന്നു. ഈ അപകടങ്ങൾ ഒഴിവാക്കാൻ വിവിധങ്ങളായ വിലക്കുകളും അനുഷ്ഠാനങ്ങളും പ്രചാരത്തിൽ വന്നു. പ്രസവിച്ച അമ്മയെയും അവളുടെ കുഞ്ഞിനെയും പരിരക്ഷിക്കാൻ മതപരമായ ചടങ്ങുകൾ ആരംഭിച്ചു. വേദങ്ങളിൽ കാണുന്ന ഇത്തരം ചടങ്ങുകളാണ് ഇവിടെ പ്രതിപാദിക്കുന്നത്.

പൊക്കിൾക്കൊടി വേർപെടുന്നതിനുമുമ്പാണ് ജാതകർമ്മച്ചടങ്ങു നിർവ്വഹിക്കുന്നത്. ജാതകർമ്മത്തിലെ ആദ്യത്തെ ചടങ്ങാണു മേധാജനനം (Medha Janana) അല്ലെങ്കിൽ, ബുദ്ധിയുടെ നിർമ്മിതി. അതു നടത്തിയിരിക്കുന്നത് താഴെ പറയുംവിധമാണ്. കുട്ടിയുടെ അച്ഛൻ അയാളുടെ നാലാമത്തെ വിരൽക്കൊണ്ടും സ്വർണ്ണത്തിന്റെ ഒരു ഉപകരണംകൊണ്ടുംകുട്ടിക്കു തേനും നെയ്യും (ചിലപ്പോൾ നെയ്യു

മാത്രം) കൊടുക്കുന്നു. മറ്റുള്ളവർ അതിനോടുകൂടെ പുളിപ്പുള്ള പാലും അരിയും ബാർലിയും ഒരു കറുത്ത കാളയുടെ വെളുത്തതും കറുത്തതും ചുവന്നതുമായ മുടിയും കൊടുക്കുന്നു. ബുദ്ധിയുടെ പ്രതീകമായി വ്യാഹൃതി (Vyahrutis) ഈ സാഹചര്യത്തിൽ ഉച്ചരിക്കുന്നു. കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രാർത്ഥനകൾ അടങ്ങുന്ന മഹത്തായ ഗായത്രീ മന്ത്രവും ഈ അവസരത്തിൽ ചൊല്ലിയിരുന്നു.

ജാതകർമ്മ ചടങ്ങിലെ അടുത്ത ഇനം ആയുഷ്യം (Ayusya) അല്ലെങ്കിൽ കുട്ടിയുടെ ജീവിതായുസ്സ് ഉറപ്പു വരുത്തുന്നതിനുള്ള ആചാരമാണ്. നാഭിയുടെയോ വലത്തു ചെവിയുടെയോ അടുത്ത് കുട്ടിയുടെ അച്ഛൻ ഇങ്ങനെ മന്ത്രിക്കുന്നു: "അഗ്നിമരങ്ങളിലൂടെയും സോമം ഔഷധികളിലൂടെയും ബ്രഹ്മൻ അമൃതത്തിലൂടെയും ഋഷിമാർ അനുഷ്ഠാനങ്ങളിലൂടെയും യാഗങ്ങൾ യാഗാഗ്നിയിലൂടെയും കടൽ പുഴകളിലൂടെയും ദീർഘായുസ്സുനേടി. അതുപോലെ ഞാനും നിന്നെ ദീർഘായുഷ്മാനാക്കുന്നു." കുട്ടിയുടെ ജീവിതം മൂന്നിരട്ടിയായി ദീർഘിക്കും എന്നു വിശ്വസിച്ചുകൊണ്ട് "മൂന്നിരട്ടി ആയുസ്സ്" എന്നു മൂന്നു പ്രാവിശ്യം കുട്ടിയുടെ അച്ഛൻ ചൊല്ലുന്നു. തുടർന്ന് അഞ്ചു ബ്രാഹ്മണരെ വിളിച്ച് അവരെ അഞ്ചിടങ്ങളിലായി നിറുത്തി കുട്ടിയുടെമേൽ നിശ്വസിക്കാൻ അപേക്ഷിക്കുന്നു. ഇങ്ങനെയുള്ള നിശ്വസനം കുട്ടിയുടെ ശ്വസനത്തെ ശക്തിപ്പെടുത്തുമെന്നും ജീവിതദൈർഘ്യം കൂട്ടുമെന്നും വിശ്വസിക്കുന്നു.

മൂന്നാമതായി കുട്ടിക്കുബലം അല്ലെങ്കിൽ, ആരോഗ്യം കൊടുക്കുന്ന ആചാരമാണ്. കുട്ടിയുടെ ശരീരം കല്ലുപോലെയും മഴുപോലെയും നശിക്കാത്ത സ്വർണ്ണം പോലെയും ഉറച്ചതായിത്തീരട്ടെയെന്നും നൂറു ശരത്കാലം ജീവിക്കട്ടെയെന്നും അച്ഛൻ ആശംസിക്കുന്നു. വീടിന്റെ പ്രതീക്ഷയായ പുത്രനെ വഹിച്ച അമ്മയെ സ്തുതിക്കുന്നു. ഇതിനുശേഷം പൊക്കിൾകൊടി മുറിക്കുകയും കുട്ടിയെ കുളിപ്പിക്കുകയും അവന് അമ്മയുടെ മുലപ്പാൽ കൊടുക്കുകയും ചെയ്യുന്നു. കുട്ടിയുടെ അച്ഛൻ ഒരു കലം വെള്ളം അമ്മയുടെ തലയുടെ അരികിൽ വെച്ച് ദേവന്മാരോടു പ്രാർത്ഥിക്കുന്നു: "സാഗരം ദേവന്മാരോടുകൂടെ ഉണർന്നിരിക്കുന്നു. അതുപോലെ അമ്മയെയും കുഞ്ഞിനെയും കാത്തുസൂക്ഷിക്കണം."

ചടങ്ങുകളെല്ലാം കഴിഞ്ഞാൽ മാതാപിതാക്കന്മാർ തങ്ങളെത്തന്നെ ഈശ്വരനു സമർപ്പിക്കുകയും ദക്ഷിണ വിതരണം ചെയ്യുകയും ചെയ്യുന്നു. കുട്ടിയുടെ ജനനദിവസം കൊടുക്കുന്ന ദാനധർമ്മങ്ങളുടെ സുകൃതം നിത്യമായിരിക്കുമെന്നാണ് വ്യാസന്റെ അഭിപ്രായം.





**2. നാമകരണം**

ഭാഷ ഉത്ഭൂതമായതോടുകൂടി മനുഷ്യൻ അവന്റെ നിത്യോപയോഗ സാധനങ്ങളെ പേരുചൊല്ലി വിളിക്കുവാൻ തുടങ്ങി. സാമൂഹികാവബോധം വർദ്ധിച്ചതോടുകൂടി മനുഷ്യനെയും പേരു ചൊല്ലി വിളിക്കുന്ന രീതി നിലവിൽ വന്നു. പേരു കൊടുക്കുന്ന ഈ സമ്പ്രദായം പിന്നീടു മതപരമായ ചടങ്ങായിത്തീർന്നു. സാധാരണയായി അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുന്ന ഒരു പുണ്യാത്മാവിന്റെയോ അല്ലെങ്കിൽ സംരക്ഷകനായ ഒരു ദേവന്റെയോ പേരാണ് കുട്ടിക്കു കൊടുത്തിരുന്നത്. കുടുംബത്തോടുള്ള ബന്ധം സൂചിപ്പിക്കുവാനായി സ്വന്തം പിതാവിന്റെതന്നെ പേടു കുട്ടിക്കു കൊടുക്കുന്ന പതിവും അന്നു പ്രാബല്യത്തിലുണ്ടായിരുന്നു. കൂടാതെ വീട്ടിൽ വിളിക്കാൻ രഹസ്യപ്പേരു കൊടുക്കുന്ന രീതിയും അന്നു നിലവിലിരുന്നു.

**3. അന്നപ്രകാശം (ചോറൂണ്) (Annaprasana)**

കുട്ടിക്ക് ആദ്യമായി ഖരഭക്ഷണം കൊടുക്കുന്ന സംഭവം മതരപമായ ഒരനുഷ്ഠാനമായിട്ടാണ് ഹിന്ദുക്കൾ കൊണ്ടാടിയിരുന്നത്. ജീവൻ നല്കുന്ന സത്ത ആണെന്നും അതുകൊണ്ടു ദേവന്മാരുടെ സഹായത്തോടു കൂടി വേണം ശക്തിയുടെ ഉറവിടമായ ആഹാരം കുട്ടിക്കു നല്കാനെന്നും അവർ വിശ്വസിച്ചു. അന്നപ്രകാശം എന്ന ചടങ്ങു നടത്തിയിരുന്നത് കുട്ടി ജനിച്ച് ആറുമാസത്തിനു ശേഷമാണ്. അതുവരെ ശിശുവിന്റെ പ്രധാന ഭക്ഷണം മുലപ്പാലാണ്. ആറോ ഏഴോ മാസമാകുമ്പോൾ ഖരഭക്ഷണം കഴിക്കാനുള്ള വളർച്ച ശിശുവിനുണ്ടാകുമെന്നു കരുതുന്നു. പല്ലുകളുടെ ആവിർഭാവമാണ് ശിശുവിനു കട്ടിയുള്ള ഭക്ഷണം നല്കാൻ കഴിയും എന്നതിന്റെ അടയാളം.

**4. വിദ്യാരംഭം**

ശിശുവിന്റെ മനസ്സിനു വിദ്യാഭ്യാസം സ്വീകരിക്കാനുള്ള വളർച്ചയായാൽ അക്ഷരമാല പഠിപ്പിക്കുന്നു. ഈ സംസ്കാരം പലരീതിയിൽ അറിയപ്പെടുന്നു : വിദ്യാരംഭം, അക്ഷരാരംഭം, അക്ഷരസ്വീകരണം, അക്ഷരാലേഖനം. വിദ്യാരംഭം സാധാരണയായി നടത്താറുള്ളത് അഞ്ചാം വയസ്സിലാണ്. ചിലപ്പോൾ ഏഴാം വർഷത്തിലും നടത്താറുണ്ട്. എന്തെങ്കിലും ഒഴിച്ചുകൂടാനാകാത്ത സാഹചര്യങ്ങളിൽ ഇതു മാറ്റിവച്ചിട്ടുണ്ടെങ്കിൽ ഉപനയനച്ചടങ്ങിനുമുമ്പായി നടത്തിയിരിക്കണം. സൂര്യൻ ഉത്തരദിക്കിലുള്ള അർദ്ധഗോളത്തിലായിരിക്കുമ്പോഴാണ് ഈ ക്രിയ നടത്തുന്നതിനുള്ള നല്ല ദിവസം. ചടങ്ങു തുടങ്ങുന്നതിനുമുമ്പ് കുട്ടിയെ കുളിപ്പിച്ചു ശുദ്ധി വരുത്തി ദേഹത്തു സുഗന്ധം പുരട്ടുന്നു. അതിനുശേഷം വിനായകൻ, സര

സ്വതി, കുടുംബ ദേവത, ബൃഹസ്പതി എന്നിവരെ ആരാധിക്കുന്നു. തുടർന്നു ഹോമം അർപ്പിക്കുന്നു. കിഴക്കോട്ടു തിരിഞ്ഞിരുന്നു ഗുരു കുട്ടിയുടെ അക്ഷരാരംഭം നടത്തുന്നു.

**5. ഉപനയനം**

ഈശ്വര സാമീപ്യത്തിലേക്കും ഗുരുവിലേക്കും വേദങ്ങളിലേക്കും വ്രതങ്ങളിലേക്കും നിയന്ത്രണങ്ങളും അനുഷ്ഠാനങ്ങളുമുള്ള ജീവിത രീതിയിലേക്കും ഒരു വ്യക്തിയെ പ്രവേശിപ്പിക്കുന്ന പുണ്യകർമ്മത്തിനാണ് പൊതുവെ ഉപനയനമെന്നു പറയുന്നത്. കൃത്യമായി പറഞ്ഞാൽ, ഗുരുവിന്റെ സഹായത്താൽ വേദ പാണ്ഡിത്യത്തിലേക്കുള്ള ശിശുവിന്റെ ആരംഭം കുറിക്കലാണ് ഉപനയനം.

ഈ ചടങ്ങിന്റെ പ്രധാന ഉദ്ദേശ്യം വിദ്യാഭ്യാസമാണ്. വിദ്യക്ക് ആരംഭം കുറിക്കുന്ന കർമ്മം അതിനനുബന്ധമായ ഒന്നു മാത്രമാണ്. ഈ പ്രാരംഭ ക്രിയയ്ക്ക് മാത്രമല്ല, വേദത്തിന്റെ ഓരോ ശാഖയെപ്പറ്റിയുമുള്ള പഠനം തുടങ്ങുമ്പോഴും ഉപനയനം നടത്തിയിരുന്നു. ഏതു പ്രായത്തിലാണ് ഉപനയനം നനടത്തുന്നത് എന്നതിനെക്കുറിച്ചു ഗൃഹ്യസൂത്രം പറയുന്നുണ്ട്. ബ്രാഹ്മണ ജാതിയിൽപ്പെട്ട ആണ്ടകുട്ടിക്ക് 8-ാം വർഷത്തിലും ക്ഷത്രിയ ജാതിയിൽപെട്ടവർക്ക് 11-ാം വർഷത്തിലും വൈശ്യ ജാതിയിലുള്ളവർക്ക് 12-ാം വർഷത്തിലുമാണ് ഈ കർമ്മം നടത്തേണ്ടത്. അവസാന പ്രായപരിധി ബ്രാഹ്മണന് 16-ഉം ക്ഷത്രിയന് 22-ഉം വൈശ്യന് 24-ഉം ആണ്. ഉപനയനം ആൺകുട്ടികൾക്കു മാത്രമാണ്. സംഹിതകളിൽ വളരെ ലളിതമായ ഒരു ക്രിയയായി ചിത്രീകരിക്കപ്പെട്ടിരിക്കുന്ന ഉപനയനം ബ്രാഹ്മണ കാലഘട്ടമായപ്പോഴേക്കും ബഹുവിധ അനുഷ്ഠാന സംബന്ധിയായിത്തീർന്നു.

സാധാരണയായി ഉപനയനം നടത്തിയിരുന്നത് സൂര്യൻ ഉത്തരാർദ്ധഗോളത്തിൽ വരുമ്പോഴാണ്. വൈശ്യ ജാതിയിലുൾപ്പെട്ട കുട്ടികൾക്ക് ദക്ഷിണായനത്തിലും നടത്താറുണ്ട്. ഓരോ ജാതിക്കും വേണ്ടി വ്യത്യസ്ത കാലങ്ങളുണ്ടായിരുന്നു. ബ്രാഹ്മണരുടെ ഉപനയനം വസന്ത കാലത്തും ക്ഷത്രിയരുടേത് ഗ്രീഷ്മ കാലത്തും വൈശ്യരുടേത് ശരത്കാലത്തും രഥകാര (ആശാരി, രഥം പണിയുന്നവൻ)രുടേതു വർഷകാലത്തുമാണു നടത്തിയിരുന്നത്. ഈ ഓരോ കാലവും ഓരോ ജാതിയുടെ തൊഴിലിന്റെയും ഗുണവിശേഷത്തിന്റെയും സൂചകമാണ്. ഗണേഷനെ പ്രസാദിപ്പിക്കുകയും മറ്റു ദേവിമാരായ ശ്രീലക്ഷ്മി, ധൃതി, മേധ, പുഷ്ടിശ്രദ്ധ, സരസ്വതി എന്നിവരെ ആരാധിക്കുകയും ചെയ്തിരുന്നു. ഉപനയനം ചെയ്യാനുള്ള കുട്ടിയുടെ ദേഹത്തു തലേ രാത്രി മഞ്ഞനിറമുള്ള ദ്രവ്യം





പുരട്ടിയിരിക്കണം. അതിനുശേഷം രാത്രി മുഴുവൻ പരിപൂർണ്ണ നിശബ്ദത (ഒരു പുതിയ വ്യക്തിത്വത്തിലേക്കുള്ള കാൽവെപ്പായിട്ടാണ് ഈ നിശബ്ദതയെ പരിഗണിച്ചിരിക്കുന്നത്) പാലിക്കാൻ കുട്ടിയോടു നിർദ്ദേശിക്കുന്നു. ഇതു കുട്ടിയെ രണ്ടാമത്തെ ജനനത്തിലേക്ക് ഒരുക്കുന്ന ഒരു നിഗൂഢ പൂജാക്രമമാണ്. ദേഹത്തു പുരട്ടിയ മഞ്ഞ ദ്രവ്യം ഭ്രൂണോത്പത്തിപരമായ അന്തരീക്ഷത്തെ സൂചിപ്പിക്കുന്നു.

**6. വിവാഹം**

ഹിന്ദു സംസ്കാരങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വിവാഹം. ഗൃഹ്യ സൂത്രങ്ങൾ വിവാഹസംസ്കാര വിവരണങ്ങളോടുകൂടിയാണ് തുടങ്ങുന്നത്. മതബോധം വളർന്നു വന്നതോടുകൂടി, വിവാഹം സാമൂഹികമായ ആവശ്യം മാത്രമല്ല വ്യക്തിയുടെ മതപരമായ കടമകൂടിയാണെന്ന ബോധ്യത്തിലേക്കു വന്നു. വിവാഹത്തെ വലിയൊരു ത്യാഗമായിട്ടാണ് അവർ കണ്ടിരുന്നത്. ഭാര്യയില്ലാത്തവൻ ത്യാഗമില്ലാത്തവനാണെന്ന് തൈത്തിരീയ ബ്രാഹ്മണത്തിൽ പറയുന്നു. വ്യക്തിത്വത്തിന്റെ വളർച്ചയ്ക്കു വിവാഹ ജീവിതം ആവശ്യമായ ഘടകമാണെന്ന് അവർ വിശ്വസിച്ചിരുന്നു. ഈ ലോകത്തിലെ സന്തോഷവും അനശ്വരമായ സ്വർഗ്ഗവും ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഗൃഹസ്ഥാക്രമം നയിക്കണം.വലിയ കുടുംബം ഒരു അനുഗ്രമായിട്ടാണ് അവർ കണ്ടിരുന്നത്. വിവാഹം വ്യക്തിപരം എന്നതിനെക്കാൾ കുടുംബത്തിന്റെ ആഘോഷമായിരുന്നു. ഒരു കുടുംബവും നിലച്ചു പോകാതിരിക്കേണ്ടതിന് വിവാഹ ജീവിതത്തിന്റെ ഏറ്റവും പ്രധാന ലക്ഷ്യമായി കരുതിയിരുന്നത് കുഞ്ഞുങ്ങളുടെ ജനനമാണ്. ദേവന്മാരോടും പിതാമഹന്മാരോടും സന്തതിപരമ്പരകളെ നിലനിർത്തുന്നതിനുവേണ്ട അനുഗ്രഹം യാചിച്ചിരുന്നു. ജീവിതകാലം മുഴുവൻ നില്ക്കുന്ന ഒരു സുഹൃദ്ബന്ധമായിട്ടാണ് വേദസൂത്രങ്ങളും വിവാഹത്തെ അവതരിപ്പിക്കുന്നത്. പുരുഷന്റെയും സ്ത്രീയുടെയും സ്വാർത്ഥതയില്ലാത്ത ജീവിതമാണ് വിവാഹ ജീവിതംകൊണ്ടു ഹിന്ദു സംസ്കാരം ലക്ഷ്യമിട്ടത്.

വിവാഹച്ചടങ്ങുകൾക്കു പൊതുവെ രണ്ടു ഭാഗങ്ങളുണ്ട്: സംപ്രദാനവും (Sampradana), പാണിഗ്രഹണവും (Panigrahana). സംപ്രദാനത്തിന്റെ ആരംഭത്തിൽ അന്യോന്യമുള്ള ശുഭദർശനം നടത്തുന്നു. തുടർന്ന് ബ്രാഹ്മണരുടെ കാർമ്മികത്വത്തിൽ നടക്കുന്ന യജ്ഞവിധികളോടെ വധുവിന്റെ പിതാവ്, തന്റെ പുത്രയെ വരനു നൽകുന്നു. പ്രണിഗ്രഹണം നടത്തുന്നത് അഗ്നിസാക്ഷിയായിട്ടാണ്. അതിഥികളായി വന്നവരോട് വധുവിനെ ആശംസിക്കാൻ ക്ഷണിച്ചു കഴിയുമ്പോൾ, വരൻ തന്റെ വലതുകരം കൊണ്ട് മന്ത്രോച്ചാരണങ്ങ

ളുടെ അകമ്പടിയോടുകൂടി വധുവിന്റെ വലതുകരം ഗ്രഹിക്കുന്നു. സന്താന സൗഭാഗ്യത്തിനും, കുടുംബജീവിതസമാധാനത്തിനും, സന്തോഷത്തിനും വേണ്ടിയുള്ള പ്രാർത്ഥനകളാണ് ആ സമയത്ത് ഉച്ചരിക്കുക. തുടർന്ന് അഗ്നിസാക്ഷിയാക്കികൊണ്ട് അവർ ഒരുമിച്ചു കഴിയാമെന്നു സമ്മതിക്കുന്നു. അതിനുശേഷം വരൻ വധുവിനെ ധ്രുവനക്ഷത്ര ദർശനത്തിനായി നയിക്കുന്നു. അതിനെ തുടർന്ന് വധു പ്രദക്ഷിണമായി ഏഴു ചുവടുകൾ വച്ചുകഴിയുമ്പോൾ, തന്റെ ഭർത്താവും സംരക്ഷകനുമായി അവൾ അയാളെ സ്വീകരിക്കുന്നു.

അഗ്നിസാക്ഷിയായി, മംഗല്യസൂത്രം വരൻ വധുവിനെ അണിയിക്കൽ, പുടവകൊടുക്കൽ, അന്യോന്യമുള്ള മാലയിടീൽ തുടങ്ങിയ മംഗളകർമ്മങ്ങൾ ഇന്നത്തെ വിവാഹങ്ങളുടെ അവിഭാജ്യഘടകങ്ങളായി സമൂഹം സ്വീകരിക്കുന്നു. സാധാരണയായി വീടുകളിൽ അഗ്നിസാക്ഷിയായി ഇവ നടത്താറുണ്ടെങ്കിലും, ക്ഷേത്രങ്ങളുടെ ദേവപ്രതിഷ്ഠയ്ക്കു മുന്നിൽ പൂജരിയെ സാക്ഷിയാക്കിയും ഇവ നടത്താറുണ്ട്. ഇവിടെ പ്രദക്ഷിണം വയ്ക്കുക ആ ക്ഷേത്രത്തിനായിരിക്കും. കാലോചിതമായ ആഘോഷങ്ങളും ആഡംബരങ്ങളും ഇന്നു വിവാഹച്ചടങ്ങുകൾക്കു വർണ്ണാഭമായ മോടി നല്കുന്നുണ്ട്.

### 7. അന്ത്യേഷ്ടി കർമ്മങ്ങൾ

ഹിന്ദുവിന്റെ ജീവിതത്തിലെ അവസാന കർമ്മമാണ് അന്ത്യേഷ്ടി. ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ വ്യത്യസ്ത പൂജാക്രയകളിലൂടെ ജീവിതത്തെ സമർപ്പിക്കുന്ന ഹിന്ദുവിന് ഈ ലോകത്തു നിന്നു വിടവാങ്ങുമ്പോൾ പരലോകത്തിൽ ശാന്തിയും സുഖവും ലഭിക്കുന്നതിനുവേണ്ടി ബന്ധുക്കൾ അന്ത്യക്രിയകൾ ചെയ്യുന്നു. മരിച്ച ശേഷമുള്ള ഈ കർമ്മം വളരെ പ്രാധാന്യമുള്ളതാണ്. കാരണം, ഹിന്ദുവിനെ സംബന്ധിച്ചിടത്തോളം സംസാരത്തിൽ നിന്നുള്ള മുക്തിയെ സഹായിക്കുന്നതാണവ.

വേദകാലം മുതൽ ഇന്നുവരെ ഹിന്ദുക്കൾ പൊതുവായി തുടർന്നു കൊണ്ടപോരുന്ന രീതിയാണ് മൃതദേഹം ദഹിപ്പിക്കുക എന്നത്. മരിച്ച ഉടനെ ശരീരം കഴുകി, കോടിവസ്ത്രത്തിൽ പൊതിയുന്നു. സ്വർണ്ണമോ വെള്ളിയോ വായിൽ നിക്ഷേപിച്ച്, ആ കുടുംബത്തിലെ ഒരാൾ മരിച്ചിട്ടുണ്ടെന്ന് അയൽക്കാരെ അറിയിക്കാൻ ഉറക്കെ നിലവിളിക്കുന്നു. മൃതദേഹം കയറ്റുകട്ടിലിൽ (മഞ്ചൽ) വച്ച് നാലോ ആറോ പേർ തോളത്തുവെച്ച് ദഹിപ്പിക്കുന്ന സ്ഥലത്തേക്കു കൊണ്ടുപോകുന്നു. ഒരാൾ അഗ്നികലശവുമായി മുന്നിൽ നടക്കുന്നു. കരയുന്നവരുടെ ഗണം അനുഗമിക്കുന്നു. അവരെല്ലാം ശ്രീകൃഷ്ണ സ്തേത്രം ആലപിക്കുന്നു. മരിച്ചയാളുടെ ഏറ്റവും





അടുത്ത ബന്ധുവായ പുരുഷൻ (മിക്കവാറും മൂത്ത മകൻ) സുഹൃത്തുക്കളുടെയും മറ്റു കുടുംബാംഗങ്ങളുടെയും കൂടെ നഗ്നപാദനായി നീങ്ങണം. ശരീരം ദഹിപ്പിക്കുന്ന കടവിനടുത്ത്വച്ച് ശരീരം ഗംഗാജലത്തിൽ മുക്കിയോ തളിച്ചോ കഴുകുന്നു. പിന്നെ, ചിതയുണ്ടാക്കി മൃതശരീരം അതിൽ വയ്ക്കുന്നു. നിവൃത്തിയുള്ളിടത്തോളം ചന്ദനമരമാണ് ദഹനക്രിയയ്ക്ക് ഉപയോഗിക്കുന്നത്. മരിച്ചയാളുടെ അടുത്ത ബന്ധുവായ പുരുഷനാണ് വീട്ടിൽനിന്നു വഹിച്ചുകൊണ്ടു വന്ന കലശത്തിലെ തീയെടുത്ത് ചിതയ്ക്കു തീ കൊളുത്തുക. മൃതശരീരം കത്തികൊണ്ടിരിക്കുമ്പോൾ നെയ് ഒഴിച്ചു കൊണ്ടിരിക്കും. അവസാനിക്കാറാകുമ്പോൾ ചിതയ്ക്കു തീ കൊളുത്തിയ ആൾ ചിതയ്ക്കു ചുറ്റും നാലു പ്രാവശ്യം നടക്കുന്നു. പിന്നീട് ചാരം എടുത്തു ഗംഗയിലെറിഞ്ഞ്, കുളിച്ച ശേഷം വീട്ടിലേക്കു മടങ്ങുന്നു. ' 18 ' മാസം തികയാത്ത കുഞ്ഞുങ്ങൾ, സന്ന്യാസികൾ, കുഷ്ഠരോഗികൾ, വസൂരി വന്നു മരിച്ചവർ എന്നിവരെ ദഹിപ്പിക്കുകയല്ല, കുഴിച്ചുമൂടുകയാണ് ചെയ്തിരുന്നത്.

ശവസംസ്കാരത്തിനുശേഷം മരണത്തിലൂടെയുണ്ടായ പുല (അശുദ്ധി) നീക്കികളയുന്നതിനുള്ള ആചാരക്രിയകൾ നടത്താറുണ്ട്. മരണം വഴിയുണ്ടായ മാലിന്യം നീങ്ങിയാൽ ശ്രാദ്ധം (Sraddha) നടത്തണം. ശ്രാദ്ധം നടത്തേണ്ടത് മരിക്കുന്ന വ്യക്തിയുടെ ആൺമക്കളാണ്. ആൺമക്കളില്ലാത്ത ഹിന്ദുക്കൾ അസ്വസ്ഥരും ഉത്കണ്ഠാകുലരുമായി കാണപ്പെടാറുണ്ട്. മരിച്ചയാൾക്കു ചോറുരുള അർപ്പിക്കുന്നതിനെയാണ് പിണ്ഡപ്രദാനം എന്നു പറയുന്നത്. ബ്രാഹ്മണരുടെ ഭക്ഷണത്തിനുശേഷം മരിച്ചയാളുടെ പുത്രൻ വെള്ളം തളിച്ച്, ദർഭപ്പുല്ലു പരത്തി, പിതാവും പൂർവ്വികരും തങ്ങളെത്തന്നെ ശുദ്ധിയാക്കട്ടെയെന്ന് ആശംസിച്ച് നെയ്യ്, നേത്രാഞ്ജനം, എണ്ണ എന്നവ പിണ്ഡത്തിൽ പുരട്ടി, കുടുംബത്തിൽ നിന്നു മരിച്ചുപോയവർക്കും ജീവിച്ചിരിക്കുന്നവർക്കും വേണ്ടി പ്രാർത്ഥിച്ച് പിണ്ഡം അർപ്പിക്കുന്നു.

## ഉത്സവങ്ങൾ

### 1. മഹാശിവരാത്രി

ഹിന്ദുക്കളുടെ ഒരു പ്രധാന ഉത്സവമാണു ശിവരാത്രി. ശിവനോടുള്ള ബഹുമാനാർത്ഥമാണ് ഈ ഉത്സവം കൊണ്ടാടുന്നത്. 'മാഘ ' (മകര-കുംഭ മാസം) മാസത്തിലെ പതിനാലാമത്തെ അർദ്ധരാത്രിയിലാണ് ഇതാഘോഷിക്കുന്നത്. മാഘമാസം 'പാപമില്ലാത്ത' സമയമായാണ് കണക്കാക്കപ്പെടുന്നത്. സാധാരണയായി രാത്രിയിൽ നടത്തുന്ന ആരാധന ദേവികൾക്കും പകൽ നടത്തുന്ന ആരാധന ദേവന്മാർക്കും വേണ്ടിയാണ്. എന്നാൽ, ശിവരാത്രിയിൽ ദേവ

നായ ശിവനെയാണ് ആരാധിക്കുന്നത്.

ലോകം നാശോന്മുഖമായിക്കൊണ്ടിരിക്കുന്നപ്പോൾ, പാർവ്വതീ ദേവീ ശിവനെ ആരാധിച്ച്, ഭൂമുഖത്തു ജീവിക്കുന്ന ആത്മാക്കളെ രക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു. ദേവിയുടെ അഭ്യർത്ഥന മാനിച്ച് ശിവൻ ലോകത്തെയും മനുഷ്യരെയും രക്ഷിച്ചു. നവജീവൻ ലഭിച്ച മനുഷ്യർ ഒരുമിച്ചുകൂടി ശിവനെ ആരാധിച്ചു. അതിന്റെ ഓർമ്മയാണ് ശിവരാത്രി. ഭക്തർ അവരുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് പശ്ചാത്തപിച്ച് കാവേരി, പെരിയാർ പോലുള്ള നദികളിൽ കുളിച്ചു ശുദ്ധിവരുത്തുന്നു. പിതൃക്കൾക്കുവേണ്ടി ബലിയർപ്പിക്കുന്ന അവസരമായി ശിവരാത്രി മാറിയിട്ടുണ്ട്. കേരളത്തിൽ ആലുവ മണൽപ്പുറത്തെ ആഘോഷിക്കുന്നുണ്ട്: മഹാശിവരാത്രി, യോഗശിവരാത്രി, നിത്യ ശിവരാത്രി, പക്ഷശിവരാത്രി, മാസശിവരാത്രി.

**2. ഗോപൂജ**

സങ്ക്രാന്തി കഴിഞ്ഞുവരുന്ന അടുത്ത ദിവസമാണ് ഗോപൂജ ആഘോഷം നടത്തുന്നത്. ഇത് 'മാട്ടുപ്പൊങ്ങൽ ' എന്ന പേരിലും അറിയപ്പെടുന്നുണ്ട്. ഈ ദിവസം പശുക്കളെ ആരാധിക്കുന്നതിനായി മാറ്റിവച്ചിരിക്കുന്നു. ബ്രഹ്മാവും പശുവും തമ്മിലുള്ള ബന്ധമാണ് ഈ ആരാധനയ്ക്കു നിദാനം. ബ്രഹ്മാവ് പശുവിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട് മനുഷ്യന്റെ സങ്കടം തീർത്തു എന്നാണ് ഐതിഹ്യം. ഋഗ്വേദം തുടങ്ങി അനവധി ഗ്രന്ഥങ്ങളിൽ പശുവിനു ദിവ്യത്വം കല്പിച്ചിട്ടുണ്ട്. ഋഗ്വേദത്തിൽ പല സ്ഥലത്തും പശുവും പ്രപഞ്ചവുമായുള്ള ബന്ധത്തെപ്പറ്റി വിവരിക്കുന്നുണ്ട്. പാൽ നല്കിയും കൃഷിയിൽ പ്രധാന പങ്കുവഹിച്ചും മനുഷ്യനം സഹായിക്കുന്ന മൃഗമായതിനാൽ വരുമാനത്തിന്റെ ഒരു വിഹിതം ഈ ആഘോഷത്തിനായി അവർ മാറ്റിവയ്ക്കുന്നു.

**3. ദീപാവലി**

ദീപാലങ്കാരത്തിനു പ്രാധാന്യം കൊടുക്കുന്ന ഈ ഉത്സവം ഇന്ത്യയിലും ഇന്ത്യക്കു പുറത്തും അറിയപ്പെടുന്നതാണ്. ഇതു 'ദീപാളി ' എന്ന പേരിലും വിളിക്കപ്പെടുന്നു. ഇതിന്റെ ഉത്പത്തിയെക്കുറിച്ചു ഭിന്നാഭിപ്രായങ്ങൾ നിലവിലുണ്ട്. രാവണനെ വധിച്ചതിനുശേഷം ശ്രീരാമൻ സീതയുമൊത്ത് അയോദ്ധ്യയിൽ ചെന്നപ്പോൾ അയോദ്ധ്യാവാസികൾ അവരെ ദീപാലങ്കാരങ്ങളോടെ സ്വീകരിച്ചാനയിച്ച സംഭവമാണ് ദീപാവലി ആഘോഷത്തിനു നിദാനമെന്നു ചിലർ കരുതുന്നു. വാമനനായി അവതരിച്ച മഹാവിഷ്ണു അസുരചക്രവർത്തിയായ മഹാബലിയെ പാതാളത്തിലേക്കയച്ച ദിനമാണിതെന്നു വേരെ ചിലർ വിശ്വസിക്കുന്നു. ഒക്ടോബറിന്റെ അവസാ





നമോ നവംബറിന്റെ ആദ്യമോ നടക്കുന്ന ഈ ആഘോഷത്തിന്റെ ആദ്യ ദിവസം 'നരകചതുർദശി' എന്നറിയപ്പെടുന്നു. ആദ്യകാലങ്ങളിൽ, മരണത്തിന്റെയും നരകത്തിന്റെയും ദേവനായ യമനെ തൃപ്തിപ്പെടുത്തി നരകത്തിൽനിന്നു മോചനം കിട്ടുന്നതിനാണ് ഇത് ആഘോഷിച്ചിരുന്നത്.

എന്നാൽ പിന്നീട് ഇതു കൃഷ്ണൻ നരകാസുരൻ എന്ന പൈശാചിക ശക്തിയെ നശിപ്പിച്ച സംഭവത്തെ സൂചിപ്പിക്കാൻ തുടങ്ങി. അന്നേ ദിവസം പ്രഭാതത്തിൽ എണ്ണ തേച്ചു കുളിക്കുകയും, തങ്ങളുടെ പാപങ്ങളുടെ ഉന്മൂലനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും യമദേവനു കാഴ്ചകൾ അർപ്പിക്കുകയും ചെയ്യുക പതിവായിരുന്നു. അന്ന് അമ്പലങ്ങളും പൊതു നിരത്തുകളും ദീപങ്ങളാൽ അലങ്കരിച്ചിരുന്നു. ഉത്സവത്തിന്റെ രണ്ടാം ദിവസം 'അമാവാസി' എന്നറിയപ്പെടുന്നു. വർഷത്തിലെ ഏറ്റവും ഇരുണ്ട രാത്രിയാണത്. ലക്ഷ്മീ ദേവീയെ ആരാധിക്കുക, മരിച്ചുപോയ പിതൃക്കൾക്കു ബലിയിടുക ഉപവാസം അനുഷ്ഠിക്കുക എന്നിവ ഈ ദിവസത്തിന്റെ പേത്യേകതകളാണ്.

**4. ഹോളി**

ഉത്തരേന്ത്യയിലും ബംഗാളിലും പശ്ചിമേന്ത്യയിലും വളരെ പ്രധാനപ്പെട്ട ഉത്സവമായ ' ഹോളി' ഫെബ്രുവരി മാസത്തിലെ വെളുത്ത വാവിലാണ് ആഘോഷിക്കുന്നത്. സുഹൃത്തുക്കളെ ചായം പൂശി സ്വീകരിക്കുന്നതും മധുരപലഹാരങ്ങൾ വിതരണം ചെയ്യുന്നതും ഈ ഉത്സവത്തിന്റെ പ്രത്യേകതകളാണ്. പ്രാചീനകാലം മുതലേയുള്ള ഉത്സവമാണിത്. ആദ്യകാലങ്ങളിൽ വിവാഹിതരായ സ്ത്രീകൾ തങ്ങളുടെ കുടുംബത്തിന്റെ ഐശ്വര്യത്തിനും നന്മയ്ക്കും സന്തോഷത്തിനും വേണ്ടി നടത്തിയിരുന്ന ആചാരമായിരുന്നു ഇത്. പുരാണ കഥകളനുസരിച്ച് ഈ ദിവസം മൂന്നു കാരണങ്ങളാൽ പ്രധാനപ്പെട്ടതാണ്. (1) ഈ ദിവസമാണ് ശിവൻ തന്റെ മൂന്നാം കണ്ണു തുറക്കുകയും കാമദേവനെ ചാരമാക്കുകയും ചെയ്തത്. (2) 'ഹിരണ്യകശിപു' എന്ന അസുരന്റെ സഹോദരിയായ ഹോളിക പ്രഹ്ലാദൻ എന്ന കൊച്ചു ഭക്തനെ കൊല്ലുവാനായി അവനെയുംകൊണ്ടു ചിതയിൽ ചാടി. എന്നാൽ ഹോളിക കത്തി നശിക്കുകയും പ്രഹ്ലാദൻ രക്ഷപ്പെടുകയും ചെയ്തു. (3) പ്രിത്യ എന്ന രാജ്യത്തിലെ കുട്ടികളെ ശല്യപ്പെടുത്തിക്കൊണ്ടിരുന്ന ഭൃന്തി എന്ന രാക്ഷസി ചില കുസൃതികളായ കുട്ടികളുടെ ബഹളം കേട്ടു ജീവൻ ഭയന്ന് ഓടിപ്പോയി. കുട്ടികളിലൂടെ ശിവനാണ് അവളെ ഓടിച്ചതെന്നു ഭക്തന്മാർ വിശ്വസിക്കുന്നു.

**5. ഓണം**

ചിങ്ങമാസത്തിൽ പൂർണ്ണചന്ദ്രൻ ശ്രാവണ നക്ഷത്രത്തിൽ സഞ്ചരിക്കുന്ന ദിനമാണ് കേരളത്തിന്റെ ദേശീയോത്സവവും കൂടിയായ ഓണം. ഓണാഘോഷത്തിനു നിദാനമായ ഒരു ഐതിഹ്യം നിലവിലുണ്ട്. പ്രജാക്ഷേമതത്പരനായ മഹാബലിരാജാവിന്റെ സദ്ഭരണത്തിൽ അസൂയപൂണ്ട ദേവന്മാരുടെ അപേക്ഷപ്രകാരം മഹാവിഷ്ണു വാമനനയി അവതരിച്ച് മഹാബലിയെ പാതാളത്തിലേക്കു ചവിട്ടിത്താഴ്ത്തി. മഹാബലിയുടെ അഭ്യർത്ഥന പരിഗണിച്ച് തന്റെ പ്രജകളെ കാണുവാനായി അദ്ദേഹത്തിന് ആണ്ടിൽ ഒരു ദിവസം നല്കി. ചിങ്ങമാസത്തിലെ തിരുവോണനാളിൽ മഹാബലി നാടു കാണാൻ എത്തുന്നു എന്നാണു സങ്കല്പം.

ചിങ്ങമാസത്തിലെ അത്തം നാളിൽ ഓണാഘോഷങ്ങൾ ആരംഭിക്കുന്നു. വീട്ടുമുറ്റത്തു പൂക്കളമൊരുക്കി ഓരോ ദിവസവും ഓരോ പുഷ്പ വലയം കൂട്ടിച്ചേർത്തു വികസിപ്പിക്കുന്നു. കൊയ്തെടുക്കുന്ന നെല്ലിന്റെ വിഹിതം 'വല്ലി'യായി പങ്കിട്ട് 'മാനുഷരെല്ലാരുമൊന്നുപോലെ' എന്നുപാടി, അണിയിച്ചിരുത്തിയ തൃക്കാക്കരയപ്പനു വിഭവങ്ങൾ വിളമ്പി, നാട്ടിൻപുറം നൃത്തത്തിൽ ലയിക്കുന്നു. കാരണവർ നല്കുന്ന ഓണ കാഴ്ചയും തിരുവോണനാളിലെ ഓണ സദ്യയും ഊഞ്ഞാലാട്ടവും തിരുവാതിരകളിയുമെല്ലാം ഈ കേരളോത്സവത്തിന്റെ പ്രത്യേകതകളാണ്. സ്ഥിതി സമത്വവും പ്രജാസന്തുഷ്ടിയും നിലനിർത്തിവന്ന ഒരു ഭരണകർത്താവ് 'മഹാബലി'യായിത്തീർന്നതിന്റെ ഓർമ്മ ഓണാഘോഷങ്ങൾ കേരളീയരിൽ ഉണർത്തുന്നു. ഇന്ന് ഓണം സമുദായ മൈത്രിയുടെ പുണ്യദിനമായിത്തീർന്നിട്ടുണ്ട്.

**6. ഗണേശ ചതുർത്ഥി**

ചിങ്ങമാസത്തിൽ വെളുത്തപക്ഷത്തിലെ നാലാം ദിവസമാണു ഗണേശ ചതുർത്ഥി ആഘോഷിക്കുന്നത്. വിനായക ചതുർത്ഥി എന്നും ഇതിനുപേരുണ്ട്. 'മറ്റാരും നായകനായിട്ടില്ലാത്ത ദേവൻ' എന്ന അർത്ഥത്തിലാണ് ഗണപതിയെ വിനായകൻ എന്നുവിളിക്കുന്നത്. ഗജമുഖമുള്ള ദേവന്റെ ജനനത്തെ അനുസ്മരിക്കുന്നതാണ് ഈ ഉത്സവം. അഗാധബുദ്ധിയുടേയും ദീർഘദൃഷ്ടിയുടേയും പ്രതീകമായ ഗണപതി തുമ്പിക്കൈയോടുകൂടിയ ഗജമുഖവും ഒറ്റകൊമ്പും വലിയ വയറുമുള്ള രൂപത്തിലാണ് ചിത്രീകരിക്കപ്പെടുന്നത്. ഗണപതിയുടെ ഉത്പത്തിയെക്കുറിച്ചു ഭിന്നാഭിപ്രായങ്ങൾ നിലനില്ക്കുന്നുണ്ടെങ്കിലും, ശിവന്റെയും പാർവ്വതിയുടെയും പുത്രനാണു ഗണപതി എന്നു പൊതുവേ കരുതപ്പെടുന്നു.





ഗണേശ ചതുർത്ഥിയോടുചേർന്ന് ക്ഷേത്രങ്ങളിൽ ഗണപതിപൂജ നടത്തുക പതിവാണ്. മോദക (കൊഴുക്കട്ട) മാണ് ഈ പൂജയിലെ പ്രധാന നൈവേദ്യം. ഉത്സവദിവസം ഭക്തജനങ്ങളുടെ ഭവനങ്ങളിൽ നിന്ന് ജൂജാ സമയത്ത് അർപ്പിക്കുന്ന നൈവേദ്യം ഗണപതി സ്വീകരിക്കുന്നുവെന്നാണു സങ്കല്പം. ഭക്തർ തങ്ങളുടെ ദേഹവും ദേഹിയും ഗണപതിഭഗവാനു സമർപ്പിക്കുന്നതിനെയാണ് ഇതു സൂചിപ്പിക്കുന്നത്. വിഘ്നേശ്വരനായ ഗണപതിഭഗവാൻ ജീവിതത്തിലെ എല്ലാവിധ തടസ്സങ്ങളും ബുദ്ധിമുട്ടുകളും നീക്കുമെന്ന വിശ്വാസം ഹിന്ദുക്കൾക്കുണ്ട്.

**7. കുംഭമേള**

മാഘമാസത്തിൽ നദികളിൽ നടത്തുന്ന പുണ്യസ്നാനവും അതിനോടു ബന്ധപ്പെട്ട ഉത്സവമാണു കുംഭമേള. അലഹബാദിലെ ത്രിവേണിയിലും ഹരിദ്വാറിലെ ഗംഗാനദിയിലും ഉജ്ജിയിനിലെ ക്ഷിപ്ര നദിയിലും നാസാക്കിലെ ഗോദാവരിയിലുമാണ്പുണ്യസ്നാനം നടത്തുന്നത്. ആദ്യകാലങ്ങളിൽ ഉർവരതാനുഷ്ഠാനമായി കുംഭത്തിൽ നിറച്ച വിത്ത് നദിയിൽ നനയക്കാൻ കൊണ്ടുവന്നിരുന്നു. ഇതിൽനിന്നാണ് പിൽക്കാലത്തു മേളയുണ്ടായത്. ഇന്ത്യയിൽ ഏറ്റവും അധികം ജനങ്ങൾ സമ്മേളിക്കുന്ന മതപരമായ ചടങ്ങ് കുംഭമേളയാണ്. എല്ലാ വർഷവും കുംഭമേള നടത്താറുണ്ടങ്കിലും മൂന്നു വർഷത്തിലൊരിക്കൽ നടത്തുന്ന മഹാകുംഭമേളയാണു പ്രധാനപ്പെട്ടത്. അതിലും പ്രാധാന്യം പന്ത്രണ്ടു വർഷത്തിലൊരിക്കൽ നടത്തുന്ന മേളയാണ്. കുംഭമേളയിൽ പങ്കെടുക്കുവാൻ വേണ്ടി നടത്തുന്ന തീർത്ഥയാത്ര ഏറ്റവുമധികം അനുഗ്രഹദായകമായിട്ടാണു ഹൈന്ദവർ കരുതുന്നത്. കഴിഞ്ഞ കാലങ്ങളിൽ വന്നുപോയിട്ടുള്ള വീഴ്ചകൾ എത്ര വലുതാണെങ്കിലും അനുപാതമുള്ള ഹൃദയത്തോടെ ഈ അവസരങ്ങളിൽ സ്നാനം ചെയ്താൽ ആത്മശുദ്ധി ലഭിക്കുകയും മോക്ഷപ്രാപ്തിക്ക് അർഹരാകുകയും ചെയ്യുമെന്ന് അവർ വിശ്വസിക്കുന്നു.

07

# ബുദ്ധമതം

## ആമുഖം

ക്രിസ്തുവിനുമുമ്പ് 6-ാം നൂറ്റാണ്ടിൽ ഭാരതത്തിൽ ജന്മമെടുത്ത ബുദ്ധ മതത്തിനാധാരം ഗൗതമ ബുദ്ധന്റെ ഉപദേശങ്ങളാണ്. ഇന്നു നിലവിലിരിക്കുന്ന രൂപത്തിലുള്ള വ്യവസ്ഥാപിത ബുദ്ധമതം അദ്ദേഹം സ്ഥാപിച്ചുവെന്നു പറയാനാവില്ല. ഹിന്ദുമതത്തിൽ അമിത സ്ഥാനം കൈക്കലാക്കിയിരുന്ന യജ്ഞങ്ങൾക്കെതിരേയും വൈരുദ്ധ്യങ്ങളായ അനുഷ്ഠാനവിധികൾക്കെതിരേയും അദ്ദേഹം നടത്തിയ പഠനങ്ങൾ ബുദ്ധമത സാന്മാർഗ്ഗിക തത്ത്വങ്ങൾക്കു രൂപംനല്കി. ഭാരതത്തിൽ ശോഷിച്ചുപോയെങ്കിലും ടിബറ്റ്, ശ്രീലങ്ക, ബർമ്മ, സയാം, ചൈന, കൊറിയ, ജപ്പാൻ, തുടങ്ങിയ രാജ്യങ്ങളിൽ ബുദ്ധമത്തതിനു ധാരാളം അനുയായികളുണ്ട്. 330 മില്ല്യൺ അംഗങ്ങളുള്ള ബുദ്ധമതത്തോട് പാശ്ചാത്യനാടുകളിലുള്ളവർക്ക് ഇന്നു താത്പര്യമേറിവരുകയാണ്. സിദ്ധാന്തങ്ങൾക്കും ബാഹ്യാനുഷ്ഠാനങ്ങൾക്കുമുപരി മനുഷ്യന്റെ ദൈനംദിനജീവിതത്തിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളെ പ്രാഥമികമായി ഗണിക്കുന്നതുകൊണ്ടും വ്യത്യസ്ത സംസ്കാരങ്ങളു





മായി ഇണങ്ങി ചേർന്നുപോകാൻ കഴിയുന്നതു കൊണ്ടുമാകാം ബുദ്ധമതത്തിന് ഇന്നു പ്രചുരപ്രചാരം ലഭിക്കുന്നത്.

## ബുദ്ധമത ചരിത്രം

### ശ്രീബുദ്ധൻ

ദക്ഷിണേന്ത്യയിലെ ഹിമാലയാടിവാരത്തിലുള്ള കപിലവസ്തുവിൽ ഒരു പ്രഭുകുടുംബത്തിലാണ് ശ്രീബുദ്ധനായിത്തീർന്ന സിദ്ധാർത്ഥന്റെ (ബി.സി. 563-483) ജനനം. ബാലനായ സിദ്ധാർത്ഥനെ ഏറ്റവുമധികം ചിന്തിപ്പിച്ചത് രോഗം, വാർദ്ധക്യം, മരണം എന്നീ വസ്തുക്കളാണ്. യുവാവായ സിദ്ധാർത്ഥൻ ലോകം മുവുവൻ നിറഞ്ഞുനില്ക്കുന്ന കഷ്ടതകൾക്കു കാരണമെന്താണെന്ന അന്വേഷണം ആരംഭിച്ച് അക്കാലത്തെ മതനേതാക്കന്മാരെയും പണ്ഡിതന്മാരെയും സമീപിച്ചു. പക്ഷേ അവർക്കൊന്നും അവനെ സമാശ്വസിപ്പിക്കുവാൻ കഴിഞ്ഞില്ല. അവസാനം, ഉറച്ച മനസ്സോടും തുറന്ന മനോഭാവത്തോടുംകൂടെ സിദ്ധാർത്ഥൻ തീവ്രധ്യാനത്തിൽ മുഴുകി. അതിന്റെ ഫലമായി അദ്ദേഹത്തിനു ബോധോദയം ഉണ്ടായി. ഈ ജ്ഞാനമാണ് ബുദ്ധമത തത്ത്വങ്ങളുടെ അടിസ്ഥാനമായിത്തീർന്നത്.

ഗൗതമൻ പുതിയ ഒരു ധർമ്മസ്ഥാപകനായ ബുദ്ധൻ ആയിത്തീരുമെന്ന് അസിതൻ എന്ന ജോത്സ്യൻ സിദ്ധാർത്ഥന്റെ ജനനകാലത്തുതന്നെ പ്രവചിച്ചിരുന്നു. മകൻ ഒരു ചക്രവർത്തിയായിത്തീരണമെന്നാഗ്രഹിച്ച അച്ഛൻ ശുദ്ധോദനനെ ഈ പ്രവചനം ഏറെ ദുഃഖിപ്പിച്ചു. ജനിച്ച് ഏഴാം ദിവസം അമ്മയായ മായാദേവി മരിച്ചുവെങ്കിലും അവളുടെ ഇളയസഹോദരി മഹാപ്രജാപതി സിദ്ധാർത്ഥനെ വളർത്തിക്കൊണ്ടുവന്നു. മനുഷ്യജീവിതത്തിലെ ദുഃഖദുരിതങ്ങളൊന്നും അറിയാതിരുന്നാൽ മകൻ ഗൃഹത്യാഗം ചെയ്യുകയോ മുനിയായിത്തീരുകയോ ചെയ്യുകയില്ലെന്നു കരുതിയ ശുദ്ധോദനൻ സംലഭ്യമായ എല്ലാ സുഖസൗകര്യങ്ങളും ആഡംബരങ്ങളും അനുഭവിക്കാൻ അവന് അവസരമൊരുക്കി. കാലാവസ്ഥയ്ക്കനുസരിച്ച് മാറിത്താമസിക്കാൻ മൂന്നു കൊട്ടാരങ്ങളും സഹവസിക്കാൻ അരോഗദൃഢഗാത്രരും സുന്ദരരുമായ യുവതിയുവാക്കളെയും സിദ്ധാർത്ഥനു നൽകി. 16-ാമത്തെ വയസ്സിൽ സുന്ദരിയും സുശീലയുമായ യശോധര എന്ന രാജകുമാരിയെ വിവാഹം കഴിപ്പിച്ചു. എന്നാൽ, ഇവയൊന്നും സിദ്ധാർത്ഥനെ സന്തോഷിപ്പിച്ചില്ല. മറിച്ച്, മൂന്ന് അവസരങ്ങളിലായി ഒരു വൃദ്ധനെയും രോഗിയെയും മൃതശരീരത്തെയും കാണാനിടയായ സിദ്ധാർത്ഥൻ ജീവിതത്തിൽ നേരിടേണ്ടിവരുന്ന അവസ്ഥകളെയും ജീവിതത്തിന്റെ തന്നെ ക്ഷണിക

തയെയും കുറിച്ചു മനസ്സിലാക്കി. ഈ അവസരത്തിലാണ് തല മുണ്ഡനം ചെയ്തു മഞ്ഞവസ്ത്രം ധരിച്ച പ്രശാന്തനായ ഒരു മുനി വര്യനെ കാണാനിടയായത്. അതുപോലെ ഒരു മുനിവര്യനാകാൻ സിദ്ധാർത്ഥൻ തീരുമാനിക്കുകയും 29-ാമത്തെ വയസ്സിൽ കൊട്ടാര ത്തിലെ സുഖസൗകര്യങ്ങളെല്ലാം വെടിഞ്ഞ് ഏകാന്തജീവിതത്തി ലേക്കു പ്രവേശിക്കുകയും ചെയ്തു.

ആളാരകലാമൻ, ഉദ്ദകരാമ പുത്രൻ എന്നീ ഗുരുക്കന്മാരുടെ അടുത്തു ശിക്ഷണം നേടിയെങ്കിലും മതിവരാതെ ഗയയ്ക്കടുത്തു ള്ള ഗുരുവേലത്തിൽ അഞ്ചു വർഷത്തോളം കഠിനമായ തപസ്സനു ഷ്ഠിച്ചു. എന്നാൽ, തപസ്സിന്റെ ഫലശൂന്യത മനസ്സിലാക്കിയ ഗൗത മൻ അവിടം വിട്ട്, ബുദ്ധഗയ എന്ന് ഇന്നറിയപ്പെടുന്ന സ്ഥലത്തെത്തി ധ്യാനമാർഗ്ഗം സ്വീകരിക്കുകയും ബോധിവൃക്ഷച്ചുവട്ടിൽ ധ്യാനത്തിൽ മുഴക്കുകയും ചെയ്തു. പ്രസ്തുത മാർഗ്ഗത്തിലൂടെ ഗൗതമന് ബോധോദയമുണ്ടാവുകയും എല്ലാ കഷ്ടതകളുടെയും മൂലകാരണം തൃഷ്ണയാണെന്നു തിരിച്ചറിയുകയും നിർവ്വാണം അനുഭവിക്കു കയും ചെയ്തു. ധർമ്മചക്രപ്രവർത്തനം എന്നറിയപ്പെടുന്ന തന്റെ ആദ്യ പ്രസംഗത്തിൽ ദുഃഖം, ദുഃഖസമുദായം, ദുഃഖനിരോധനം, ദുഃഖനിരോധനത്തിലുള്ള അഷ്ടാംഗമാർഗ്ഗം എന്നീ സത്യങ്ങളായി രുന്നു പ്രതിപാദ്യം. ആദ്യമായി ബുദ്ധ ഭിക്ഷുകളായിത്തീർന്ന് ബുദ്ധ സംഘത്തിനു തുടക്കം കുറിച്ചത് പ്രസ്തുത പ്രസംഗം ശ്രവിച്ച അഞ്ചു തപസ്വികളാണ്. അതിനുശേഷം ഉരുവേലം, മഗധ, കപില വസ്തു തുടങ്ങിയ സ്ഥലങ്ങളിലെ അനേകം ശ്രേഷ്ഠരും സാധാരണക്കാ രുമായ മനുഷ്യർ ബുദ്ധസംഘത്തിൽ ചേർന്നു. ഇവരിൽ മകൻ രാഹു ലൻ, മാതുലപുത്രന്മാരായ ആനന്ദൻ, അനിരുദ്ധൻ, ദേവദത്തൻ എന്നി വരുമുൾപ്പെടുന്നു. അങ്ങനെ നാല്പത്തിയഞ്ചു വർഷക്കാലം ബുദ്ധൻ ധർമ്മപ്രചാരണം നടത്തിക്കൊണ്ടു സഞ്ചരിച്ചു. മഗധ, കോസലം എന്നീ രാജ്യങ്ങളിലായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരുന്നത്.

80-ാമത്തെ വയസ്സിൽ തന്റെ ഇഹലോകവാസാവസാനമായെന്ന് ബുദ്ധൻ അറിയിച്ചു. ബേലുവയിൽവച്ചു രോഗം പിടിപെട്ടെങ്കിലും മരണം സംഭവിച്ചില്ല. തുടർന്നു പേവയിലേക്കും അവിടെനിന്നു കുശി നരയിലേക്കും പോയി. കുശിനരയിൽവച്ച് ആനന്ദൻ ഒരുക്കിയ കിട ക്കയിൽ കിടന്നാണ് അദ്ദേഹം മരിച്ചത്. 'എല്ലാ സങ്കരവസ്തു ക്കൾക്കും നാശം അനിവാര്യമാണ്. ജാഗ്രതയോടുകൂടി സ്വന്തം രക്ഷ യ്ക്കായി നിങ്ങൾ പ്രവർത്തിക്കുക' എന്നായിരുന്നു ബുദ്ധന്റെ അവ സാന വാക്കുകൾ.





## ബുദ്ധമതത്തിലെ അടിസ്ഥാന പ്രമാണങ്ങൾ

### 1. ചത്വാരി ആര്യസത്യാനി (ആര്യസത്യചതുഷ്ടയം)

സാധാരണയായി വികസിത മതങ്ങളിൽ കാണുന്നതുപോലെ ഈശ്വരൻ, പ്രപഞ്ചം, മനുഷ്യൻ, മരണം തുടങ്ങിയ അടിസ്ഥാന ചോദ്യങ്ങളെക്കുറിച്ചുള്ള തത്ത്വവിചാരം മനുഷ്യനു ദുഃഖത്തിൽനിന്ന് യഥാർത്ഥ മോചനം (Arhatship) നൽകുന്നില്ലെന്ന ചിന്തയായി രിക്കാം ഇത്തരം ദർശനങ്ങൾ രൂപപ്പെടാതിരുന്നതിന്റെ കാരണം. ജീവിതബന്ധിയായ സാന്മാർഗിക തത്ത്വങ്ങൾക്കാണ് ശ്രീബുദ്ധൻ പ്രാധാന്യം നൽകിയത്. ഇഹലോകജീവിതത്തിൽ മനുഷ്യനെ അലട്ടുന്ന ഏറ്റവും വലിയ പ്രശ്നമായ ദുഃഖത്തിൽനിന്നും ശാശ്വതമായ മോചനം നേടുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ദുഃഖത്തെ മനസ്സിലാക്കുക, അസംതൃപ്തി നിറഞ്ഞ ഇഹലോക ജീവിതത്തിൽനിന്നു മുക്തി പ്രാപിക്കാൻ മാർഗ്ഗം കണ്ടുപിടിക്കുക എന്നിവയാണ് മുഴുവൻ ബുദ്ധപഠനങ്ങളുടെയും സാരാംശം.

ദുഃഖത്തിന്റെ സ്വഭാവം, കാരണം, ചികിത്സ എന്നിവയെപ്പറ്റി വിദഗ്ദ്ധനായ ഭിഷഗ്വരനെപ്പോലെ സൂക്ഷ്മമായി ധ്യാനിച്ചറിഞ്ഞ സത്യങ്ങൾ ക്രോഡീകരിച്ചിട്ടുള്ളതാണ് ആര്യസത്യചതുഷ്ടയം. ദുഃഖം, ദുഃഖസമുദായം, ദുഃഖനിരോധനം, ദുഃഖനിരോധമാർഗ്ഗം എന്നിവയാണ് ഈ സത്യങ്ങൾ. അജ്ഞതയിൽനിന്നു പൂർണ്ണ ജ്ഞാനത്തിലേക്കുള്ള വളർച്ച ആര്യസത്യ ചതുഷ്ടയത്തിൽ അടങ്ങിയിരിക്കുന്നു.

**ദുഃഖം:** ബുദ്ധമതപ്രകാരം, യാഥാർത്ഥ്യബോധത്തോടെ ഈ ലോകത്തെ വീക്ഷിക്കുന്ന വ്യക്തിക്ക് ഇഹലോകജീവിതം ദുഃഖമയമാണ് എന്നു മനസ്സിലാകും. മനുഷ്യ ജീവിതത്തിലെ ഒരേയൊരുപ്രശ്നം ദുഃഖമാണ്. അറിയപ്പെടുന്നതും അറിയപ്പെടാ ത്തതുമായ മറ്റെല്ലാ പ്രശ്നങ്ങളും ദുഃഖത്തിൽ ചേർന്നിരിക്കുന്നു. ജനനം, വാർദ്ധക്യം, രോഗം, മരണം, വ്യഥ, ആശ, നിരാശ തുടങ്ങി ബന്ധത്തിൽനിന്നു ജനിക്കുന്ന എല്ലാം ദുഃഖം കലർന്നതാണ്. ബുദ്ധന്റെ അഭിപ്രായത്തിൽ, ലോകം സ്ഥാപിതമായിരിക്കു ന്നതുതന്നെ ദുഃഖത്തിന്മേലാണ്. ഒന്നിനും ദുഃഖസത്യത്തിൽ നിന്ന് ഒഴിവില്ല. ഇതു സാർവ്വത്രിക സത്യമാണ്. അവിവേകികൾക്കു മാത്രമാണ് ജീവിതം സന്തോഷപ്രദമായി തോന്നുന്നത്.

ദുഃഖത്തിനു മൂന്നു തലങ്ങളുണ്ടെന്ന് ബുദ്ധമതം പറയുന്നു. ദുഃഖ ദുഃഖാത്ത, സങ്കരദുഃഖാത്ത, വിപരിണാമദുഃഖാത്ത. ജനനം, വാർദ്ധക്യം, മരണം, രോഗം, വേർപാട്, നിരാശ തുചങ്ങി

ദൈനംദിന ജീവിതത്തിൽ അനുഭവപ്പെടുന്ന ദുഃഖങ്ങളുടെ ഗണമാണു ദുഃഖദുഃഖാത്ത. ഇന്ദ്രിയങ്ങളുടെ പ്രവർത്തനങ്ങൾവഴി ഉണ്ടാകുന്ന ദുഃഖത്തെ സങ്കരദുഃഖാത്ത എന്നു വിളിക്കുന്നു. വസ്തുക്കളുടെയോ വികാരങ്ങളുടെയോ ക്ഷണികതയിൽനിന്നു ണ്ടാകുന്ന ദുഃഖത്തെയാണ് വിപരിണാമദുഃഖാത്ത എന്നു വിളിക്കുന്നത്.

**ദുഃഖനിരോധമാർഗ്ഗം:** നാലാമത ആര്യസത്യം ദുഃഖനിരോധനത്തി നുള്ള മാർഗ്ഗത്തെക്കുറിച്ചു പ്രതിപാദിക്കുന്നു. ബുദ്ധൻ നിർദ്ദേശിക്കുന്ന ദുഃഖനിരോധന മാർഗ്ഗം എട്ട് ഉപായങ്ങൾ ഉൾക്കൊ ള്ളുന്നു. അതിനാൽ ഈ മാർഗ്ഗത്തെ അഷ്ടാംഗികമാർഗ്ഗംഎന്നു വിളിക്കുന്നുണ്ട്. ഇതു ബുദ്ധമത സന്മാർഗശാസ്ത്രത്തിന്റെ സംക്ഷിപ്താവിഷ്കരണമാണ്.

**a.സമ്യക്ദൃഷ്ടി (Right View):** ലോകത്തെയും ആത്മാവിനെയും കുറിച്ചുള്ള മിഥ്യാധാരണയാണു ദുഃഖത്തിന്റെ മൂലകാരണം. ആയതിനാൽ ദുഃഖനിരോധനത്തിനുള്ള ഒന്നാമത്തെ ഉപായം സത്യത്തെക്കുറിച്ചുശരിയായ ജ്ഞാനം സമ്പാദിക്കുക എന്നതാണ്. ആര്യസത്യ ചതുഷ്ടയത്തെക്കുറിച്ചുള്ള ശരിയായ അറിവാണു സമ്യക്ദൃഷ്ടി. ഇതു സൈദ്ധാന്തികമായ അറിവല്ല. ധാർമ്മിക നവോത്ഥാനത്തിലേക്കും നിർവ്വാണത്തിലേക്കും നയിക്കുന്ന അറിവാണത്.

**b.സമ്യക് സങ്കല്പം (Right Resolve):** സത്യത്തെക്കുറിച്ചുള്ള ശരിയായ ജ്ഞാനം ജീവിത നവീകരണത്തിനു കാരണമാകണം. രാഗദ്വേഷാദികളിൽനിന്നു വിമുക്തനായി ലോകത്തോടുള്ള മൈത്രി ഉപേക്ഷിച്ച് വളർന്നു വരുവാനുള്ള തീരുമാനമാണ് സമ്യക് സങ്കല്പം.

**c.സമ്യക് വാക്ക് (Right Speech):** ധ്യാനാത്മക ജീവിതത്തിലേക്കു പ്രവേശിക്കുന്നതിനുമുമ്പ് ഒരു വ്യക്തി വേദനിപ്പിക്കുന്നതും നിരർത്ഥകവുമായ വാക്കുകളുടെ പ്രയോഗം നിഹനിക്കണം. ഈ ആദർശമാണ് ബുദ്ധൻ സമ്യക് വാക്ക് എന്നതുകൊണ്ട് ഉദ്ദേശിച്ചി രിക്കുന്നത്. സത്യഭാഷണം, സദുപദേശം തുടങ്ങിയവയാൽ നന്മയ്ക്കുവേണ്ടി മാത്രം വാക്കുകൾ ഉപയോഗിക്കുന്നതാണിത്. തന്മൂലം മിഥ്യാഭാഷണം, ഏഷണി, വേദനിപ്പിക്കുന്ന വാക്കുകൾ എന്നിവ ഇവിടെ നിരോധിക്കപ്പെട്ടിരിക്കുന്നു.

**d. സമ്യക് കർമ്മം (Right conduct):** വാക്കുകളുടെ ശരിയായ നിയന്ത്രണത്തോടൊപ്പം കർമ്മങ്ങളും ശുദ്ധമാകണം. തെറ്റായ





കർമ്മങ്ങളിൽ നിന്നുള്ള വിടുതലാണ് സമ്യക് കർമ്മം. ഇതു ബുദ്ധമത ജീവിതശൈലിയുടെ അടിസ്ഥാന തത്ത്വങ്ങളായ പഞ്ചശീലങ്ങൾ ഉൾക്കൊള്ളുന്നു. ഹിംസ, മോഷണം, വ്യഭിചാരം, നുണ, ലഹരിവസ്തുക്കളുടെ ഉപയോഗം എന്നിവയിൽനിന്നുള്ള മോചനമാണ് ഇവിടെ വിവക്ഷിച്ചിരിക്കന്നത്. കർമ്മങ്ങളിൽ ന്യായവും ധർമ്മവും ദീക്ഷിക്കണം. ഉദ്ദേശശുദ്ധിയോടുകൂടിയേ കർമ്മങ്ങൾ അനുഷ്ടിക്കാവൂ.

**e.സമ്യഗാജീവം (Right Livelihood):** ഉപജീവനത്തിനുപോലും സത്യസന്ധത ഇല്ലാത്ത മാർഗ്ഗങ്ങൾ ഉപയോഗിക്കരുതെന്നു ബുദ്ധൻ നിർദ്ദേശിക്കുന്നു. മദ്യവില്പന, ആയുധനിർമ്മാണം, തുടങ്ങി മനുഷ്യാന്തസ്സിനു കളങ്കം വരുത്തുന്ന എല്ലാ പ്രവൃത്തികളും വർജ്ജിക്കേണ്ടതാണ്. ദുഃഖനിരോധത്തെ ലക്ഷ്യം വച്ചിടുന്നതിനാൽ ജീവികൾക്കു ദുഃഖം വരുത്തിവയ്ക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതു യുക്തിസഹമല്ല. താൻ വേദനയനുഭവിച്ചാലും മറ്റുള്ളവരെ വേദനിപ്പിക്കരുത് എന്ന തത്ത്വമാണ് ഇവിടെ അന്തർലീന മായിരിക്കുന്നത്.

**f.സമ്യക് വ്യായാമം (Right Effort):** മനസ്സിന്റെ നിയന്ത്രണ ത്തെയാണ് ഇവിടെ വിവക്ഷിക്കുന്നത്. ജീവിതനവീകരണത്തിനു ശ്രമിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയെ ഭൂത-വർത്തമാനകാല വിചാരങ്ങൾ സ്വാധീനിക്കുന്നു. ആത്മനിയന്ത്രണത്തിലൂടെ തെറ്റായ വിചാരങ്ങളെ ഉന്മൂലനം ചെയ്താൽ മാത്രമേ നിർവ്വാണം പ്രാപിക്കാൻ സാധിക്കൂ. ദുർവിചാരങ്ങളെ നിസ്സേഷം നിഹനിച്ച് വീണ്ടും അവയ്ക്കു മനസ്സിൽ ഇടം നൽകാതെ സത്ചിന്തകളെ ഉണർത്തി പോഷിപ്പിക്കുന്ന മാനസ്സിക പ്രയത്നങ്ങളുടെ സമുച്ചയമാണു സമ്യക് വ്യായാമം. ആദ്ധ്യാത്മിക സോപാന ത്തിലെത്തി നിൽക്കുന്ന വ്യക്തി അൽപസമയത്തേക്ക് ആത്മ നിയന്ത്രണത്തിൽനിന്നു വിട്ടു നിൽക്കുന്നതുപോലും ധാർമ്മി കാധഃപതനത്തിനു കാരണമാകും.

**g.സമ്യക് സ്മൃതി (Right Mindfulness):** ശരീരം ദുഃഖഹേതുക്ക ളായ അശുദ്ധ പദാർത്ഥ നിർവീതങ്ങളാണെന്ന് ആലോചിക്കുക, മനസ്സിനെ നിരീക്ഷിക്കുക, ഇന്ദ്രിയങ്ങൾ, ഇന്ദ്രിയ വിഷയങ്ങൾ എന്നിവയിൽനിന്നുള്ള ബന്ധത്തെക്കുറിച്ചും ആ ബന്ധങ്ങളിൽ നിന്നുള്ള മോചനത്തെക്കുറിച്ചും സ്മരിക്കുക എന്നിവ ചേർന്നതാണ് സമ്യക് സ്മൃതി. ബാഹ്യവസ്തുക്കളെ വ്യക്തിയോടു സംബന്ധ മില്ലാത്ത വെറും ബാഹ്യവസ്തുക്കളായി മാത്രം കാണാൻ പരിശീലിപ്പിക്കുന്ന പ്രക്രിയയാണത്.

**h. സമ്യക് സമാധി (Right Concentration):** മനസ്സിന്റെ ഏകാഗ്രതയാണ് ഇവിടെ നിർദ്ദേശിച്ചിരിക്കുന്നത്. ഏഴു ഘട്ടങ്ങൾ പിന്നിട്ട്, ദുർവിചാരങ്ങളിൽനിന്നും വികാരങ്ങളിൽനിന്നും സ്വതന്ത്രനായി സാധകൻ ആഴമേറിയ ഏകാഗ്രതയിലേക്കു പ്രവേശിക്കുന്നു. ഇതിനു നാലു ഘട്ടങ്ങളുണ്ട്. ആദ്യഘട്ടത്തിൽ സാധകൻ മനസ്സിനെ സത്യത്തിൽ കേന്ദ്രീകരിക്കുന്നു. തീവ്രധ്യാനത്തിന്റെ ഈ പടിയിൽ യോഗി ആനന്ദമനുഭവിക്കുന്നു. ആദ്യഘട്ടം വിജയകരമായി പൂർത്തിയാക്കുമ്പോൾ സംശയങ്ങളെല്ലാം നിവാരണം ചെയ്യപ്പെട്ട് ആര്യത്യങ്ങളെക്കുറിച്ച് ആഴമേറിയ അവബോധം ലഭിക്കുന്നു. അതുകൊണ്ടു രണ്ടാം ഘട്ടത്തിൽ സത്യാന്വേഷണം ആവശ്യമായി വരുന്നില്ല. ഈ ഘട്ടത്തിൽ ആന്തരിക ശാന്തിയിൽ സന്തോഷം അനുഭവപ്പെടുകയും അതിനെക്കുറിച്ചുള്ള അവബോധം സാധകനിൽ നിലനിൽക്കുകയും ചെയ്യുന്നു. എന്നാൽ മൂന്നാമത്തെ ഘട്ടത്തിൽ സാധകൻ ഈ അനുഭവത്തോടുപോലും നിസ്സംഗത പുലർത്താൻ ശ്രമിക്കുന്നു. എങ്കിലും, താൻ അനുഭവിക്കുന്ന പൂർണ്ണസമചിത്തതയെയും ശാരീരിക സ്വസ്ഥതയെയുംകുറിച്ച് ഇപ്പോഴും സാധകന് അവബോധമുണ്ട്. അതിനാൽ നാലാമത്തെ ഘട്ടത്തിൽ ഈ അവബോധത്തെപ്പോലും നിരാകരിച്ച് പരിപൂർണ്ണ നിസ്സംഗത കൈവരിക്കാൻ ശ്രമിക്കണം. ഈ ശ്രമം സഫലമാകുമ്പോഴാണ് സാധകൻ നിർവ്വാണം പ്രാപിക്കുന്നത്. അതോടെ എല്ലാ അനുഭവങ്ങളിൽനിന്നും വിമുക്തനാവുകയും ചെയ്യുന്നു.

അഷ്ടാഗമാർഗ്ഗത്തെ മൂന്നായി തിരിച്ചിട്ടുണ്ട് : സാന്മാർഗ്ഗികതലം, ചിത്തതലം, ജ്ഞാനതലം എന്നിവയാണവ. സമ്യക് ദൃഷ്ടി, സമ്യക്സങ്കൽപം, സമ്യക് വാക്ക് എന്നിവ സാന്മാർഗ്ഗിക തലത്തിൽപ്പെടുന്നു. ഇവ ആർക്കും പ്രാവർത്തികമാക്കാവുന്നതാണ്. സമ്യക് കർമ്മം, സമൃഗാജീവം, സമ്യക് വ്യായാമം എന്നിവ ചിത്തതലത്തിൽപ്പെടുന്നു. സമ്യക്സമൃതി, സമയക്സമാധി എന്നിവ കൂടിച്ചേർന്നതാണു ജ്ഞാനതലം. ആര്യസത്യചതുഷ്ടയത്തിൽ ആദ്യത്തെ മൂന്നു സത്യങ്ങൽ ബുദ്ധികൊണ്ടു ഗ്രഹിക്കേണ്ടവയാണ്. അവ ജ്ഞാനമാർഗ്ഗങ്ങളാണ്. നാലാമത്തെ ആര്യ സത്യം പ്രായോഗികമായ കർമ്മപരിപാടിയാണ്. ഇതിനെ കർമ്മമാർഗ്ഗം എന്നുവിളിക്കുന്നു. ജ്ഞാനമാർഗ്ഗത്തെയും കർമ്മമാർഗ്ഗത്തെയും സമ്യക്കായി സമ്മേളിപ്പിച്ചിരിക്കുന്നുവെന്നുള്ളതാണ് ബുദ്ധദർശനത്തിൽ നാം കാണുന്ന പ്രത്യേകത.

**ആര്യസത്യചതുഷ്ടയത്തിന്റെ അടിസ്ഥാന സിദ്ധാന്തങ്ങൾ:** ദുഃഖത്തിൽ നിന്നു മോചനം പ്രാപിക്കാൻ ശ്രീബുദ്ധൻ നൽകുന്ന നിർദ്ദേശങ്ങളാണല്ലോ ആര്യസത്യചതുഷ്ടയത്തിൽ നാം കണ്ടത്. ഈ പഠനങ്ങൾക്ക് ആധാരമായി നിൽക്കുന്ന സിദ്ധാന്തങ്ങളാണ് താഴെ വിവരിചചിരിക്കുന്നത്.

**പ്രതീത്യസമുദ്പാദം:** ബുദ്ധമതത്തിന്റെ മുഖ്യ പ്രബോധനമായി പ്രതീത്യസമുദ്പാദം കണക്കാക്കാവുന്നതാണ്. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും അസ്തിത്വം അവയുടെ കാരണങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. ഈ പ്രപഞ്ചത്തിലെ യാതൊന്നും അകാരണമായി ഉരുവാകുന്നില്ലെന്നർത്ഥം. ഇപ്രകാരം പ്രപഞ്ചത്തിലെ ഭൗതികവും മാനസികവുമായ എല്ലാ പ്രതിഭാസങ്ങളെയും നിയന്ത്രിക്കുന്ന സ്വാഭാവിക സാർവ്വത്രിക കാര്യ-കാരണ നിയമ (Spontaneous and universal law of causation) ത്തെയാണ് പ്രതീത്യസമുദ്പാദം എന്നു വിളിക്കുന്നത്. ശ്രീബുദ്ധന്റെ അഭിപ്രായത്തിൽ ഈ കാഴ്ചപ്പാട് ചില യാഥാർത്ഥ്യങ്ങൾ നിയന്ത്രണാതീതമായി, നിത്യമായി നിലനിൽക്കുന്നു (Eternalism) എന്ന വീക്ഷണത്തെയും ചില വസ്തുക്കൾ പൂർണ്ണമായും നശിച്ചുപോവുന്നു (Nihilism) എന്ന എതിർ വീക്ഷണത്തെയും സമന്വയിപ്പിക്കുന്നു. പ്രതീത്യസമുദ്പാദം അനുസരിച്ചാണ് മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള ജീവിതത്തിലെ 12 കണ്ണികളെ (Twelve consecutive links) ശ്രീബുദ്ധൻ ക്രമീകരിച്ചിരിക്കുന്നത്. പ്രതീത്യസമുദ്പാദം ശരിയായി ഗ്രഹിക്കാത്തതാണ് ഈ ലോകത്തിലെ പ്രശ്നങ്ങളുടെയെല്ലാം തന്നെ കാരണമെന്നാണ് ബുദ്ധന്റെ അഭിപ്രായം.

**ക്ഷണികവാദം:** എല്ലാ വസ്തുക്കളും ആപേക്ഷികമാണ്, മാറ്റത്തിനും നാശത്തിനും വിധേയമാണ്, ഒരു പ്രത്യേക സാഹചര്യത്തിൽ ഉരുവാകുന്ന വസ്തു അത് ഉരുവാകുന്ന സാഹചര്യം ഇല്ലാതെയാവുമ്പോൾ നശിക്കുന്നു, തുടക്കമുള്ളതിനെല്ലാം ഒടുക്കവുമുണ്ട്, എന്നിങ്ങനെ പ്രാപഞ്ചിക വസ്തുക്കളുടെ അസ്ഥിരതയെപ്പറ്റിയുള്ള ശ്രീബുദ്ധന്റെ അഭിപ്രായങ്ങളാണ് ക്ഷണികവാദത്തിലൂടെ വെളിപ്പെടുന്നത്.

അദ്ദേഹത്തിന്റെ അനുയായികൾ ഈ പഠനത്തെ കൂടുതൽ വിപുലമാക്കി. പ്രാപഞ്ചിക വസ്തുക്കൾ ആപേക്ഷികമായതിനാൽ അസ്ഥിരമാണെന്നു മാത്രമല്ല അവയൊക്കെ ഒരു നിമിഷത്തിൽ കൂടുതൽ സമയം നിലനിൽക്കുന്നുമില്ല എന്നുകൂടി അവർ വാദിച്ചു. ഈ പ്രബോധനം മനസ്സിലക്കുന്നതിനായി ഒരുദാഹരണമെടുക്കാം. ഒരു വസ്തു നിലനിൽക്കുന്നുവെന്നതിന്റെ മാനദണ്ഡം ഫലം പുറപ്പെടുവിക്കുവാനുള്ള അതിന്റെ കഴിവാണ്. ഒരു വിത്തിന്റെ

കാര്യമെടുക്കുക. വിത്ത് ഒരു നിമിഷത്തിലധികം സമയം നിലനിൽക്കുന്നുവെങ്കിൽ നിലനിൽക്കുന്ന ഓരോ നിമിഷത്തിലും പ്രത്യേകം ഫലമുളവാക്കാൻ അതിനു സാധിക്കണം. പക്ഷേ കാര്യങ്ങൾ അങ്ങനെയല്ലെന്നു നമുക്കറിയാം. വീട്ടിലെ പത്തായത്തിൽ സൂക്ഷിച്ചിരിക്കുന്ന വിത്ത് മുള പുറപ്പെടുവിക്കുന്നില്ല. അതു വിളനിലത്തു വിതച്ചുകഴിയുമ്പോഴാണ് മുളപൊട്ടുക. അങ്ങനെയെങ്കിൽ പത്തായത്തിലിരുന്ന വിത്തും വിതയ്ക്കപ്പെട്ട വിത്തും വ്യത്യസ്തമാണെന്നു വരുന്നു. കാരണം അവ ഒരേ ഫലമല്ലല്ലോ പുറപ്പെടുവിക്കുന്നത്. ഇതിനു വിപരീതമായി, പത്തായത്തിലിരുന്ന വിത്തിന് മുള പുറപ്പെടുവിക്കാനുള്ള കഴിവുണ്ടായിരുന്നുവെന്നും ആ കഴിവ് മണ്ണും ജലവും പോലെയുള്ള അനുകൂല സാഹചര്യങ്ങളിൽ യാഥാർത്ഥ്യമാവുക മാത്രമേ ചെയ്തുള്ളൂവെന്നും അതുകൊണ്ട് പത്തായത്തിലിരുന്ന വിത്തും വിതയ്ക്കപ്പെട്ടവിത്തും ഒന്നുതന്നെയാണെന്നും ചിലർ വാദിച്ചേക്കാം. എന്നാൽ ക്ഷണികവാദാനുഭാവികളുടെ അഭിപ്രായത്തിൽ ഈ വാദം ദുർബലമാണ്. കാരണം ആദ്യമുണ്ടായിരുന്ന അവസ്ഥ വിത്തിനു മുള പുറപ്പെടുവിക്കാൻ കാരണമായില്ല. പുതിയ സാഹചര്യത്തിൽ വിത്തിനു വന്ന മാറ്റമാണ് മുളപൊട്ടുവാൻ ഹേതുവായത്. അതിനാൽ വിത്തിനു സംഭവിച്ച മാറ്റം നാം അംഗീകരിച്ചേ പറ്റൂ. ഇതുപോലെ എല്ലാ വസ്തുക്കളും ഓരോ നിമിഷത്തിലും മാറ്റത്തിനു വിധേയമാണ്. കാരണം ആനിമിഷങ്ങളിലെല്ലാം അവ ഒരേ ഫലമല്ല പുറപ്പെടുവിക്കുന്നത്. അതിനാൽ ഒരു വസ്തു അതേ നിലയിൽ ഒരുനിമിഷം മാത്രമേ നിലനിൽക്കുന്നുള്ളൂ.

**അനാത്മവാദം:** മാറ്റത്തിന്റെ നിയമം സാർവ്വത്രികമാണ്. മനുഷ്യനായാലും മൃഗമായാലും സചേതനങ്ങളായാലും അചേതനങ്ങളായാലും എല്ലാം ഈ നിയമത്തിനു വിധേയമാണ്. ആത്മാവിനെ സംബന്ധിച്ചിടത്തോളം ഈ നിയമം ബാധകമല്ലെന്നും അത് അനശ്വരമായി നിലനിൽക്കുന്നുവെന്നുമുള്ള ധാരണയുണ്ട്. എന്നാൽ ബുദ്ധൻ തന്റെ പ്രതീത്യസമുദ്പാദത്തിലൂടെയും മാറ്റത്തിന്റെ സാർവ്വത്രിക നിയമത്തിലൂടെയും പരിണാമ വിധേയമല്ലാത്തതും അനശ്വരവുമായ ആത്മാവിന്റെ നിലനിൽപിനെ നിരാകരിക്കുന്നു.

ആത്മാവിനു നിത്യതയില്ലെങ്കിൽ എങ്ങനെയാണു ബുദ്ധവീക്ഷണം തലമുറകളെ തമ്മിൽ ബന്ധിപ്പിക്കുക എന്നു ചോദിച്ചേക്കാം. അതുമല്ലെങ്കിൽ ബാല്യം, കൗമാരം, യൗവനം, വാർദ്ധക്യം തുടങ്ങി ഒരു വ്യക്തിയുടെ വ്യത്യസ്താവസ്ഥകളെ





തമ്മിൽ എങ്ങനെയാണു ബന്ധിപ്പിക്കുക എന്നും ചിന്തിച്ചേക്കാം. നിത്യനായ ആത്മാവ് എന്ന സങ്കൽപം നിഷേധിക്കുന്നുവെങ്കിലും ജീവിതത്തെ രൂപീകരിക്കുന്ന തുടർച്ചയായ അവസ്ഥാന്തരങ്ങളെ ബുദ്ധമതം അംഗീകരിക്കുന്നു. ജീവിതം ഇടമുറിയാത്ത അവസ്ഥകളുടെ പ്രവാഹമാണ്. ഓരോ അവസ്ഥയ്ക്കും അതിന്റേതായ കാരണങ്ങളും സാഹചര്യങ്ങളുമുണ്ട്. ഒരവസ്ഥ മറ്റൊന്നിനു കാരണമാവുന്നു. അങ്ങനെ ജീവിതം കാരണങ്ങളാകുന്ന കണ്ണികൾ കോർക്കുന്ന ഒരു ചങ്ങലയാണ്.

ഈ തുടർച്ച മനസ്സിലാക്കാൻ ബുദ്ധാനുയായികൾ രാത്രി മുഴുവൻ കത്തിനിൽക്കുന്ന ഒരു വിളക്കിന്റെ ഉദാഹരണം എടുത്തു കാട്ടാറുണ്ട്. ഓരോ നിമിഷവും തീനാളത്തിന്റെ (flame) നിലനിൽപ് അതിന്റെ നിയന്ത്രിത സാഹചര്യത്തെ ആശ്രയിച്ചാണിരിക്കുന്നത്. ഒരു നിമിഷത്തിലെ തീനാളം മറ്റൊരു നിമിഷത്തേതിൽനിന്നു തികച്ചും ഭിന്നമാണ്. എങ്കിലും ഓരോ നിമിഷത്തിലെയും തീനാളങ്ങൾ തമ്മിൽ ഇടമുറിയാത്ത ബന്ധമുണ്ട്. ഒരു നിമിഷത്തെ തീനാളത്തിന് അതിനുമുമ്പുണ്ടായിരുന്ന തീ നാളത്തിൽനിന്ന് ജ്വാല (light) ലഭിക്കുന്നതിനാൽ ഓരോനിമിഷത്തിലെയും തീനാളങ്ങൾ തമ്മിൽ വ്യത്യാസമുണ്ടെങ്കിലും അവ തമ്മിലുള്ള ഇടമുറിയാത്ത തുടർച്ച പ്രകടമാണ്. അതിനാൽ ശ്രീബുദ്ധന്റെ വീക്ഷണത്തിൽ പുനർജന്മം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഒരേ ആത്മാവ് ഒന്നിനു പുറകേ ഒന്നായി പുതിയ ശരീരങ്ങൾ സ്വീകരിക്കുന്നു എന്നല്ല; മറിച്ച് അടുത്ത ജനമത്തോട് ഇപ്പോഴത്തെ ജീവിതാവസ്ഥ, കാര്യം കാരണത്തോട് എന്നപോലെ ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ്. അങ്ങനെ ആത്മാവ് എന്ന സങ്കൽപത്തിനു പകരം ഇടമുറിയാത്ത അവബോധാവസ്ഥകളുടെ അനുസ്യൂതമായ പ്രവാഹത്തെ ബുദ്ധാനുയായികൾ എടുത്തുകാണിക്കുന്നു.

ബുദ്ധസങ്കൽപപ്രകാരം മനുഷ്യയാഥാർത്ഥ്യം മൂലസ്കന്ദങ്ങളായ ഭൗതിക ശരീരത്തിന്റെയും അമൂർത്ത ചിത്തത്തിന്റെയും അരൂപമായ പ്രജ്ഞയുടെയും സമുച്ചയമാണ്. ഇവയുടെ വേർപിരിയൽ മനുഷ്യാസ്തിത്വത്തെ ഇല്ലാതാക്കു്നു. ആത്മാവ് അല്ലെങ്കിൽ അഹം എന്നൊക്കെപ്പറയുന്നത് ഈ കൂടിച്ചേരലല്ലാതെ മറ്റൊന്നുമല്ല.

**കർമ്മഫല സിദ്ധാന്തം (The Theory of Karma):** പ്രതീത്യസമുദ്പാദ സിദ്ധാന്തത്തിന്റെ ഒരു വശം മാത്രമാണ് ഈ പ്രബോധനം. ഈ സിദ്ധാന്തമനുസരിച്ച് ഒരു വ്യക്തിയുടെ വർത്തമാന കാലാവസ്ഥ അയാളുടെ ഭൂതകാല ചെയ്തികളുടെ ഫലമായിട്ടുള്ളതാണ്. അതുപോലെ അയാളുടെ ഭാവികാലം വർത്തമാനകാല

ചെയ്തികളെ ആശ്രയിച്ചിരിക്കുന്നു. മനുഷ്യജീവിതത്തിലെ സുഖദുഃഖങ്ങളെ മനസ്സിലാക്കാൻ ഈ സിദ്ധാന്തം വളരെ ഉപകരിക്കുമെന്ന് ബുദ്ധമതക്കാർ വിശ്വസിക്കുന്നു.

### ബുദ്ധമത വിഭാഗങ്ങൾ

ഹീനയാനം, മഹായാനം എന്നിങ്ങനെ ബുദ്ധമതത്തെ രണ്ടായി തിരിച്ചിരിക്കുന്നു. ഹീനയാനത്തെ വടക്കൻ ബുദ്ധമതമെന്നും മഹായാനത്തെ തെക്കൻ ബുദ്ധമതമെന്നും വിളിക്കുന്നുണ്ട്. മഹായാനം വടക്കൻ രാജ്യങ്ങളായ ചൈന, ടിബറ്റ്, നേപ്പാൾ എന്നിവിടങ്ങളിലാണ് കൂടുതൽ പ്രചാരത്തിലായതെങ്കിലും ഇതിന്റെ ഉത്ഭവം തെക്കാണ്. ഹീനയാനം വടക്ക് ഉത്ഭവിച്ച് അവിടെത്തന്നെ വളർന്നുവന്നു. അശോകചക്രവർത്തിയുടെ കാലത്താണ് സിലോൺ, ബർമ, സയാം (Siam) തുടങ്ങിയ രാജ്യങ്ങളിലേക്ക് ഇതു വ്യാപിച്ചത്.

#### 1. ഹീനയാനം

ബുദ്ധൻ ഉപദേശിച്ച സിദ്ധാന്തങ്ങൾ അതേപടി അംഗീകരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണു തങ്ങളെന്ന് ഹീനയാനക്കാർ അവകാശപ്പെടുന്നു. ഹീനയാന ബുദ്ധമതത്തിന്റെ അഭിപ്രായത്തിൽ എല്ലാ വസ്തുക്കളും ക്ഷണികങ്ങളാണ്. നിർവ്വാണത്തിനുശേഷം എന്തു സംഭവിക്കുന്നുവെന്നതിനെക്കുറിച്ച് ഇവർ മൗനം പാലിക്കുന്നു. ജൈനമതക്കാരെപ്പോലെ ഇവരും ദൈവവിശ്വാസമില്ലാത്തവരാണെങ്കില്ലും ചാർവ്വാക (Charvaka) ന്മാരിൽനിന്നു വ്യത്യസ്തമായി ഇവർ സാന്മാർഗ്ഗിക മൂല്യങ്ങൾക്ക് ഊന്നൽ നൽകുന്നുണ്ട്. ലോകത്തിൽ സാർവ്വത്രികമായി കാണുന്ന നിയമത്തെ ഇവർ 'ധർമ്മ' എന്നു വിളിക്കുകയും അതിനു ദൈവത്തിന്റെ സ്ഥാനം നൽകുകയും ചെയ്യുന്നു. ഇഹലോകത്ത് ആത്മനിയന്ത്രണംകൊണ്ടു നേടാവുന്ന നിർവ്വാണത്തിനു പ്രകൃത്യതീതമായ ഒരു ദിവ്യശക്തിയുടെ സഹായം ആവശ്യമില്ലെന്ന് അവർ വിശ്വസിക്കുന്നു.

ഹീനയാനക്കാരുടെ വീക്ഷണത്തിൽ ഒരു വ്യക്തിയുടെ ജീവിതലക്ഷ്യം അർഹത (എല്ലാ ദുഃഖങ്ങളിൽനിന്നും വിടുതൽ പ്രാപിക്കുന്ന അവസ്ഥ)യാണ്. ഈ ആത്യന്തിക ലക്ഷ്യം ഓരോരുത്തരും സ്വപരിശ്രമത്താൽ നേടിയെടുക്കേണ്ടതാണ്. ബുദ്ധന്റെ അവസാന വാക്കുകളിൽ ഈ ആശയം സൂചിപ്പിക്കുന്നുണ്ട് : "പല ഘടകങ്ങളാൽ രൂപീകൃതമായ എല്ലാ വസ്തുക്കൾക്കും നാശമുണ്ട്, ബോധപൂർവ്വം മോചനത്തിനായി





പരിശ്രമിക്കുക." ബുദ്ധൻ നിർദ്ദേശിച്ച മാർഗ്ഗങ്ങൾ പിൻതുടരുന്നതു വഴി ഒരു വ്യക്തിക്ക് ഈ ലോകത്തിലോ വരും ലോകത്തിലോ മോചനം നേടാനാവുമെന്നും ഇവർ കരുതുന്നു. ഹീനയാനക്കാർ ഒരു 'അർഹതി'നോട് മൂന്നു വ്രതങ്ങൾ എടുക്കാൻ ആവശ്യപ്പെടുന്നുണ്ട്. ഞാൻ ബുദ്ധനിൽ അഭയം തേടുന്നു; ഞാൻ സംഘത്തിൽ അഭയം തേടുന്നു (ബുദ്ധം ശരണം ഗഛാമി, ധർമ്മം ശരണം ഗഛാമി, സംഘം ശരണം ഗഛാമി).

#### 2. മഹായാനം

ഹീനയാനത്തിൽനിന്നു വ്യത്യസ്തമായ ചില തത്ത്വങ്ങൾ മഹായാനം ഉൾക്കൊള്ളുന്നുണ്ട്. ഉദാഹരണത്തിന്, ബുദ്ധനം സത്യം അല്ലെങ്കിൽ ധർമ്മം പഠിപ്പിക്കുന്നവനായി ഹീനയാനക്കാർ കാണുമ്പോൾ, മഹായാനക്കാർ ദൈവമായും രക്ഷകനായും കാണുന്നു. രക്ഷ പ്രാപിക്കാൻ മറ്റുള്ളവരെ സഹായിക്കാമെന്ന് എല്ലാ മഹായാന അനുയായികളും വ്രതം എടുക്കാറുണ്ട്. ബുദ്ധൻ തന്റെ ജീവിതം മുഴുവൻ പ്രതിസന്ധികളിൽപ്പെട്ടുഴലുന്ന വ്യക്തികളെ സഹായിക്കുന്നതിനു സമർപ്പിച്ചതുപോലെ നിർവ്വാണം ലക്ഷ്യംവച്ച് ജീവിക്കുന്നവർ മറ്റുള്ളവരുടെ ധാർമ്മികാവശ്യങ്ങളിൽ സഹായിക്കാൻ കഴിവുള്ളവരായിരിക്കണമെന്ന് ഇവർ ഓർമ്മപ്പെടുത്തുന്നു. മഹായാനത്തിലെ പൊതുവായ ചില ചിന്താരീതികൾ താഴെപറയുന്നവയാണ്.

**a.ബോധിസത്വ സിദ്ധാന്തം:** എല്ലാ ജീവജാലങ്ങളെയും ദുഃഖത്തിൽനിന്നു വിമുക്തരാക്കുകയെന്ന ഉദ്ദേശത്തോടുകൂടി പൂർണ്ണജ്ഞാനം നേടുന്നതാണ് ബോധിസത്വം കൊണ്ടർത്ഥമാക്കുന്നത്. വ്യക്തിപരമായ മോചനമെന്നതിനെക്കാൾ സഹജീവികളുടെ മോചനമാണ് ജ്ഞാനസമ്പാദനത്തിന്റെ ലക്ഷ്യം. ലോകത്തിൽനിന്നു മാറി ഏകനായി ജീവിക്കുന്നതിനുവേണ്ടിയല്ല, മറിച്ച്, പൂർണ്ണജ്ഞാനത്തോടും സ്നേഹത്തോടുംകൂടി സഹിക്കുന്നവരുടെ കഷ്ടപ്പാടുകൾ നീക്കുന്നതിനും രക്ഷയിലേക്ക് അവരെ നയിക്കുന്നതിനും വേണ്ടിയാണ് ജ്ഞാനം നേടേണ്ടത്. മോചനം പ്രാപിച്ച വ്യക്തി തന്റെ ആഗ്രഹങ്ങൾ സഹജീവികളുടേതാക്കി മാറ്റുകയും അവരോടൊപ്പം സഹിക്കുകയും ചെയ്യുന്നു. മഹാകരുണയാണ് അവരുടെ പ്രത്യേകത. ആദ്ധ്യത്മികമായ ഈ ആദർശമാണ് ബോധിസത്വസിദ്ധാന്തം.

**b. ബുദ്ധന്റെ ദൈവീകരണം:** ജീവിത പ്രതിസന്ധികളിൽപ്പെട്ട് ഉഴലുന്ന മനുഷ്യൻ തന്നെ സഹായിക്കാൻ കഴിയുന്ന ഒരു മഹാശക്തിയെക്കുറിച്ചു ചിന്തിക്കുന്നു. ഈ ശക്തിയാണു ദൈവം.

മഹായാനക്കാർ ശ്രീബുദ്ധനെ ദൈവമായി കാണുന്നു. വേദനിക്കുന്ന മനുഷ്യർ കരുണയ്ക്കും സ്നേഹത്തിനും സഹായത്തിനുമായി ബുദ്ധനോടാണു പ്രാർത്ഥിക്കുന്നത്. പരമോന്നത യാഥാർത്ഥ്യ ത്തിന്റെ അവതാരവും പ്രപഞ്ചത്തിന്റെ നിയന്താവും എല്ലാവരു ടെയും മോചനത്തിനായി ആകാംക്ഷയോടെ പ്രവർത്തിക്കുന്നവനും എല്ലാവരെയും ദുഃഖത്തിൽ സഹായിക്കുന്നവനുമാണു ശ്രീബുദ്ധൻ.

**c.ആത്മാവിന്റെ പുനഃസ്ഥാപനം:** ഹീനയാനക്കാർ ആത്മ നിഷേധത്തിൽ ഉറച്ചുനിന്നപ്പോൾ മഹായാനക്കാർ ആത്മാസ്തി ത്വത്തെ പ്രതിഷ്ഠിക്കുന്നതായി കാണുന്നു. ആത്മാവില്ലെങ്കിൽ പിന്നെ എന്തിനു വേണ്ടിയാണു പ്രവർത്തിക്കുന്നതെന്ന ചോദ്യമാണ് ആത്മാസ്തിത്വം സ്ഥാപിക്കാൻ അവരെ പ്രേരിപ്പിച്ചത്.

ചുരുക്കത്തിൽ, സ്വപ്രയത്നത്തിലൂടെ രക്ഷ പ്രാപിക്കുന്നതിനുള്ള ശ്രമമാണ് ഹീനയാനത്തിൽ കാണുന്നതെങ്കിൽ മഹായാനം ഏവർക്കും രക്ഷ വാഗ്ദാനം ചെയ്യുന്നു. നിർവ്വാണമാർഗ്ഗത്തിലൂടെ ചരിക്കുന്നവർ മറ്റുള്ളവരുടെ രക്ഷയ്ക്കായി പരിശ്രമിക്കുന്നു. ഈ പരിശ്രമം എല്ലാ വ്യക്തികളെയും മോചനം പ്രാപിക്കാൻ സഹായിക്കുന്നു.

**3. സെൻ ബുദ്ധമതം**

അന്തർജനത്തിലൂടെയും ധ്യാനത്തിലൂടെയും ജ്ഞാനോദയം സിദ്ധിക്കുമെന്നു വിശ്വസിക്കുന്ന ബുദ്ധമതവിഭാഗമാണ് സെൻ (Zen). ഭാരതത്തിലാണു സെൻ ഉത്ഭവിച്ചത് (ക്രി.പി. 500). ബോധിധർമ്മ എന്നു പേരുള്ള ഒരു ഇന്ത്യൻ സന്ന്യാസി ഇതു ചൈനയിലേക്കു വ്യാപിപ്പിച്ചു. സെൻ ചൈനയിൽ ചാൻ എന്നാണ് അറിയപ്പെടുന്നത്. താവോയിസത്തിന്റെ സ്വാധീനവും സഹായവും സെന്നിന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടി. എയ്സായി (Eisai) ഡോജൻ (Dogen) എന്നീ രണ്ടു ജപ്പാൻ പുരോഹിതരുടെ നേതൃത്വത്തിൽ സെൻ ജപ്പാനിലേക്കും വ്യാപിച്ചു. എയ്സായി 1100-കളിൽ റിൻസായി സ്കൂളും, ഡോജൻ 1200-കളിൽ സോട്ടോ (Soto) സ്കൂളും ആരംഭിച്ചു. അങ്ങനെ ജപ്പാനിൽ പ്രധാനപ്പെട്ട ഒരു സംസ്കാരമായി സെൻ വികസിച്ചു.

ജ്ഞാനോദയം പ്രാപിക്കുകയെന്നതാണ് സെന്നിന്റെ സുപ്രധാനലക്ഷ്യം. ജ്ഞാനോദയം സിദ്ധിച്ച അവസ്ഥ 'സറ്റോറി' എന്ന പേരിൽ അറിയപ്പെടുന്നു. റിൻസായി, സോട്ടോ എന്നീ സ്കൂളുകൾ സറ്റോറി നേടിയെടുക്കൻ രണ്ടുതരത്തിലുള്ള മാർഗ്ഗങ്ങളാണ് ഉപദേശിക്കുന്നത്. റിൻസായി വീക്ഷണമനുസരിച്ച്





ചിന്തോദ്ദീപകമായ കടംകഥകളെക്കുറിച്ചു ധ്യാനിച്ച് അതിന്റെ അർത്ഥം കണ്ടെത്തുന്നതുവഴി സറ്റോറി പ്രാപിക്കാൻസാധിക്കും. ക്വാൻസ് (Koans) എന്നാണ് ഈ രീതിയെ അവർ വിളിക്കുന്നത്. ഈ മാർഗ്ഗം അക്കാലത്തു ജീവിച്ചിരുന്ന ബുദ്ധിജീവികളെ വളരെ ആകർഷിച്ചു. സോട്ടോ സെന്നിലുള്ളവർ ഈ മാർഗ്ഗത്തോടൊപ്പം മഹായാന ബുദ്ധമതത്തിന്റെ വിശുദ്ധ ഗ്രന്ഥങ്ങൾകൂടി വായിക്കുന്നു. ബോധോദയം ലഭിക്കുന്നതിനുവേണ്ടി ശാരീരികമായും ഇവർ അധ്വാനിക്കുന്നുണ്ട്. സാധാരണക്കാർക്ക് എളുപ്പത്തിൽ നിർവ്വഹിക്കാൻ സാധിക്കുമെന്നതാണ് സോട്ടോ മാർഗ്ഗത്തിന്റെ പ്രത്യേകത. ജപ്പാനിൽ സോട്ടോ വിഭാഗത്തിന് 67 ലക്ഷത്തിലധികം അനുയായികൾ ഉണ്ട്.

ജ്ഞാനോദയം സിദ്ധിച്ച വ്യക്തി സ്വയംപര്യാപ്തമായ ജ്ഞാനത്തിലും അനുഭവത്തിലും മാത്രം ഒതുങ്ങാതെ സഹജീവികളുടെ സമാധാനത്തിനും സന്തോഷത്തിനും ഉന്നമനത്തിനുംവേണ്ടി അധ്വാനിക്കുന്നു. അതിനാൽ തന്നെ സെൻ ഒരു പഠനരീതിയെന്നതിനേക്കാൾ ഒരു ജീവിതശൈലിയാണ്. ഇതു വ്യക്തിയെയും സമൂഹത്തെയും, അവൻ വസിക്കുന്ന പ്രപഞ്ചത്തെയും സമഗ്രമായി ഉൾക്കൊള്ളുന്ന. വാക്കുകൾക്കും ലിഖിതങ്ങൾക്കും ഇവിടെ അമിതപ്രാധാന്യമില്ല. കൈവിരൽ ചന്ദ്രനെ ചൂണ്ടിക്കാണിക്കാൻ സഹായിക്കുന്നുണ്ടെങ്കിലും യഥാർത്ഥ കാഴ്ചയ്ക്ക് അതൊരു തടസ്സമാണ്. അതുപോലെ ലിഖിതങ്ങളും ഭാഷയും ജ്ഞാനോദയത്തിനു സഹായ ഘടകങ്ങൾ മാത്രമാണ്. അമിതപ്രാധാന്യം നൽകിയാൽ അതു ജ്ഞാനോദ യത്തിനു തയസ്സമാകും.

**ബുദ്ധമത ഗ്രന്ഥങ്ങൾ**

ബുദ്ധമതാനുയായികൾ വാമൊഴിയായി തലമുറകൾക്കു കൈമാറിയിരുന്ന ബുദ്ധോപദേശങ്ങൾ കാലക്രമത്തിൽ പുസ്തകരൂപം പ്രാപിച്ചവയാണ് ബുദ്ധമതഗ്രന്ഥങ്ങൾ. ശ്രീബുദ്ധൻ തന്റെ പ്രബോധനങ്ങൾ ഒന്നും തന്നെ എഴുതി സൂക്ഷിച്ചിരുന്നില്ല. എങ്കിലും ശരിയായ പഠനത്തിൽ നിന്നു ജനം വ്യതിചലിക്കാൻ തുടങ്ങിയപ്പോൾ വിശ്വാസസംഹിത സ്വരൂപിക്കുക എന്നത് ഒരു ആവശ്യമായിമാറി. അപ്രകാരം സമാഹരിക്കപ്പെട്ടവയാണ് ത്രിവിടകങ്ങൾ എന്ന് അറിയപ്പെടുന്നത്. ഇവ ശ്രീബുദ്ധന്റെ യഥാർത്ഥ പഠനങ്ങൾ അതേരൂപത്തിൽ അല്ലെങ്കിൽ അവയോടു വളരെയധികം അടുപ്പമുള്ളവയാണെന്നു പറയാം.

**1. ത്രിപിടകങ്ങൾ**

ബുദ്ധമതത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ടവരും ത്രിപിടകങ്ങൾ സൂക്ഷിച്ചിരുന്നു. എങ്കിലും ഹീനയാന വിഭാഗത്തിന്റെ ഒരു ഘടകമായ 'ഥേരവാദികൾ' പാലി ഭാഷയിൽ രേഖപ്പെടുത്തിയ ത്രിപിടകങ്ങളാണ് ഇന്നു നമുക്കു ലഭ്യമായിട്ടുള്ളത്.

ത്രിപിടകങ്ങൾക്കു പ്രധാനമായും മൂന്നു ഭാഗങ്ങളാണ് ഉള്ളത്. ഇവ 'വിനയ പിടകം', 'സൂത്ത പിടകം', അഭിദമ്മ പിപിടകം എന്നിവയാണ്. ബുദ്ധഭിക്ഷുക്കളുടെ ദൈനംദിന ജീവിതത്തിലെ പ്രമാണങ്ങൾ, അവയുടെ വ്യാഖ്യാനങ്ങൾ എന്നിവ വിനയ പിടകത്തിലും ബുദ്ധന്റെ പ്രസംഗങ്ങളും പഠനങ്ങളും സൂത്ത പിടകത്തിലും ബുദ്ധമനശാസ്ത്രം പോലുള്ള വിഷയങ്ങൾ അഭിദമ്മ പിടകത്തിലും ഉൾച്ചേർത്തിരിക്കുന്നു.

ദൈനംദിന ജീവിതക്രമം വിവരിക്കുന്ന വിനയ പിടകത്തിനു മൂന്നു ഭാഗങ്ങൾ ഉണ്ട്. ഒന്നാം ഭാഗത്തിൽ ശിക്ഷണ നിയമങ്ങളും ബുദ്ധൻ ഇവ നൽകുവാൻ ഇടയായ സാഹചര്യങ്ങളും വിവരിക്കുന്നു. മഹാവർഗ്ഗം, ചൂല്ല (ചെറിയ) വർഗ്ഗം എന്നിങ്ങനെ രണ്ട് ഉപവിഭാഗങ്ങൾ ഇതിൽ കാണാം. വിനയ പിടകത്തിന്റെ രണ്ടാം ഭാഗത്ത് ബുദ്ധന്റെ ജീവിതത്തിലെ ചില പ്രധാന സംഭവങ്ങൽ, അദ്ദേഹത്തിന്റെ ചില പ്രധാന പ്രസംഗങ്ങൾ, ഭിക്ഷു സംഘത്തിലേക്കു പ്രവേശിക്കുന്നവർ അനുഷ്ഠിക്കേണ്ട ക്രമങ്ങൽ തുടങ്ങിയവ വിവരിക്കുന്നു. വിനയപിടകത്തോടു പിന്നീടു കൂട്ടിച്ചേർത്ത മൂന്നാം ഭാഗത്ത് ഭിക്ഷുസംഘത്തിന്റെ പൊതു നിയമങ്ങളും നിർദ്ദേശങ്ങളും അടങ്ങിയിരിക്കുന്നു.

ബി.സി. മൂന്നാം നൂറ്റാണ്ടോടുകൂടി സൂത്ത പിടകം അഞ്ചു നികായങ്ങളായി തിരിച്ചു. ബുദ്ധന്റെ പഠനങ്ങൾ ഉൾക്കൊള്ളുന്ന ത്രിപിടകത്തിന്റെ പ്രധാന ഭാഗമായ സൂത്ത പിടകത്തിന്റെ ഒന്നാം നികായത്തിൽ മുപ്പത്തിനാലു ദീർഘമായ പ്രഭാഷണങ്ങളും രണ്ടാം നികായത്തിൽ അത്ര ദീർഘമല്ലാത്ത നൂറ്റിയമ്പത്തിരണ്ടു പ്രഭാഷണങ്ങളും മൂന്നാം നികായ സംയുക്തയിൽ അമ്പത്തിയാറു തരം സൂത്രങ്ങൾ അടങ്ങുന്ന ബുദ്ധപ്രബോധനങ്ങളും അടങ്ങുമ്പോൾ 2,308 സൂത്രങ്ങളുടെ പതിനൊന്നു ഗണങ്ങൾ നാലാമത്തെ നികായമായ അംഗുത്തരയിൽ കാണുന്നു. അംഗുത്തര നികായത്തെത്തുടർന്ന് ഒടുവിൽ കൂട്ടിച്ചേർക്കപ്പെട്ട ഭാഗമാണ് അഞ്ചാം നികായമായ ഖുദുക നികായം. ഇതു ശ്രീബുദ്ധന്റെ മുൻജന്മങ്ങളെ സംബന്ധിച്ചു പ്രതിപാദിക്കുന്നു.





വിനയ പിടകവും സൂത്ത പിടകവും പൂർണ്ണരൂപംകൊണ്ടശേഷം സമാഹരിക്കപ്പെട്ടതാണ് ത്രിപിടകങ്ങളിൽ മൂന്നാമത്തേതായ അഭിദമ്മപിടകം. ബുദ്ധമനഃശാസ്ത്രം തുടങ്ങിയ ദുർഗ്രഹങ്ങളായ വിഷയങ്ങളെക്കുറിച്ച് ഇതിൽ വിവരിക്കുന്നു.

**2. ബുദ്ധചരിതം (Acts of Buddha)**

എ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിലോ രണ്ടാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിലോ എഴുതപ്പെട്ടു എന്നു വിശ്വസി ക്കപ്പെടുന്ന ഗ്രന്ഥമാണു ബുദ്ധചരിതം. അന്നത്തെ പ്രമുഖ തത്ത്വചിന്തനും സന്യാസിയുമായിരുന്ന അവഘോഷ (Avaghosha) യാണ് ഈ ഗ്രന്ഥത്തിന്റെ കർത്താവ് എന്ന് അനുമാനിക്കുന്നു. മഹായാനത്തിന്റെയും ഹീനയാനത്തിന്റെയും ആശയങ്ങൾ ഇതിൽ ഉൾച്ചേർന്നിരിക്കുന്നതിനാൽ ഇത് ഇരുകൂട്ടർക്കും സ്വീകാര്യമായ ഒരു ഗ്രന്ഥമാണ്. ബുദ്ധന്റെ ആന്തരികചിന്തകൾ, ദുഃഖത്തെക്കു റിച്ചുള്ള അവബോധം, ലൗകികജീവിതം ഉപേക്ഷിക്കേണ്ടതിന്റെ ആവശ്യം, പരമജ്ഞാനത്തിലേക്കു തിരിയേണ്ടതിന്റെ പ്രാധാന്യം എന്നിവയാണ് ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നത്.

**3. പത്മസൂത്രം (Lotus Sutra)**

മഹായാനക്കാരുടെ ഇടയിൽ പ്രചാരത്തിലിരുന്ന ഒരു ഗ്രന്ഥമാണ് പത്മസൂത്രം. ഇതിന്റെ പൂർണ്ണനാമം സദ്ധർമ്മപുണ്ഡരിക സൂത്ത എന്നാണ്. ബി.സി. രണ്ടാം നൂറ്റാണ്ടിൽ ഭാരതത്തിൽ എഴുതപ്പെട്ട ഈ ഗ്രന്ഥത്തിൽ ബോധിസത്വത്തെക്കുറിച്ചുള്ള ബുദ്ധോപദേ ശങ്ങൾ കഥാരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നു.

**4. ലളിതവിസ്താരം**

ബുദ്ധമതത്തിൽ മഹായാന ഷാഖയുടെ പ്രാമാണിക ഗ്രന്ഥങ്ങളിൽ പ്രാധാന്യമേറിയ ഒന്നാണു ലളിതവിസ്താരം. ശ്രീബുദ്ധന്റെ ജീവിതത്തെ സംബന്ധിക്കുന്ന വിവരണമാണ് ഇതിലെ പ്രതിപാദ്യം. പാലിഗ്രന്ഥങ്ങളിലേതിനേക്കാൾ അത്ഭുതാ വഹവും അമാനുഷികവുമായ രീതിയിലാണ് ഇത് എഴുതപ്പെ ട്ടിരിക്കുന്നത്. ഇവകൂടാതെ സദ്ധർമ്മ പുരികം, സുഖാവതിവ്യൂഹം, കാരണവ്യൂഹം, പ്രജ്ഞാപരിമിതം, അമിതായുർധ്യാനസൂത്രം തുടങ്ങിയ നിരവധി ഗ്രന്ഥങ്ങളും ബുദ്ധമതത്തിൽ ദർശിക്കാനാവും.

# 08

# ജൈനമതം

## ഉത്ഭവവും വളർച്ചയും

'ജേതാവ്' എന്നർത്ഥം വരുന്ന ജിന (Jina) എന്ന വാക്കിൽനിന്നാണ് ജൈനൻ എന്ന സംജ്ഞ രൂപംകൊണ്ടത്. രാഗദ്വേഷാദികളുടെമേൽ വിജയം നേടിക്കൊണ്ട് മുക്തി നേടിയവരാണു ജിനന്മാർ. ഇവരും ഇവരുടെ അനുയായികളുമാണ് ജൈനന്മാർ എന്നറിയപ്പെടുന്നത്.

ഉത്ഭവം വച്ചുനോക്കുമ്പോൾ ജൈനമതത്തിന് ബുദ്ധമതത്തിനൊപ്പം പഴക്കമുണ്ട്. ബുദ്ധമതത്തിലെ പ്രധാന ഗ്രന്ഥങ്ങളിൽ ജൈനന്മാരെയും അവരുടെ പഴയ നാമമായ 'നിഗന്ത'യെയും അവരുടെ നേതാവായിരുന്ന നാതപുത്ത (Nataputta) വർദ്ധമാന മഹാവീരനെയും പറ്റിയുള്ള പരാമർശങ്ങൾ കാണാവുന്നതാണ്. അതുപോലെ ജൈനമതഗ്രന്ഥങ്ങളിൽ വർദ്ധമാനമഹാവീരന്റെ സമകാലികനായ ബുദ്ധന്റെ കാലഘട്ടത്തിലെ രാജാക്കന്മാരെപ്പറ്റിയും പ്രതിപാദിക്കുന്നുണ്ട്. ഇതിൽനിന്ന് മഹാവീരൻ ബുദ്ധന്റെ സമകാലികനായിരുന്നുവെന്നു സ്പഷ്ടമാണ്.





## മതസ്ഥാപകർ

ജൈനമതത്തിന്റെ സ്ഥാപകനായി ഒരു പ്രത്യേക വ്യക്തിയെ മാത്രം പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നില്ല. വ്യത്യസ്തയുഗങ്ങളിലായി ജീവിച്ച ഇരുപത്തിനാലു തീർത്ഥങ്കരന്മാരുടെ പഠനഫലമായി രൂപപ്പെട്ടതാണു ജൈനമതമെന്നു പറയുന്നു. സ്വപ്രയത്നം കൊണ്ട് രാഗദ്വേഷാദികളുടെമേൽ വിജയംവരിച്ച ഈ തീർത്ഥങ്കരന്മാരാണ് മോക്ഷപ്രാപ്തിയിലേക്കുള്ള പാതയിലൂടെ ചരിക്കുന്നവർക്കു മാതൃകയായി നിലകൊള്ളുന്നത്. ഇവരിൽ എല്ലാവരും ചരിത്രപുരുഷന്മാരാണെന്നു തിട്ടപ്പെടുത്താൻ പോരുന്ന തെളിവുകളൊന്നും കാണുന്നില്ല. എങ്കിലും ആദ്യത്തെ തീർത്ഥങ്കരനായ ഋഷഭനും 23-ാമത്തെ തീർത്ഥങ്കരനായ പാർശ്വനാഥനും ഒടുവിലത്തെ തീർത്ഥങ്കരനായ മഹാവീരനും ചരിത്രത്തിൽ കൂടുതൽ പ്രാധാന്യം കൊടുക്കുന്നുണ്ട്. അവസാനത്തെ തീർത്ഥങ്കരനായ വർദ്ധമാന മഹാവീരനെ ഈ മതത്തിന്റെ സ്ഥാപകനായി അധികംപേരും കാണുന്നു. 23-ാമത്തെ തീർത്ഥങ്കരനായ പാർശ്വനാഥനെയും ഈ മതത്തിന്റെ സ്ഥാപകനായി ചിലർ കണക്കാക്കുന്നുണ്ട്. മരണത്തോടുകൂടി നിർവ്വാണം പ്രാപിച്ച ഇവരോരുത്തരുടെയും പേരിൽ ക്ഷേത്രങ്ങൾ പണിയുകയും അവിടെ ഇവരുടെ വിഗ്രഹങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

## ഈശ്വരദർശനം

പ്രപഞ്ച സ്രഷ്ടാവും എല്ലാ സുഖദുഃഖങ്ങളുടെയും ഉറവിടവുമായ സത്തയെ മനുഷ്യൻ ആരാധിക്കുന്നതായി മിക്ക മതങ്ങളിലും കാണാമെങ്കിലും ജൈനമതത്തിൽ ഇപ്രകാരമുള്ള ഒരു ഈശ്വരസങ്കൽപം കാണുന്നില്ല. ദൈവാസ്തിത്വം നിഷേധിക്കുന്നതിനു രണ്ടു കാരണങ്ങളാണ് അവർ നിരത്തുന്നത്: (1) ദൈവത്തെ നമുക്കു കാണാനോ ദൈവാസ്തിത്വം തെളിയിക്കാനോ സാധ്യമല്ല. സാധാരണയായി ലോകത്തിന്റെ അസ്തിത്വത്തിൽനിന്നാണ് ദൈവാസ്തിത്വത്തിനുവേണ്ട തെളിവുകൾ കൊണ്ടുവരുന്നത്. എന്നാൽ ജൈനസിദ്ധാന്തമനുസരിച്ച് ലോകത്തെ, ഉത്പാദിപ്പിക്കപ്പെട്ട ഒരു വസ്തുവായി കാണുവാൻ സാധ്യമല്ല. ശരീരമില്ലാത്ത ദൈവം ഭൗതികലോകം സൃഷ്ടിച്ചു എന്നു പറയുന്നത് നിഗമനപരമായി തെറ്റാണെന്നു ജൈനർ വാദിക്കുന്നു. (2) ദൈവാസ്തിത്വം നിഷേധിക്കാൻ ജൈനന്മാർ നിരത്തുന്ന രണ്ടാമത്തെ തെളിവ് ദൈവികഗുണങ്ങളെ സംബന്ധിച്ചുള്ളതാണ്. സർവ്വജ്ഞാനം, സർവ്വശക്തി, ഏകത്വം, നിത്യത, പൂർണ്ണത ഇവയെല്ലാമാണ് സാധാരണ ദൈവികഗുണങ്ങളായി ആരോപിക്കപ്പെടുന്നത്. ദൈവം സർവ്വ ഗുണങ്ങളുമുള്ള

വനാണെങ്കിൽ എല്ലാ വസ്തുക്കളും സൃഷ്ടിച്ചതു ദൈവമായിരിക്കണം. എന്നാൽ അനുദിന ജീവിതത്തിൽ നാം കാണുന്ന പല വസ്തുക്കളും (വീട്, പാത്രങ്ങൾ, മുതലായവ) ദൈവമല്ല സൃഷ്ടിച്ചിരിക്കുന്നത്. ഇനിയും, നിത്യമായി ദൈവം പരിപൂർണ്ണനാണെന്നു സങ്കല്പിച്ചാൽ അതും അർത്ഥശൂന്യമാണ്. കാരണം പരിപൂർണ്ണത എന്നത് അപൂർണ്ണതയുടെ മാറ്റമാണ്. ഒരിക്കലും അപൂർണ്ണമല്ലാത്ത ഒരു സംഗതിയെപ്പറ്റി ചിന്തിക്കുക സാദ്ധ്യമല്ല.

ദൈവത്തിന്റെ അസ്തിത്വം ജൈനന്മാർ നിഷേധിക്കുന്നുവെങ്കിലും കർമ്മബന്ധത്തിൽനിന്നു മുക്തിനേടിയ ജിനന്മാരുടെ പ്രതിമകൾ അവർ വണങ്ങുന്നുണ്ട്. ഭക്തിക്കോ ആരാധനയ്ക്കോ സ്ഥാനമില്ലെങ്കിലും ജൈനന്മാർക്കു ക്ഷേത്രങ്ങളുണ്ട്, ക്ഷേത്രങ്ങളിൽ വിഗ്രഹങ്ങളുണ്ട്, പൂജയുണ്ട്, ഉത്സവങ്ങളുമുണ്ട്. ജിനന്മാരോടുള്ള പ്രാർത്ഥനയ്ക്ക് ഉത്തരംകിട്ടുമെന്ന് അവർ വിശ്വസിക്കുന്നില്ല. എങ്കിലും അവർ കണ്ടുപിടിച്ച മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്നതുവഴി, കർമ്മബന്ധത്തിൽനിന്നു മോചനം നേടി മോക്ഷം പ്രാപിക്കാനാവുമെന്നു ജൈനന്മാർ വിശ്വസിക്കുന്നു. സിദ്ധാത്മാക്കളുടെയും മോചനത്തിന്റെ പാതയിൽ പൂർണ്ണത പ്രാപിച്ചവരുടെയും നല്ല ഗുണങ്ങൾ ധ്യാനിക്കുന്നതിലൂടെ ഓരോ ദിവസവും പൂർണ്ണതയിലേക്കു വളരാനാവുമെന്ന് അവർ ജൈനമതാനുയായികളെ ഓർമ്മപ്പെടുത്തുന്നു. ചുരുക്കത്തിൽ, ഓരോരുത്തരും തന്നെത്താൻ മോക്ഷം പ്രാപിക്കാൻ പരിശ്രമിക്കണം. ബാഹ്യശക്തികളുടെ സഹായമൊന്നും ഇവിടെ ആവശ്യമില്ല. സിദ്ധാത്മാക്കൾ അഥവാ തീർത്ഥങ്കരന്മാർ വഴികാട്ടികളായി മാത്രം നിലകൊള്ളുന്നു.

## മുക്തിക്കുള്ള മാർഗ്ഗങ്ങൾ (Liberation)

ജൈനമതവിശ്വാസത്തിലെ സദാചാര ശാസ്ത്രത്തിന്റെ അവസാനഭാഗമാണു മോക്ഷം. കർമ്മബന്ധനത്തിൽനിന്നു പൂർണ്ണമായി മോചനം നേടുമ്പോൾ മോക്ഷം പ്രാപിക്കാനാവുമെന്ന ജൈനർ വിശ്വസിക്കുന്നു. ഈ മോക്ഷം പ്രാപിക്കലാണ് മനുഷ്യജീവിതത്തിലെ പരമമായ ലക്ഷ്യം. ഒരു മനുഷ്യനു യഥാർത്ഥവും നിത്യവുമായ സന്തോഷം അനുഭവിക്കാൻ കഴിയുന്നത് കർമ്മബന്ധനത്തിൽനിന്നാണ് ആത്മാവു മോചിതനാവുമ്പോൾ മാത്രമാണ്. അവൻ അപൂർണ്ണനാണെങ്കിലും സ്വപ്രയത്നത്തിലൂടെ ഈ ബന്ധനത്തിൽനിന്നു മോചനം നേടാൻ സാധിക്കും. ഇതു സാധിക്കണമെങ്കിൽ രണ്ടു കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. ഒന്ന്: ആത്മാവിലേക്കുള്ള കർമ്മപദാർത്ഥങ്ങളുടെ പ്രവാഹം തടയണം. രണ്ട്: ആത്മാവിൽ നേരത്തെതന്നെ പറ്റിപ്പിടിച്ചിരിക്കുന്ന കർമ്മപ





ദാർത്ഥങ്ങളെ പുറന്തള്ളണം.

ഇതിൽ ആദ്യത്തെ പ്രവൃത്തിക്കു സംവരം (Samvara) എന്നും രണ്ടാമത്തെതിനു നിർജ്ജരം (Nirjara) എന്നും പറയുന്നു. നിർജ്ജരമെന്നത് ആത്മാവിലുള്ള കർമ്മപദാർത്ഥങ്ങളുടെ ബഹിഷ്കരണമാണ്. ഇതു രണ്ടുതരമുണ്ട്: ഭാവനിർജരവും ദ്രവ്യനിർജരവും. ഭാവനിർജരമെന്നത് കർമ്മത്തിന്റെ ബഹിഷ്കരണംവഴി ആത്മാവിലുള്ള മാറ്റമാണ്. ദ്രവ്യനിർജരമാകട്ടെ, കർമ്മപദാർത്ഥങ്ങളുടെ യഥാർത്ഥ ബഹിഷ്കരണവും. ഇതു കർമ്മപദാർത്ഥങ്ങളുടെ ഫലങ്ങൾ നശിപ്പിക്കുന്നതോ അവ ഫലഭൂയിഷ്ഠമായിത്തീരുന്നതിനുമുമ്പ് പ്രായശ്ചിത്തപ്രവൃത്തികളിലൂടെ ഇല്ലാതാക്കുന്നതോ ആണ്. ഈ പദാർത്ഥങ്ങളുടെയെല്ലാം ബഹിഷ്കരണം വഴിയാണു മോക്ഷം. അല്ലെങ്കിൽ മോചനം സാധ്യമാകുന്നത്.

മോക്ഷപ്രാപ്തിക്ക് ജൈനമതാചാര്യന്മാർ പ്രധാനമായും ത്രിരത്നങ്ങൾ (triratna) എന്നറിയപ്പെടുന്ന മൂന്നു മാർഗ്ഗങ്ങളാണു നിർദ്ദേശിക്കുന്നത് അവ:

1. സമ്യക് ദർശനം - ശരിയായ വിശ്വാസം (right faith)
2. സമ്യക് ജ്ഞാനം - ശരിയായ അറിവ് (right knowledge)
3. സമ്യക് ചരിതം - സദാചാരം (right conduct)

**(1) ശരിയായ വിശ്വാസം:** യഥാർത്ഥ വിശ്വാസമെന്നത് സത്യത്തോടുള്ള ബഹുമാനമാണ്. വിശ്വാസത്തിനു തടസ്സമായി നില്ക്കുന്നതു കർമ്മമാണ്. കർമ്മപദാർത്ഥങ്ങളെ ഇല്ലാതാക്കുമ്പോഴാണ് യഥാർത്ഥ വിശ്വാസത്തിലേക്ക് ഒരാൾ കടന്നുവരുന്നത്. "യഥാർത്ഥ വിശ്വാസമെന്നത് സത്യത്തെ സത്യമായും അസത്യത്തെ അസത്യമായും മനസ്സിലാക്കാനുള്ള കഴിവാണ്." യഥാർത്ഥ സത്തയെക്കുറിച്ചുള്ള പൂർണ്ണമായ അറിവിവ്നിന്നാണ് യഥാർത്ഥ വിശ്വാസം ഉണ്ടാവുന്നത്.

**(2) ശരിയായ അറിവ്:** കർമ്മപദാർത്ഥങ്ങളുടെ ആത്മാവിലുള്ള ബന്ധനത്തിനു കാരണം ജീവിതത്തിന്റെ യഥാർത്ഥ പ്രകൃതിയെക്കുറിച്ചുള്ള അജ്ഞതയാണ്. ഈ അജ്ഞത ജ്ഞാനംകൊണ്ടു മാത്രമേ നീങ്ങുകയുള്ളൂ. ജീവിതത്തിന്റെ യഥാർത്ഥ സ്വഭാവത്തെക്കുറിച്ചും ജൈനസിദ്ധാന്തങ്ങളെക്കുറിച്ചുള്ള അറിവാണു ജ്ഞാനം. സർവ്വജ്ഞരായ ജിനന്മാർ അഥവാ തീർത്ഥങ്കരന്മാരാണ് ഈ ജ്ഞാനം ലോകത്തിനു നല്കിയത്. അവരുടെ ഉപദേശങ്ങൾ ഗ്രഹിക്കുന്നതിലൂടെ ജ്ഞാനം നേടാം.

**(3) സദാചാരം:** സദാചാരമെന്നത് തെറ്റായ പ്രവൃത്തികളിൽ

നിന്നുള്ള പിന്തിരിയലും ശരിയായുള്ളവയുടെ അനുഷ്ഠാനവുമാണ്. ബഹ്യജഗത്തിലെ വസ്തുക്കളോടൊന്നും രാഗദ്വേഷഭാവമില്ലാതെ ഉദാസീനഭാവം സ്വീകരിച്ചുകൊണ്ടുള്ള പ്രവൃത്തികളാണ് യഥാർത്ഥ സദാചാരം. ഇതിൽ ഒരുവൻ തന്റെ ഇന്ദ്രിയങ്ങളെയും ചിന്തകളെയും വാക്കുകളെയും പ്രവൃത്തികളെയും പൂർണ്ണമായി അടക്കിയിരിക്കണം. ആത്മാവിൽ കുടികൊള്ളുന്ന കർമ്മപദാർത്ഥങ്ങൾ നിർമ്മാർജ്ജനം ചെയ്യാനും, പുതുതായി വരുന്ന കർമ്മങ്ങൾ തടയാനും അനുഷ്ഠിക്കേണ്ട ചില സദാചാര നിയമങ്ങളെക്കുറിച്ച് ജൈനമതം പ്രതിപാദിക്കുന്നുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് പഞ്ചമഹാവ്രത (five great vows) ങ്ങളുടെ അനുഷ്ഠാനമാണ്. അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം ഇവയാണ് പഞ്ചമഹാവ്രതങ്ങൾ.

**a) അഹിംസ (ahimsa):** ജീവനു ഹാനികരമാവുന്ന എല്ലാത്തരം പ്രവൃത്തികളിൽനിന്നുമുള്ള പിന്തിരിയലാണ് അഹിംസ. അതു കേവലം ഹിംസയുടെ നിഷേധാത്മകമായ ത്യാഗം മാത്രമല്ല, സമസ്ത പ്രാണികളോടുമുള്ള ദയാഭാവമാണ്. എല്ലാ വസ്തുക്കളോടുമുള്ള തുല്യമായ ബഹുമാനവും അവയെ ഒന്നിനെയും അനുഭവിക്കുകയില്ലെന്നുള്ള തീരുമാനവുമാണിത്. പ്രവൃത്തിയിലും, ചിന്തയിലും, വാക്കിലും അഹിംസ പാലിക്കണം.

**b) സത്യം (sathyam):** തെറ്റായവരിൽനിന്നുള്ള പിന്തിരിയലാണു സത്യം. നല്ലതും സന്തോഷകരവുമായ കാര്യങ്ങൾ പറയുന്നതാണിത്. ഈ വ്രതമനുസരിച്ച് വികാരങ്ങൾക്ക് അടിമപ്പെട്ടുപോലും ഒരുവൻ അസത്യം പറയുകയോ പറയാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയോ അരുത്. മറ്റുള്ളവർ അസത്യം പറഞ്ഞാൽ അതിനു സമ്മതം മൂളുകയും ചെയ്യരുത്. ഈ വ്രതം അതിന്റെ പൂർണ്ണതയിൽ പാലിക്കുന്നതിന് ഒരുവൻ അത്യാഗ്രഹം, ഭയം, ദേഷ്യം, പരിഹാസം എന്നിവ കീഴടക്കണം.

**c) അസ്തേയം (asteya):** എല്ലാവിധ മോഷണങ്ങളിൽനിന്നുമുള്ള പിൻതിരിയലാണിത്. നമ്മുടേതല്ലാത്ത ഒന്നും സ്വന്തമാക്കാതിരിക്കുന്നതു മാത്രമല്ല ഇതുകൊണ്ടുദ്ദേശിക്കുന്നത്, മറിച്ച് മറ്റുള്ളവരുടെ ജീവനെയും വസ്തുക്കളെയും ബഹുമാനിക്കുന്നതുമാണ്.

**d)ബ്രഹ്മചര്യം (brahmacharya):** വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ചിന്തകൊണ്ടോ ഉള്ള എല്ലാവിധ ലൈംഗികാനന്ദവും വർജ്ജിക്കുന്നതാണു ബ്രഹ്മചര്യം. അതോടൊപ്പം മറ്റുള്ളവരെ അതു ലംഘിക്കാൻ പ്രേരിപ്പിക്കുകയോ സമ്മതിപ്പിക്കുകയോ ചെയ്യരുത്.





ഈ വ്രതത്തിന്റെ പൂർണ്ണമായ നിർവ്വഹണത്തിന് ഒരാൾ ബാഹ്യവും ആന്തരികവുമായ എല്ലാവിധ സന്തോഷങ്ങളിൽനിന്നുള്ള മോചനം കൂടാതെ ആർക്കും മോക്ഷം പ്രാപിക്കാനാവില്ല.

ഈ ത്രിരത്നങ്ങളിൽ ഏതെങ്കിലും ഒന്നു നേടിയതുകൊണ്ടു മാത്രം ആരും മോക്ഷം പ്രാപിക്കുന്നില്ല. ആത്മാവിലുള്ള കർമ്മപദാർത്ഥങ്ങളുടെ നശീകരണത്തിന് ഇവ മൂന്നും സമ്പാദിക്കേണ്ടിയിരിക്കുന്നു. ത്രിരത്നങ്ങൾ സമ്പാദിക്കുന്നതുവഴി ആത്മാവ് എല്ലാത്തരത്തിലുമുള്ള അഭിനിവേശങ്ങളെയും കർമ്മങ്ങളെയും കീഴടക്കുന്നതിൽ വിജയിക്കുകയും കർമ്മപദാർത്ഥങ്ങളുടെ ബന്ധനത്തിൽനിന്നു സ്വതന്ത്രമായി മോചനം അല്ലെങ്കിൽ മോക്ഷം പ്രാപിക്കുകയും ചെയ്യുന്നു. അങ്ങനെ ആത്മാവു നാലുതരം പൂർണ്ണതകൾ കൈവരിക്കുന്നു: അനന്തശക്തി, അനന്ത ആനന്ദം ഇവയാണ് നാലുതരത്തിലുള്ള പൂർണ്ണതകൾ. ഇങ്ങനെ പദാർത്ഥങ്ങൾ തടസ്സങ്ങളിൽ നിന്നെല്ലാം പൂർണ്ണത നേടിയ ആത്മാവ് അനന്തമായ കേവലജ്ഞാനം പ്രാപിച്ച് മുക്തിപ്രാപിക്കുന്നു.

# 09

## സിക്കുമതം

### ആമുഖം

അഞ്ചു നദികളുടെ നാട് എന്നു വിശേഷിപ്പിക്കുന്ന പഞ്ചാബിലും പാക്കിസ്ഥാന്റെ ഏതാനും ചില പ്രദേശങ്ങളിലുമായി പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഉടലെടുത്ത ഒരു വിശ്വാസ സംഹിതയാണു സിക്കുമതം. സിക്ക് സംസ്കൃതത്തിലെ ശിഷ്യൻ എന്നർത്ഥം വരുന്ന ശിഷ്യ എന്ന പദത്തിൽനിന്നുണ്ടായതാണ്. പ്രധാന ഗുരുവായ ഗുരുനാനാക്കും (1469-1539) തുടർന്നുവന്ന 9 ഗുരുക്കന്മാരും ഉൾച്ചേർന്ന ഒരു ശിഷ്യസമൂഹമാണിത്. ആരംഭത്തിൽ ഇതു പഞ്ചാബിൽ മാത്രമായി കേന്ദ്രീകരിക്കപ്പെട്ടിരുന്നെങ്കിലും തുടർന്ന് മറ്റു സംസ്ഥാനങ്ങളിലേക്കും, മലേഷ്യ, സിങ്കപ്പൂർ, ദക്ഷിണാഫ്രിക്ക, ഇംഗ്ലണ്ട്, കാനഡ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലേക്കും വ്യാപിക്കുകയുണ്ടായി. ഇന്ത്യയിലെ ജനസംഖ്യയിൽ 1.89 ശതമാനത്തോളം സിക്കുമതവിശ്വാസികളാണ്. അതേസമയം പഞ്ചാബിലെ മൊത്തം ജനസംഖ്യയിൽ 60 ശതമാനവും സിക്കുകാരാണ്. സിക്കു വിശ്വാസികളിൽത്തന്നെ 79





ശതമാനവും പഞ്ചാബിലാണ്. ഇന്നത്തെ സിക്കുമതത്തിന്റെ ആസ്ഥാനം ജലന്ദർ ജില്ലയിലെ അമൃതസറിൽ സ്ഥിതിചെയ്യുന്ന സുവർണ്ണ ക്ഷേത്രമാണ്. താടിയും തലപ്പാവുമാണ് സിക്കുകാരുടെ ബാഹ്യ അടയാളം.

### ഗ്രന്ഥ് സാഹിബ് (ആദിഗ്രന്ഥ്)

'വിശുദ്ധഗ്രന്ഥം' എന്നർത്ഥം വരുന്ന 'ഗ്രന്ഥ് സാഹിബ്' എന്ന പേര് ഈ ഗ്രന്ഥത്തിനു നല്കിയത് ഗുരുനാനാക്കിന്റെ പിൻഗാമിയായ അംഗദനാണെന്നു കരുതുന്നു. ഗുരുനാനാക്കിൽനിന്നു പഠിച്ച സൂക്തങ്ങളും ദൈവനാമകീർത്തനങ്ങളും അംഗദൻ ഇതിൽ ചേർക്കുകയുണ്ടായി. ഗ്രന്ഥ് സാഹിബിന്റെ പരിപാവനത സംരക്ഷിക്കുന്നതിനായി ശാരദ ലിപിയിൽ (സംസ്കൃതത്തിന്റ ഒരു ഉപവിഭാഗം) മാറ്റങ്ങൾ വരുത്തി 'ഗുരുമുഖി' എന്ന പേരിൽ പുതിയൊരു ഭാഷ ഉണ്ടാക്കിയതും അദ്ദേഹം തന്നെയാണ്. സിക്കുമതത്തിന്റെ ആചാരാനുഷ്ഠാനങ്ങളുടെയെല്ലാം കേന്ദ്രമാണ് ഈ പുസ്തകം. എല്ലാ ആരാധനാക്രമങ്ങളും ആരംഭിക്കുന്നത് വിശുദ്ധഗ്രന്ഥത്തിൽനിന്നുള്ള വായനകളോ ഇതിനോടു ബന്ധപ്പെട്ട പാട്ടുകളോ പ്രാർത്ഥനകളോ വഴിയാണ്. നാമകീർത്തനങ്ങൾക്ക് ഉപയുക്തമായ പദ്യശകലങ്ങളാണ് ഇതിൽ ഉള്ളത്.

### സിക്കുമത പ്രബോധനങ്ങൾ

#### ദൈവ സങ്കല്പം

ഏകദൈവ സങ്കല്പമാണ് സിക്കുവിശ്വാസത്തിന്റെ അന്തസ്സത്ത. സിക്ക് ആരാധനാക്രമത്തിലെ പ്രധാന സൂക്തമായ മൂലതന്ത്രത്തിൽത്തന്നെ ഏക ദൈവവിശ്വാസം പ്രഖ്യാപിച്ചിരിക്കുന്നു.

> "ഏകം ആയതും ആകുന്നതും
> സത്യം സർവ്വവ്യാപി - സ്രഷ്ടാവ്, വ്യക്തി, നിർഭയം
> നിർദ്വേഷ്യം, കാലാതീതം നിർരൂപം
> സ്വയംസിദ്ധം, ബോധപ്രദായകൻ, കാരുണ്യവാൻ"
>
> (ഗുരുനാനാക്ക്)

ഗുരുനാനാക്കു ദൈവത്തെ നിർവ്വചിക്കുന്നതു സത്യമായിട്ടാണ്. "ആദിയിൽ സത്യം, ആദിമയുഗത്തിൽ സത്യം, സത്യം ആണ് അവൻ, സത്യം ആയിരിക്കും അവൻ" (ജപം, പ്രഥമഗുരു). അദ്ദേഹം ദൈവത്തെ വേദങ്ങളിലും ഉപനിഷത്തുകളിലും കാണുന്ന ഓംകാരയെന്നും (Aumkara) സൃഷ്ടികർത്താവെന്നും (Sat Kartar) സത്യനാമ (Sat Nam) മെന്നുമൊക്കെ വിളിച്ചു. ആദിഗ്രന്ഥത്തിലെ എല്ലാ

അധ്യായങ്ങളും ഏകദൈവവിശ്വാസം ഏറ്റുപറഞ്ഞുകൊണ്ടാണു തുടങ്ങുന്നത്. ഏക് ഓം കാർ ഗുരു പർസത് എന്ന ദേവനാമകീർത്തനത്തോടെയാണ് എല്ലാ അധ്യായങ്ങളും ആരംഭിക്കുന്നത്. ഇതിലൂടെ ദൈവം ഏകനാണെന്നും അവൻ മാത്രമാണ് ആരാധനയ്ക്കർഹൻ എന്നും വിശ്വാസികൾ ഏറ്റുപറയുന്നു.

ദൈവം സ്വയം നിയമിക്കപ്പെട്ടതോ സൃഷ്ടിക്കപ്പെട്ടതോ അല്ല. അവൻ സ്വയംസിദ്ധവും പരിപൂർണ്ണവുമാണ്. ഒരുവനും ദൈവത്തെ നിർവചിക്കാനോ കണ്ടെത്തുവാനോ സാധ്യമല്ല. സിക്കുകാർ ദൈവത്തെ പിതാവായും ഗുരുനാഥനായും സർവ്വ നന്മദാതാവായും അംഗീകരിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം സത്യദൈവമാണ് യഥാർത്ഥ ഗുരു (Sat Guru). മറ്റു മതങ്ങളിലെപ്പോലെ അവതാരങ്ങളിൽ വിശ്വസിക്കുന്നില്ല. പത്തു ഗുരുക്കന്മാർ സത് ഗുരുവിന്റെ ദൈവികവും സൃഷ്ടിപരവുമായ വചനം പകർന്നുതരുന്ന പുണ്യപുരുഷന്മാർ മാത്രം. ആരാധനയ്ക്കർഹൻ ഏകദൈവം.

**നാമജപം**

ഗുരുനാനാക്കിന്റെ കാഴ്ചപ്പാടിൽ എല്ലാ മതങ്ങളുടെയും ലക്ഷ്യം ഈശ്വരസാക്ഷാത്ക്കാരമാണ്. അതിനു വ്യത്യസ്തങ്ങളായ മാർഗങ്ങൾ മതങ്ങൾ സ്വീകരിക്കുന്നുവെന്നു മാത്രം. നാനാക്ക് ഉപദേശിക്കുന്നതു ഭക്തിയുടെ മാർഗ്ഗമാണ്. അതായത് ദൈവനാമത്തിന്റെ ആരാധന. സിക്കു മതത്തിലെ ഏറ്റവും പരമപ്രധാനമായ ആരാധന ദൈവസാന്നിദ്ധ്യസങ്കല്പവും ദൈവനാമ ഭജനയുമാണ്. "ഞാൻ മറ്റൊരു ധ്യാനവും ജ്ഞാനവും അറിയുന്നില്ല. മറ്റൊരു വസ്ത്രം ധരിക്കുന്നില്ല. എന്തെന്നാൽ ദൈവനാമം എന്നിൽ വസിക്കുന്നു. അതേ, ശാശ്വതസത്യം കൈവശമായിരിക്കുന്നു" (ബിലാവൽ; പ്ര.ഗു).

ഈശ്വരനാമഭജന ഈശ്വരനെ അറിയുന്നതിനും രക്ഷയിലേക്കു കൂടുതൽ അടുക്കുന്നതിനും ആരെയും സഹായിക്കുന്നു. ഇതു ദൈവനാമത്തിന്റെ ആവർത്തനമെന്നതിനെക്കാൾ ഈശ്വരനെ കൂടുതൽ മനസ്സിലാക്കുന്നതിനും അതനുസരിച്ചു ജീവിതത്തെ ക്രമപ്പെടുത്തുന്നതിനും ഉപയുക്തമാകണം. വശുദ്ധഗ്രന്ഥം പഠിപ്പിക്കുന്നത് ദൈവനാമം ഏതൊരു ദേഹത്തിൽ വസിക്കുന്നുവോ അതു പരിശുദ്ധമാണ് എന്നത്രേ. ദൈവനാമം മനസ്സിൽ തുളച്ചുകയറുമ്പോൾ മറ്റൊന്നിനെ കുറിച്ചുള്ള ചിന്ത ഉപേക്ഷിക്കപ്പെടുന്നു. സിക്കുമതത്തിലെ എല്ലാ പ്രാർത്ഥനകളും ഈശ്വര നാമസ്മരണയുമായി ബന്ധപ്പെട്ടു കിടക്കുന്നു. അത് ഓരോ മനുഷ്യനിലെയും പാപവാസനയെ കഴുകിക്കളയുന്നു. ഈ കലിയുഗത്തിൽ ഏറ്റവും ശ്രേഷ്ഠമായതും ദൈവനാമംതന്നെ.





**ഗുരുക്കന്മാരുടെ സ്ഥാനം**

'ഗുരു' എന്ന വാക്കിന്റെ അർത്ഥം അന്ധകാരത്തെ തുടച്ചുമാറ്റുന്നവനും (Gu) ഈശ്വരസാക്ഷാത്ക്കാരത്തിനു പാതയൊരുക്കുന്നവനും (Ru) എന്നാണ്. സിക്കുമതം രണ്ടു നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന പത്തു ഗുരുക്കന്മാരുടെ 'ശിഷ്യ'സമൂഹമാണ്. ഗുരുക്കന്മാർ ദൈവത്തിന്റെ പരമോന്നത സൃഷ്ടിയും മനുഷ്യരിൽ ഏറ്റവും ശ്രേഷ്ഠരുമാണെന്ന് സിക്കുകാർ കരുതുന്നു. ദൈവത്തെയും മനുഷ്യനെയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലമാണ് അവർ. മനുഷ്യനെ സ്വർഗ്ഗത്തിലേക്കു കയറ്റിവിടുന്ന കോണിപ്പടികളാണ് അവർ. ലോകമാകുന്ന സാഗരത്തിൽനിന്നു കര പറ്റാൻ മനുഷ്യനെ സഹായിക്കുന്ന കപ്പലുകളാണു ഗുരുക്കന്മാർ. അവർ മൂന്നു ലോകങ്ങളുടെയും വിളക്കാണ്. സിക്കുമതത്തിന്റെ കാഴ്ചപ്പാടിൽ ഗുരുക്കന്മാരെ മൂന്നു ഗണമായി തിരിക്കാം.

1. സത്യദൈവമാണു യഥാർത്ഥഗുരു. അവന്റെ ദൈവികവും സൃഷ്ടിപരവുമായ വചനത്തെ (Shabad) മനുഷ്യകുലത്തിന് എത്തിച്ചു കൊടുത്ത ചരിത്രപുരുഷന്മാരാണ് മറ്റു പത്തു ഗുരുക്കന്മാർ.

2. പത്താമത്തെ ഗുരുവിന്റെ വിശ്വാസങ്ങളും ആദർശങ്ങളും അഭംഗുരം പാലിക്കുന്ന ശിഷ്യസമൂഹത്തെ (Khalsa) ഗുരുവെന്നു വിശേഷിപ്പിക്കാം.

3. മതഗ്രന്ഥമായ ഗ്രന്ഥ് സാഹിബിന് (Guru Granth Sahib) ഗുരുവിന്റെ സ്ഥാനമാണ് സിക്കുകാർ നല്കിയിരിക്കുന്നത്.

## ആചാരാനുഷ്ഠാനങ്ങൾ

**മതപ്രവേശം**

ആദ്യകാലത്ത് സിക്കു മതത്തിലേക്കുള്ള പ്രവേശനത്തിന് വിവാഹം, പേരിടൽകർമ്മം എന്നീയവസരങ്ങളിലേതുപോലുള്ള ചടങ്ങുകളൊന്നും ഇല്ലായിരുന്നു. ഗുരുനാനാക്കിന്റെ കാലത്ത് ഒരു സ്ത്രീയോ പുരുഷനോ ഗുരുവിന്റെ ദൂതിനോടു മമത കാണിക്കുകയും ഗുരു സ്വീകരിക്കുന്ന ജീവിതരീതി പിന്തുടരാൻ തയ്യാറാവുകയും ചെയ്താൽ അവൻ/ അവൾ സിക്കുകാരൻ/കാരിയായി. എന്നാൽ കാലക്രമത്തിൽ ചില അംഗത്വരീതികളും ക്രമങ്ങളും തുടങ്ങി. 1699-ൽ ഗുരു ഗോവിന്ദ് സിംഗാണ് ആനന്ദപൂരിൽവച്ച് സിക്കു

മതപ്രവേശനരീതി തുടങ്ങിയത്. പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്ന ചില ഗീതങ്ങൾ ആലപിക്കുക, ഗുരുവിന്റെ കാല്പാദത്തിലൊഴിച്ച വെള്ളം കുടിക്കുക, വൈകുന്നേരങ്ങളിൽ മനനം ചെയ്യുക, അദ്ധ്വാനത്തിലൂടെ ജീവിതാവശ്യങ്ങൾ നിറവേറ്റുക, സമൂഹത്തെ സേവിക്കുക എന്നിവ ഇതിൽപ്പെടുന്നു.

ജീവൻ പണയംവച്ചുപോലും വിശ്വാസസത്യങ്ങൾക്കുവേണ്ടി ജീവിക്കാൻ തയ്യാറുള്ളവർ വേണം സിക്കുമതം സ്വീകരിക്കാൻ എന്നു ഗുരു ആവശ്യപ്പെട്ടു. ഗോവിന്ദ്സിംഗ് 1699-ൽ അനുയായികളെ വിളിച്ചുകൂട്ടി ആദ്യമായി സിക്കുമതപ്രവേശനം നടത്തി. ഗുരു ഒരു പാത്രത്തിൽ വെള്ളമെടുത്ത് പത്നിയായ മാതാസാഹിബ് കൗർ അതിൽ അധുരം ചേർത്ത് (Amrit) രണ്ടറ്റവും മൂർച്ചയുള്ള വാളുകൊണ്ടിളക്കി കുടിക്കുവാൻ എല്ലാവർക്കും കൊടുത്തു. അങ്ങനെ അമൃതു കഴിച്ചവരെല്ലാം മതവിശ്വാസികളായി, ഖൽസയിലെ അംഗങ്ങളായി. ഈ വാക്കിനർത്ഥം 'കലർപ്പില്ലാത്തവൻ' എന്നാണ്. ജാതിമത ഗോത്രചിന്തകളെല്ലാം മാറ്റിവച്ചുകൊണ്ട് അവർ ഒരു സമൂഹമായി ത്തീർന്നു. ആദ്യ 'സിക്കുകാരൻ' ദയാ റാം (Day Ram) എന്നുപേരുള്ള ഒരു ക്ഷത്രിയനായിരുന്നു.

ആദ്യത്തെ അഞ്ചു ഖൽസാ അംഗങ്ങളെ 'പാഞ്ച് പിയർ' (Panj Piare) എന്നാണു പറയുക. ഇതിനർത്ഥം 'അഞ്ചു വാത്സല്യ ഭാജനങ്ങൾ' എന്നാണ്. ഖൽസാ അംഗങ്ങൾ അഞ്ചുകാര്യങ്ങളിൽ ശ്രദ്ധിക്കുന്നു. 'പാഞ്ച്കക്കാർ' (Panj Kakkar) എന്നാണ് ഇതിനെ വിളിക്കുക.

i) കേശ് ( Kesh) = മറിക്കാത്ത മുടി
ii) കംഗാ ( Kanga) = മുടി ചീകാൻ ഉപയോഗിക്കുന്ന ചീപ്പ്
iii) കര (Kara) = വലതു കയ്യിൽ ധരിക്കുന്ന ഇരുമ്പുവള
iv) കൃപാൺ (Kripan)= ഒരുവശം മൂർച്ചയുള്ള ഒരു മീറ്റർ നീളമുള്ള വാൾ
v) കാച്ച (Kacho) = മുട്ടൊപ്പം നീളമുള്ള അടിവസ്ത്രം

ഖൽസയുടെ പ്രതിരൂപകാത്മകത്വം പ്രധാനമായും കൃത്യനിർവഹണപരമാണ്. മുറിക്കാത്ത മുടിക്കും ചീപ്പിനും ക്രിയാത്മകമായ ഉപയോഗമാണുള്ളത്. മുറിക്കാത്ത മുടി ദൈവം തന്ന ജന്മസിദ്ധമായ രൂപത്തെ പ്രതിനിധാനം ചെയ്യുന്നു. കര ദൈവത്തിന്റെ ഏകത്വത്തെ സൂചിപ്പിക്കുന്നു. കയ്യിൽ കെട്ടിയ ഇരുമ്പ്തകിട് പാപത്തിൽനിന്നു നമ്മെ വിലക്കുന്നു. കാച്ച പടയാളിക്കു വേണ്ട വസ്ത്രമാണ്. അതോടൊപ്പം അതു ലൈംഗികവികാരങ്ങളുടെ ശിക്ഷണത്തെ സൂചിപ്പിക്കുന്നു. കൃപാൺ യാതന അനുഭവിക്കുന്നവർക്കു





വേണ്ടി പൊരുതാനുള്ള സിക്കു മനോഭാവത്തെയാണു സൂചിപ്പിക്കുന്നത്.

ഗ്രന്ഥ് സാഹിബിന്റെ മുമ്പിലാണ് ഇന്നു മതപ്രവേശനം നടത്തുക. പ്രത്യേകം സജ്ജമാക്കിയ മുറിയിൽ വിശുദ്ധഗ്രന്ഥം വച്ചിരിക്കുന്നു. വിശ്വാസം സ്വീകരിക്കുന്നവരും ചടങ്ങുകൾക്കു നേതൃത്വം കൊടുക്കുന്നവരും മാത്രമേ ഇവിടെ ഉണ്ടാവുകയുള്ളൂ. എല്ലാവരും പാഞ്ച് കാക്കാർ ധരിച്ചിരിക്കണം. ആചാരാനുഷ്ഠാനങ്ങൾക്ക് ഏഴു പേർ ആവശ്യമാണ്. ഒരാൾ ഗ്രന്ഥി (Granthi) ആയി ഗുരുഗ്രന്ഥ സാഹിബിന്റെ പിൻവശത്തിരിക്കുന്നു. മറ്റ് അഞ്ചുപേർ ആദ്യത്തെ അഞ്ചുസിക്കുകാരെ (Panj Piare ) സൂചിപ്പിക്കുന്നു. ഏഴാമത്തെയാൾ കാവൽക്കാരനായി നില്ക്കുന്നു. പക്വത വന്നവരാണ് സാധാരണ വിശ്വാസം സ്വീകരിക്കുന്നത്. ഒരു കുടുംബം ഒന്നിച്ചു വിശ്വാസം സ്വീകരിക്കുന്ന അവസരത്തിൽ എല്ലാവരെയുംകൂടി ഒന്നിച്ചു സ്വീകരിക്കുകയാണു പതിവ്. പ്രായവ്യത്യാസം സാധാരണ നോക്കാറില്ല. അംഗിന് കർമ്മമെന്ന പേരിൽ വൈശാഖനാളിൽ മതപ്രവേശനം ഇന്നും അനുഷ്ഠിച്ചുപോരുന്നു.

**വിവാഹകർമ്മം**

സിക്കുമതത്തിൽ വിവാഹകർമ്മങ്ങൾ ഏകദേശം ഇതുപതു മിനിട്ടു കൊണ്ടവസാനിക്കുന്നു. ഇതിനോടനുബന്ധിച്ചുള്ള ഒരുക്കങ്ങൾ മാസങ്ങളോളം നീണ്ടുനില്ക്കും. പ്രേമവിവാഹത്തിലേർപ്പെടുന്നവർപോലും ഈ ഒരുക്കങ്ങളിലൂടെ കടന്നുപോകണം. യഥാർത്ഥ സിക്കുമതവിശ്വാസികൾ സ്ത്രീധനം ആവശ്യപ്പെടാറില്ല. സ്ത്രീധനം കൊടുത്താൽ വിവാഹത്തിന്റെ തലേന്നാൾ പെൺകുട്ടിയുടെ വീട്ടിൽ സ്ത്രീധനവും മറ്റ് ഉപഹാരങ്ങളും പെൺകുട്ടി നെയ്തുണ്ടാക്കിയ വസ്തുക്കളും പ്രദർശിപ്പിക്കാറുണ്ട്. സാധാരണ അവരവരുടെ ജാതിയിൽപ്പെട്ടവരെയേ വിവാഹം കഴിക്കാറുള്ളൂ. വിവാഹം നടക്കുന്നത് ഗുരുഗ്രന്ഥ് സാഹിബിനെ സാക്ഷിനിർത്തിയാണ്. വരൻ പുരുഷന്മാരായ ബന്ധുക്കളോടും കൂട്ടുകാരോടുമൊപ്പം കുതിരപ്പുറത്താണു വരുന്നത്. പഞ്ചാബിൽ പുരുഷന്മാർ മാത്രമേ വരനെ അനുഗമിക്കാറുള്ളൂ. രണ്ടു കുടുംബത്തിലെയും പുരുഷന്മാർ ഒന്നിച്ചുകൂടി സമ്മാനങ്ങൾ കൈമാറുന്നു. ഇതിനെ മിൽനി (Milni) എന്നാണു വിളിക്കുന്നത്. സ്ത്രീകളാണ് സാധാരണ വധുവിനെ വീട്ടിൽ സ്വീകരിക്കുന്നത്.

വിവാഹ കർമ്മത്തിൽ പങ്കെടുക്കുന്നവർ ഗുരുഗ്രന്ഥ് സാഹിബിന്റെ മുമ്പിൽ ആചാരം ചെയ്തതിനുശേഷം നേരേ മുമ്പിൽ ഇരി

ക്കുന്നു. വധു അടുത്തബന്ധത്തിലെ ഏതെങ്കിലും സ്ത്രീയാൽ ആനയിക്കപ്പെട്ട് വരന്റെ ഇടതുവശത്തിരിക്കുന്നു. തുടർന്ന് പുരോഹിതൻ കരുണയാചിച്ച് ദൈവത്തോടു പ്രാർത്ഥിക്കുന്നു. പ്രത്യേകം തെരഞ്ഞെടുത്ത വിശുദ്ധഗ്രന്ഥ ഭാഗം വായിക്കുകയും ധർമ്മപ്രബോധനം നടത്തുകയും ചെയ്യുന്നു. വരന്റെ ഉത്തരീയം വധുവിന്റെ വലതു കയ്യിൽ വയ്ക്കുന്നു. അതിനുശേഷം വിവാഹ ഗീതത്തിന്റെ ആദ്യ പാദം (Lavan) എഴുന്നേറ്റു നിന്നാലപിക്കുന്നു. നാലു പാദങ്ങളുള്ള ലാവാൻ പാടുമ്പോൾ ഓരോ പാദത്തിന്റെയും അവസാനം വധൂവരന്മാർ വിശുദ്ധഗ്രന്ഥത്തിനു വലംവയ്ക്കുന്നു. നാലാമത്തെ പ്രാവശ്യം വലംവയ്ക്കുന്നതോടെ വിവാഹം നടക്കുന്നുവെന്ന് സിക്കുകാർ വിശ്വസിക്കുന്നു.

**മരണവും ശവദാഹചടങ്ങും**

മരണാസന്നനായി കിടക്കുന്ന ആളെ ആശ്വസിപ്പിക്കാൻ ബന്ധുക്കൾ ഒരുമിച്ചുകൂടുന്നു. ഈ സമയത്ത് ഗ്രന്ഥ്സാഹിബിൽനിന്നുള്ള സമാധാന കീർത്തനങ്ങൾ (Sukhmani) അവർ ഉരുവിടാറുണ്ട്. സിക്കുകാർ പോസ്റ്റുമോർട്ടം ഇഷ്ടപ്പെടുന്നില്ല. ശരീരത്തോടു കാണിക്കുന്ന അവജ്ഞയായി അതിനെ അവർ കണക്കാക്കുന്നു.

ശവദാഹത്തിനു മുന്നോടിയായി ശരീരം കഴുകിയതിനുശേഷം വസ്ത്രങ്ങളും പാഞ്ച് കക്കാറുകളും ധരിപ്പിക്കുന്നു. പ്രത്യേകം പരിശീലനം ലഭിച്ചവരാണ് ശവദാഹചടങ്ങിനു നേതൃത്വം നല്കുന്നത്. 'വഹി ഗുരു സത് നാം' (Vahi Guru Sat Nam) ആവർത്തിച്ചു പാടിക്കൊണ്ട് അവർ മൃതദേഹവുമായി ദഹനസ്ഥലത്തേക്കു പോകുന്നു. അവിടെ എത്തിക്കഴിയുമ്പോൾ അർദാസ് (Ardas) ചെല്ലുന്നു. ഏറ്റവും അടുത്ത ബന്ധുവാണ് ചിതയ്ക്കു തീ കൊളുത്തുക. ചിത കത്തിത്തീരുമ്പോൾ സോഹില (Sohila) പ്രാർത്ഥന നടത്തുന്നു. മരിച്ചവരുടെ പൂജ്യാവശിഷ്ടങ്ങളുടെ മുകളിൽ സ്മാരകങ്ങൾ പണിയുന്നത് നിയമസംഹിത നിരോധിച്ചിരിക്കുകയാണ്.

**ലംഗാർ**

പരസ്പരം പങ്കുവച്ചു കഴിക്കുന്ന ഭക്ഷണരീതിയെയാണ് ലംഗാർ എന്നു വിളിക്കുക., ഇതു സിക്കുകാരുടെ ആരാധനയുടെ ഭാഗമാണ്. എല്ലാവരും ഒന്നിച്ചു നിലത്തിരുന്ന് സസ്യാഹാരം കഴിക്കുന്നു. പാകംചെയ്യുന്നതും അവർ ഒരുമിച്ചാണ്. സിക്കുമതത്തിന്റെ ഒരു പ്രധാന മന്ത്രമാണ് 'ആദ്യം ഒന്നിച്ചിരുന്നു ഭക്ഷിക്കുക; അതിനുശേഷം ഒരുമിച്ച് ആരാധിക്കുക' എന്നത്.



# 10

# പാർസിമതം

**ആമുഖം**

അതിപുരാതനമായ പാർസിമതം ഉത്ഭവിച്ചതു പേർഷ്യയിലാണ് (ഇറാൻ) എന്നു വിശ്വസിക്കപ്പെടുന്നു. സൊറവാസ്തർ അഥവാ സൊറാത്തുസ്ത്ര ആണ് ഈ മതത്തിന്റെ സ്ഥാപകൻ. മസ്ദേയിസം (Mazdaism) എന്നും ഈ മതത്തിനു പേരുണ്ട്. ഉത്ഭവം മുതൽ മുസ്ലീങ്ങൾ പേർഷ്യ കീഴടക്കുന്നതുവരെ അവിടുത്തെ പ്രധാനപ്പെട്ട മതം പാർസിമതം ആയിരുന്നു. വളരെ പ്രാചീന മതമായിരുന്നതിനാൽ ഇതിലെ ആചാരങ്ങളും വിശ്വാസങ്ങളും മറ്റു പല മതങ്ങളെയും സ്വാധീനിച്ചിട്ടുണ്ട്. റോമാസംസ്കാരത്തിലും യവനസംസ്കാരത്തിലുമെല്ലാം പാർസിമതാംശങ്ങൾ അലിഞ്ഞുചേർന്നിട്ടുണ്ട്. പാർസിമതത്തിന്റെ വിശുദ്ധഗ്രന്ഥമായ "അവസ്ത" (Avesta) യിൽ നിന്നും "അഹൽവി" ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള ഏതാനും ഗ്രന്ഥങ്ങളിൽ നിന്നുമാണ് നമുക്കു പാർസി മതത്തെക്കുറിച്ച് അറിയുവാൻ സാധിക്കുന്നത്.

സൊറവാസ്തർ ജീവിച്ചിരുന്ന കാലഘട്ടത്തെപ്പറ്റി പണ്ഡിതരുടെ ഇടയിൽ ഭിന്നാഭിപ്രായങ്ങൾ ഉണ്ട്. പ്ലേറ്റോയ്ക്ക് (427-347 ബി.സി.) 6000 വർഷങ്ങൾക്കുമുമ്പാണ് സൊറവാസ്തർ ജീവിച്ചിരുന്നത് എന്നു ഗ്രീക്ക്

ചിന്തകനായ പ്ലിനി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അലക്സാണ്ടർ ചക്രവർത്തിയെക്കുറിച്ചുള്ള രേഖകളിൽ ചക്രവർത്തി ജീവിച്ചിരുന്നത് സൊറവാസ്തറിന് 258 വർഷങ്ങൾക്കുമുമ്പാണെന്നു കാണുന്നു. ഈ കണക്കനുസരിച്ച് ബി.സി. ആറാം നൂറ്റാണ്ടാണ് സൊറവാസ്തറുടെ ജീവിതകാലം.

ബി.സി. 15-ാം നൂറ്റാണ്ടിലാണു സൊറവാസ്തർ ജീവിച്ചിരുന്നതെന്നു ചില പാശ്ചാത്യ പണ്ഡിതന്മാർ വാദിക്കുന്നു. ഇന്ത്യയിലെ ഹിന്ദുമതത്തിന്റെ ഉത്ഭവവും ഇറാനിലെ പാർസിമതത്തിന്റെ ഉത്ഭവവും ആര്യന്മാരിൽനിന്നുതന്നെയാണെന്ന് ഇവർ കരുതുന്നു. ഇൻഡോ - യൂറോപ്യൻ ഭാഷയായ സംസ്കൃതം സംസാരിച്ചിരുന്ന ആര്യന്മാർ പേർഷ്യയിൽ കുറെക്കാലം കഴിച്ചുകൂട്ടിയതിനുശേഷമാണ് ഇന്ത്യയിലേക്കു വന്നതെന്ന് പണ്ഡിതർ പറയുന്നു. ഇതിനു നിദാനമായി അവർ ചൂണ്ടിക്കാണിക്കുന്നത് പാർസിമതഗ്രന്ഥമായ 'അവസ്ത' യിലെ ഭാഷയും ആചാരങ്ങളെയും ഈശ്വരന്മാരെയും പറ്റിയുള്ള സങ്കല്പങ്ങളും ഇന്ത്യയിലെ വേദഗ്രന്ഥഭാഷയിലെ സങ്കല്പങ്ങളും തമ്മിൽ വളരെയേറെ സാമ്യങ്ങളുണ്ട് എന്നതാണ്. ഉദാഹരണമായി 'ഇറാൻ' എന്ന വാക്കിന്റെ അർത്ഥവും 'ആര്യൻ' എന്ന വാക്കിന്റെ അർത്ഥവും 'കുലീനൻ' എന്നാണ്. രണ്ടു സമൂഹങ്ങളും ബഹുദൈവാരാധകരായിരുന്നു. ഇറാനിലെ ദൈവങ്ങൾ 'ദിവാ' (Daevas) എന്നറിയപ്പെടുമ്പോൾ ഹിന്ദുദൈവങ്ങൾ 'ദേവ' (Deva) എന്നാണറിയപ്പെടുന്നത്. ഇറാനിലെ മഴയുടെ ദൈവമായ ഇൻതർ (Intar) നും ഹിന്ദുമതത്തിലെ ദേവന്മാരുടെ ദേവനായ ഇന്ദ്രനും (Indra) തമ്മിൽ സാമ്യമുണ്ട്. ഈ വാദഗതികളുടെ അടിസ്ഥാനത്തിൽ കൂടുതൽപേരും വിശ്വസിക്കുന്നത് ബി.സി 15-ാം നൂറ്റാണ്ടിലാണ് പാർസിമതം ഉത്ഭവിച്ചത് എന്നാണ്.

## പാർസിമതം ഇന്ത്യയിൽ

എ.ഡി. എട്ടാം നൂറ്റാണ്ടുമുതലാണ് പാർസിമതവിശ്വാസികൾ ഇന്ത്യയിലേക്കുള്ള കുടിയേറ്റം ആരംഭിച്ചത്. ഗുജറാത്തിലെ കത്തിയവാറിലുള്ള ഡ്യു എന്ന സ്ഥലത്താണ് അവർ ആദ്യം വാസമുറപ്പിച്ചത്. ഗുജറാത്തിലുള്ള സഞ്ചൻ (Sanjan) എന്ന സ്ഥലത്ത് ഇന്ത്യയിലെ പാർസിമതവിശ്വാസികളുടെ ആദ്യത്തെ ആരാധനാലയം സ്ഥാപിക്കപ്പെട്ടു. അതു പിന്നീട് ഉദ്വാദ് (Udvad) എന്ന സ്ഥലത്തേക്കു മാറ്റി സ്ഥാപിച്ചു. ഇതു പാർസിമതവിശ്വാസികളുടെ ഒരു പ്രധാന തീർത്ഥാടനകേന്ദ്രമായി നിലകൊള്ളുന്നു. ഗുജറാത്തിലെത്തിയ വിശ്വാസികളിൽ കുറേപ്പേർ ബോംബെയിലേക്കു കുടിയേറി. ഇവിടെ അഗ്നിക്കു പ്രതിഷ്ഠിക്കപ്പെട്ട പ്രശസ്തമായ ഒരു ആരാധനാലയം ഇവർക്കുണ്ട്.





## അടിസ്ഥാന വിശ്വാസങ്ങൾ

### അവസ്ത

പാർസിമതത്തിന്റെ അടിസ്ഥാന ഗ്രന്ഥമാണ് അവസ്ത. സൊറവാസ്തറിനു ദൈവം നേരിട്ടു വെളിപ്പെടുത്തിയതാണ് ഈ അടിസ്ഥാനതത്ത്വങ്ങൾ എന്നാണ് വിശ്വാസം. പക്ഷേ, ഇതിലെ 17 സ്തോത്രങ്ങൾ(ഗാഥ) മാത്രമേ സൊറവാസ്തറിന്റേതായിട്ടുള്ളുവെന്നും മറ്റു കാര്യങ്ങൾ അദ്ദേഹത്തിനു മുമ്പുള്ള കാലത്തെ പൗരാണിക സ്തോത്രങ്ങളാണെന്നും വിശ്വസിക്കുന്നവർ കുറവല്ല.

### ഈശ്വരദർശനം

മധ്യപൂർവദേശത്തു ജന്മമെടുത്ത ജൂത - ഇസ്ലാം മതങ്ങളെപ്പോലെ തന്നെ, പാർസിമതവും ഏകദൈവത്തിൽ വിശ്വസിക്കുന്നു. പാർസിമതവിശ്വാസികൾ ദൈവത്തെ വിളിക്കുന്നത് അഹുര മസ്ദ എന്നാണ്. ലോകത്തിൽ എവിടെയൊക്കെ പദാർത്ഥമുണ്ടോ അവിടെയെല്ലാം അഹുര മസ്ദയും സ്ഥിതി ചെയ്യുന്നുവെന്ന് അവർ കരുതുന്നു. അഹുര മസ്ദ ആവസിക്കാത്തതായി ഒരു പരമാണുപോലും ഈ ലോകത്തിൽ ഇല്ല. വസ്തുക്കളുടെ ഉള്ളിലെ ദൈവിക സാന്നിദ്ധ്യം ദർശിക്കുവാൻ ഈ ഭൂമിയിൽ സൊറവാസ്തറിനു മാത്രമേ സാധിച്ചിട്ടുള്ളൂ എന്നാണ് ഇവരുടെ വിശ്വാസം. ഇതു മറ്റു മനുഷ്യർക്കും സാധ്യമാണ്. പക്ഷേ അതിനായി സൊറവാസ്തർ കാണിച്ചു തരുന്ന ധാർമിക മാർഗ്ഗത്തിലൂടെ അവർ ചരിക്കണം.

അഹുര മസ്ദയ്ക്ക് അമാനുഷികരായ ആറു സഹജന്മാരുണ്ട്. (1) വൊഹുമാനോ (Vohumano) - മൃഗലോകത്തിന്റെ അധിപനും നീതിമാനും സന്മനസ്സുള്ളവനുമാണ് ഇയാൾ. (2) അഹാവിഹിഷ്ട (Ahavihista) - അഗ്നിയുടെ അധിപനും ധർമ്മിഷ്ഠനുമാണ് ഇദ്ദേഹം. (3) ക്ഷാത്ര വൈശ്യ (Kshatra Vaisya) - ധാതുലോകത്തിന്റെ അധിപനും ഭരണാധികാരിയുമാണിദ്ദേഹം. (4) അരാമയിതി (Aramaity) (5) ഹൗർവതാത് (Hawrvatat) - സർവ്വ ജലാശയങ്ങളുടെയും അധിപനാണ് ഇദ്ദേഹം. (6) അമരെതാത് (Amaretat) - സസ്യലോകത്തിന്റെ അധിപനും അന്ത്യമില്ലാത്തവനുമാണ് ഇദ്ദേഹം. അഹുര മസ്ദയും ഈ ആറു സഹജന്മാരും വാക്കിലും ചിന്തയിലും പ്രവൃത്തിയിലും പരിപൂർണ്ണ ഐക്യത്തിൽ വസിക്കുന്നു. ഈ ദൈവങ്ങളെല്ലാം വസിക്കുന്നത് ഗാരോ നെമാൻ (Garo Neman) എന്ന സ്ഥലത്താണ്. 'സംഗീതത്തിന്റെ ഗേഹം' എന്നാണ് ഈ സ്ഥലം അറിയപ്പെടുന്നത്. ഇവിടെ ഇവർ മരണമില്ലാത്തവരായി, നിത്യകാലത്തോളം അഹുര മസ്ദയെ പുകഴ്ത്തി ഗാനങ്ങൾ ആലപിച്ചുകൊണ്ടിരിക്കുന്നു. ഈ ദേവന്മാരാണ് ലോകത്തിൽ കാണുന്ന അഭൗമിക സൗന്ദര്യത്തിന്റെ കാരണവും സ്രഷ്ടാക്കളും പരിപാലകരും.

അഹുര മസ്ദയ്ക്കും സഹജന്മാർക്കും ഭൂമിയിൽ പ്രതിയോഗികൾ ഉണ്ട്. ആങ്കരെമിനോ (Angremino) അകോമാൻ (Akoman), ഇന്ദ്രൻ (Indra), സൗരവൻ (Saurava), തരോമതി അന്നഗോയ്ഷ (Taromati Annagoisha), തൗർവി (Taurvi), സൈർച്ച് (Sairch) എന്നിവരാണ് അവർ. അഹുര മസ്ദയും സഹജന്മാരും ഈ ശക്തികളുമായി നിരന്തരമായ യുദ്ധത്തിലാണ്. എങ്കിലും ആത്യന്തികമായ വിജയം ദൈവികശക്തികൾക്കുതന്നെ.

**മനുഷ്യദർശനം**

പാർസിമത ദർസനപ്രകാരം മനുഷ്യൻ പ്രധാനമായും മൂന്നു സ്വഭാവങ്ങളുടെ സങ്കലനമാണ് – അഭൗമികതയും ഭൂതാത്മകതയും ഓജസ്സും. ഇവതന്നെയാണ് ആത്മാവ്, ശരീരം, ജീവൻ എന്നിങ്ങനെ അറിയപ്പെടുന്നതും. ഇവയിൽ ഏറ്റവും ആദ്യം സൃഷ്ടിക്കപ്പെട്ടത് ആത്മാവാണ്. അനശ്വരവും അമർത്യവുമായ ഈ ആത്മാംശം മനുഷ്യന്റെ ജനനസമയത്ത് അവന്റെ ശരീരത്തോടു ചേരുകയും മരണത്തോടെ അവനെ വിട്ടുപിരിയുകയും ചെയ്യുന്നു. ആത്മാവിനോടു ബോധവും മനസ്സും ചേർന്നിരിക്കുന്നു. ജോലിക്കാരനു തന്റെ പണിയായുധംപോലെയും കുതിര സവാരിക്കാരനു കുതിരപോലെയും ആണ് ആത്മാവിനു ശരീരം. ആധുനിക മനഃശാസ്ത്രത്തിൽ വ്യക്തിത്വത്തിന്റെ മൂന്നു ഭാവങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്ന യുക്തിയും വികാരവും മനസ്സും പാർസിമതത്തിലെ മനുഷ്യദർശനത്തിൽ കാണുന്ന മൂന്നു ഭാവങ്ങളുമായി യോജിച്ചു പോകുന്നതാണ്.

**യുഗാന്ത്യദർശനം**

പാർസിമത യുഗാന്ത്യദർശനമനുസരിച്ച് നന്മ ചെയ്തവർക്കു സ്വർഗ്ഗ ഭാഗ്യവും തിന്മ ചെയ്തവർക്കു നരകശിക്ഷയും നല്കപ്പെടുന്നു. മരണശേഷം ശരീരം ഒരു മാർബിൾപാളിയിലോ മരപ്പലകയിലോ വച്ചു പ്രാർത്ഥനയുടെയും മന്ത്രോച്ചാരണത്തിന്റെയും അകമ്പടിയോടെ 'നിശ്ശബ്ദതയുടെ ഗോപുര '(Tower of silence) ത്തിലേക്കു സംവഹിക്കപ്പെടുന്നു. മരിച്ച വ്യക്തിയുടെ ആത്മാവു സമാധിസ്ഥലത്തിനു ചുറ്റും നാലു ദിവസത്തേക്കു വട്ടമിട്ടു പറന്നു നടക്കുന്നുവെന്ന് അവർ വിശ്വസിക്കുന്നു. ഈ നാലു ദിവസവും വളരെ ചെലവേറിയ ആരാധനാനുഷ്ഠാനങ്ങൾ അവർ നടത്തുന്നു. സാമ്പത്തിക പരാധീനത മൂലം ഇതു നടത്തുവാൻ ആർക്കെങ്കിലും സാധിക്കാതെ വന്നാൽ മറ്റുള്ളവർ സഹായിക്കണം. ഇതിൽ ആദ്യത്തെ മൂന്നുദിവസവും മരിച്ച വ്യക്തിയുടെ ആത്മാവു ശിരസ്സിന്റെ സ്ഥാനത്തു വന്നുനിന്ന് അഹുര മസ്ദയെ കീർത്തിക്കുന്നുവെന്നാണു സങ്കല്പം.



# 11

## ബഹുത്വം ബൈബിളിൽ

വൈവിധ്യങ്ങളുടെ ഭൂമികയാണ് ഈ ലോകം. ഭൂമിശാസ്ത്രപരമായി മാത്രമല്ല വംശം, വർണം, ഭാഷ, ലിംഗം, സംസ്കാരം, മതം എന്നിങ്ങനെ ഒട്ടനവധി തലങ്ങളിലൂടെയും വൈവിധ്യം സാക്ഷാത്കരിക്കപ്പെട്ടിട്ടുണ്ട്. ഈ വൈവിധ്യങ്ങളിൽ ഒരുപക്ഷെ മനുഷ്യജീവിതത്തെ ആഴത്തിൽ സ്വാധീനിക്കുന്നത് മതപരവും സാംസ്കാരികവുമായ ഘടകങ്ങളായിരിക്കാം. ലോകജനതയുടെ പുരോഗതിതന്നെ മതസാംസ്കാരിക വൈവിധ്യത്തോട് മനുഷ്യൻ എങ്ങനെ പ്രതികരിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് നിലകൊള്ളുന്നതെന്നു കരുതുന്നതിൽ തെറ്റില്ല. ലോകചരിത്രം പരിശോധിക്കുമ്പോൾ മറ്റ് എല്ലാതലങ്ങളിലുള്ള വൈവിധ്യങ്ങളെയുംകാൾ മനുഷ്യൻ അസഹിഷ്ണുതയോടെ സമീപിച്ചിട്ടുള്ളത് മതബഹുത്വത്തോടാണ് എന്ന് വ്യക്തമാകും.

മതവിശ്വാസങ്ങളിലുള്ള ബഹുത്വം ഒരു നൂതനപ്രതിഭാസമല്ല. മനുഷ്യൻ ഈശ്വരാരാധന തുടങ്ങിയ

നാൾമുതൽ അവന്റെ വിശ്വാസങ്ങളിലും ആ വിശ്വാസം ആവിഷ്കൃതമായ ആചാരാനുഷ്ഠാനങ്ങളിലും വൈവിധ്യം ഉണ്ടായിരുന്നു. ചരിത്രം വെളിവാക്കുന്നതുപോലെ, മതവിശ്വാസങ്ങളിലെ ഈ ഭേദചിന്തകൾ സംഘർഷങ്ങൾക്കു വഴിതെളിക്കുന്നുണ്ടെങ്കിലും അവ പലപ്പോഴും സൃഷ്ടിപരമായിരുന്നു എന്നതാണ് യാഥാർത്ഥ്യം. ബഹുസ്വരതയിൽ നിന്നുടലെടുക്കുന്ന സംഘർഷങ്ങൾ സർഗാത്മകമായിരുന്നു എന്നു പറയുമ്പോൾ അവ പുതിയ മതവിശ്വാസങ്ങളുടെ രൂപീകരണത്തിനും വികാസത്തിനും കാരണമായിട്ടുണ്ട് എന്നാണ് അർത്ഥമാക്കുന്നത്. ഉദാഹരണമായി ഇന്ത്യയിൽ ബുദ്ധ-ജൈനമതങ്ങൾ വളർന്നുവികസിച്ചത് അന്ന് ശക്തമായി നിലനിന്നിരുന്ന ബ്രാഹ്മണമതത്തോട് കലഹിച്ചുകൊണ്ടായിരുന്നു. എണ്ണിയാലൊടുങ്ങാത്ത പ്രാദേശികദൈവങ്ങളുടെ നാട്ടിലാണ് യഹൂദവിശ്വാസം ഉടലെടുക്കുന്നത്. വിജാതീയദൈവങ്ങളുമായുള്ള നിരന്തര സംഘർഷവും അവ സൃഷ്ടിച്ച വെല്ലുവിളികളുമായിരുന്നു യഹൂദമതത്തെ ഏകദൈവവിശ്വാസത്തിന്റെ അടിത്തറയിൽ ഉറപ്പിച്ചു നിർത്തിയത്. അപ്പോൾ വൈവിധ്യം അതിനാൽത്തന്നെ മതങ്ങളുടെ നിലനിൽപ്പിന് ഒരു ഭീഷണിയല്ലെന്നും പരസ്പരപൂരകങ്ങളായി വർത്തിക്കാനുള്ള വിശാലതയിലേക്കാണ് നയിക്കുന്നതെന്നും സൂചിപ്പിക്കുന്നത്.

## ബഹുത എന്നാൽ

നെസ്‌ലെ ന്യൂബിഗിൻ എന്ന പാശ്ചാത്യചിന്തകന്റെ അഭിപ്രായത്തിൽ "മതങ്ങൾ തമ്മിലുള്ള വൈജാത്യങ്ങൾ ശരിതെറ്റുകളുടെ ഒരു വിഷയം എന്നതിലുപരി ഒരേ സത്യത്തിന്റെ വ്യത്യസ്തങ്ങളായ ഭാഷ്യങ്ങളാണെന്ന വിശ്വാസമോ തദനുസൃതമായ വിശാല കാഴ്ചപ്പാടോ ആണ്".

1) ബഹുത എന്ന പ്രതിഭാസത്തിന്റെ അന്തരാത്മാവിനെ മനസ്സിലാക്കാൻ രണ്ടുതരത്തിലുള്ള വ്യാഖ്യാനങ്ങൾ നൽകാറുണ്ട്. അവയിലൊന്ന് "നാനാത്വത്തിൽ ഏകത്വം" എന്ന തത്വത്തെ അടിസ്ഥാനമാക്കിയാണ്. വിവിധങ്ങളായ മതങ്ങൾ അവയുടെ വൈവിധ്യം നിറഞ്ഞ സാംസ്കാരിക സാമൂഹിക സാഹചര്യങ്ങളിൽനിന്ന് ഏകമായ സത്യത്തെ നോക്കിക്കാണുമ്പോൾ ഭിന്നമായി തോന്നാമെങ്കിലും സത്യം ഏകമാണെന്നതാണ് നാനാത്വത്തിലെ ഏകത്വം എന്ന തത്വത്തിന്റെ കാതൽ. "ഏകം സത്വിപ്രാ ബഹുധാവദന്തി" എന്ന ഉപനിഷത് വാക്യം ഇവിടെ സ്മരണാർഹമാണ്. ഇതിനോട് ചേർന്നുതന്നെ "ഗവാം അനേക വർണ്ണാനാം ക്ഷീരസ്യാപി ഏക വർണ്ണതാം" 'പശുക്കൾ പലനിറത്തിലുണ്ടെങ്കിലും അവ തരുന്ന





പാലിനെല്ലാം ഒരേ നിറം' എന്ന ഉപനിഷത് സൂക്തവും പ്രസക്തമാണ്. പല മതങ്ങൾക്കും അവയുടേതായ ആരാധനാ രീതികളും ദർശന ശാസ്ത്രങ്ങളും അനുഷ്ഠാനക്രമങ്ങളും ഉണ്ടായാലും ഇവ തമ്മിൽ പ്രത്യക്ഷ വൈരുദ്ധ്യങ്ങൾ അനുഭവപ്പെടാമെങ്കിലും എല്ലാറ്റിന്റെയും ആരംഭമായ ഈശ്വര ചൈതന്യം ഒന്നുതന്നെ.

വിവിധങ്ങളായ മതവിശ്വാസങ്ങൾ സത്യത്തിന്റെ പലതായ മുഖങ്ങളാണെന്ന കാഴ്ച്ചപ്പാട് ഒരു മതത്തിന്റെയും അനന്യത ചോദ്യം ചെയ്യുന്നില്ല. മറിച്ച് വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും മേഖലക്കുള്ളിൽ വൈവിധ്യത്തിനുള്ള സാധ്യത ഈ സമീപനം അംഗീകരിക്കുന്നു. അതിനാൽ മതങ്ങളുടെ വൈവിധ്യം ഇല്ലാതാകുന്നതിനേക്കാൾ വൈവിധ്യങ്ങളുടെ ബാഹ്യാവരണങ്ങൾക്കുള്ളിൽ കുടികൊള്ളുന്ന ഏകതാനവും സ്വച്ഛവുമായ ഈശ്വര ചൈതന്യത്തെ സ്വാംശീകരിക്കുക എന്നതാണ് ബഹുസ്വരതയുടെ അന്തസാരം. കാൾ ജാസ്പേർസ്, ജോൺ ഹിക്ക് തുടങ്ങിയവർ ഈ ചിന്താഗതിയിലൂടെ ബഹുതയെ നോക്കിക്കാണുന്നതിൽ ഏറെ പ്രശസ്തരാണ്.

2) ബഹുതയുടെ ആന്തരാർത്ഥം മനസ്സിലാക്കുന്നതിന് നൽകുന്നതിന് മറ്റൊരു വ്യാഖ്യാനം മതങ്ങളെല്ലാം ആപേക്ഷികയാഥാർത്ഥ്യങ്ങളാണെന്നാണ് (realitive reality). മതങ്ങൾ ആപേക്ഷികയാഥാർത്ഥ്യങ്ങളാണെന്ന വീക്ഷണത്തിന് പിൻതുണ നൽകുന്ന ദൈവശാസ്ത്രജ്ഞന്മാരിൽ ഏറ്റവും ശ്രദ്ധേയൻ കാൾ റാണർ തന്നെയാണ്. റാണറിന്റെ അഭിപ്രായത്തിൽ ഒരുമതത്തെയും നമുക്ക് കേവല യാഥാർത്ഥ്യമായിട്ട് (absolute reality) കാണാനാവില്ല. കേവലയാഥാർത്ഥ്യത്തെ അനുഭവിച്ചറിയാനുള്ള ആപേക്ഷിക മാധ്യമങ്ങളാണ് മതങ്ങൾ. എല്ലാ മതങ്ങൾക്കുള്ളിലും അപൂർണ്ണതയുടെ അംശങ്ങളുണ്ട്. കാരണം മതങ്ങൾ പരമാർത്ഥ സത്യത്തെ ആവിഷ്കരിക്കാനുള്ള മാനുഷിക പരിശ്രമങ്ങളുടെ ആകെത്തുകയാണ്.

മതങ്ങളിലെ വെളിപാടുകൾ, ആദ്ധ്യാത്മികത, വിശുദ്ധഗ്രന്ഥങ്ങൾ എന്നിവ കേവല യാഥാർത്ഥ്യത്തിന്റെ അപൂർണ്ണവും ആപേക്ഷികവുമായ ആവിഷ്കാരങ്ങളാണ്. ഉദാഹരണമായിട്ട് ബുദ്ധമതത്തെ സംബന്ധിച്ചിടത്തോളം കേവലമായത് 'നിർവ്വാണ' അഥവാ ഈശ്വര സാക്ഷാത്കാരം മാത്രമാണ്. ശ്രീ ബുദ്ധന്റെ ഉപദേശങ്ങൾ ബുദ്ധമതാനുഷ്ഠാനങ്ങൾ എന്നിവയെല്ലാം തികച്ചും ആപേക്ഷികങ്ങളാണ്. കർമ്മ ബന്ധങ്ങളുടെയും ജനനമരണങ്ങളുടെയും ജീവിതസാഗരം കടന്ന് ഈശ്വരനിലെത്താൻ മനുഷ്യനെ സഹായിക്കുന്ന നൗകകളായിവേണം ഇവയെ കാണാനും വിലയിരുത്താനും.

മതങ്ങൾക്കുള്ളിലെ മതാത്മകത തിരിച്ചറിയാൻ കഴിയാത്തതു

കൊണ്ടാണ് ഇന്ന് മതസംഘർഷങ്ങൾ വർദ്ധിച്ച് വരുന്നത്. മതങ്ങൾ വിരൽചൂണ്ടുന്ന കേവലയാഥാർത്ഥ്യത്തിൽ ദൃഷ്ടിയുറപ്പിക്കുന്നതിനു പകരം ചൂണ്ടിക്കാണിക്കുന്ന ചൂണ്ടുവിരലുകളിൽ കണ്ണുടക്കി കാലം കഴിക്കുന്ന വിശ്വാസികളാണ് ഇന്ന് ഏറെയും. ആധുനിക മനുഷ്യന് ബഹുത്വം അനുഗ്രഹമായിട്ട് അനുഭവപ്പെടണമെങ്കിൽ മതങ്ങൾ വിഭാവനം ചെയ്യുന്ന ഏകമായ ഈശ്വരദർശനത്തിലേക്കു വളരാനുള്ള ആർജ്ജവത്വം നമുക്കുണ്ടാകണം.

മതബഹുത്വത്തിന് ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ പരിധിയിൽനിന്ന് പ്രതികരിച്ചവരിൽ പ്രസിദ്ധനാണ് ജോൺ ഹിക്ക്. അദ്ദേഹത്തിന്റെ കാഴ്ച്ചപ്പാടിൽ ബഹുത്വം സംഘർഷത്തിന് വഴിവെയ്ക്കുന്നത് ഓരോ വ്യക്തിയും തന്റെ മതത്തിലെ വെളിപാടിൽ പൂർണത അവകാശപ്പെടുമ്പോൾ മാത്രമാണ്. ബഹുതയെന്നാൽ സകല മതങ്ങളിലും വെളിപാടിന്റെ അംശത്തെ കണ്ടെത്തുന്ന വിശാലതയും സ്വന്തം മതവിശ്വാസത്തിലെ അപൂർണ്ണതകളുടെ അംഗീകാരവുമാണ്.

എല്ലാ മതങ്ങളിലും മറഞ്ഞിരിക്കുന്ന സത്യത്തിന്റെ രശ്മികളെ കണ്ടെത്താനും സ്വാംശീകരിക്കാനുമുള്ള ശ്രമങ്ങളാണ് യഥാർത്ഥ മതാത്മകതയുടെ കാതൽ. തങ്ങളുടെ മതത്തിനുവെളിയിൽ സത്യത്തിന്റെ പ്രഭ കാണാൻ കഴിയാത്തതാണ് ഇന്ന് വർദ്ധിച്ചുവരുന്ന മതതീവ്രവാദത്തിന് നിദാനം. ഈ സാഹചര്യത്തിൽ ബഹുതയെ ഭാവാത്മകമായി മനസ്സിലാക്കുന്ന ഒരു ക്രൈസ്തവ ദൈവശാസ്ത്രം അനിവാര്യമാകുന്നു. ഒരു മത സമൂഹം എന്ന നിലയ്ക്ക് സഭ ഇതരമതങ്ങളെ നോക്കിക്കാണുന്ന രീതിയും, ഇതരമതങ്ങൾക്കുള്ളിലെ വെളിപാടുകളെ തങ്ങൾക്കു ഭരമേൽപിക്കപ്പെട്ട ദൈവിക വെളിപാടിനോട് ചേർത്ത് വ്യാഖ്യാനിക്കുന്ന വിധവും ഏറെ പ്രാധാന്യമേറിയതാണ്. ചിന്തകനായ ഡബ്ലിയു. സി. സ്മിത്തിന്റെ വാക്കുകൾ ശ്രദ്ധിക്കുക: "ആധുനിക മനുഷ്യന്റെ മതാത്മകതയെന്നാൽ ബഹുതയുടെ പശ്ചാത്തലത്തിലുള്ള ഒരു മതാത്മകത എന്ന് നാം പുനർ നിർവചിക്കണം."

## ചരിത്രപരമായ വീക്ഷണം

ബഹുത്വം എന്ന പ്രതിഭാസത്തെ ചരിത്രപരമായി വ്യാഖ്യാനിച്ചവരിൽ ഏറ്റവും ശ്രദ്ധേയനാണ് ഏണസ്റ്റ് ട്രോൾഷ്. ചരിത്രപരമായ ആപേക്ഷികതാവാദത്തിന്റെ പിതാവായിട്ടാണ് അദ്ദേഹം അറിയപ്പെടുന്നത്. ദൈവികവെളിപാടുകളെക്കുറിച്ചുള്ള പരമ്പരാഗത ചിന്താരീതികളെ തിരുത്തിക്കുറിച്ചുകൊണ്ടാണ് ട്രോൾഷ് തന്റെ വീക്ഷണത്തിൽ അവതരിപ്പിക്കുന്നത്. ചരിത്രത്തിലെ ഒരു പ്രത്യേക കാലഘട്ടത്തിൽ ലോകത്തിന്റെ ഒരു പ്രത്യക കോണിൽ ഒരു വിശേഷാൽ ജനതയ്ക്ക് മാത്രം സ്വയം വെളിപ്പെടുത്തുന്ന ദൈവസങ്കൽപം ട്രോൾഷിന്റെ ചിന്താരീതിയുമായി തെല്ലും ചേർന്ന് പോകുന്നില്ല. ട്രോൾഷിന്റെ അഭിപ്രായത്തിൽ ഇത്തരം ദൈവസങ്കൽപങ്ങൾ ദൈവത്തിന്റെ മുഖം വ്യക്തമാക്കുന്നതിനേക്കാൾ വികൃതമാക്കാനാണ് ഉപകരിക്കുന്നത്. തന്റെ മക്കളിൽ ചിലരോട് പ്രത്യേക മമതയും മറ്റ് ചിലരോട് അപ്രിയവും കാണിക്കുന്ന പക്ഷപാതിയായ പിതാവായി ദൈവത്തെ അവതരിപ്പിക്കുന്നത് ശരിയല്ല. ലോകത്തിലെ സകല ജനപദങ്ങളിലും സകല കാലഘട്ടങ്ങളിലും അന്തർയാമിയായി വസിച്ച് സ്വയം വെളിപ്പെടുത്തുന്നവനായിട്ടാണ് ട്രോൾഷ് ദൈവത്തെ സങ്കൽപിക്കുന്നത്. ദൈവം മനുഷ്യചരിത്രത്തിൽനിന്ന് അകലെ വസിക്കുന്നവനല്ല. മറിച്ച് മനുഷ്യന്റെ ചരിത്രത്തോട് ഒത്തു ചരിക്കുന്നവനും ചരിത്രത്തിൽ ജീവിക്കുന്നവനുമാണ്.

പ്രപഞ്ചത്തിലും മനുഷ്യചരിത്രത്തിലും ഉൾചേർന്നവനായ ഈ ദൈവത്തെ പ്രതിഫലിപ്പിക്കുകയും ആവിഷ്കരിക്കുകയുമാണ് മതങ്ങൾ ചെയ്യുന്നത്. എല്ലാ ചരിത്രങ്ങളിലും ദൈവത്തിന്റെ സാന്നിദ്ധ്യവും സഹവാസവുമുണ്ട്. മനുഷ്യർ അവരുടെ ചരിത്രത്തിൽ സഹയാത്രികനായ ദൈവത്തെ അവരുടെ സാംസ്കാരിക പശ്ചാത്തലത്തിൽ ആവിഷ്കരിക്കാനും അനുഭവിക്കാനും ശ്രമിക്കുമ്പോൾ മതാത്മകതയായി. അതിനാൽ ഒരു മതത്തിനും കേവലമൂല്യം നല്കി ആദരിക്കാനാവില്ല. സ്ഥലകാലപരിമിതിലളുള്ളതിനാൽ വെളിപാടുകളെല്ലാം അപൂർണങ്ങളാകാനേ തരമുള്ളൂ. മതങ്ങളുടെ ആരാധ്യപുരുഷന്മാരും മതങ്ങൾ വിശുദ്ധങ്ങളായി കരുതുന്ന ലിഖിതങ്ങളും അപ്രകാരംതന്നെ. ഇങ്ങനെ ചരിത്രത്തിന്റെ പരിപ്രേഷ്യത്തിൽനിന്ന് വീക്ഷിക്കുമ്പോൾ ദൈവത്തിന് പല ചരിത്രങ്ങളുണ്ടാകാം; ഓരോ ചരിത്രത്തിലും ഓരോ പേരുമുണ്ടാകാം. ജനതകളുടെ ആവശ്യമനുസരിച്ച് പല വ്യക്തിത്വങ്ങളിലൂടെയും സംഭവങ്ങളിലൂടെയും ദർശനങ്ങളിലൂടെയും ഈശ്വരൻ സ്വയം വെളിപ്പെടുത്തിയെന്നിരിക്കാം. ചുരിക്കത്തിൽ ചരിത്രാത്മകമായ അന്വേഷണത്തിൽ മതവൈവിധ്യം ഒരു അനിവാര്യ പ്രതിഭാസം എന്ന നിഗമനത്തിലാണ് ട്രോൾഷ് എത്തിച്ചേരുന്നത്.

ബഹുത എന്ന കാലികയാഥാർത്ഥ്യത്തെ വിവിധങ്ങളായ വീക്ഷണപരിധികളിലൂടെ നോക്കിക്കാണുകയും അതിന്റെ അസ്ഥിവാരങ്ങൾ ചികയുകയുമായിരുന്നു നാമിതുവരെ. ഈ അന്വേഷണത്തിൽ എത്തിച്ചേർന്ന ചില നിഗമനങ്ങളാണ് താഴെ പറയുന്നത്:

* എല്ലാ തങ്ങൾക്കുള്ളിലും മാനുഷികചേതനയെ അതിലംഘി

ക്കുന്ന ഒരു അതിസ്വാഭാവികവും അതിഭൗതികവുമായ പരമ സത്തയുടെ ആവിഷ്കാരമുണ്ട്.

* മതങ്ങൾക്കുള്ളിലും പുറമെയും ഈ കേവലയാഥാർത്ഥ്യത്തെ വിഭിന്നങ്ങളായ സങ്കേതങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും മനുഷ്യൻ തിരിച്ചറിയുന്നു.
* മതവൈവിധ്യം എന്നത് തികച്ചും അപേക്ഷികവും ഉപരിപ്ലവ വുമായ ഒരു പ്രതിഭാസമാണ്.
* മാനുഷികമായ പരിമിതികൾ നിമിത്തം നമ്മുടെ ഈശ്വര ദർശനം പലപ്പോഴും ഏതെങ്കിലും മതത്തിന്റെ ചട്ടക്കൂടുക ളിലും സങ്കേതങ്ങളിലുമായി ചുരുങ്ങിപ്പോകുന്നു.
* മതസങ്കല്പങ്ങളെ ആത്മവിമർശനത്തിന് വിധേയമാക്കി, ആത്മീയാനുഭവത്തിന്റെ ആഴങ്ങളിലേക്കു കടന്നുചെല്ലുക യാണ് യഥാർത്ഥമായ സത്യദർശനത്തിനുള്ള മാർഗം.

## ബഹുമതത്വം – പഴയനിയമത്തിൽ

ദൈവരാജ്യത്തിന് സാക്ഷ്യംവഹിച്ച് തീർത്ഥാടനം ചെയ്യുന്ന ക്രിസ്തുശിഷ്യരുടെ സമൂഹമാണല്ലോ സഭ. ലോകവുമായി നിര ന്തരം സംഭാഷണത്തിലേർപ്പെട്ടുകൊണ്ടാണ് സഭ ഈ ദൗത്യം നിർവ്വ ഹിക്കേണ്ടത്. വിവിധ ജനപദങ്ങളുടെ സാംസ്കാരികവും മതപര വുമായ സവിശേഷതകളുമായി സഹവസിച്ചുള്ള ഈ യാത്ര ക്രൈസ്തവജീവിതത്തെ സ്വാധീനിക്കുമെന്നതിൽ സംശയമില്ല. ഇസ്രായേൽ ജനത്തിന്റെയും ആദിമക്രൈസ്തവരുടെയും ചരിത്രം വിശ്വാസങ്ങളുടെ കണ്ടുമുട്ടലിന്റെയും പരസ്പരപോഷണത്തി ന്റെയും ചരിത്രമാണെന്നു പറയാം. ഇസ്രായേൽ ജനത്തിന്റെ ചരി ത്രത്തിൽ അഥവാ പഴയനിയമത്തിൽ ഇതരമതവിശ്വാസികളോട് പുലർത്തിയിരുന്ന സമീപനത്തെക്കുറിച്ചുള്ള ഒരപഗ്രഥനമാണ് ഈ അദ്ധ്യായം.

### ഉത്പത്തി 1–11 അദ്ധ്യായങ്ങൾ

വിശുദ്ധ ഗ്രന്ഥം ആരംഭിക്കുന്നതുതന്നെ സാർവ്വത്രികവും സർവാ ശ്ലേഷിയുമായ രക്ഷയുടെ കഥ പറഞ്ഞുകൊണ്ടാണ്. അബ്രാഹ ത്തിന്റെ വിളിയോ, ഇസ്രായേലുമായുള്ള ഉടമ്പടിയോ അല്ല ബൈബിളിന്റെ തുടക്കം; മറിച്ച് സൃഷ്ടിയുടെ വിവരണമാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് അവിടുത്തെ സ്വന്തം ഛായയിലും സാദൃ ശ്യത്തിലുമാണ് (ഉത്പത്തി 1,26). തന്റെതന്നെ ഛായയിലും സാദൃ





ശ്യത്തിലും സൃഷ്ടിക്കുകവഴി സകല മനുഷ്യരുമായും ദൈവം കൂട്ടാ യ്മയിലും ആഴമായ സൗഹൃദത്തിലുമാണ്. എല്ലാ മനുഷ്യരുടെയും സത്ത ദൈവികമായതിനാൽ അവർ ഏതു ദേശത്തിലും മതത്തിലും സംസ്കാരത്തിലും ജീവിക്കുന്നവരായാലും സമന്മാരും തുല്യമായ ആദരവിന് അർഹരുമാണ്. തന്റെതന്നെ ഛായയും സാദൃശ്യവും പേറുന്ന ഏതെങ്കിലും ജനതയെ ഉപേക്ഷിക്കാൻ ദൈവത്തിനാ കുമോ? ഇങ്ങനെ സകല ജനപദങ്ങളുടെയും രക്ഷയും നന്മയും ആഗ്രഹിക്കുന്ന ദൈവത്തെയാണ് സൃഷ്ടിയുടെ വിവരണം അവ തരിപ്പിക്കുന്നത്.

### നോഹയുമായുള്ള ഉടമ്പടി

സൃഷ്ടിയിലൂടെ ഉണ്ടായ അസ്തിത്വാത്മക ബന്ധത്തിന്റെ തുടർച്ചയായിട്ടുവേണം നോഹയുമായുള്ള ഉടമ്പടി മനസ്സിലാക്കാൻ. ദൈവത്തിന്റെ സാർവലൗകികമായ കരുണയുടെയും സ്നേഹത്തി ന്റെയും പ്രതീകമാണ് ഈ ഉടമ്പടി. ഭൂമിയിൽനിന്ന് ദുഷ്ടത ഇല്ലാ താക്കാൻ ജലപ്രളയത്തിലൂടെ ഇടപെട്ട ദൈവം നീതിമാനായിരുന്ന നോഹയെയും കുടുംബത്തെയും രക്ഷിച്ചു. ജലപ്രളയത്തിനുശേഷം നോഹിനോടും സർവജീവജാലങ്ങളോടുമായിട്ടാണ് കർത്താവ് ഉട മ്പടി ചെയ്തത്. “ഇനിയൊരിക്കലും സർവ്വജീവനെയും നശിപ്പി ക്കാൻപൊന്ന പ്രളയം ഉണ്ടാകുകയില്ല. മേഘങ്ങളിൽ മഴവില്ല് തെളി യുമ്പോൾ ഭൂമുഖത്തുള്ള എല്ലാ ജീവജാലങ്ങളുമായി ചെയ്ത എന്നേ ക്കുമായുള്ള ഉടമ്പടി ഞാനോർക്കും” (ഉത്പ 9,15–16). ഈ ഉടമ്പടി യുടെ അവകാശികൾ കേവലം ഇസ്രായേൽ ജനത മാത്രമല്; നോഹ ക്കുശേഷം ഉണ്ടായ എല്ലാ ജനപദങ്ങളും അതിലുൾപ്പെടുന്നു. മനു ഷ്യവംശം മുഴുവനും ഉൾക്കൊള്ളുന്ന നോഹയുമായുള്ള ഉടമ്പടി യുടെ ഫലം ഇന്നും നിലനിൽക്കുന്നുണ്ട്.

### ബാബേൽ സംഭവം

ഉത്പത്തി പുസ്തകം 11–ാം അദ്ധ്യായത്തിൽ ചിത്രീകരിക്കുന്ന ബാബേൽ സംഭവത്തെ ദൈവശാസ്ത്രപരമായ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ ബഹുത്വം ദൈവത്തിന്റെ മനുഷ്യവംശത്തെക്കുറി ച്ചുള്ള പദ്ധതിയുടെ ഭാഗമാണെന്ന് വ്യക്തമാകും. ഭൂമിയിൽ ഒരു ഭാഷയും ഒരു ജീവിതശൈലിയും, ആരാധനാ രീതിയും നിലനിന്ന കാലത്ത് മനുഷ്യൻ അവന്റെ ഒരുമയുടെ ഓർമ്മ നിലനിർത്താൻ അംബരചുംബിയായ ഗോപുരം പണിയാനാരംഭിക്കുന്നു. എന്നാൽ ദൈവം ഇറങ്ങിവന്ന് അവരുടെ ഭാഷയും സംസ്കാരവും ഭിന്നി പ്പിച്ച് ഭൂതലമാകെ അവരെ ചിതറിക്കുന്നു. സകല ബഹുത്വങ്ങളു

ടെയും തുടക്കം ഈ ദൈവിക ഇടപെടലാണെന്നാണ് ശാസ്ത്ര ജ്ഞന്മാരുടെ അഭിപ്രായം. ഭിന്നിച്ചുപോയ ഭാഷയും സംസ്കാരവും പിന്നീട് മനുഷ്യവംശത്തിന്റെ നാൾവഴികളിൽ ബഹുത്വത്തിന്റെ രാസ ത്വകമായെന്ന് ചരിത്രം സാക്ഷിക്കുന്നു.

**പൂർവ്വപിതാക്കന്മാരുടെ കാലഘട്ടം**

പൂർവ്വപിതാക്കന്മാരുടെ കാലത്ത് ഏകദൈവവിശ്വാസം ശക്തി പ്പെട്ടിരുന്നില്ല. കർത്താവിനെയാണ് സത്യദൈവമായി ആരാധിച്ചി രുന്നതെങ്കിലും അന്യദേവന്മാരെ അപ്പാടെ നിരാകരിക്കുന്നതായി രുന്നില്ല അവരുടെ രീതി. നല്ല കിടപ്പാടങ്ങളും കാലവസ്ഥയും അന്വേ ഷിച്ച് ദേശാന്തര ഗമനം ചെയ്തിരുന്ന അവർ ചെന്നെത്തിയ നാടു കളിലെ സംസ്കാരവും വിശ്വാസവുമായി പൊരുത്തപ്പെട്ടുപോകാൻ നിർബന്ധിതരായിരുന്നു.

പൂർവ്വപിതാക്കന്മാരുടെ ബഹുദൈവ വിശ്വാസ പാരമ്പര്യത്തി ലേക്കു വെളിച്ചം വീശുന്ന ഒന്നാണ് ജോഷ്വായുടെ ഷെക്കമിലെ ഉടമ്പടി. മോശയുടെ മരണശേഷം ഇസ്രായേലിന്റെ അധിപനായി നിയമിക്കപ്പെട്ട ജോഷ്വാ കാനാൻ ദേശത്ത് എത്തിയതിനുശേഷം ജനങ്ങളെ വിളിച്ചുകൂട്ടി കർത്താവ് അവർക്കുവേണ്ടി ചെയ്ത കാര്യ ങ്ങളെല്ലാം വിവരിച്ചു. തുടർന്ന് കർത്താവായ ദൈവത്തെ സേവി ക്കണമെന്നു കല്പിച്ചപ്പോൾ മുൻകാലങ്ങളിൽ അവരുടെ പിതാക്ക ന്മാർ അന്യദൈവങ്ങൾക്കു സേവ ചെയ്ത കാര്യങ്ങൾ ഓർമ്മിപ്പി ക്കുന്നുണ്ട്. "ഈജിപ്തിലും നദിക്കരയിലും നിങ്ങളുടെ പിതാക്ക ന്മാർ സേവിച്ചിരുന്ന ദേവന്മാരെ ഉപേക്ഷിച്ച് കർത്താവിനെ സേവി ക്കുവിൻ. കർത്താവിനെ സേവിക്കുന്നതിന് മനസ്സില്ലെങ്കിൽ നദി യ്ക്കക്കരെ നിങ്ങളുടെ പിതാക്കന്മാർ സേവിച്ച ദേവന്മാരെയോ, നിങ്ങൾ വസിക്കുന്ന നാട്ടിലെ അമ്മോന്യരുടെ ദേവന്മാരെയോ, ആരെയാണ് സേവിക്കുന്നത് എന്ന് ഇന്നു തന്നെ തീരുമാനിക്കു വിൻ. ഞാനും എന്റെ കുടുംബവും കർത്താവിനെ സേവിക്കും" (ജോഷ്വാ 24,14-15).

പിതാക്കന്മാരുടെ കാലത്ത് ഓരോ ദേശത്തിനും ഗോത്രത്തിനും ഓരോ ദൈവം എന്നതായിരുന്നു പൊതു സമ്പ്രദായം. ഓരോ ദൈവ ത്തിന്റെയും അധികാരം ആ ദേശത്തിലോ ഗോത്രത്തിനുള്ളിലോ മാത്രമായിരുന്നു ഒതുങ്ങി നിന്നിരുന്നത്. സീദോണിലെ ദേവൻ അസ്റ്റാർട്ടും, മോവാബിലേത് കിമോഷും, അമ്മോന്യരുടേത് മിൽകോ മും, ഫിലിസ്ത്യയിലേത് ബേൽസബൂലും ആണെന്ന് നിശ്ചയിക്ക പ്പെട്ടിരുന്നു. അതുകൊണ്ട് ആ ദേശങ്ങളിൽ വസിച്ചിരുന്ന കാലത്ത് പിതാക്കന്മാർ തദ്ദേശവാസികളുടെ ദേവന്മാരെ ആദരിച്ചു പോന്നു.





**മോശയുടെ കാലഘട്ടം**

യഹോവയിലുള്ള വിശ്വാസം ഇസ്രായേലിൽ രൂഢമൂലമാകുന്നത് മോശയുടെ കാലഘട്ടത്തോടെയാണ്. പുറപ്പാട് പുസ്തകം 19-20 അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുന്ന സീനായ് ഉടമ്പടിയും, പത്തു പ്രമാണങ്ങളും വെളിപ്പെടുത്തുന്നത് സർവ്വ ജനപദങ്ങളുടെയും കർത്താവായി ഒരു ദൈവമേ ഉള്ളൂ എന്നും അവിടുന്ന് മോശയ്ക്ക് സ്വയം വെളിപ്പെടുത്തിയവനായ യഹോവയാണെന്നുമാണ്. ഇസ്രാ യേൽക്കാരെ സ്വജനമായി സ്വീകരിച്ച യഹോവ അവരിൽ നിന്ന് വിശ്വസ്തമാ ഒരു സ്നേഹബന്ധമാണ് ആഗ്രഹിച്ചത്. തങ്ങളെ സൃഷ്ട ടിക്കുകയും ഈജിപ്തിലെ അടിമത്വത്തിൽ നിന്ന് മോചിപ്പിക്കുകയും ചെയ്ത യഹോവയല്ലാതെ മറ്റൊരു ദൈവം യഹൂദർക്ക് ഉണ്ടാകരു തെന്ന് മോശ നിഷ്കർഷിക്കുന്നുണ്ട്.

ഇസ്രായേൽ യഹോവയുടെ ദേശമായതിനാൽ അവിടെ വസി ക്കുന്നവരെല്ലാം യഹോവായെ ദൈവവമായി ആദരിക്കണമെന്നു ണ്ടായിരുന്നു; അതിന് വിസമ്മതിച്ചാൽ ദൈവശിക്ഷയുണ്ടാകും എന്ന വിശ്വാസവും അവിടെ നിലനിന്നിരുന്നുവെന്നതിന് ദൃഷ്ടാന്തമാണ് രാജാക്കന്മാരുടെ രണ്ടാം പുസ്തകം 17-ാം അദ്ധ്യാ യത്തിൽ വിവരിച്ചിട്ടുള്ള സംഭവം. അസ്സീറിയാ രാജാവ് ബാബി ലോൺ, കുത്താ, അവ്വാ, ഹമാത്, സെഫാർവയിം എന്നിവിടങ്ങ ളിൽനിന്ന് ആളുകളെ കൊണ്ടുവന്ന് സമറിയാ നഗരങ്ങളിൽ പാർപ്പി ച്ചു. അവിടെ വാസം തുടങ്ങിയ കാലത്ത് അവർ കർത്താവിനോട് ഭക്ത്യാദരങ്ങൾ കാണിച്ചില്ല. അതിനാൽ അവിടുന്ന് അവരുടെ ഇട യിലേക്കു സിംഹങ്ങളെ അയയ്ക്കുകയും ചെയ്തു. ഇതറിഞ്ഞ അസ്സീറിയാ രാജാവ് ഒരു പുരോഹിതനെ അയച്ച് പാർപ്പിക്കപ്പെട്ട ജനങ്ങളുടെ ദേശത്തെ ദൈവമായ കർത്താവിനോട് ഭക്ത്യാദരങ്ങൾ കാണിക്കേണ്ടതെങ്ങനെയാണെന്ന് ജനത്തെ പഠിപ്പിച്ചു (1 രാജാ 17,24-28).

ചെങ്കടൽ കടന്നുവന്നതിനുശേഷം മോശയുടെയും അഹറോ ന്റെയും സഹോദരിയും പ്രവാചികയുമായ മിരിയാമിന്റെ നേതൃത്വ ത്തിൽ പാടിയ കീർത്തനം ഇതരദൈവങ്ങളുടെമേൽ യഹോവ നേടിയ വിജയത്തെ വാഴ്ത്തിപ്പുകഴ്ത്തുന്നതാണ്. ദേവന്മാരിൽ അവി ടുത്തേയ്ക്ക് തുല്യനായി ആരുമില്ലെന്നും വിശുദ്ധിയിലും മഹത്വ ത്തിലും ശക്തമായ അത്ഭുത പ്രവർത്തനത്തിലും അവിടുന്ന് അതി ല്യനാണെന്നും അവർ ഉദ്ഘോഷിച്ചു (പുറ 15,1-21).

യഹോവയുടെ അപ്രമാദിത്വം ഏറ്റുപറയുമ്പോൾ വിജാതീയരെ ശത്രുക്കളായി കണക്കാക്കണമെന്ന് മോശ പഠിപ്പിച്ചു എന്ന് അർത്ഥ

മില്ല. കാരണം മോശ വിജാതീയരോട് വിശാലമായ കാഴ്ചപ്പാട് പുലർത്തിയതായും നമ്മൾ കാണുന്നുണ്ട്. വാഗ്ദത്ത ഭൂമിയിലെത്തിച്ചേർന്ന ജനങ്ങളിൽ യഹൂദർ മാത്രമല്ല ഉണ്ടായിരുന്നത്. വ്യത്യസ്ത വംശങ്ങളിലും മതങ്ങളിലും പെട്ടവരുണ്ടായിരുന്നു അതിൽ. ആദ്യപെസഹാതിരുനാളിൽ ഈജിപ്തിൽനിന്ന് പുറപ്പെട്ടിറങ്ങിയവരിൽഇസ്രായേൽക്കാർ റമ്സേസിൽനിന്ന് സുക്കോത്തിലെത്തി... ഇതരവിഭാഗത്തിൽപ്പെട്ട വലിയോരു ജനസമൂഹവും അവരോടുകൂടി ഉണ്ടായിരുന്നു (പുറ 12,37-38) ഇസ്രായേൽ കാനാൻ ദേശത്ത് എത്തിയപ്പോൾ തദ്ദേശവാസികളായിരുന്ന കാനാൻകാരുടെ പിൻതലമുറക്കാരും അവിടെ ഉണ്ടായിരുന്നു. ഇസ്രായേൽ ജനം അവരെ സ്വതന്ത്ര പൗരന്മാരെപ്പോലെയാണ് കരുതിയിരുന്നത്. വസ്തുവകകൾ കൈവശം വയ്ക്കാനുള്ള അവകാശമുണ്ടായിരുന്ന അവർക്ക് യഹൂദർക്കും അടിമകൾക്കും ഇടയിലുള്ള ഒരു സ്ഥാനമാണ് നല്കിയിരുന്നത്. മോശയുടെ നിയമമനുസരിച്ച് അന്യവംശജരുമായുള്ള വിവാഹം നിഷിദ്ധമായിരുന്നില്ല. മോശയുടെ ഭാര്യ തന്നെ കുഷ്യവർഗ്ഗത്തിൽപ്പെട്ട സ്ത്രീയായിരുന്നു (സംഖ്യ 12,1).

പരദേശികളെ ഇസ്രായേൽക്കാർ പ്രത്യേക ഉടമ്പടിവഴി തങ്ങളുടെ രാജ്യത്തിന്റെ ഭാഗമാക്കിയിരുന്നു. ഈജിപ്തിൽ തങ്ങൾ പരദേശികളായിരുന്നു എന്ന കാര്യം അനുസ്മരിച്ചുകൊണ്ട് ഇസ്രായേലിൽ കഴിയുന്ന വിദേശികളോട് യഹൂദർ സ്നേഹത്തോടെ പെരുമാറണം എന്ന് നിയമാവർത്തന പുസ്തകം ഉപദേശിക്കുന്നുണ്ട്. ശപിക്കപ്പെട്ടവരുടെ ഗണത്തിലാണ് പരദേശികളോട് അപമര്യാദയായി പെരുമാറുന്നവരെയും അവർക്ക് നീതി നിഷേധിക്കുന്നവരെയും മോശ ഉൾപ്പെടുത്തിയത്. "പരദേശിക്കും അനാഥനും വിധവയ്ക്കും നീതി നിഷേധിക്കുന്നവൻ ശപിക്കപ്പെട്ടവനാകട്ടെ" (നിയ 27,19).

ഈ സൗഹാർദ്ദത്തിന് അപവാദമായി കാണുന്നത് അമലേക്യരോടുള്ള സമീപനമാണ്. മോശയുടെ കൽപനപ്രകാരം ജോഷ്വാ അമലേക്കിനെയും അവന്റെ ആളികളെയും വധിച്ചു. പക്ഷെ ഇത് ഒരു പ്രത്യക കാരണത്താലാണ്. റഫീദിമിൽവച്ച് ഒരു പ്രകോപനവും ഉണ്ടാക്കാതിരുന്നിട്ടും അമലേക്യർ ഇസ്രായേൽക്കാരെ വധിച്ചിരുന്നു. ഈ ആക്രമണത്തിനുള്ള മറുപടിയെന്നല്ലാതെ ഈ സംഭവത്തെ വിജാതീയ ശത്രുതയുടെ പര്യായമായി കാണേണ്ടതില്ല (പുറ 17,8-16).

### ജ്ഞാനപുസ്തകങ്ങളും സങ്കീർത്തനങ്ങളും

സാർവ്വത്രികമായ രക്ഷയുടെ സദ്വാർത്തയാണ് സങ്കീർത്തനങ്ങളും ജ്ഞാനപുസ്തകങ്ങളും അവതരിപ്പിക്കുന്നത്. സുഭാഷിതങ്ങളുടെ പുസ്തകം 8-ാം അദ്ധ്യായം വിജാതീയർക്കും സൃഷ്ടിയുടെ വെളിപ്പെടുത്തപ്പെട്ട ദൈവജ്ഞാനത്തിൽ പങ്കുണ്ടെന്ന് വ്യക്തമായി പറയുന്നു. ജ്ഞാനമാണ് ഞാൻ (8,12). രാജാക്കന്മാർ ഭരിക്കുന്നതും അധികാരികൾ നീതി നടത്തുന്നതും ഞാൻ മുഖേനയാണ് (8,15-16). കർത്താവ് തന്റെ സൃഷ്ടി കർമ്മത്തിന്റെ ആരംഭത്തിൽ, തന്റെ എല്ലാ ആദ്യസൃഷ്ടികളിലും ആദ്യത്തേതായി എന്നെ സൃഷ്ടിച്ചു (8,22). "മനുഷ്യൻ അധിവസിക്കുന്ന അവിടുത്തെ ലോകത്തിൽ ഞാൻ സന്തോഷിക്കുകയും മനുഷ്യപുത്രരിൽ ആനന്ദം കണ്ടെത്തുകയും ചെയ്തു" (8,31).



ഇതരമത ദൈവശാസ്ത്രം

യഹൂദരുടെ പ്രാർത്ഥനാപുസ്തകം എന്നറിയപ്പെട്ടിരുന്ന സങ്കീർത്തനങ്ങളിൽ അധികവും ദൈവത്തെ സകലത്തിന്റെയും സൃഷ്ടാവും, സർവ്വജനങ്ങളുടെയും നാഥനും കർത്താവുമായ അവതരിപ്പിക്കുന്നു എന്നത് ശ്രദ്ധേയമാണ്.

* ഭൂമിയിലും അതിലെ സമസ്തവസ്തുക്കളും, ഭൂതലവും അതിലെ നിവാസികളും കർത്താവിന്റേതാണ് (സങ്കീ 24,1)
* ജനങ്ങളെ കർത്താവിനെ വാഴ്ത്തുവിൻ!...... അവിടുന്ന് നമ്മുടെ ജീവൻ കാത്തുപാലിക്കുന്നു. നമുക്ക് കാലിടറാൻ അവിടുന്ന് സമ്മതിക്കുകയില്ല (സങ്കീ 66,8-9).
* കർത്താവേ അങ്ങ് ഭൂമിമുഴുവന്റെയും അധിപനാണ്. എല്ലാ ദേവന്മാരെയുംകാൾ ഉന്നതനുമാണ് (സങ്കീ 97,9).

### പ്രവാചകന്മാരുടെ കാലഘട്ടം

ബഹുദൈവങ്ങളിലല്ല യഹോവയിലാണ് വിശ്വസിക്കേണ്ടത് എന്ന ബോധ്യം ഇസ്രായേൽക്കാരിൽ വളർത്തിയെടുത്തത് മോശയാണെങ്കിൽ യഹോവ ഇസ്രായേൽക്കാരുടെ മാത്രം ദൈവമല്ലെന്നും ലോകത്തിന്റെ മുഴുവൻ അധികാരിയാണെന്നുമുള്ള വിശ്വാസം പഠിപ്പിക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചത് പ്രവാചകന്മാരാണ്. "അവൻ പറഞ്ഞു ഭൂമി മുഴുവനും നാഥന്റെ മുമ്പിൽനിന്നും വരുന്ന ഇവർ ആകാശത്തിന്റെ നാല് വായുക്കിളിലേക്കും പോകുന്നു" (സഖ്യ 6,5).

വിജാതീയ വിശ്വാസങ്ങളോടും സംസ്കാരങ്ങളോടുമുള്ള പ്രവാചകന്മാരുടെ മനോഭാവം പൊതുവെ കഠിനമായിരുന്നെന്നു പറയാം. യഹോവയെ മറന്ന് വിജാതീയ ദേവന്മാരുടെ പിന്നാലെപോയ ഇസ്രായേൽ ജനത്തെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന പ്രവാചകന്മാരെയാണ് ബൈബിളിൽ കാണുന്നത്. രാജാക്കന്മാരുടെ

ഒന്നാം പുസ്തകത്തിൽ ബാലിന്റെ പ്രവാചകന്മാരോട് ഏറ്റുമുട്ടുന്ന ഏലിയാ പ്രവാചകനെക്കുറിച്ചുള്ള വിവരണം വിജാതീയ മതാനുഷ്ഠാനങ്ങളോടുള്ള എതിർപ്പിന് ദൃഷ്ടാന്തമാണ്. ആകാശത്തുനിന്ന് അഗ്നിയിറക്കി ആരാണ് യഥാർത്ഥ ദൈവം എന്നു തെളിയിക്കുന്നതിൽ പരാജിതരായ ബാലിന്റെ പ്രവാചകന്മാരെ കൊന്നുകളയുന്ന ഏലിയായെ ഇവിടെ കാണുന്നു (1 രാജാ 18,40).

പ്രവാചകന്മാർ ഏക ദൈവവിശ്വാസത്തിനായി നിലകൊണ്ടവരും പ്രവർത്തിച്ചവരുമായിരുന്നു. പ്രത്യേകമായി വിജാതിയരുടെ ഇടയിൽ നിലനിന്നിരുന്ന വിഗ്രഹാരാധനയോടും ബഹുദൈവവിശ്വാസത്തോടും  അവർ സന്ധിയില്ലാത്ത നിലപാടാണ് സ്വീകരിച്ചത്. സർവ്വലോകത്തിന്റെയും അധികാരിയും സൃഷ്ടാവുമായ യഹോവയിൽ വിശ്വാസമർപ്പിക്കാനും വിഗ്രഹാരാധനയിൽനിന്നും ഇതര മതങ്ങളിലെ മ്ലേച്ഛകരമായ അനുഷ്ഠാനങ്ങളിൽനിന്ന് മാറി നിൽക്കാനും അവർ ജനത്തോട് നിഷ്കർഷിച്ചു (ഏശ 44,6-8).

യഹൂദരുടെ അന്യമതവിരോധത്തിന്റെ ഉച്ചസ്ഥായിയെന്നു കണക്കാക്കാവുന്ന ഘട്ടങ്ങളിലൊന്ന് പ്രവാസകാലത്തിനു ശേഷമുള്ളതാണ്. അടിമത്വത്തിൽനിന്ന് മടങ്ങിയെത്തിയ യഹൂദർ പട്ടണവും ദേവാലയവും പുനർനിർമിക്കുന്നതിൽ വ്യാപൃതരായതിന്റെ ചരിത്രമാണ് എസ്രാ, നെഹമിയാ എന്നീ ഗ്രന്ഥങ്ങളുടെ ഇതിവൃത്തം. അന്നാളുകളിൽ, യഹൂദ തനിമയിൽ ഏതിലെങ്കിലും വിട്ടുവീഴ്ച ചെയ്യുന്നതിൽ പ്രവാചകന്മാർ തയ്യാറായിരുന്നില്ല. യഹൂദ വംശവുമായി ബന്ധമില്ലാത്തവരെ ഇസ്രായേലിന്റെ കൂട്ടായ്മയിൽനിന്ന് ഒഴിച്ചുനിർത്തിന്ന രംഗങ്ങൾ നെഹെമിയായുടെ പുസ്തകത്തിലുണ്ട്. "ആ മാസം ഇരുപത്തി നാലാം ദിവസം ഇസ്രായേൽ ജനം..... അന്യജനകളിൽനിന്ന് വേർതിരിയുകയും എഴുന്നേറ്റ് നിന്ന് തങ്ങളുടെ പാപങ്ങളും പിതാക്കന്മാരുടെ അകൃത്യങ്ങളും ഏറ്റുപറയുകയും ചെയ്തു" (നെഹെ 9,1-2). "നിയമം വായിച്ചുകേട്ട ജനം അന്യജനതകളെ ഇസ്രായേൽ ജനത്തിൽനിന്നകറ്റി" (നെഹെ 13,3).

മിശ്രവിവാഹം നിഷിദ്ധമായിട്ടാണ് ഈ പുസ്തകങ്ങളിൽ നാം കാണുന്നത്. അഷ്ദോദ്, അമ്മോൻ, മൊവാബ് ദേശങ്ങളിലെ സ്ത്രീകളെ വിവാഹം ചെയ്ത യഹൂദരിലുണ്ടായ സന്താനങ്ങൾക്ക് ഹെബ്രായ ഭാഷ സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല. പ്രവാചകന്മാർ അവരോട് കലഹിക്കുകയും, അവരെ ശപിക്കുകയും, പ്രഹരിക്കുകയും ചെയ്തു (നെഹെ 13,23-25). അക്കാലത്ത് ഇസ്രായേലിന്റെ പ്രധാന പുരോഹിതനായിരുന്ന എസ്രാ അന്യമതങ്ങളിൽനിന്നും വിവാഹം കഴിച്ചവരോട് അവരുടെ ഭാര്യമാരെ ഉപേക്ഷിക്കുവാൻവരെ ആജ്ഞാപിക്കുന്നവരുണ്ട്. "നിങ്ങൾ നിയമം ലംഘിച്ച് അന്യമതസ്ഥരായ സ്ത്രീകളെ വിവാഹം ചെയ്യുകയും ഇസ്രായേലിന്റെ പാപം വർദ്ധിപ്പിക്കുകയും ചെയ്തു.... ദേശവാസികളിൽനിന്നും അന്യസ്ത്രീകളിൽനിന്നും ഒഴിഞ്ഞ് നിൽക്കുവിൻ. അപ്പോൾ സമൂഹം മുഴുവൻ ഉച്ചസ്വരത്തിൽ പ്രതിവചിച്ചു.... അങ്ങനെതന്നെ. അങ്ങു പറഞ്ഞതുപോലെ ഞങ്ങൾ ചെയ്യും....." (എസ്രാ 10,11-12).





മേൽവിവരിച്ച നിഷേധാത്മകമായ നിലപാടുകൾക്കിടയിലും ഇതരമതങ്ങളോടും അവയുടെ ദൈവങ്ങളോടും സഹിഷ്ണുത കാണിക്കുന്ന പുസ്തകങ്ങൾ പ്രവാചകന്മാരുടെ കാലഘട്ടത്തിലുണ്ടായിട്ടുണ്ട്. ഇത്തരുണത്തിൽ റൂത്തിന്റെ പുസ്തകം ശ്രദ്ധേയമാണ്. യഹൂദവംശജയല്ലാത്ത റൂത്തിനെ ഇസ്രായേലിന്റെ ദൈവമായ കർത്താവ് അനുഗ്രഹിച്ചതാണ് റൂത്തിന്റെ ഗ്രന്ഥത്തിന്റെ പ്രമേയം. മോവാബ് ദേശത്തുവസിച്ചിരുന്ന ഇസ്രായേല്യരെ എലിമലേക്കിന്റെയും നവോമിയുടെയും കുടുംബത്തിൽ മരുമക്കളായാണ് മോവാബ്യയായ റൂത്ത് വരുന്നത്. ഭർത്താവും മക്കളും മരിച്ച നവോമി ഇസ്രായേലിലേക്കു തിരികെ പോകാനൊരുങ്ങിയപ്പോൾ റൂത്ത് അമ്മായിയമ്മയെ അനുഗമിക്കുന്നു. മൊവാബ്യയാണെങ്കിലും റൂത്തിനെ ഭർതൃബന്ധുവായ ബോവാസ് എന്ന ഇസ്രായേൽക്കാരൻ വിവാഹം ചെയ്യുന്നു. ഇവരിലുണ്ടായ ഓബദ് ദാവീദിന്റെ പിതാവായ ജെസ്സെയുടെ പിതാവാണ്. വിധയായ മൊബാവുകാരിയെ വിവാഹംവഴി ഇസ്രായേൽ വംശത്തിലേക്കു ചേർക്കുകയും മിശിഹായുടെ തായ്‌വഴിയായ ദാവീദിന്റെ വംശപരമ്പരയിലെ  കണ്ണിയാകാൻ അനുവദിക്കുകയും ചെയ്തതിലൂടെ വിജാതീയരോടുള്ള യഹൂദരുടെ തുറന്ന മനോഭാവമാണ് റൂത്തിന്റെ ഗ്രന്ഥം പ്രകടമാക്കുന്നത്.

സാർവ്വത്രികമായി ദൈവമൊരുക്കിയിരിക്കുന്ന രക്ഷയുടെ സന്ദേശമാണ് ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിലൂടെ അനാവൃതമാകുന്നത്. "ഞാൻ എല്ലാ ജനതകളെയും സകല ഭാഷകളിൽ സംസാരിക്കുന്നവരെയും ഒരുമിച്ച് കൂട്ടാൻ വരുന്നു. അവർ വന്ന് എന്റെ മഹത്വം ദർശിക്കും." ഏശയ്യായുടെ പുസ്തകത്തിൽ നാം വീണ്ടും വായിക്കുന്നു "എന്റെ ഭവനം എല്ലാ ജനതകൾക്കും വേണ്ടിയുള്ള പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടും" (ഏശ 56,7). ആമോസിന്റെ പ്രവചന ഗ്രന്ഥമാകട്ടെ പക്ഷപാതമില്ലാതെ സകലർക്കും ഒരുപോലെ ബാധകമായ ദൈവനീതിയെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്.

യോനാപ്രവാചകന്റെ ഗ്രന്ഥം വെളിവാക്കുന്നതും വിജാതീയരോടുള്ള യഹോവയുടെ കരുണാർദ്രമായ സ്നേഹമനോഭാവമാണ്.

തിന്മയിൽ മുഴുകിക്കഴിഞ്ഞിരുന്ന നിനെവേക്കാരോട് അനുതപിക്കാൻ ആവശ്യപ്പെടാൻ ദൈവം യോനായെ നിയോഗിക്കുന്നു. എന്നാൽ വിജാതീയരായ നിനിവെക്കാർ മനസ്സുമാറി രക്ഷപ്രാപിക്കുന്നത് ഉൾക്കൊള്ളാനാവാത്ത യോന യഹോവയുടെ അഭ്യർത്ഥന നിരസിക്കുന്നു. പിന്നീട് അത്ഭുതകരമായ ദൈവിക ഇടപെടൽമൂലം യോനായ്ക്ക് നിനിവേയിൽ എത്തി വചനം പ്രഘോഷിക്കേണ്ടിവന്നു. മാനസാന്തരപ്പെടാനുള്ള ആഹ്വാനം യോനായുടെ പ്രതീക്ഷയ്ക്കു വിപരീതമായി നിനവേക്കാർ ചെവിക്കൊണ്ടു. ദുഷ്ടതയിൽനിന്നു പിന്മാറിയ നിനവേക്കാരോട് കരുണകാട്ടിയതിൽ യോന കുപിതനായപ്പോൾ ദൈവം നൽകുന്ന മറുപടിയാണ് യോനായുടെ പുസ്തകത്തിന്റെ അന്ത:സത്ത. "ഇടംവലം തിരിച്ചറിയാൻ കഴിയാത്ത ഒരു ലക്ഷത്തി ഇരുപതിനായിരത്തിൽപരം മനുഷ്യരും അസംഖ്യം മൃഗങ്ങളും അതിവസിക്കുന്ന മഹാനഗരമായ നിനെവേയോട് എനിക്ക് അനുകമ്പതോന്നരുതെന്നോ" (യോനാ 4,11).

രക്ഷ തങ്ങളുടെമാത്രം അവകാശമാണെന്നു ധരിച്ചിരുന്ന ഇസ്രായേൽജനത്തിന്റെ ഇടുങ്ങിയ ചിന്താഗതിക്കുള്ള മറുപടിയാണ് യഹോവ അവരുടെ പ്രതിനിധിയായി ചിത്രീകരിച്ചിരിക്കുന്ന യോനായിലൂടെ നൽകുന്നത്. സകലത്തിന്റെയും സൃഷ്ടാവായ ദൈവത്തിന്റെ മക്കളാണെന്നും എല്ലാവരും രക്ഷപെടണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നുവെന്നുമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

വിജാതീയരോടും ഇതരമതക്കാരോടുമുള്ള വിശാലവും ഭാവാത്മകവുമായ പഴയനിയമസമീപനത്തിനുദാഹരണം മലാക്കി പറയുന്നു. "സൂര്യോദയം മുതൽ അസ്തമയംവരെ എന്റെ നാമം ജനതകളുടെ ഇടയിലും മഹത്വപൂർണ്ണമാണ്; എല്ലായിടത്തും എന്റെ നാമത്തിന് ധൂപവും ശുദ്ധമായ കാഴ്ചയും അർപ്പിക്കപ്പെടുന്നു. എന്തെന്നാൽ ജനതകളുടെ ഇടയിൽ എന്റെ നാമം ഉന്നതമാണ്" (മലാക്കി 1,11).

**ഉപസംഹാരം**

പഴയനിയമത്തിന്റെ ഏടുകളിൽ ഒരേസമയം നിഷേധാത്മകവും ഭാവാത്മകവുമായ സമീപനങ്ങൾ നാം കാണുന്നുണ്ട്. എന്തുകൊണ്ടാണ് സാർവ്വത്രിക രക്ഷയെ പ്രഘോഷിക്കുന്നതിനോടൊപ്പം പഴയനിയമം അസഹിഷ്ണുത പ്രകടമാക്കുന്നത് എന്ന ചോദ്യം പ്രസക്തമാണ്. ഇസ്രായേൽജനവും യഹോവയുമായി ചെയ്ത ഉടമ്പടിയുടെ പശ്ചാത്തലത്തിൽ മാത്രമാണ് നമുക്കീ ചോദ്യത്തിന് തൃപ്തികരമായ ഉത്തരം കണ്ടെത്താനാവുന്നത്.





ഇസ്രായേലും യഹോവയും തമ്മിലുള്ള ഉടമ്പടിയുടെ ആദ്യവാചകം "നിങ്ങൾ എന്റെ ജനവും ഞാൻ നിങ്ങളുടെ ദൈവവുമായിരിക്കും" എന്നാണല്ലോ. ഉടമ്പടിപ്രകാരം വിഗ്രഹാരാധന വ്യഭിചാരകുറ്റത്തിന് സമമായിരുന്നു. മാത്രമല്ല ഇതരമതങ്ങളും അവരുടെ ആചാരാനുഷ്ഠാനങ്ങളുമായുള്ള സമ്പർക്കം വി. ഗ്രന്ഥം ഉയർത്തിപ്പിടിക്കുന്ന മനുഷ്യമഹത്വത്തിനും, ധാർമ്മിക ജീവിതത്തിനും ഭീഷണിയായേക്കാമെന്ന് പ്രവാചകന്മാർക്ക് തോന്നി. ഉദാഹരണമായി, കാനാൻകാരുമായിട്ടുള്ള സമ്പർക്കം നിമിത്തം ആ സംസ്കാരത്തിൽ നിലനിന്നിരുന്ന നരബലി, വ്യഭിചാരം, ബഹുദൈവപൂജ, വിഗ്രഹാരാധന, ആഭിചാരം തുടങ്ങിയ ഹീനകൃത്യങ്ങളും അന്ധവിശ്വാസങ്ങളും യഹൂദരിലേക്ക് സംക്രമിക്കാതിരിക്കാനുള്ള മുൻകരുതലാണെന്ന് വ്യക്തമാകും. യഹൂദരുടെ ധാർമ്മികവും സാംസ്കാരികവുമായ മൂല്യങ്ങളുടെ സംരക്ഷണത്തിന്റെ ഭാഗമായിരുന്നു അന്യമതവിരോധമെന്ന് സാരം.

സാംസ്കാരികമെന്നതുപോലെ രാഷ്ട്രീയമായ ചിലകാരണങ്ങളുമുണ്ട് യഹൂദരുടെ വിജാതീയവിരോധത്തിന്. അമ്മോന്യരോടും, മോവാബ്യരോടും നിയമാവർത്തന പുസ്തകത്തിൽ ശത്രുതാമനോഭാവമാണ് കാണുന്നത്. ഇതിനു കാരണം ഈജിപ്തിൽനിന്ന് കാനാൻദേശത്തേക്കുള്ള ഇസ്രായേലിന്റെ യാത്രയിൽ ഇവർ അപ്പവും ജലവും നൽകിയില്ലെന്നതും ഇസ്രായേൽക്കാർക്ക് തങ്ങളുടെ രാജ്യത്തുകൂടി സഞ്ചാര സ്വാതന്ത്ര്യം നിഷേധിച്ചു എന്നതുമാണ്. അതേസമയം നിയമാവർത്തന ഗ്രന്ഥകാരൻ ഈജിപ്തുകാരെ വെറുക്കരുതെന്നാണ് പഠിപ്പിക്കുന്നത്. കാരണം അവിടെ ഇസ്രായേൽക്കാർ പരദേശികളായി കഴിഞ്ഞിരുന്നതാണ്. ഇതുപോലെ സഹോദരജനമായ ഏദോമ്യരോട് സൗഹൃദം പുലർത്തണമെന്നും നിയമാവർത്തന പുസ്തകം പറയുന്നുണ്ട് (നിയ 23,1-8) ഇതിൽനിന്നും വിജാതീയരോടുള്ള വിദ്വേഷത്തിന് മതപരമെന്നതിനേക്കാൾ രാഷ്ട്രീയ പ്രേരിതമായ ഘടകങ്ങളാണ് നിദാനമായതെന്ന് വ്യക്തമാകുന്നുണ്ട്.

ഇസ്രായേൽക്കാരുടെ ഇതരമതമനോഭാവത്തെ രൂപപ്പെടുത്തിയ ഘടകങ്ങൾ അവലോകനം ചെയ്യുമ്പോൾ ചർച്ചചെയ്യപ്പെടേണ്ട മറ്റൊന്ന് രാഷ്ട്രീയ സ്വാതന്ത്ര്യമാണ്. സ്വയം ഭരണാധികാരമുള്ള ശക്തമായ രാജ്യമായി നിലനിന്നപ്പോഴെല്ലാം യഹൂദരിൽ നിഷേധാത്മകമായ ചിന്താഗതികളും ശക്തിപ്പെട്ടിരുന്നതായിക്കാണാം. കാനാൻ ദേശത്തെത്തി സ്വതന്ത്ര രാഷ്ട്രമാകുന്നതോടെയാണ് ഇതരമതസമ്പർക്കത്തിന് തടസ്സങ്ങൾ ഉണ്ടാകുന്നത്. പരാശ്രയം

കൂടാതെ സ്വന്തം കാലിൽ നിൽക്കാൻ കഴിയുമ്പോൾ ആരിലും ആധിപത്യഭാവം ഉണ്ടാകുമെന്നത് സാമാന്യതത്വമാണല്ലോ. ബാബിലോൺ പ്രവാസത്തിനുശേഷം മടങ്ങിയെത്തി നഗരവും ദേവാലയവും പുനർനിർമ്മിക്കുകയും വീണ്ടും സംഘടിത ശക്തിയാവുകയും ചെയ്തപ്പോൾ എസ്രാ-നെഹെമിയായുടെ കാലത്തെ സേഛാധിപത്യപരവും സങ്കുചിതവുമായ നിലപാടുകളിലേക്കു ഇസ്രായേൽ നീങ്ങിയത് ഈ വാദത്തെ ഉറപ്പിക്കാനുതകുന്നതാണ്. അന്യമതങ്ങൾക്ക് ആധിപത്യമുള്ള രാജ്യങ്ങളുടെ കീഴിലായിരുന്നപ്പോൾ അതിജീവനത്തിന്റെ ആദ്യപടിയായ സഹവർത്തിത്വത്തിലാണ് ഇസ്രായേൽ ജനത കഴിഞ്ഞത്. രാഷ്ട്രീയവും സാമ്പത്തികവുമായ പുരോഗതി ഉണ്ടാകുന്ന സന്ദർഭങ്ങളിൽ തങ്ങളുടെ തിരഞ്ഞെടുക്കപ്പെട്ട ജനമെന്ന പദവി സേവനത്തിനുള്ള വിളിയാണെന്ന കാര്യം മറന്ന് മേൽകോയ്മക്കുള്ള മാധ്യമമായി തെറ്റിദ്ധരിച്ചതാവാം നിഷേധാത്മകമായ ഇതരമതമനോഭാവം യഹൂദരിൽ രൂപപ്പെടാൻ പ്രധാന കാരണം.

## ബഹുമതത്വം - പുതിയനിയമത്തിൽ

പഴയനിയമത്തിന്റെ പൂർത്തീകരണമാണല്ലോ പുതിയനിയമം. അതിനാൽ ബഹുതയോടുള്ള ക്രൈസ്തവസമീപനത്തിന് ദിശാബോധം നൽകേണ്ടത് പഴയനിയമത്തേക്കാൾ പുതിയനിയമത്തിന്റെ ചൈതന്യമാണെന്നതിൽ സംശയമില്ല. ക്രിസ്തുവിലൂടെ സംഭവിച്ച ദൈവികവെളിപാടിന്റെ പൂർണതയാണ് പുതിയനിയമത്തിന്റെ അന്ത:സത്ത. ഹെബ്രായർക്കെഴുതിയ ലേഖനം പറയുന്നതുപോലെ, പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർവഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോട് സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാന നാളുകളിൽ തന്റെ പുത്രൻവഴി അവിടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു (ഹെബ്രാ 1,1).

പുതിയ നിയമത്തിലും പഴയനിയമത്തിലേതുപോലെ ഇതരമത മനോഭാവങ്ങളോട് നിഷേധാത്മകവും ഭാവാത്മകവുമായ സമീപനങ്ങൾ കാണാനാവും. സമയത്തിന്റെ പൂർത്തിയിൽ മനുഷ്യനായി അവതരിച്ച യേശു ദൈവമാണെന്നും അവനിൽ സകല വെളിപാടുകളുടെയും പൂർണതയുണ്ടെന്നും രക്ഷയുടെ ഏകമദ്ധ്യസ്ഥൻ അവനാണെന്നും അനിഷേധ്യമായി പ്രസ്താവിക്കുന്ന തിരുവചനഭാഗങ്ങൾ ഇതരമതങ്ങളോടുള്ള ഇടുങ്ങിയ മനോഭാവത്തിന് ഉദാഹരണമായി വ്യാഖ്യാനിക്കപ്പെടാറുണ്ട്. അതേസമയം പിതാവിനോടൊപ്പം ആദിമുതലേ ഉണ്ടായിരുന്നതും സൃഷ്ടികർമ്മത്തിലൂടെ സർവ





ജീവജാലങ്ങളിലും സന്നിഹിതമായതും കുരിശുമരണവും ഉത്ഥാനവുംവഴി സകല മനുഷ്യരുടെയും രക്ഷസാധിച്ചതുമായ വചനമായ യേശുവിനെ ഏറ്റുപറയുന്ന ഭാഗങ്ങളിൽ ഭാവാത്മകവും സാർവലൗകികവുമായ ഭാവമാണ് നിഴലിക്കുന്നത്. ഈ രണ്ടു മനോഭാവങ്ങളെയും വിശകലനം ചെയ്യാനുള്ള ശ്രമമാണ് ഇവിട നടത്തുന്നത്.

**യേശുവിന്റെ മനോഭാവം**

യേശുവിന്റെ ജനനത്തോട് ബന്ധപ്പെട്ടു നടന്ന സംഭവങ്ങളിൽത്തന്നെ രക്ഷയുടെ സാർവ്വത്രികഭാവം വെളിപ്പെടുന്നുണ്ട്. വി. മത്തായി സുവിശേഷകൻ അവതരിപ്പിക്കുന്ന ജ്ഞാനികളുടെ സന്ദർശനമാണ് അതിലൊന്ന്. ലോകരക്ഷകനായ യേശു പിറന്ന സദ്വാർത്ത ആദ്യം ഗ്രഹിക്കുന്നത് യഹൂദപണ്ഡിതരല്ല മറിച്ച്, പൗരസ്ത്യദേശക്കാരായ ജ്ഞാനികളാണ്. ജ്യോതിഷശാസ്ത്രപ്രകാരം ക്രിസ്തുവിന്റെ ജന്മസ്ഥലം ഊഹിച്ചെടുക്കാൻ വിജാതീയരായ പൂജരാജാക്കന്മാർക്ക് സാധിച്ചു. വി. മത്തായിയുടെ സുവിശേഷം 2,1-12 വരെയുള്ള ഭാഗങ്ങളിൽ വിവരിക്കപ്പെട്ടിട്ടുള്ള ഈ സംഭവത്തെ അധികരിച്ച് ഇപ്പോഴത്തെ പാപ്പായായ ജോസഫ് റാറ്റ്സിംഗർ 1968 ൽ നടത്തിയ വ്യാഖ്യാനം ശ്രദ്ധേയമാണ്. ജ്ഞാനികളുടെ സന്ദർശനം വെളിവാക്കുന്നത് രക്ഷയുടെ വിശാലതയാണ്.വിജാതീയർക്കും അവരുടെ സാംസ്കാരിക മുറകളനുസരിച്ച് മനസാക്ഷിയോടെ ദൈവത്തെ തേടിയാൽ രക്ഷയുടെ പാതയിലെത്താമെന്ന് ഇത് സൂചിപ്പിക്കുന്നു.

ഹെറോദേസ് രാജാവ് ബേത്‌ലഹെമിലെ ആൺകുട്ടികളെ വധിച്ച സംഭവത്തിൽ യേശുവിന് അഭയമാകാൻ ദൈവത്തിന്റെ പദ്ധതിയിൽ ഈജിപ്തിനു കൈവന്ന അവസരം സാന്ദർഭികമായി കരുതാവുന്നതല്ല. വിജാതീയ രാജ്യമായ ഈജിപ്തിനെ ദൈവപുത്രന്റെ സംരക്ഷണത്തിനുള്ള ഇടമായി തിരഞ്ഞെടുക്കുകവഴി, രക്ഷയുടെ വിശാലതയാണ് ദൈവം വെളിപ്പെടുത്തിയത്.

യേശുവിന്റെ പരസ്യജീവിതകാലത്തെ പഠനങ്ങളിലേക്കും പ്രവർത്തനങ്ങളിലേക്കും കണ്ണോടിക്കാം. പിതാവുമായുള്ള ബന്ധം അനുസ്മരിക്കുന്ന സന്ദർഭങ്ങളിലെല്ലാം യേശു തന്റെ ഈശ്വരതുല്യമായ വ്യക്തിത്വത്തെ തറപ്പിച്ച് പറയുന്നുണ്ട്. പിതാവ് എന്നിലും ഞാൻ പിതാവിലുമാണെന്ന് നിങ്ങൾ അറിയുക (യോഹ 10,380). താനും പിതാവും ഒന്നായിരിക്കുന്നതുപോലെ മനുഷ്യരെല്ലാം ഒന്നാകണമെന്നാണ് അവിടുത്തെ പ്രാർത്ഥന (യോഹ 17,22). എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു (യോഹ 14,9). സർവവും പിതാവ് എന്നെ ഏൽപ്പിച്ചിരിക്കുന്നു..... താനും താൻ ആർക്കു വെളി

പ്പെടുത്തുന്നുവോ അവനുമല്ലാതെ മറ്റാരും പിതാവിനെ അറിയുന്നില്ല (മത്താ 11,27) "മനുഷ്യപുത്രൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്?" എന്ന ചോദ്യത്തിന് നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെന്ന്? (മത്താ 16,16) പറഞ്ഞ പത്രോസിനെ യേശു അകമഴിഞ്ഞ് അഭിനന്ദിക്കുന്നുണ്ട്.

തന്റെ ദൈവാസ്ഥിത്വം വ്യക്തമാക്കുന്നതിനായി യേശു തന്റെ പരസ്യജീവിതകാലത്ത് അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കുന്നുണ്ട്. ദൈവത്തിനുമാത്രം സാധ്യമെന്നു കരുതിയ കാര്യങ്ങൾയേശു ചെയ്തിരുന്നതായി സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു. ഉദാഹരണമായി, പാപമോചനം ദൈവത്തിനുമാത്രം അനുവദനീയമെന്ന സങ്കല്പത്തിൽ ജീവിച്ച മനുഷ്യരുടെ ഇടയിൽ അവിടുന്ന് സൗഖ്യത്തിനായി എത്തിയ രോഗികളെ അവരുടെ പാപങ്ങൾ ക്ഷമിച്ചാണ് സുഖപ്പെടുത്തിയത് (മത്താ 9,1-8). മരിച്ചവരെ ഉയർപ്പിക്കുന്നതിലൂടെ താൻ ജീവന്റെയും മരണത്തിന്റെയും നാഥനാണെന്ന് അവിടുന്ന് വെളിവാക്കുന്നു (യോഹ 11,25). മനുഷ്യന് ദു:സ്സഹമായിത്തീർന്ന സാബത്ത് നിയമങ്ങളെ പുനർവ്യാഖ്യാനിച്ചുകൊണ്ട് മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവാണെന്ന് അവിടുന്ന് വ്യക്തമാക്കുന്നു (മർക്കോ 2,28). തന്റെ സമയാതീതമായ അസ്തിത്വം ഉറപ്പിച്ചുകൊണ്ട് അവിടുന്ന് പറയുന്നു, അബ്രാഹത്തിനുമുമ്പേ ഞാനുണ്ട് (യോഹ 8,58). ഇങ്ങനെ യേശു ദൈവമാണെന്ന വിശ്വാസപ്രഖ്യാപനം പുതിയനിയമത്തിലുടനീളം കാണാൻ കഴിയും. യേശു ദൈവമാകയാൽ അവിടുന്ന് സകലജനപദങ്ങളുടെയും രക്ഷകനാണെന്ന സത്യമാണ് സുവിശേഷകന്മാർ അനാവൃതമാക്കുന്നത്.

യേശു സകല ജനപദങ്ങളുടെയും രക്ഷകനാണെങ്കിൽ എന്തുകൊണ്ടാണ് അവിടുന്ന് തന്റെ പരസ്യജീവിതം പ്രധാനമായും ഇസ്രായേൽക്കാരുടെ ഇടയിൽ ഒതുക്കിനിർത്തിയത് എന്നത് ഇവിടെ ചിന്തനീയമാണ്. യേശു പറയുന്നു: ഇസ്രായേൽ ഭവനത്തിലെ ആടുകളുടെ അടുത്തേക്കു മാത്രമാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത് (മത്താ 15,24). ഇസ്രായേൽക്കാർ തിങ്ങിപ്പാർത്തിരുന്ന ഗലീലിയായുടെ മലയോരങ്ങളിലും ഗനേസറത്ത് തടാകത്തിന്റെ വടക്കുവശത്തും യേശു തന്റെ പരസ്യജീവിതത്തിന്റെ സിംഹഭാഗവും ചിലവഴിച്ചതായാണ് സുവിശേഷങ്ങളിൽനിന്ന് മനസ്സിലാകുന്നത്. ഗ്രീക്കുകാരുടെ കേന്ദ്രങ്ങളായിരുന്ന ഗലീലി, സെഫോറിസ്, തിബേരിയാസ് എന്നീ പട്ടണങ്ങളിൽനിന്ന് അവിടുന്ന് മാറിനിന്നു. യേശു സന്ദർശിച്ച വിജാതീയ പട്ടണങ്ങളിൽനിന്ന് അവിടുന്ന് മാറിനിന്നു. യേശു സന്ദർശിച്ച വിജാതീയ പട്ടണങ്ങളിൽ ഉൾപ്പെടുന്നത് ടയിർ,





സീദോൻ, (മർക്കോ 7,24-31) കേസറിയാ-ഫിലിപ്പി (മർക്കോ 8,29) എന്നിവയാണ്. ഈ പട്ടണങ്ങൾ സന്ദർശിച്ചപ്പോഴും, ഇസ്രായേലിന്റെ വടക്കുഭാഗത്തു നിന്ന് അവിടങ്ങളിൽ കുടിയേറിപ്പാർത്ത യഹൂദരോട് രക്ഷയുടെ സുവിശേഷം അറിയിക്കുക എന്നതായിരുന്നു യേശുവിന്റെ ലക്ഷ്യമെന്ന് ബൈബിൾ പണ്ഡിതന്മാർ അവകാശപ്പെടുന്നു.

പരസ്യജീവിതകാലത്ത് യേശു ശിഷ്യന്മാർക്കു നൽകിയ പ്രേഷിതദൗത്യത്തിലും വിജാതീയരെ ഒഴിവാക്കുന്ന മനോഭാവം നിഴലിക്കുന്നു. പന്ത്രണ്ട് അപ്പോസ്തോലന്മാരെ അയക്കുമ്പോൾ "നിങ്ങൾ വിജാതീയരുടെ അടുത്തേക്ക് പോകരുത് സമരിയാക്കാരുടെ പട്ടണത്തിൽ പ്രവേശിക്കുകയുമരുത്, പ്രത്യുത ഇസ്രായേൽ വംശത്തിലെ നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുത്തേക്കു പോകുവിൻ" (മത്താ 10,5-6) എന്നാണ് അവിടുന്ന് മുന്നറിയിപ്പ് നൽകുന്നത്. വിജാതീയ വിരുദ്ധമെന്ന് തോന്നാവുന്ന മേൽപറഞ്ഞ ഭാഗങ്ങളുടെ യഥാർത്ഥ അർത്ഥം ഗ്രഹിക്കണമെങ്കിൽ ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ യഹൂദവംശത്തിനുള്ള പ്രത്യേക സ്ഥാനത്തെപ്പറ്റി സുവിശേഷകന്മാർക്കുണ്ടായിരുന്ന ധാരണ മനസ്സിലാക്കേണ്ടതാണ്.

ഇസ്രായേലിലൂടെ ലോകരക്ഷ എന്നതായിരുന്നല്ലോ പഴയനിയമവിശ്വാസം. ഇസ്രായേൽ പൂർണ്ണമായും യേശുവിനെ സ്വീകരിക്കുകയും ഈ സദ്വാർത്തയുടെ പ്രത്യക്ഷ അടയാളമായി ജീവിക്കുകയും ചെയ്യുമ്പോൾ പുറജാതികളും ആ മാർഗം കണ്ട് ദൈവത്തിന്റെ രക്ഷയിലേക്ക് കടന്നുവരുമെന്ന് ശിഷ്യന്മാർ വിശ്വസിച്ചു. അതിനാൽ ഇസ്രായേലിന്റെ മാനസാന്തരത്തിനായിരുന്നു ആദിമ ക്രൈസ്തവസഭ മുൻഗണന നല്കിയത്. ആ ശ്രദ്ധയാണ് യേശുവിന്റെ ഇംഗിതമായി സുവിശേഷകന്മാർ അവതരിപ്പിച്ചത്.

വിജാതീയ രക്ഷ യുഗാന്ത്യോന്മുഖമാണെന്ന ബോധ്യവും യേശുവിന്റെ പരസ്യജീവിതകാലപ്രവർത്തനങ്ങളെ യഹൂദരോട് ബന്ധപ്പെടുത്തി ചിത്രീകരിക്കാൻ സുവിശേഷകന്മാരെ പ്രേരിപ്പിച്ചു. യേശുവിന്റെ ഉത്ഥാനത്തോടെയാണ് യേശുവിന്റെ രക്തം ചിന്തപ്പെട്ട് കഴിയുമ്പോൾ (മർക്കോ 14,24) ദൈവരാജ്യത്തിന്റെ ഫലങ്ങൾ വിജാതീയരിലും പ്രകടമായിത്തുടങ്ങും. അതിനാലാണ് ഉത്ഥിതനായ ക്രിസ്തു ശിഷ്യന്മാരെ അയച്ചസംഭവം വിവരിച്ചപ്പോൾ സകല ജനതകളോടും സുവിശേഷമറിയിക്കാനുള്ള സാർവത്രിക ദൗത്യം നല്കുന്നതായി സുവിശേഷകൻ എഴുതിയത് (മത്താ 28,19).

"വിജാതീയരുടെ അടുത്തേക്ക് പോകരുത്" എന്നതിന്

ബൈബിൾ വ്യാഖ്യാതാക്കൾ നൽകുന്ന മറ്റൊരു വ്യാഖ്യാനം ഈ സന്ദർഭത്തിൽ സവിശേഷ ശ്രദ്ധയർഹിക്കുന്നു. AD 70ൽ ജറുസലേം ദേവാലയം നശിപ്പിക്കപ്പെട്ടതിനുശേഷം ജോഹന്നാൻ ബെൻസക്കായിയുടെ നേതൃത്വത്തിൽ ജാമ്നിയായിലെ ഫരിസേയർ ക്രൈസ്തവ വിരുദ്ധമായ നീക്കങ്ങൾ നടത്തുന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. യേശു ക്രിസ്തുവാണെന്ന് ഏറ്റുപറയുന്നവരെ സിനഗോഗുകളിൽനിന്ന് പുറത്താക്കുകയും (യോഹ 9,22) ക്രിസ്തു മാർഗ്ഗം നിഷിദ്ധമാണെന്ന് പ്രഖ്യാപിക്കുകയും അവരുമായി സഹകരിക്കുന്നതിൽനിന്ന് യഹൂദരെ വിലക്കുകയും ചെയ്തിരുന്നു. തത്ഫലമായി യഹൂദക്രിസ്ത്യാനികൾ സമൂഹത്തിൽ ഒറ്റപ്പെട്ടു. വിശ്വാസത്തെപ്രതി ഒരേ ഭവനത്തിലെ അംഗങ്ങൾവരെ രണ്ട് ചേരികളിലാവുകയും അത് ഭിന്നതയ്ക്കും അസമാധാനത്തിനും വഴിവെക്കുകയും ചെയ്തു.

യഹൂദരുടെ മാനസാന്തരംമൂലം കുടുംബങ്ങളിലും സമൂഹത്തിലും ഉണ്ടായ ആശയക്കുഴപ്പങ്ങൾ തന്നെ പരിഹരിക്കുക ക്ലേശകരമായ സാഹചര്യത്തിൽ വിജാതീയ സമൂഹങ്ങളിൽ നിന്നുകൂടി മാനസാന്തരപ്പെട്ടവർ ക്രിസ്തു മാർഗത്തിലുണ്ടായാൽ അതുമൂലം രൂപപ്പെടാനിടയുള്ള പ്രതിസന്ധികളെക്കുറിച്ചുള്ള ചിന്ത മത്തായി സുവിശേഷകനെ സന്നിഗ്ധാവസ്ഥയിൽ എത്തിച്ചിരിക്കാം. യഹൂദ ക്രിസ്ത്യാനികളുടെ ഇടയിലെ പ്രശ്നങ്ങൾ ആദ്യം തീരട്ടെ എന്നിട്ടാകാം പുതിയ പ്രശ്നങ്ങൾ വഴിതെളിയിക്കാനിടയുള്ള വിജാതീയ മിഷൻ പ്രവർത്തനമെന്ന് ചിന്തിക്കുക തികച്ചും യുക്തിസഹമാണ്. വിജാതീയർക്ക് ഭ്രഷ്ട് കൽപിച്ച് അകറ്റി നിർത്തിയവരായിരുന്നു അന്നത്തെ യഹൂദർ. ക്രിസ്തുമാർഗ്ഗത്തിൽ വിശ്വസിക്കുന്നു എന്ന ഒറ്റക്കാരണത്താൽ യഹൂദർ വിജാതീയരെ തുല്യരായി കണക്കാക്കുമോ? ചുരുക്കത്തിൽ യുഹൂദരുടെ മാനസാന്തരം സാധിക്കുന്നതുവരെ താത്കാലികമായി വിജാതീയരുടെ മാനസാന്തരം നീട്ടിവയ്കുകയാണ് പ്രായോഗിക ബുദ്ധിയെന്ന് സുവിശേഷകന്മാർ ചിന്തിച്ചിരിക്കണം.

ഇക്കാരണത്താൽ യേശുവിന്റെ പ്രവർത്തനങ്ങൾ വിജാതീയരെ അവഗണിച്ചായിരുന്നു എന്നോ അവന്റെ മനോഭാവം ബഹുതയ്ക്ക് പ്രതികൂലമായിരുന്നു എന്നോ പറയാനാവില്ല. വിജാതീയരുടെ ഇടയിലുള്ള പ്രവർത്തനം വിജയിക്കാനാവശ്യമായ ആദ്യനടപടിയെന്ന വണ്ണമാണ് യഹൂദരുടെ മാനസാന്തരം ലക്ഷ്യംവച്ച് അവരുടെ ഇടയിൽ മാത്രമായി അവൻ പ്രവർത്തിച്ചത്. (J.Kuttianimattathil, *Jesus-Christ, Unique and Universal,* pp. 66 - 67).





ബൈബിൾ വ്യാഖ്യാനകലയിലെ ഒരു സാമാന്യതത്വം ഇവിടെ സ്മർത്തവ്യമാണ്. സുവിശേഷത്തിലെ ഏതൊരു ഭാഗവും വ്യാഖ്യാനിക്കുമ്പോൾ അത് യേശുവിന്റെ മനോഭാവത്തിനും സുവിശേഷത്തിന്റെ മുഖ്യധാര സന്ദേശത്തിനും വിരുദ്ധമാകാൻ പാടില്ല. പുതിയ നിയമത്തിൽ തെളിഞ്ഞുനിൽക്കുന്നത് സാർവ്വാശ്ലേഷിയായ സ്നേഹം സ്ഫുരിക്കുന്ന യേശുവിന്റെ മനസ്സാണ്. നീതിമാനെയും പാപിയെയും, സമൂഹത്തിന്റെ മുഖ്യധാരയിലുള്ളവരെയും, പാർശ്വവൽക്കരിക്കപ്പെട്ടവരെയും, ഒരുപോലെ സ്നേഹിക്കുന്ന ഒരു പിതാവിന്റെ ചിത്രമാണ് യേശുവിലൂടെ വെളിവായത്.

വിജാതീയർക്കുവേണ്ടി അത്ഭുതങ്ങൾ പ്രവർത്തിച്ച് ദൈവരാജ്യത്തിന്റെ ഫലങ്ങൾ അവർക്കും സംലഭ്യമാണെന്ന് യേശു തെളിയിച്ചിട്ടുണ്ട്. ടയിറിലെ ഒരു വീട്ടിലായിരിക്കെ സീറോ ഫിനിഷ്യൻ സ്ത്രീ വന്ന് മകളിൽ ആവസിച്ചിരിക്കുന്ന അശുദ്ധാത്മാവിനെ പുറത്താക്കണമെന്ന് അഭ്യർത്ഥിച്ചപ്പോൾ യേശു അത് നിറവേറ്റിക്കൊടുക്കുന്നുണ്ട്. തിരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ മക്കളാണ് രക്ഷാകരകൃപയ്ക്ക് ആദ്യമേ അർഹതപ്പെട്ടവർ എന്ന് സ്മരിക്കുന്നുണ്ടെങ്കിലും വിജാതീയർക്ക് അവിടുന്ന് സൗഖ്യം നിഷേധിക്കുന്നില്ല (മർക്കോ 7,24-30). കഫർണാമിലെ ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തിയ ശേഷം ഇതുപോലുള്ള വിശ്വാസം ഇസ്രായേലിൽ ഒരുവനിൽപ്പോലും കണ്ടിട്ടില്ല എന്നാണ് യേശു പ്രശംസിച്ച് പറയുന്നത് (മത്താ 8,5-13). വിശ്വാസമുള്ള വിജാതീയനാണ് അവിശ്വസ്തരായ തിരഞ്ഞെടുക്കപ്പെട്ട ജനതയേക്കാൾ ദൈവത്തിന് സ്വീകാര്യനെന്നല്ലേ ഇത് അർത്ഥമാക്കുന്നത്.

അതുകൊണ്ടുതന്നെ സകലജനതകളിലും നിന്നുള്ളവർ സ്വർഗരാജ്യത്തിലെ വിരുന്നാസ്വദിക്കുമെന്ന് അവിടുന്ന് പ്രഖ്യാപിക്കുന്നു. “കിഴക്കുനിന്നും പടിഞ്ഞാറുനിന്നും നിരവധിയാളുകൾ വന്ന് അബ്രാഹത്തിനോടും ഇസഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗരാജ്യത്തിലെ വിരുന്നിനിരിക്കും” (മത്താ 8,5-13). ജാതിയുടെയോ വർഗത്തിന്റെയോ മതവിശ്വാസത്തിന്റെയോ മാനദണ്ഡങ്ങളിലായിരിക്കില്ല, സ്നേഹ പ്രവൃത്തികളുടെ അടിസ്ഥാനത്തിലായിരിക്കും സൗഭാഗ്യവും ദൗർഭാഗ്യവും നൽകപ്പെടുന്നതെന്ന് യേശു അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു (മത്താ 25,31-46).

യേശുവിന്റെ വിജാതീയ മനോഭാവത്തെപ്പറ്റി നവമായ പല പഠനങ്ങളുമുണ്ട്. അതിലൊന്ന് യേശുവിന്റെ പ്രകടനപത്രികയ്ക്ക് നല്കിയ വ്യാഖ്യാനമാണ്. ലൂക്കായുടെ സുവിശേഷം 4,18-ൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രഭാഷണം ഏശയ്യാപ്രവാചകന്റെ പുസ്തകം

61,1–2 വാക്യങ്ങളുടെ ആവർത്തനമാണ്. "ദൈവമായ കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്, പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കുവാനും തടവുകാർക്ക് മോചനവും ബന്ധിതർക്കു സ്വാതന്ത്ര്യവും പ്രഖ്യാപിക്കാനും കർത്താവിന്റെ കൃപാവത്സരവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിനവും പ്രഘോഷിക്കാനും വിലപിക്കുന്നവർക്ക് സമാശ്വാസം നൽകാനും എന്നെ അയച്ചിരിക്കുന്നു." എന്നാൽ ലൂക്കാ 4,18–ലെ ഉദ്ധരണിയിൽ ഏശയ്യായുടെ പ്രവചനത്തിലുള്ള നമ്മുടെ 'ദൈവത്തിന്റെ പ്രതികാരദിനവും' എന്നഭാഗം വിട്ടുകളഞ്ഞിരിക്കുന്നതായി കാണാം.

എന്തുകൊണ്ടായിരിക്കാം യേശു ഈ ഉപവാക്യം വിട്ടുകളഞ്ഞത്? ദൈവത്തിന്റെ പ്രതികാരദിനത്തിന്റെ പ്രത്യേകതയിലാണ് ഈ ഉപേക്ഷയുടെ രഹസ്യം അടങ്ങിയിരിക്കുന്നത്. മിശിഹാ വരുമ്പോൾ യഹൂദനിയമങ്ങൾ പാലിക്കാത്തവരെയും വിജാതീയരെയും ശിക്ഷിച്ച് പ്രതികാരം പൂർത്തിയാക്കും എന്നായിരുന്നു ഇസ്രായേൽ ജനത്തിന്റെ വിശ്വാസം. ഏശയ്യായുടെ പ്രവചനം വായിച്ച് ഈ വാക്കുകൾ ഇന്ന് നിറവേറിയിരിക്കുന്നു എന്ന് അവകാശപ്പെടുമ്പോൾ താൻ മിശിഹായാണെന്നാണ് യേശു സ്ഥാപിക്കുന്നത്. അതേസമയം യഹൂദസങ്കൽപത്തിനനുസൃതമായി വിജാതീയരോട് പ്രതികാരം ചെയ്യുന്ന മിശിഹായല്ല താനെന്നാണ് 'പ്രതികാരദിനം' എന്ന ഭാഗം ഉപേക്ഷിച്ചതുവഴി യേശു വ്യക്തമാക്കുന്നത്. മറിച്ച് വിജാതീയർക്കും രക്ഷ പ്രദാനംചെയ്യുന്നവനാണ് യേശു.

ജറുസലേം ദേവാലയത്തിൽനിന്ന് കച്ചവടക്കാരെ പുറത്താക്കുന്ന യേശുവിന്റെ പ്രവാചകതുല്യമായ പ്രവൃത്തിയിലും (മർക്കോ 11,15–19) വിജാതീയരോടുള്ള സ്നേഹം ഒളിഞ്ഞു കിടപ്പുണ്ടെന്നാണ് ബൈബിൾ പണ്ഡിതരുടെ അഭിമതം. കച്ചവടക്കാരെ ചാട്ടവാറ് ചുഴറ്റി ഓടിച്ചത് ദേവാലയത്തിന്റെ വിശുദ്ധിയെ ഓർമ്മിപ്പിക്കാൻ മാത്രമായിരുന്നില്ലത്രേ. ക്രയവിക്രയക്കാർ തമ്പടിച്ചിരുന്നത് ജറുസലേം ദേവാലയത്തിൽ വിജാതീയരുടെ അങ്കണം എന്നറിയപ്പെട്ടിരുന്ന ഒരിടത്തായിരുന്നു. യഹൂദരില്ലാത്തവർക്കു ദേവാലയത്തിലേക്കു പ്രവേശിക്കാൻ പ്രത്യേകം മാറ്റി വയ്ക്കപ്പെട്ടിരുന്ന ഈ സ്ഥലത്ത് വില്പന നടത്തുകവഴി വിജാതീയർക്ക് യഹോവയുടെ പക്കലേക്കു വരാനുള്ള അവസരമാണ് യഹൂദപ്രമാണികൾ നിഷേധിച്ചത്. ഈ പശ്ചാത്തലത്തിലാണ് 17–ാം വാക്യത്തിൽ "എന്റെ ഭവനം എല്ലാ ജനതകൾക്കുംവേണ്ടിയുള്ള പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്ന് എഴുതപ്പെട്ടിട്ടില്ലേ?" എന്ന് യേശു ചോദിക്കുന്നത്. കച്ചവടക്കാരെ





ഒഴിപ്പിക്കുന്നതിലൂടെ വിജാതീയർക്കു രക്ഷയിലേക്കുള്ള വഴി തെളിക്കുകയാണ് കർത്താവ് ചെയ്തത്.

യേശുവിന്റെ വിജാതീയരോടുള്ള മനോഭാവം വെളിപ്പെടുത്തുന്ന മറ്റൊരു സന്ദർഭമാണ് ബാധയൊഴിപ്പിക്കുന്ന ഒരു മന്ത്രവാദിയുടെ നേർക്ക് അവിടുന്ന് സ്വീകരിച്ച നിലപാട് (മർക്കോ 9,38–41; ലൂക്കാ 9,49–50). യേശുവിന്റെ കാലത്ത് യഹൂദരുടെ ഇടയിലും വിജാതീയരുടെ ഇടയിലും സർവസാധാരണമായിരുന്നു ബാധയൊഴിപ്പിക്കൽ. വിജാതീയരായ മന്ത്രവാദികൾ യഹൂദരുടെ വിശ്വാസ ദുർഗങ്ങളായിരുന്ന അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നിവരുടെയും മാലാഖമാരുടെയും പേരുകൾ ഉപയോഗിച്ച് പിശാചുക്കളെ ഒഴിപ്പിക്കുമായിരുന്നു. ആ പശ്ചാത്തലത്തിലാണ് ജനങ്ങളുടെ ഇടയിൽ അതിശയപുരുഷനും പ്രവാചക തുല്യനുമായ യേശുവിന്റെ നാമം പിശാചിനെ ഒഴിപ്പിക്കുന്നതിന് വിജാതീയ മന്ത്രവാദി ഉപയോഗിക്കുന്നത്. ഇതറിഞ്ഞ ശിഷ്യന്മാർ യേശുവിനോട് അവനെ തടയാനാണ് ആവശ്യപ്പെടുന്നത്. പക്ഷേ, ഇതിനു മറുപടിയായി യേശു പറയുന്നത്: "നമുക്ക് എതിരല്ലാത്തവർ നമ്മുടെ ഭാഗത്താണ്" എന്നാണ്. പരസ്യമായി തന്നെ അനുഗമിക്കാത്തവനായിരുന്നിട്ടും ഒരു വിജാതീയനിലൂടെ പ്രവർത്തിക്കാൻ മനസ്സാകുന്നതുവഴി കർത്താവ് വ്യക്തമാക്കുന്ന സന്ദേശം എന്താണ്? തന്നിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറഞ്ഞ് തന്റെ സമൂഹത്തിൽ ചേരാത്തവർക്കും തന്നിൽ വിശ്വസിക്കുകയാണെങ്കിൽ രക്ഷയുടെ ഉപകരണങ്ങളാകാം എന്നല്ലേ? (J. Jeremias, Jesus Promise to the Nations, *Studies in Biblical Theology,* no. 24, 1958, pp. 41-56; D, Senior and C. Stuhlmueller, *The Biblical Foundations for Mission*, pp. 153-154.)

**അപ്പസ്തോലന്മാരുടെ പ്രതികരണം**

വിജാതീയരോടുള്ള യേശുവിന്റെ തുറന്ന മനോഭാവമാണ് അപ്പസ്തോലന്മാരും പിൻതുടരുന്നത്. അപ്പസ്തോലപ്രവർത്തനങ്ങളിൽ 10–ാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്ന കൊർണേലിയൂസ് സംഭവം ശ്രദ്ധിക്കുക. മറ്റ് വർഗക്കാരുമായി സമ്പർക്കം പുലർത്തുന്നത് യഹൂദർക്ക് നിയമവിരുദ്ധമായിരുന്നതിനാൽ വിജാതീയരെ ക്രിസ്തീയ കൂട്ടായ്മയിൽ ഉൾപ്പെടുത്തരുതെന്നായിരുന്നു ആദിമക്രൈസ്തവരിൽ പലരും ചിന്തിച്ചിരുന്നത്. മിശിഹായുടെ വരവിന്റെ ലക്ഷ്യം യഹൂദ സമുദായത്തിന്റെ മാത്രം നവീകരണവും രക്ഷയുമായിരുന്നു എന്ന തെറ്റിദ്ധാരണ അത്ഭുതകരമായ ഇടപെടലിലൂടെ ദൈവം തിരുത്തിയതിന്റെ ദൃഷ്ടാന്തമാണ് കോർണേലിയൂസ് സംഭവം.

ഇതിൽനിന്നും പ്രചോദനം ഉൾകൊണ്ട പത്രോസ് കേസറിയായിൽ വിജാതീയരെ സഭയിലേക്കു സ്വീകരിക്കുന്നതിനെപ്പറ്റി ചോദ്യമുയർന്നപ്പോൾ ഇങ്ങനെ പ്രഖ്യാപിച്ചു: ഒരു മനുഷ്യനെയും ഹീന ജാതിക്കാരനെന്നോ അശുദ്ധനെന്നോ വിളിക്കരുതെന്ന് ദൈവം എനിക്കു കാണിച്ചുതന്നിരിക്കുന്നു (അപ്പ 10,28). പത്രോസ് തുടർന്നു പറയുന്നു: "ദൈവത്തിന് പക്ഷപാതമില്ലെന്നും അവിടുത്തെ ഭയപ്പെടുകയും നീതി പ്രവർത്തിക്കുകയും ചെയ്യുന്ന ആരും ഏതു ജനതയിൽപ്പെട്ടവനായാലും അവിടത്തേക്കു സ്വീകാര്യനാണെന്നും ഞാൻ സത്യമായും അറിയുന്നു" (അപ്പ 10,34–35). ദൈവഭക്തിയിലും പ്രാർത്ഥനയിലും ദാനധർമ്മത്തിലും മുന്നിട്ടുനിന്ന കൊർണേലിയൂസിന്റെയും മറ്റു വിജാതീയരുടെയും മേൽ പരിശുദ്ധാത്മാവിന്റെ ദാനം വർഷിക്കപ്പെടുന്നതുകണ്ട് സന്തോഷിച്ച പത്രോസ് അവർക്കു ജ്ഞാനസ്നാനം നൽകാൻ തയ്യാറായി (അപ്പ 10,44–48). ഈ സംഭവം ആദിമ സഭയുടെ, അഥവാ അപ്പസ്തോല സമൂഹത്തിന്റെ ഹൃദയ വിശാലതയുടെ തെളിവാണ്. നന്മചെയ്യുന്നവനും ദൈവത്തെ ആത്മാർത്ഥമായി ആഗ്രഹിക്കുന്നവനും ഏതു മതത്തിലും ജാതിയിലും പെട്ടവനാണെങ്കിലും ക്രിസ്തുവിന്റെ രക്ഷാകരകൃപയ്ക്ക് അർഹരാകുമെന്നും പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ അവർക്കും സംലഭ്യമാകും എന്നുമുള്ള സന്ദേശമാണ് ഈ സംഭവം നൽകുന്നത്.

എപ്പിക്കൂറിയൻ – സ്റ്റോയിക് ചിന്തകരുടെ ആഹ്വാനപ്രകാരം ആഥൻസിലെ അരയോപ്പാഗസിൽ വി. പൗലോസ് പ്രസംഗിച്ചുപറയുന്നുണ്ട് (അപ്പ 17,22–24). അജ്ഞാതദേവനോടുള്ള അവരുടെ ആരാധന സത്യദൈവത്തെ അറിയാനുള്ള ആഗ്രഹത്തിന്റെ അടയാളമാണെന്നു പറഞ്ഞുകൊണ്ടാണ് ശ്ലീഹാ പ്രസംഗം ആരംഭിക്കുന്നത്. എല്ലാവർക്കും ജീവനും ശ്വാസവും പ്രദാനംചെയ്യുന്നത് ദൈവമാകയാൽ എല്ലാ ജനവിഭാഗങ്ങളും അവിടുത്തെ സന്താനങ്ങളാണെന്ന് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു. എല്ലാവരും ജീവിക്കുന്നതും ചരിക്കുന്നതും നിലനിൽക്കുന്നതും ഒരേ ദൈവത്തിലാണ് (അപ്പ 17,25). ഭൂമിയിലുള്ള വൈവിധ്യങ്ങൾ ദൈവേഷ്ടപ്രകാരമാണെന്ന സൂചനയും പൗലോസ് നൽകുന്നുണ്ട്. അവിടുന്ന് അവർക്കു വിഭിന്ന കാലങ്ങളും വാസഭൂമികളും നിശ്ചയിച്ചുകൊടുത്തു. ഇത് അവർ ദൈവത്തെ അന്വേഷിക്കുന്നതിനും ഒരുപക്ഷേ, അനുഭവത്തിലൂടെ അവിടുത്തെ കണ്ടെത്തുന്നതിനും വേണ്ടിയാണ് (അപ്പ 17,27).

ജെറുസലേം സൂനഹദോസ് ഇതരമതങ്ങളോടുള്ള സമീപനത്തിൽ വിസ്മരിക്കാനാവാത്ത ഒരു നാഴികക്കല്ലാണ്. ക്രിസ്തുമാർഗം സ്വീകരിക്കുന്നവർ രക്ഷപ്രാപിക്കണമെങ്കിൽ മോശയുടെ നിയമം അനുസരിച്ച് പരിഛേദനം ചെയ്യപ്പെടണമോ? എന്നതായിരുന്നു ജെറുസലേം കൗൺസിലിന്റെ ചർച്ചാവിഷയം. കൗൺസിലിന്റെ മദ്ധ്യേ പത്രോസ് ശ്ലീഹാ നൽകിയ മറുപടി ഇത്തരുണത്തിൽ സ്മരിക്കേണ്ടതാണ്. "ഹൃദയങ്ങളെ അറിയുന്ന ദൈവം നമുക്കെന്നതുപോലെ അവർക്കും (വിജാതീയർക്ക്) പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടു അവരെ അംഗീകരിച്ചു. നമ്മളും അവരും തമ്മിൽ അവിടുന്ന് വ്യത്യാസം കല്പിച്ചില്ല" (അപ്പ 15,8). നമ്മെപ്പോലെതന്നെ അവരും രക്ഷപ്രാപിക്കുന്നത് കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയാലാണെന്ന് നാം വിശ്വസിക്കുന്നു (അപ്പ 15,11). "ദൈവത്തിലേക്കു തിരിയുന്ന വിജാതീയരെ നാം വിഷമിപ്പിക്കരുത്" (അപ്പ 15,11). വിഗ്രഹാരാധനയും വ്യഭിചാരവും അവിശുദ്ധമായ ജീവിതശൈലികളും ഉപേക്ഷിച്ചാൽപ്പിന്നെ മറ്റ് നിർബന്ധങ്ങൾ വിശ്വാസം സ്വീകരിക്കുന്ന വിജാതീയരുടെമേൽ അടിച്ചേൽപ്പിക്കരുതെന്ന ജറുസലേം സൂനഹദോസിന്റെ തീരുമാനം, ഇതരമതങ്ങളിൽ തിന്മയൊഴിച്ചുള്ളതെല്ലാം ദൈവത്തിന് സ്വീകാര്യമാണെന്ന സന്ദേശമാണ് നൽകുന്നത്. ചുരുക്കത്തിൽ, അപ്പസ്തോലന്മാരും ആദിമ ക്രൈസ്തവ സമൂഹവും വിശ്വാസപ്രഘോഷണം ജീവിതദൗത്യമായി ഏറ്റെടുത്തപ്പോൾ വിജാതീയ മതങ്ങളിൽ ദൈവത്തിന്റെ അദൃശ്യപ്രകൃതി സന്നിഹിതമാണെന്നു വിശ്വസിക്കുന്ന വിശാലമായ സമീപനമാണ് പുലർത്തിയിരുന്നത്.

## തീവ്ര വിശ്വാസപ്രഖ്യാപനങ്ങൾ

പുതിയ നിയമം പൊതുവിൽ ഇതരമതങ്ങളോടും അവയിലെ തിന്മയൊഴിച്ചുള്ള ആചാരങ്ങളോടും തുറന്ന മനോഭാവം കാണിക്കുന്നു എന്നു പറയുമ്പോൾ താഴെപ്പറയുന്ന വചനഭാഗങ്ങൾ എങ്ങനെ മനസ്സിലാക്കണമെന്ന ചോദ്യം നമ്മിൽ ഉയരുവാനിടയുണ്ട് "എന്തെന്നാൽ ഒരു ദൈവമേ ഉള്ളൂ, ദൈവത്തിനും മനുഷ്യർക്കുമായി ഒരു മദ്ധ്യസ്ഥനേ ഉള്ളൂ – മനുഷ്യനായ യേശുക്രിസ്തു" (1 തിമോ 2,5). "എങ്കിലും നമുക്ക് ഒരു ദൈവമേ ഉള്ളൂ; ആരാണോ സർവവും സൃഷ്ടിച്ചത്, ആർക്കുവേണ്ടിയാണോ നാം ജീവിക്കുന്നത്, ആ പിതാവ്. ഒരു കർത്താവേ ഉള്ളൂ. ആരിലൂടെയാണോ സർവവും ഉളവായത്, ആരിലൂടെയാണോ നാം നിലനിൽക്കുന്നത് ആ യേശുക്രിസ്തു" (1 കോറി 8,5–6). "വീടുപണിക്കാരായ നിങ്ങൾ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നു. ആ കല്ലാണ് യേശു. മറ്റാരിലും രക്ഷയില്ല; ആകാശത്തിനു കീഴെ മനുഷ്യരുടെ ഇടയിൽ നമുക്കു രക്ഷക്കുവേണ്ടി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല" (അപ്പ 4,11–12). ദൈവം ഒന്നേയുള്ളൂ എന്നും ദൈവത്തിനും മനുഷ്യർക്കു

മിടയിൽ മദ്ധ്യസ്ഥനും രക്ഷകനുമായി കർത്താവായ യേശു മാത്രമേ ഉള്ളൂ എന്നുമാണ് ഈ വചനഭാഗങ്ങളുടെ സാരാംശം. ഇത് സത്യ മാണെങ്കിൽ അന്യമതവിശ്വാസങ്ങളോട് നാം തുറവിയുള്ള മനോ ഭാവം പാലിക്കുന്നതെങ്ങനെ? എന്ന ചോദ്യം സ്വാഭാവികമാണ്.

മേൽപറഞ്ഞ വചനഭാഗങ്ങൾ അവയുടെ പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കണം എന്നാണ് ബൈബിൾ പണ്ഡിതന്മാരുടെ അഭി പ്രായം (L. Legrand, Jesus et l' Englise Primitive, *Spiritus,* vol 36 (1985) pp. 71-75; C.K. Barett, *A Commentary on the First Episstle to the Corinthians,* pp. 192-194). ഇവരുടെ അഭിപ്രായത്തിൽ, വിജാതീയരോടുള്ള മനോഭാവം പ്രതിപാദിക്കാൻ നേരിട്ട് എഴുതിയ ഭാഗങ്ങളല്ല ഈ വാക്യങ്ങൾ. അതിനാൽ അന്യമതങ്ങളിലെ ഈശ്വരന്മാരെക്കുറിച്ചുള്ള വിധി തീർപ്പായിട്ട് ഇതിനെ കാണരുത്. ക്രിസ്തുമാർഗത്തിൽ ചേർന്ന വരെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനായി എഴുതുകയും പ്രസം ഗിക്കുകയും ചെയ്യുന്ന സന്ദർഭത്തിലാണ് അപ്പസ്തോലന്മാർ ഈ തീവ്ര വിശ്വാസപ്രഖ്യാപനങ്ങൾ നടത്തിയിട്ടുള്ളത്. ലോകത്തിൽ ദേവന്മാർ പലരുണ്ടെങ്കിലും ക്രിസ്തുവിനെ അനുഗമിക്കാൻ തീരു മാനിച്ചവർക്ക് ഏകരക്ഷകൻ ക്രിസ്തുവാണെന്ന് തറപ്പിച്ചു പറയു കയാണിവിടെ. സഭയിൽ ചേർന്നവരുടെ വിശ്വാസത്തെ ആഴപ്പെടു ത്തുവാൻ ലക്ഷ്യം വച്ചെഴുതിയ ഈ വചനഭാഗങ്ങളെ വിശ്വാസിക ളുടെ സമൂഹത്തിന്റെ ആഭ്യന്തര വിശ്വാസപ്രകടനമായി മനസ്സിലാ ക്കണമെന്നു ചുരുക്കം.

ബഹുദൈവ വിശ്വാസങ്ങൾ നിലനിന്നിരുന്ന കാലഘട്ടത്തിൽ ക്രിസ്ത്യാനികളുടെ ഏകദൈവ വിശ്വാസം പ്രഘോഷിക്കുന്ന ഭാഗ ങ്ങളായികൂടി ഇവയെ വ്യാഖ്യാനിക്കാമെന്ന് ബൈബിൾ പണ്ഡിത ന്മാർ അഭിപ്രായപ്പെടുന്നുണ്ട്. യഹൂദർ യഹോവയെ ഏകദൈവ മായി ആരാധിച്ചിരുന്നകാലത്ത് യേശുവിനെക്കൂടെ രക്ഷകനായി കാണുമ്പോൾ അത് ഏകദൈവവിശ്വാസത്തിന് വിരുദ്ധമാകുമോ എന്ന സംശയം ചിലരിലുണ്ടായി. ഈ സാഹചര്യത്തിൽ യേശു ദൈവത്തോടു സമാനതയുള്ള പുത്രനാണെന്ന സത്യം ശ്ലീഹന്മാർ ഏറ്റുപറയുകയാണ്. ദൈവത്തിന്റെ ഏകത്വത്തിലും യേശുവിന്റെ മാദ്ധ്യസ്ഥത്തിലുമുള്ള വിശ്വാസം ഒരേ സമയം കൂട്ടിച്ചേർത്ത് എഴു തുന്ന ഈ ഭാഗങ്ങൾ ഏകദൈവവിശ്വാസത്തിന്റെ പൊരുൾ മനസ്സി ലാക്കാൻ ക്രിസ്ത്യാനികൾക്ക് ഏറെ സഹായകമായി.

ഉയിർത്തെഴുന്നേറ്റ യേശുവിന്റെ ഇടപെടലുകൾക്ക് സാക്ഷ്യംവ ഹിച്ചവരായിരുന്നു ശിഷ്യന്മാർ. അത്ഭുതങ്ങളിലൂടെ തങ്ങളുടെ സുവി ശേഷപ്രഘോഷണയത്നങ്ങളെ വിജയിപ്പിച്ച കർത്താവിന്റെ നാമ





ത്തിലുള്ള ശക്തി അനുയായികളെ ബോധ്യപ്പെടുത്തുകയാണ് ഈ വാക്യങ്ങൾ. കർത്തൃനാമം സ്വീകരിക്കുന്നവർക്ക് രക്ഷാകരമായ കൃപ ലഭിക്കുമെന്ന പ്രത്യക്ഷ സത്യത്തെ ഉറപ്പിച്ച് പറഞ്ഞപ്പോൾ ഭാഷ കഠിനമായിട്ടുണ്ടാകാം. അനുഭവത്തിന്റെ തീവ്രത വാക്കുകൾക്ക് തീക്ഷ്ണത കൂട്ടുന്നത് സ്വാഭാവികം. ഇതര മതവിഭാഗങ്ങളെ നിഷേ ധിക്കുന്നതിനേക്കാൾ ക്രിസ്തുവിന് ആദിമക്രൈസ്തവർ നൽകിയ പ്രാധാന്യത്തിന്റെ തെളിവായാണ് ഈ വചനഭാഗങ്ങളെ നാം വായി ക്കേണ്ടത്. ചുരുക്കത്തിൽ, പുതിയനിയമത്തിൽ നാം കാണുന്ന തീവ്ര വിശ്വാസപ്രഖ്യാപനങ്ങൾ ഇതരമതവിശ്വാസങ്ങളെ നിഷേധിക്കു കയോ അധിക്ഷേപിക്കുകയോ അല്ല മറിച്ച്, സത്യദൈവത്തെ പ്രാപി ക്കുന്നതിന് യേശു എത്രമാത്രം അനിവാര്യമാണെന്ന് ഉദ്ഘോഷി ക്കുകയാണ് ചെയ്യുന്നത്.

മേൽ വിവരിച്ച വിചിന്തനങ്ങൾ നമ്മെ കൊണ്ടുചെന്നത്തിക്കു ന്നത് ക്രിസ്തുവിന്റെ അനന്യതയെക്കുറിച്ചുള്ള ചോദ്യത്തിലാണ്. എന്തിന്റെ അടിസ്ഥാനത്തിലാണ് അപ്പസ്തോലന്മാരും ആദിമക്രൈസ്തവ സമൂഹവും ഇത്ര തീവ്രമായി യേശുവിനെ ഏറ്റു പറയുന്നത്? മനുഷ്യാവതാരം ചെയ്ത് മരണോത്ഥാനങ്ങളിലൂടെ ലോകത്തിന്റെ രക്ഷ സാധിച്ചു എന്നതിലാണ് ദൈവപുത്രനായ യേശുക്രിസ്തുവിന്റെ അനന്യത അടങ്ങിയിരിക്കുന്നത്. മരണോ ത്ഥാനങ്ങളിലൂടെ കർത്താവും ദൈവവുമായവനാണ് ക്രിസ്തു. അതിനാൽ മനുഷ്യരക്ഷയ്ക്കുവേണ്ടി ലോകത്തിൽ ഉദയംചെയ്ത പൂർണതയുള്ള ഏക മദ്ധ്യസ്ഥനാണ് അവിടുന്ന്. ഈ സത്യം, ഇത രമതങ്ങളിലും ജനപദങ്ങളിലും രക്ഷാകരമായ വഴികൾ കാട്ടിക്കൊ ടുത്തതും സുകൃതജീവിതം നയിച്ചവരുമായ പുണ്യാത്മാക്കളെ നിഷേധിക്കുന്നതല്ല. ആ മഹാത്മാക്കൾ ആ മതവിശ്വാസികൾക്കു ദൈവാനുഭൂതിയുടെ മാർഗങ്ങളാണെങ്കിലും അവരൊന്നും ദൈവ പുത്രരല്ല. ആ ദിവ്യാത്മാക്കളുടെ സത്പ്രവൃത്തികൾക്കു നിദാനം പ്രപഞ്ചോത്പത്തിക്കുമുമ്പേ സമയാതീതനായി പിതാവിനോടൊത്ത് പ്രവർത്തിക്കുന്ന നിത്യവചനവും സത്യദൈവവുമായ യേശു ക്രിസ്തുവാണ് (K. Rahner, One Mediator and Many Mediators, *Theological Investigations,* vol. 9, 1972, pp. 173-176).

**ഡോ. വിൻസെന്റ് കുണ്ടുകുളം,**
**ഫാ. ടോം ഓലിക്കരോട്ട**

# 12

## കൗൺസിലും ഇതരമതങ്ങളും

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രാരംഭത്തിൽ ജോൺ ഇരുപത്തിമൂന്നാമൻ പാപ്പായുടെ പ്രാർത്ഥന പരിശുദ്ധാത്മാവേ, എഴുന്നള്ളി വരണമേ; ഒരു പുതിയ പെന്തക്കുസ്താ അനുഭവം നൽകി സഭയെ നവീകരിക്കണമേ എന്നായിരുന്നു. പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന വിഫലമായില്ല. നവീകരണത്തിന്റെയും ഐക്യത്തിന്റെയും ആത്മാവ് സഭയിൽ പ്രവർത്തനനിരതമായി. ഇതിന്റെ ഏറ്റവും വലിയൊരു തെളിവാണ് നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ഇതര മതങ്ങളോടുള്ള നിഷേധാത്മക മനോഭാവങ്ങൾക്കുപകരം രൂപപ്പെട്ട ക്രിയാത്മക പഠനങ്ങളും സമീപനരീതികളും. അക്രൈസ്തവ മതങ്ങൾ (Nostra Aetate) എന്ന പ്രമാണരേഖയിലാണ് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഇതരമതദൈവശാസ്ത്രം പ്രധാനമായും ആവിഷ്കൃതമായത്. എങ്കിലും, തിരുസഭ (Lumen Gentium) സഭ ആധുനികലോകത്തിൽ (Gaudium et Spes) പ്രേഷിത പ്രവർത്തനം (Ad Gentes) എന്നാ പ്രമാണ രേഖകളും ഈ വിഷയം പരാമർശിക്കുന്നുണ്ട്.





### അക്രൈസ്തവമതങ്ങൾ (Nostra Aetate)

രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച ഡിക്രികളിൽ ഏറ്റവും ചെറുതാണ് ഇതരമതങ്ങളോടുള്ള സഭയുടെ മനോഭാവം വ്യക്തമാക്കുന്ന 'അക്രൈസ്തവ മതങ്ങൾ.' വലുപ്പത്തിൽ ചെറുതാണെങ്കിലും കൗൺസിലിനുശേഷം ഏറെ ചർച്ചചെയ്യപ്പെട്ടതും ലോകജനതയുടെ ഇടയിൽ ക്രിസ്തുമതത്തിന്റെ സ്വീകാര്യത വർദ്ധിപ്പിച്ചതുമായ രേഖകളിലൊന്നായിരുന്നു ഇത്.

സൂനഹദോസിന്റെ ആരംഭത്തിൽ ഇതരമതങ്ങളോടുള്ള സഭാവീക്ഷണം വ്യക്തമാക്കുന്ന ഒരു ഡിക്രി പുറപ്പെടുവിക്കണമെന്ന് ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പാ ചിന്തിച്ചിരുന്നില്ല. 'എക്യുമെനിസം' എന്ന പ്രമാണരേഖയുടെ ഭാഗമായി യഹൂദരോടുള്ള സഭാമനോഭാവം പ്രകടമാക്കുന്ന പ്രസ്താവന ഉണ്ടാകണമെന്ന് മാത്രമായിരുന്നു അദ്ദേഹത്തിന്റെ അഭിലാഷം. പാപ്പായുടെ നിർദ്ദേശമനുസരിച്ച് കാർഡിനൽ ബെയ എക്യുമെനിസം എന്ന രേഖയിലെ നാലാം അദ്ധ്യായമായി യഹൂദരെ സംബന്ധിച്ചുള്ള സഭാനിലപാട് അവതരിപ്പിച്ചപ്പോൾ ഇതര മതങ്ങളോടുള്ള ബന്ധവും ശ്രദ്ധേയമായിത്തീരുകയാണുണ്ടായത്.

യഹുദരെ ശ്ലാഘിച്ച് കൗൺസിൽ രേഖ പുറപ്പെടുവിച്ചാൽ അത് അറബ് രാജ്യങ്ങളിൽ അസ്വസ്ഥതയ്ക്കു വഴിതുറക്കുമെന്ന് പൗരസ്ത്യ പിതാക്കന്മാർ വാദിച്ചു. എന്നാൽ യഹൂദ് ദൈവഘാതകരാണെന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള നിലപാട് സഭ തുടരുന്നില്ല എന്ന സന്ദേശം നൽകാൻ സംവിധാനം ഉണ്ടാകണം എന്ന കാഴ്ചപ്പാടും ശക്തമായിരുന്നു. ഈ നിർദ്ദേശങ്ങൾക്ക് സമവായം എന്ന നിലയിലാണ് അക്രൈസ്തവമതങ്ങളെപ്പറ്റി ഒരു പ്രമാണരേഖ തയ്യാറാക്കാനുള്ള തീരുമാനം രൂപപ്പെട്ടത്. 1965 ഡിസംബർ 28-ന് പാസ്സാക്കിയ ഈ രേഖയിൽ ഹിന്ദു-മുസ്ലിം-യഹൂദ-ബൗദ്ധ മതങ്ങളെ ഭാവാത്മകമായി ചിത്രീകരിച്ചത് ഇതരമതദൈവശാസ്ത്ര മേഖലയിലെ നൂതന കാൽവയ്പായി വിലയിരുത്തപ്പെടുന്നു.

ഇതരമതങ്ങളുമായി താരതമ്യം ചെയത് ക്രിസ്തുമതത്തിന്റെ തനിമ നിർവചിക്കുന്ന പതിവിൽനിന്ന് വ്യത്യസ്തമായി മനുഷ്യരെ പരസ്പരം ഐക്യപ്പെടുത്തുന്ന തലങ്ങളെക്കുറിച്ചുള്ള അന്വേഷണത്തോടെയാണ് രേഖ തുടങ്ങുന്നത്. ഒരൊറ്റ സമൂഹത്തിൽപ്പെട്ടവരാണ് എല്ലാ ജനങ്ങളും. അവരുടെ ഉത്ഭവസ്ഥാനവും ഒന്നുതന്നെ. കാരണം മനുഷ്യവംശത്തെ ഭൂമുഖം പരക്കെ നിവസിപ്പിച്ചത് ദൈവമാണ്. എല്ലാ മനുഷ്യരുടെയും ആത്യന്തികലക്ഷ്യവും ഒന്നുതന്നെ -ദൈവം. അവിടുത്തെ പരിപാലനയും നന്മയുടെ ആവിഷ്കാരങ്ങളും രക്ഷാകരപദ്ധതികളും എല്ലാവരെയും സമാശ്ലേഷിക്കുന്നു. തിരഞ്ഞെ

ടുക്കപ്പെട്ടവരെല്ലാം ദൈവ മഹിമയാൽ പ്രദീപ്തമായ പരിശുദ്ധ നഗരത്തിൽ സമ്മേളിക്കുന്നതുവരെ ഇത് തുടർന്നുകൊണ്ടിരിക്കും. അവിടെ സമസ്ത ജനതകളും ദൈവിക പ്രകാശത്തിലായിരിക്കും സഞ്ചരിക്കുന്നത് (അക്രൈസ്തവമതങ്ങൾ, 1).

ഇതരമതങ്ങളുടെ രക്ഷാകരമൂല്യത്തെ അംഗീകരിച്ചുകൊണ്ട് കൗൺസിൽ രേഖ തുടരുന്നു. ഈ മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും കത്തോലിക്കാ തിരുസഭ തിരസ്കരിക്കുന്നില്ല. മറ്റ് മതങ്ങളിലെ പ്രവർത്തനരീതികളും ജീവിതമുറകളും പ്രമാണങ്ങളും സിദ്ധാന്തങ്ങളും തിരുസഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവയിൽനിന്ന് പലതുകൊണ്ടും വ്യത്യസ്തങ്ങളാണ്. എങ്കിലും തിരുസഭ അവയെയെല്ലാം ആത്മാർത്ഥമായ ബഹുമാനത്തോടുകൂടിയാണ് നിരീക്ഷിക്കുന്നത്. കാരണം സർവമനുഷ്യരെയും പ്രകാശിപ്പിക്കുന്ന അസത്യത്തിന്റെ രശ്മി അവയിലെല്ലാം പ്രതിബിംബിക്കുന്നുണ്ട് (അക്രൈസ്തവമതങ്ങൾ, 2). ഇതരമതങ്ങളുടെ ആചാരാനുഷ്ഠാനങ്ങളിലും വിശ്വാസങ്ങളിലും സത്യത്തിന്റെ രശ്മി – ക്രിസ്തു സാന്നിദ്ധ്യം – ഉണ്ടെന്ന ഈ പ്രഖ്യാപനം മതാന്തര ദൈവശാസ്ത്രത്തിന് വിപ്ലവകരമായ പ്രവർത്തനോർജ്ജമാണ് പകർന്നത്.

ഒരേ ദൈവത്തിന്റെ മക്കളായതിനാലും ഒരേ സത്യത്തിന്റെ കിരണങ്ങളാൽ പ്രോജ്വലിപ്പിക്കപ്പെടുന്നതിനാലും ക്രൈസ്തവർ ഇതര മതസ്ഥരോട് ഉത്തമ ബന്ധത്തിൽ ജീവിക്കണം എന്ന് രേഖ ഉദ്ബോധിപ്പിക്കുന്നു. 'ഇക്കാരണത്താൽ തിരുസഭ സന്താനങ്ങളെ ഉത്തേജിപ്പിക്കുകയാണ്. ഇതര മതാനുയായികളുമായി വിവേകത്തോടും സ്നേഹത്തോടുംകൂടി വിശ്വാസത്തിനും ക്രിസ്തീയ ജീവിതത്തിനും സാക്ഷ്യം വഹിച്ചുകൊണ്ട് സംഭാഷണത്തിലും സഹകരണത്തിലും ഏർപ്പെടാൻ. അവരിൽ ദൃശ്യമാകുന്ന ആദ്ധ്യാത്മികവും ധാർമ്മികവുമായ നന്മകളും സാമൂഹിക സാംസ്കാരിക മൂല്യങ്ങളും അംഗീകരിച്ച് പരിരക്ഷിക്കുകയും അഭിവൃദ്ധമാക്കുകയും ചെയ്യണമെന്ന് സഭ ഉദ്ബോധിപ്പിക്കുന്നു' അക്രൈസ്തവമതങ്ങൾ, 2).

'ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യൻ. തന്മൂലം ഏതെങ്കിലും മനുഷ്യനോട് സഹോദരതുല്യം പെരുമാറാൻ സാധിക്കുന്നില്ലെങ്കിൽ ദൈവത്തെ സർവരുടെയും പിതാവേ എന്ന് അഭിസംബോധന ചെയ്യാൻ സത്യത്തിൽ നമുക്കു സാധ്യമല്ല. മനുഷ്യന് ദൈവപിതാവിനോടും ഇതര സഹജരോടുമുള്ള ബന്ധം വിശുദ്ധ ലിഖിതം പറയുന്നതുപോലെ, അവിഭക്തമാണ് (1 യോഹ 4,8). ... ജാതി, മതം, വർണം, ജീവിതനിലവാരം എന്നിവയുടെപേരിൽ മനുഷ്യരോട് വിവേചനം കാണിക്കുന്നതിനെയും മനുഷ്യനെ ഞെരുക്കുന്നതിനെയും സഭ അപലപിക്കുന്നു... ഇതര മതസ്ഥരുടെ ഇടയിൽ സൗഹൃദം പുലർത്തുക (1 പത്രോ 2,22). അതുപോലെ കഴിയുമെങ്കിൽ എല്ലാ മനുഷ്യരോടും സമാധാനത്തിൽ ജീവിക്കാൻ യത്നിക്കുക. അപ്പോഴാണ് ക്രൈസ്തവർ യഥാർത്ഥത്തിൽ സ്വർഗ പിതാവിന്റെ മക്കളായിത്തീരുന്നത്' (അക്രൈസ്തവ മതങ്ങൾ, 5).





ചരിത്രഗതിയിൽ പല കാരണങ്ങളാൽ അപഭ്രംശങ്ങൾക്ക് വിധേയമായിപ്പോയ യഹൂദ-ഇസ്ലാം ബന്ധത്തെ പുനർനിർവചിക്കാൻ കഴിഞ്ഞു എന്നത് കൗൺസിലിന്റെ നേട്ടമാണ്. വർഗവൈര്യത്തിന്റെയും കുരിശുയുദ്ധങ്ങളുടെയും നാൾവഴികളിൽനിന്ന് സമാധാനവും സാഹോദര്യവും പൂക്കുന്ന നാളെകളിലേക്ക് സർവമനുഷ്യരെയും വിശിഷ്യാ യഹൂദരെയും മുസ്ലീങ്ങളെയും സഭ ക്ഷണിച്ചു. ഈ മൂന്നു മതങ്ങളും തമ്മിൽ വിശ്വാസത്തിലും പാരമ്പര്യത്തിലുമുള്ള പാരസ്പര്യങ്ങളിൽ ഊന്നിക്കൊണ്ട് ലോകനന്മയ്ക്കായി ഒരുമിച്ചു പ്രവർത്തിക്കാനുള്ള ആഹ്വാനമാണ് കൗൺസിൽ നടത്തിയത്.

ദൈവപുത്രന്റെ ഘാതകരായി ചിത്രീകരിക്കാനും യഹൂദപീഡനങ്ങൾക്ക് മൗനാനുവാദം നല്കാനും ഇടയാക്കിയ സാഹചര്യങ്ങളെ കൗൺസിൽ അപലപിച്ചു. തിരഞ്ഞെടുക്കപ്പെട്ട ജനമെന്നനിലയിൽ യഹൂദർക്കുള്ള പ്രഥമസ്ഥാനവും രക്ഷാകരപദ്ധതിയിലെ കൂട്ടുത്തരവാദിത്വവും ഉയർത്തിക്കാട്ടിയാണ് യഹൂദബന്ധത്തെ ഊഷ്മളമാക്കാൻ കൗൺസിൽ ശ്രമിക്കുന്നത്. ദൈവത്തിന്റെ രക്ഷാകരമായ പദ്ധതിക്ക് യോജിച്ചവിധത്തിൽ തന്റെ വിശ്വാസവും തിരഞ്ഞെടുപ്പും പൂർവപിതാക്കന്മാരോടും മോശയോടും പ്രവാചകന്മാരോടും ബന്ധപ്പെട്ടാണ് മുളയെടുത്തതെന്ന് ക്രിസ്തുവിന്റെ സഭ തുറന്നു സമ്മതിക്കുന്നു (അക്രൈസ്തവ മതങ്ങൾ, 4).

യഹൂദജനത്തിലൂടെയാണ് പഴയനിയമത്തിന്റെ വെളിപാട് താൻ സ്വീകരിച്ചതെന്നും ആ നല്ല ഒലിവുമരത്തിന്റെ ജീവരസത്തിൽനിന്നാണ് താൻ പോഷണം സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്നും ഇതേ ഖണ്ഡികയിൽ കൗൺസിൽ സൂചിപ്പിക്കുന്നു.

ഇസ്ലാംമതവുമായുള്ള ബന്ധത്തെക്കുറിച്ച് കൗൺസിൽ ആദരപൂർവ്വമാണ് സംസാരിച്ചിട്ടുള്ളത്. മുസ്ലീങ്ങൾ ക്രിസ്തുവിനെ ദൈവമായി അംഗീകരിക്കുന്നില്ലെങ്കിലും അവിടുത്തെ പ്രവാചകനായി വണങ്ങുന്നുണ്ടെന്നും പരിശുദ്ധ കന്യാമറിയത്തോടു പ്രാർത്ഥിക്കുന്നുണ്ടെന്നും പിതാക്കന്മാർ അനുസ്മരിക്കുന്നു. ഏകദൈവത്തിലും അന്ത്യവിധിയിലും ഉയർത്തെഴുന്നേൽപ്പിലും വിശ്വസിക്കുന്ന മുസ്ലീങ്ങൾക്കും ക്രൈസ്തവർക്കും ശത്രുതമറന്ന് യോജിച്ചു പ്രവർത്തിക്കാനാകുമെന്ന് കൗൺസിൽ പറയുന്നു: 'കഴിഞ്ഞ പല നൂറ്റാണ്ടുകളിലും ക്രൈസ്തവരും മുഹമ്മദീയരും തമ്മിലുണ്ടായിട്ടുള്ള കലഹങ്ങളും ശത്രുത

കളും കുറച്ചൊന്നുമല്ല. എങ്കിലും കഴിഞ്ഞതെല്ലാം അപ്പാടെ വിസ്മരിക്കണമെന്നാണ് പരിശുദ്ധ സൂനഹദോസിന്റെ ആഹ്വാനം. മാത്രമല്ല, പരസ്പരധാരണ സൃഷ്ടിക്കുന്നതിന് ഇരുകൂട്ടരും ആത്മാർത്ഥമായി പരിശ്രമിക്കണമെന്നുമാണ് സൂനഹദോസ് എല്ലാവരെയും ഉദ്ബോധിപ്പിക്കുന്നത്. അതോടൊപ്പംതന്നെ മാനവസമുദായത്തിനുവേണ്ടി സാമൂഹ്യനീതിയും ധാർമ്മികമൂല്യങ്ങളും സമാധാനവും സ്വാതന്ത്ര്യവുമെല്ലാം ഇരുകൂട്ടരും യോജിച്ചുനിന്ന് സംരക്ഷിക്കുകയും പ്രവൃദ്ധമാക്കുകയും വേണം' (അക്രൈസ്തവമതങ്ങൾ, 3).

## തിരുസഭ (Lumen Gentium)

'അക്രൈസ്തവമതങ്ങൾ' എന്ന രേഖയ്ക്കുപുറമെ സഭയെക്കുറിച്ചും അവളുടെ ഇഹലോകധർമ്മത്തെക്കുറിച്ചും പ്രതിപാദിക്കുന്ന രേഖകളിലും ഇതരമത ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനങ്ങൾ കാണാനാവും. തിരുസഭ മാത്രമാണ് രക്ഷയുടെ ഏകമാർഗമെന്ന് സ്ഥാപിച്ചാൽ പിന്നെ ഇതര വിശ്വാസപന്ഥാവുകൾക്ക് പ്രസക്തിയില്ല. അക്കാരണത്താലാകാം സഭ ഈ ലോകത്തിലെ യാഥാർത്ഥ്യം എന്നനിലയിൽ ആപേക്ഷികമാണെന്ന് തിരുസഭ എന്ന പ്രമാണരേഖ ഓർമ്മപ്പിക്കുന്നത്.

ക്രിസ്തുവിനാൽ സ്ഥാപിതമായ തിരുസഭയിലാണ് ക്രിസ്തുസാന്നിദ്ധ്യം പ്രത്യേകമായുള്ളതെന്നും അതിനാൽ സഭയിൽ അംഗമാകുന്നത് രക്ഷയ്ക്ക് അനിവാര്യമാണെന്നും പ്രഖ്യാപിക്കുമ്പോൾത്തന്നെ സഭയാകുന്ന മൗതികശരീരത്തിലെ അംഗമായതുകൊണ്ടുമാത്രം രക്ഷപ്പെടില്ലെന്ന് കൗൺസിൽ സൂചിപ്പിക്കുന്നു. നിത്യരക്ഷയ്ക്ക് ഈ തീർത്ഥാടകസഭ അത്യാവശ്യമാണെന്നാണ് വിശുദ്ധലിഖിതങ്ങളും പാരമ്പര്യവും അടിസ്ഥാനമാക്കി സൂനഹദോസ് പഠിപ്പിക്കുന്നത്. 'കാരണം ഒരു മദ്ധ്യസ്ഥനേയുള്ളൂ. രക്ഷയുടെ വഴിയും ഒന്നുമാത്രം. അതാണ് ക്രിസ്തു. അവിടുന്ന് സഭയാകുന്ന തന്റെ ശരീരത്തിലൂടെ നമ്മുടെ ഇടയിൽ സന്നിഹിതനാകുന്നു. സ്നേഹത്തിൽ നിവസിക്കാതെ ബാഹ്യമാത്രമായി കഴിഞ്ഞുകൂടുന്നവരും സഭയുടെ അംഗങ്ങളായതുകൊണ്ടുമാത്രം രക്ഷപ്രാപിക്കുകയില്ല. മാത്രമല്ല കഠിനമായ വിധിക്ക് പാത്രമാവുകകൂടി ചെയ്യും' (തിരുസഭ, 14).

സഭ പൂർണമായും ക്രിസ്തുവിന്റെ ശരീരമായി മാറുന്നത് ഒരു യുഗാന്ത്യോന്മുഖ പ്രതിഭാസമാണെന്നും ഈ ലോകത്തിൽ അത് പൂർണമെല്ലെന്നും വ്യക്തമാക്കിക്കൊണ്ട് കൗൺസിൽ തുടരുന്നു: 'മനുഷ്യവർഗവും, മനുഷ്യനോട് ബന്ധപ്പെട്ടിരിക്കുകയും അവനിൽക്കൂടി ലക്ഷ്യം പ്രാപിക്കുകയും ചെയ്യുന്ന വിശ്വം മുഴുവനും (2 പത്രോസ് 3,10-13; എഫേ 1,10; കൊളോ 1,20) പൂർണമായും ക്രിസ്തു





വിൽ സംഘടിക്കപ്പെടും. അപ്പോൾ മാത്രമേ സഭ സ്വർഗീയമഹത്വത്തിന്റെ പൂർണതയിൽ എത്തിച്ചേരുകയുള്ളൂ. ഈ കാലത്തോടു ബന്ധപ്പെട്ട കൂദാശകളിലും സ്ഥാപനങ്ങളിലുമായി പ്രയാണംചെയ്യുന്ന തിരുസഭയ്ക്ക് കടന്നുപോകുന്ന ഈ ലോകത്തിന്റെ ഒരു ഛായയുണ്ട്. ഇതുവരെ നെടുവീർപ്പിട്ടുകൊണ്ടിരിക്കുകയും പ്രസവവേദന അനുഭവിക്കുകയും ദൈവമക്കളുടെ വെളിപാടിനെ പ്രതീക്ഷിക്കുകയും ചെയ്യുന്ന സൃഷ്ടികളുടെ ഇടയിലാണ് അവൾ ജീവിക്കുന്നത്' (റോമാ 8,19-20; തിരുസഭ, 48).

തിരുസഭ എന്ന പ്രമാണരേഖയിൽ ഇതരമതങ്ങളോടുള്ള തുറവി പ്രകടമാക്കുന്ന പ്രധാന സന്ദർഭം ദൈവജനത്തെപ്പറ്റിയുള്ള വിവരണമാണ്: 'സുവിശേഷം സ്വീകരിക്കാത്തവരും ദൈവജനത്തോട് വിവിധ രീതികളിൽ ബന്ധപ്പെട്ടാണിരിക്കുന്നത്. സ്രഷ്ടാവായ ദൈവത്തെ ഏറ്റുപറയുന്നവരും അവിടുത്തെ പരിത്രാണപദ്ധതിയിലുൾപ്പെടുന്നു. ഛായകളിലും പ്രതിരൂപങ്ങളിലും കൂടി അജ്ഞാതനായ ദൈവത്തെ അന്വേഷിക്കുന്നവരിൽനിന്ന് അവിടുന്ന് വിദൂരത്തല്ല. കാരണം എല്ലാവർക്കും ജീവനും പ്രചോദനവും എന്നുവേണ്ട സകലതും പ്രദാനം ചെയ്യുന്നത് അവിടുന്നാണ് (നട 17,25-28). സകല മനുഷ്യരും രക്ഷപ്രാപിക്കണമെന്നതാണ് രക്ഷകനായ ദൈവത്തിന്റെ അഭിലാഷം (1 തിമോ 2,4). സ്വന്തം കുറ്റംകൂടാതെ ക്രിസ്തുവിന്റെ സുവിശേഷത്തെയും അവിടുത്തെ സഭയെയും അറിയാതിരിക്കുകയും അതേസമയം, ആത്മാർത്ഥ ഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുകയും മനഃസാക്ഷിയുടെ സ്വരത്തിലൂടെ പ്രകടമാകുന്ന ദൈവതിരുമനസ്സ് പ്രസാദവരത്തിന്റെ പ്രചോദനങ്ങൾക്കനുസൃതമായി നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്യുന്നവർക്കും നിത്യരക്ഷ പ്രാപിക്കാം' (തിരുസഭ, 16).

മാമ്മോദീസ സ്വീകരിച്ച് ദൃശ്യസഭയുടെ അംഗമാകുന്നവർക്കുപുറമെ നന്മ പ്രവർത്തിക്കുകയും ദൈവത്തെ ഭയപ്പെടുകയും ചെയ്യുന്നവരെയും ദൈവജനത്തിന്റെ ഭാഗമായി കാണുന്നതുവഴി രക്ഷയുടെ മാനദണ്ഡം മതത്തിന്റെ ബാഹ്യമായ വേലിക്കെട്ടുകൾക്കുപരിയാണെന്ന് കൗൺസിൽ വ്യക്തമാക്കുന്നു. മനഃസാക്ഷിയുടെ മന്ത്രണങ്ങൾക്കനുസരിച്ച് ദൈവതിരുമനസിന് കീഴ്വഴങ്ങി ജീവിക്കുന്നവരെയും, ബിംബങ്ങളുടെയും പ്രതീകങ്ങളുടെയും സഹായത്തോടെ ദൈവത്തെ അന്വേഷക്കുന്നവരെയും, സൃഷ്ടാവായി ഒരു ദൈവം ഉണ്ടെന്ന് വിശ്വസിക്കാൻ കഴിയുന്നവരെയും രക്ഷാകരപദ്ധതിയുമായി ബന്ധപ്പെടുത്തുവാൻ കഴിഞ്ഞത് ഇതരമതങ്ങളോടെന്നല്ല സന്മനസ്സുള്ള ഏത് മനുഷ്യരോടും ഐക്യപ്പെട്ട് മനുഷ്യരക്ഷയ്ക്കായി പ്രവർത്തിക്കാൻ സഭക്ക് സാധ്യത നൽകുകയാണ് ചെയ്യുന്നത്. 'സഭയുടെ ദൃശ്യമണ്ഡലത്തിനുപുറത്തും സത്യത്തിന്റെയും വിശുദ്ധീക

രമത്തിന്റെയും ധാരാളം ഘടകങ്ങൾ കാണുന്നുണ്ട്' (തിരുസഭ, 8). 'മനുഷ്യരുടെ ഹൃദയത്തിലും മനസ്സിലും എന്തെല്ലാം നന്മയുണ്ടോ വിവിധ റീത്തുകളിലും സംസ്കാരങ്ങളിലും എന്തെല്ലാം അഭിലഷണീയമായിട്ടുണ്ടോ അതെല്ലാം അഭംഗുരം കാത്തുസൂക്ഷിക്കാൻ മാത്രമല്ല, അവയെ വളർത്തിയെടുക്കാനും അവയെ ന്യൂനമറ്റതും ഉന്നതവും പരിപൂർണവുമാക്കാനുമാണ് സഭ പരിശ്രമിക്കുന്നത്' (തിരുസഭ, 17).

## സഭ ആധുനികലോകത്തിൽ (Gaudium et spes)

സഭ ആധുനികലോകത്തിൽ എന്ന പ്രമാണരേഖയിൽ മതപരമായ അന്വേഷണം നടത്തുന്നവരെ മാത്രമല്ല, ഭൗതിക വിജ്ഞാന ശാഖകളിലൂടെ സത്യാന്വേഷികളായിരിക്കുന്നവരെയും രക്ഷാകര പദ്ധതിയിൽ ഉൾചേർക്കുന്ന സമീപനമാണുള്ളത്. അതിന്റെ കാരണമാകട്ടെ ശാസ്ത്രത്തിന്റെയും വിശ്വാസത്തിന്റെയും ഉറവിടം ദൈവമാണെന്ന തിരിച്ചറിവും സൃഷ്ടവസ്തുക്കളിലും സൃഷ്ടിയായ മനുഷ്യരിലും തുടിക്കുന്നത് ഒരേ ഈശ്വര ചൈതന്യമാണെന്ന അവബോധവുമാണ്. 'ഭൗതിക വസ്തുക്കളും വിശ്വാസവിഷയങ്ങളും ഒരേ ദൈവത്തിൽ നിന്നുതന്നെയാണ് നിർഗമിക്കുന്നത്. സ്ഥൈര്യത്തോടെ വിനയപൂർവം സത്യത്തിന്റെ ഉള്ളറകളിലേക്ക് കടന്നുചെല്ലുന്ന ഒരാൾ ഇതിനെപ്പറ്റി ബോധവാനല്ലെങ്കിൽത്തന്നെയും സമസ്തസൃഷ്ടികൾക്കും അസ്ഥിത്വം നൽകി പരിപാലിക്കുന്ന ദൈവതൃക്കരങ്ങളാലാണ് ആനയിക്കപ്പെടുന്നത്. ഇക്കാരണങ്ങളാൽ വിശ്വാസവും ശാസ്ത്രവും പരസ്പരം പൊരുത്തപ്പെടാത്ത ഘടകങ്ങളാണെന്നുള്ള ചിലരുടെ മനോഭാവം തികച്ചും അപലപനീയമാണ്' (സഭ ആധുനികലോകത്തിൽ, 36).

ക്രിസ്തുവിന്റെ ദൃശ്യസഭക്കുപുറമെ, ഭൗതിക-ആത്മീയ മേഖലകളിലായി പ്രവർത്തിക്കുന്ന നീതിഷ്ഠരായ വ്യക്തികളും സമൂഹങ്ങളും രക്ഷപ്രാപിക്കുന്നതിനുള്ള നിരവധി കാരണങ്ങൾ നിരത്തുമ്പോഴും എപ്രകാരമാണ് മാമ്മോദീസ സ്വീകരിക്കാതിരുന്നിട്ടും അവർ രക്ഷപ്രാപിക്കുന്നതെന്ന് കൗൺസിലിന് വ്യക്തമല്ല. പക്ഷേ, ഈ അവ്യക്തത അവരുടെ രക്ഷയെക്കുറിച്ച് നിഷേധാത്മകമായ നിലപാടെടുക്കുന്നതിനുപകരം, ഭാവാത്മകമായ സമീപനം ഉൾകൊള്ളാനാണ് കൗൺസിൽ പിതാക്കന്മാരെ പ്രചോദിപ്പിച്ചത്. കാരണം ക്രിസ്തുവിന്റെയും അവിടുത്തെ ആത്മാവിന്റെയും പ്രവർത്തനവഴികൾ മനുഷ്യബുദ്ധിക്ക് ദുർഗ്രഹവും അപ്രാപ്യവുമായതുതന്നെ. 'ക്രിസ്തു മരിച്ചത് എല്ലാവർക്കും വേണ്ടിയാണ്. മനുഷ്യന്റെ ആന്ത്യന്തികമായ ആഹ്വാനം ഏകമാണ്, ദിവ്യവുമാണ്. തന്മൂലം എല്ലാ മനുഷ്യർക്കും പെസഹാ രഹസ്യവുമായി സംയോജിക്കാനുള്ള





സാധ്യത ദൈവത്തിനുമാത്രം ഗ്രാഹ്യമായരീതിയിൽ പവിത്രാത്മാവ് നൽകുന്നുണ്ടെന്ന് നാം വിശ്വസിക്കേണ്ടിയിരിക്കുന്നു' (സഭ ആധുനികലോകത്തിൽ, 22).

## പ്രേഷിതപ്രവർത്തനം (Ad Gentes)

കൗൺസിലിന്റെ പ്രേഷിതപ്രവർത്തനത്തെ സംബന്ധിക്കുന്ന പ്രമാണരേഖയിൽ സുവേശേഷം അറിയിക്കുന്നത് സഭയുടെ അടിസ്ഥാനദൗത്യമായി ഉയർത്തിക്കാണിക്കുന്നതോടൊപ്പം ഇതര മത പാരമ്പര്യങ്ങളിലും സംസ്കാരങ്ങളിലും ദൈവത്തിന്റെ സാന്നിദ്ധ്യവും കൃപാസ്പർശവും നന്മയുടെ പ്രഭാകിരണങ്ങളും നിക്ഷിപ്തമാണെന്നു പ്രഖ്യാപിക്കുന്നു. 'മനുഷ്യവർഗത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ സാർവത്രിക രക്ഷാകരപദ്ധതി മനുഷ്യഹൃദയത്തിൽ ഏതാണ്ട് നിഗൂഢമായരീതിയിൽ മാത്രമല്ല നിർവഹിക്കപ്പെടുന്നത്.... ഒരുപക്ഷേ, ദൈവത്തെ കണ്ടെത്താമെന്നുവച്ച് മനുഷ്യൻ ചെയ്യുന്ന വിവിധങ്ങളായ പരിശ്രമങ്ങളിലും മതപരമായ പ്രയത്നങ്ങളിലും മാത്രമല്ല മേൽപ്പറഞ്ഞ രക്ഷാകരദൗത്യം നിർവഹിക്കപ്പെടുന്നത്. താദൃശശ്രമങ്ങൾ ദൈവത്തിന്റെ കരുണാമസൃണമായ പരിപാലന ക്രമത്തിൽ ചിലപ്പോൾ സത്യദൈവത്തിലേക്കുള്ള ഒരു കൈചൂണ്ടിയായോ, സുവിശേഷ സ്വീകരണത്തിനുള്ള ഒരുക്കമായോ തീർന്നേക്കാം' (പ്രേഷികപ്രവർത്തനം, 3).

'ദൈവത്തിന്റെ രഹസ്യസാന്നിദ്ധ്യംകൊണ്ടെന്നതുപോലെ ജനപദങ്ങളുടെ ഇടയിൽകാണപ്പെടുന്ന സത്യത്തിന്റെയും കൃപയുടെയും അംശങ്ങളെ ഈ പ്രേഷിതപ്രവർത്തനം തിന്മയുടെ കറകളിൽനിന്നു വിമുക്തമാക്കി ക്രിസ്തുവിന്റെ പക്കൽ തിരിച്ചേൽപ്പിക്കുന്നു. തത്ഫലമായി മനുഷ്യഹൃദയത്തിലും മനസ്സിലും ജനതകളുടെ പ്രത്യേകമായ ആചാരവിധികളിലും സംസ്കാരങ്ങളിലും നന്മയായി കാണുന്നതെല്ലാം നശിപ്പിക്കുന്നില്ലെന്നു മാത്രമല്ല വിശുദ്ധീകരിച്ചുയർത്തുകയും... ചെയ്യുന്നു' (പ്രേഷിതപ്രവർത്തനം, 9).

'ക്രിസ്തുവിന് ഫലപ്രദമായി സാക്ഷ്യം നൽകാൻ ക്രൈസ്തവർ മറ്റുള്ളവരുമായി പരസ്പരം സ്നേഹത്തിലും ആദരവിലും വർത്തിക്കണം. തങ്ങൾ ജീവിക്കുന്ന സമൂഹത്തിന്റെ യഥാർത്ഥ അംഗങ്ങളായി സ്വയം പരിഗണിക്കുകയും... തങ്ങളുടെ ദേശീയവും മതപരവുമായ പാരമ്പര്യങ്ങളെ അടുത്തറിയുകയും അവയിൽ മറഞ്ഞുകിടക്കുന്ന ദൈവവചനത്തിന്റെ വിത്തുകൾ സന്തോഷത്തോടും ആദരവോടുംകൂടി ആരായുകയും വേണം' (പ്രേഷിതപ്രവർത്തനം, 11).

സഭക്കുപുറമെ രക്ഷയില്ലെന്ന ഭൂതകാല സങ്കൽപ്പത്തിൽനിന്ന് ഇതരമതങ്ങളിൽ ക്രിസ്തുവിന്റെ രക്ഷാകര സാന്നിദ്ധ്യമുണ്ടെന്നും

അവയിൽ വചനവിത്തുകളുണ്ടെന്നും അവ സത്യദൈവത്തിലേക്കുള്ള കൈചൂണ്ടികളാണെന്നുമുള്ള തിരിച്ചറിവിലേക്ക് വളരുന്നതിൽ പിതാക്കന്മാർക്ക് വഴികാട്ടിയായ താഴെപ്പറയുന്ന ദൈവശാസ്ത്രചിന്തകൾ ഉദാത്തമാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. മനുഷ്യവംശത്തിന്റെ ആരംഭവും അവസാനവും ഈ ദൈവത്തിൽത്തന്നെയാണ്. എല്ലാ മനുഷ്യരും രക്ഷപ്പെടണമെന്ന് ആഗ്രഹിക്കുന്ന സ്നേഹപിതാവായ ദൈവം തന്റെ പുത്രന്റെ ആത്മബലിയിലൂടെ ലോകത്തെ മുഴുവൻ രക്ഷയിലേക്ക് ഉൾച്ചേർത്തിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായാണ് വിവിധ സംസ്കാരങ്ങളിൽ സത്യത്തിന്റെയും നന്മയുടെയും മൂല്യങ്ങൾ പുഷ്പിക്കുന്നത്.

ദൈവശാസ്ത്രജ്ഞനായ അവരിഡള്ളസിന്റെ അഭിപ്രായത്തിൽ കൗൺസിലിനുമുമ്പുള്ള കാലഘട്ടത്തിൽ മാർപാപ്പായും മെത്രാന്മാരും വൈദികരും അടങ്ങുന്ന ഒരു സമൂഹം ദൈവകൃപയെ നിയന്ത്രിച്ചിരുന്നു എന്ന ചിന്താഗതി പ്രബലമായിരുന്നു. ദൈവകൃപയുടെ കുത്തക സഭയ്ക്കാണെന്ന ധാരണയ്ക്ക് കൗൺസിൽ വിരാമമിട്ടു (A. Dulles, *"Models of the Church"*, P. 35). വ്യത്യസ്ത സംസ്കാരങ്ങളിൽ വസിക്കുന്ന ജനവിഭാഗങ്ങൾക്ക് ദൈവം തന്റെ ഇഷ്ടക്കൊത്തവിധം രക്ഷാകരമായ കൃപ സംലഭ്യമാക്കുന്നു എന്നാണ് കൗൺസിലിന്റെ പഠനം വ്യക്തമാക്കുന്നത്.

വിശാലമായ ഇതരമത മനോഭാവങ്ങൾ രൂപപ്പെടുത്തിയപ്പോഴും ക്രൈസ്തവേതരമായ മതാനുഷ്ഠാനങ്ങളും വിശ്വാസങ്ങളുമെല്ലാം അവയിൽത്തന്നെ രക്ഷാകരമാണെന്നോ, രക്ഷയ്ക്ക് ക്രിസ്തുവും സഭയും ആവശ്യമില്ലെന്നോ കൗൺസിൽ പഠിപ്പിച്ചിട്ടില്ല എന്നത് വളരെ ശ്രദ്ധാർഹമാണ്. ഇതരമതങ്ങളിൽ സുവിശേഷത്തിന് വിരുദ്ധമല്ലാത്ത കാര്യങ്ങൾക്കുമാത്രമാണ് രക്ഷാകരമൂല്യം കൽപ്പിക്കുന്നത്. അവയുടെ സ്രോതസ്സാകട്ടെ ക്രിസ്തുതന്നെയാണ്. മനഃസാക്ഷിയുടെ സ്വരത്തിനും തനതു സംസ്കാരങ്ങളിലെ വിശുദ്ധവും നീതിനിഷ്ഠവുമായ വ്യവസ്ഥകൾക്കുമനുസരിച്ച് ജീവിക്കുമ്പോൾ അവരറിയുന്നില്ലെങ്കിലും അക്രൈസ്തവർ ക്രിസ്തുവിൽനിന്നു രഹസ്യാത്മകമായ രീതിയിൽ കൃപ സ്വീകരിക്കുന്നു. ഈ കൃപയാകട്ടെ ദൈവത്തിനുമാത്രം സുഗ്രാഹ്യമായവിധത്തിൽ സഭയിലൂടെ നൽകപ്പെടുന്നു. ക്രിസ്തുവിന്റെ അനന്യതയും സഭയുടെ ഏകത്വവും ഇതരമതങ്ങളോടുള്ള തുറവിയും സന്തുലിതമായ രീതിയിൽ സമ്മേളിച്ചിരിക്കുന്ന കൗൺസിൽ പഠനങ്ങൾ കത്തോലിക്കാ ഇതരമതദൈവശാസ്ത്രത്തിന്റെ വളർച്ചയിൽ എന്നും വഴികാട്ടിയായിരിക്കും.

**ഡോ. വിൻസെന്റ് കുണ്ടുകുളം,**
**ഫാ. ടോം ഓലിക്കരോട്ട്**



# 13

## ഇതരമതങ്ങളിലെ രക്ഷ: ചില ചോദ്യങ്ങൾ

ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ ഇതരമതങ്ങൾക്ക് സഹമദ്ധ്യസ്ഥങ്ങളുടെ പദവി അംഗീകരിച്ച് കൊടുക്കുന്ന നിലപാടാണ് കത്തോലിക്കാസഭ എത്തിച്ചേർന്നിരിക്കുന്നതെന്ന് സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളെക്കുറിച്ചുള്ള മുൻ അദ്ധ്യായങ്ങളിലെ പഠനം വ്യക്തമാക്കുന്നു. സാർവ്വത്രിക രക്ഷയുടെ കേന്ദ്രബിന്ദു ക്രിസ്തുവായിരിക്കെതന്നെ ഇതരമതാചാരങ്ങളും അവരുടെ വിശുദ്ധ ഗ്രന്ഥങ്ങളും പുണ്യപുരുഷരും രക്ഷയിലേക്കുള്ള കൈവഴികളായി അദൃശ്യസഭയിൽ നിലനിൽക്കുന്നു എന്നത് ചില പ്രായോഗിക പ്രശ്നങ്ങൾ നമുക്കു മുന്നിൽ ഉയർത്തുന്നുണ്ട്. ഇതരമതങ്ങളിലുള്ള എല്ലാ മൂല്യങ്ങളും ആചാരങ്ങളും രക്ഷാകരങ്ങളാണോ? ഏതടിസ്ഥാനത്തിലാണ് അവ രക്ഷയുടെ ഉപാധികളായിരിക്കുന്നത്? അക്രൈസ്തവ ദൈവങ്ങളെല്ലാം ഒരുപോലെ ക്രിസ്തുവിന്റെ ഉപകരണങ്ങളാകാൻ യോഗ്യതയുള്ളവരാണോ? ഇത്തരത്തിലുള്ള ചോദ്യങ്ങൾക്ക് സുവ്യക്തവും സത്യന്ധവുമായ ഉത്തരം നൽകാനായില്ലെങ്കിൽ ഇതരമത ബന്ധങ്ങ

ളിൽ പ്രത്യേകിച്ചും വൈവിദ്ധ്യമാർന്ന മതവിശ്വാസങ്ങളുടെ സംഗമഭൂമിയായ ഭാരതത്തിൽ ക്രൈസ്തവരുടെ ഇടയിൽ ആശയക്കുഴപ്പങ്ങൾ ഉണ്ടാകാനിടയുണ്ട്. ഇതരമത ബന്ധത്തിലുണ്ടാകാവുന്ന പ്രായോഗിക പ്രശ്നങ്ങൾ ചർച്ചചെയ്യുകയാണ് ഈ അദ്ധ്യായത്തിന്റെ ലക്ഷ്യം.

## ഇതരമതങ്ങളുടെ രക്ഷാകരമൂല്യം

ഇതര മതങ്ങളുടെ രക്ഷാകരമൂല്യം നിർണ്ണയിക്കാൻ പ്രധാനമായും മൂന്ന് മാനദണ്ഡങ്ങളാണ് കത്തോലിക്കാ ദൈവശാസ്ത്രത്തിൽ രൂപപ്പെട്ടിട്ടുള്ളത്.

a) സുവിശേഷസന്ദേശവുമായുള്ള പൊരുത്തം ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ക്രിസ്തുസാന്നിധ്യത്തിന്റെ ദൃശ്യപ്രതീകമായി ചരിത്രത്തിൽ തുടരുന്നത് യേശുവിന്റെ വചനങ്ങളാണ്. ആദിമ ക്രൈസ്തവർ ഇതര സംസ്കാരങ്ങളുടെ ഇടയിൽ ജീവിച്ചപ്പോൾ നേരിട്ട പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിന് ശ്ലീഹന്മാർ നിർദ്ദേശിച്ച മാർഗ്ഗരേഖകളും പുതിയ നിയമത്തിൽ ഉൾപ്പെടുന്നുണ്ട്. യേശുവും അവിടുത്തെ ശിഷ്യന്മാരും വെളിപ്പെടുത്തിയ സന്ദേശങ്ങളോടു ചേർന്നുപോകുന്ന ഇതര സംസ്കാരങ്ങളിലെ വെളിപാടുകളും സമ്പ്രദായങ്ങളും ദൈവത്തിൽനിന്നുതന്നെ ജനിക്കുന്നതാണെന്ന കാഴ്ചപ്പാടാണ് സഭയ്ക്കുള്ളത്.

മുകളിൽ പറഞ്ഞ മാനദണ്ഡം വച്ചു വിലയിരുത്തുമ്പോൾ മറ്റു മതങ്ങളിലെ സമ്പ്രദായങ്ങളെല്ലാം സുവിശേഷാത്മകമാണെന്ന് കരുതാനാവില്ല. ഉദാഹരണമായി ഹൈന്ദവമതത്തിലെ കാര്യംതന്നെ എടുക്കാം – ആർഷഭാരത സംസ്കാരത്തിൽ അമൂല്യമായ ആത്മീയ സമ്പത്തിന്റെ ശേഖരണങ്ങളുണ്ടെങ്കിലും കാലത്തിന്റെ കുത്തൊഴുക്കിൽ അവയിൽ പലതും മലീമസമാക്കപ്പെട്ടിട്ടുണ്ട്. മനുഷ്യനെ പല തട്ടുകളിലായി തിരിച്ച് ചൂഷണംചെയ്ത ജാതിവ്യവസ്ഥ, അയിത്തം, സതി, നരബലി തുടങ്ങിയ ആചാരങ്ങൾ ക്രൈസ്തവ ദർശനങ്ങളോടു പൊരുത്തപ്പെട്ടുപോകുന്നതല്ല. സുവിശേഷവിരുദ്ധമായ ഇത്തരം കാര്യങ്ങൾക്ക് രക്ഷാകരമൂല്യമെന്ന് സഭ കരുതുന്നില്ല.

b) മറ്റ് സംസ്കാരങ്ങളിലെ ദൈവിക പ്രചോദനത്തെ തിട്ടപ്പെടുത്തുമ്പോൾ അംഗീകരിക്കേണ്ട രണ്ടാമത്തെ വസ്തുത, രക്ഷയുടെ സ്രോതസ് ദൈവപുത്രനായ യേശുക്രിസ്തു തന്നെയാണെന്നതാണ്. അന്യമതങ്ങളിലെ വിശ്വാസികൾ രക്ഷപ്പെടുന്നത് ആ മതങ്ങളിലെ പുണ്യാത്മാക്കളുടെ മാദ്ധ്യസ്ഥത്താലാണെങ്കിലും അവ രക്ഷാകരങ്ങളായിത്തീരുന്നത് യേശുക്രിസ്തുവിനോടുള്ള ബന്ധംമൂലമാണ്. മനുഷ്യനായി അവതരിക്കുകയും കുരിശുമരണത്തിലൂടെയും ഉയിർപ്പിലൂടെയും ലോകരക്ഷസാധിക്കുകയും ചെയ്തത് ദൈവപുത്രനായ യേശുവായതിനാൽ രക്ഷയുടെ ഏക മദ്ധ്യസ്ഥൻ അവിടുന്ന് മാത്രമാണ്. രക്ഷയുടെ സ്രോതസ് ക്രിസ്തുവാണെന്ന വെളിപാടും ദൈവത്തിന്റെ സാർവത്രിക രക്ഷാകരപദ്ധതിയിലുള്ള സഭയുടെ വിശ്വാസവും ഒരേസമയം കാത്തുപാലിക്കുന്ന ഈ മനോഭാവം നമ്മുടെ സവിശേഷശ്രദ്ധ ആകർഷിക്കുന്നു.

c) ഇതരമതങ്ങളിലുള്ള ദൈവിക വെളിപാടുകൾ പ്രഥമമായും ആ വിശ്വാസികളുടെ നൻമയെ ലക്ഷ്യം വച്ചുകൊണ്ടാണ് ദൈവം നൽകുന്നത്. മറ്റ് വാക്കിൽ പറഞ്ഞാൽ, ഇതര മതമൂല്യങ്ങളിലുള്ള പങ്കുചേരൽ ക്രൈസ്തവന്റെ കൗദാശികജീവിതത്തിന് കോട്ടംതട്ടുന്ന രീതിയിലാകരുത്. അക്രൈസ്തവ മതങ്ങളിലെ സത്യത്തിന്റെ കിരണങ്ങൾക്ക് തീർച്ചയായും ക്രൈസ്തവ വിശ്വാസത്തെ പ്രോജ്ജ്വലമാക്കാനുള്ള പ്രാപ്തിയുണ്ടെന്നത് ഇവിടെ നിഷേധിക്കുന്നില്ല. ദൈവത്തിന്റെ നാനാവിധ ഇടപെടലുകളെ മനസിലാക്കേണ്ടതും അവയിലുള്ള ക്രിസ്തു രഹസ്യത്തിന്റെ ഭാവങ്ങളെ ഉൾക്കൊള്ളേണ്ടതും ക്രൈസ്തവരുടെ കടമയാണ്.

ആധുനിക കാലഘട്ടത്തിൽ നഗരങ്ങളിലെ ഒറ്റപ്പെടലും തൊഴിൽ രംഗത്തെ മാത്സര്യവും ഏല്പിക്കുന്ന ആഘാതങ്ങളിൽനിന്ന് രക്ഷ നേടാൻ മനുഷ്യൻ നവീനമായ മതസമ്പ്രദായങ്ങൾ അന്വേഷിക്കുകയാണ്. ഭാരതത്തിലെ സാഹചര്യം കണക്കിലെടുത്താൽ സത്യസായിബാബ, അമൃതാനന്ദമയി, ഓഷോ രനീഷ്, ശ്രീ. രവിശങ്കർ, ബ്രഹ്മകുമാരികൾ തുടങ്ങി എത്രയോ ആത്മീയപന്ഥാവുകളാണ് പച്ചപിടിച്ച് വളരുന്നത്. യന്ത്രവത്കൃത സമൂഹത്തിന്റെ മാത്സര്യങ്ങളിൽ നിന്ന് മാറിനിൽക്കാനാവാത്ത ക്രൈസ്തവരിൽ നിരവധിപേർ അവരുടെ പഴയ ക്രൈസ്തവാചാരങ്ങൾക്കു പകരം യോഗ, സുദർശനക്രിയ തുടങ്ങിയ അഭ്യാസങ്ങൾ സ്ഥിരം പരിശീലിക്കുന്നു. ഇത് അതിൽത്തന്നെ ക്രൈസ്തവന് നിഷിദ്ധങ്ങളല്ല. പക്ഷെ കൗദാശികജീവിതത്തെ ഭംഗപ്പെടുത്തുന്നതോ, തളർത്തുന്നതോ ആയ രീതിയിൽ അവൻ ഇതരമത സമ്പ്രദായങ്ങൾക്ക് അടിമപ്പെട്ടുകൂടാ. കാരണം ഇതരമതങ്ങളിലെ നല്ലമുറകളുടെ പ്രഭവസ്ഥാനം യേശുതന്നെയാണ്. മേൽ പറഞ്ഞ ആത്മീയ അഭ്യാസങ്ങളുടെ പരിശീലനം ക്രിസ്തുവിലുള്ള വിശ്വാസം ആഴപ്പെടാവുന്നരീതിയിൽ പ്രയോഗിക്കാൻ അജപാലകർ വേണ്ടത്ര മുൻകരുതലുകൾ എടുക്കണമെന്നു സാരം.

ഹൈന്ദവർ കൃഷ്ണനെയും രാമനെയും ആശ്രയിച്ച് ഇഷ്ടകാര്യങ്ങൾ സാധിക്കുമ്പോഴും ബുദ്ധസാധനകൾ പിൻതുടർന്ന് ബുദ്ധമതക്കാർ നിർവ്വാണം പ്രാപിക്കുമ്പോഴും, ഗോത്രവംശജർ പ്രകൃ

തിദത്തമായ പ്രതീകങ്ങളിലൂടെ ഈ സായൂജ്യം നേടുമ്പോഴും, മുസ്ലീംങ്ങൾ പ്രവാചകനായ നബിയുടെ സൂക്തങ്ങളനുസരിച്ച് അള്ളാഹുവിങ്കലിലേക്ക് മനസുയർത്തുമ്പോഴും പ്രകടമാകുന്നത് ക്രിസ്തുവിന്റെ രക്ഷയാണെന്ന സഭയുടെ വിശ്വാസം ഇതരമതസ്ഥർ അംഗീകരിച്ച് തരുമോ എന്ന് ചോദിച്ചേക്കാം. ഇതരമതങ്ങളിലുള്ള വർ ഈ ക്രിസ്തീയ കാഴ്ചപ്പാട് സ്വീകരിക്കണമെന്നില്ല. മേല്പ റഞ്ഞ ക്രിസ്തീയ വിശ്വാസം മറ്റുള്ളവരുടെമേൽ അടിച്ച് ഏൽപി ക്കണമെന്നോ, അതുമല്ലെങ്കിൽ താത്വികമായെങ്കിലും ഇതരമതങ്ങൾ ഈ നിലപാടിനോടു യോജിച്ചാലേ ക്രൈസ്തവ വിശ്വാസം സ്വാർത്ഥകമാകൂ എന്നോ ഇവിടെ വിവക്ഷിക്കുന്നില്ല. സഭയ്ക്ക് ദൈവം ക്രിസ്തുവിലൂടെ നൽകിയ വെളിപാടിൽ വെള്ളം ചേർക്കാതെ തന്നെ മറ്റുള്ളവരോടു ഭാവാത്മകമായ സഹവർത്തിത്വം പുലർത്താൻ സഹായകമാണ് ഇതരമതങ്ങൾ ക്രിസ്തുവിലുള്ള സഹമാദ്ധ്യസ്ഥങ്ങളാണെന്ന കാഴ്ച്ചപ്പാട്.

## സത്യങ്ങളിലെ വൈവിധ്യത

ഈ അവസരത്തിൽ സത്യത്തിന്റെ വൈവിധ്യമേറിയ ഭാവങ്ങ ളെക്കുറിച്ചും അവയുടെ വ്യാഖ്യാനങ്ങളിലുള്ള വ്യത്യസ്തതകളെ ക്കുറിച്ചും പ്രതിപാദിക്കേണ്ടതുണ്ട്. സാധാരണയായി മൂന്നുതരത്തി ലുള്ള സത്യങ്ങളും അവയെ വ്യാഖ്യാനിക്കുന്ന ഭാഷകളുമുണ്ടെന്ന് പറയാറുണ്ട്.

a) ശാസ്ത്രീയ സത്യങ്ങൾ - ശാസ്ത്രം വികസിപ്പിച്ചെടുത്ത മാർഗങ്ങളുപയോഗിച്ച് തെളിയിക്കാവുന്ന സത്യങ്ങളാണ് ഈ ഗണ ത്തിൽ ഉൾപ്പെടുന്നത്. ഉദാഹരണമായി, ഹൈഡ്രജനും ഓക്സി ജനും കൂടിച്ചേർന്നാൽ ജലം രൂപപ്പെടുമെന്നത് ഒരു ശാസ്ത്രീയ സത്യമാണ്. ലോകത്തിന്റെ ഏതു കോണിലും ഏതു കാലഘട്ട ത്തിലും ഏതു സംസ്കാരത്തിൽ പെട്ടവർക്കും പരീക്ഷിച്ച് നിജപ്പെ ടുത്താവുന്ന ഒരു സത്യമാണിത്. അതിനാൽ അവ സാർവ്വത്രിക മായി സ്വീകരിക്കപ്പെടുന്നു.

b) ശാസ്ത്രീയ സത്യങ്ങളിൽനിന്നും വ്യത്യസ്തമാണ് വിശ്വാസ സത്യങ്ങൾ. ഇതിലെ പ്രമേയങ്ങൾ അപരിമേയമായ ദൈവിക സത്തയെ കേന്ദ്രീകരിച്ചിരിക്കുന്നതിനാൽ മനുഷ്യബുദ്ധിയുടെ പരി കൽപനകൾക്ക് വഴങ്ങുന്നില്ല. ദൈവം സ്നേഹമാണ് എന്ന യാഥാർത്ഥ്യം പരീക്ഷണശാലകളിൽ തെളിയിക്കപ്പെടാവുന്ന ഒന്ന ല്ല. അതുകൊണ്ടുതന്നെ വിശ്വാസത്തിൽ പങ്കുപറ്റുന്ന വ്യക്തികളുടെ ഇടയിലാണ് വിശ്വാസസത്യങ്ങൾ സ്വാർത്ഥകമാകുന്നത്. വിശ്വാസ സമൂഹത്തിന്റെ പരിധിക്കപ്പുറം അവയ്ക്ക് കേവലമൂല്യം കൽപി





ക്കാനാവില്ല.

ഏവർക്കും സുവിദിതമായി പരിശോധിച്ചറിയാവുന്നവയല്ല എന്ന വസ്തുത വിശ്വാസ സത്യങ്ങളുടെ മാറ്റ് കുറയ്ക്കുന്നില്ല. അനുഭവ ത്തിന്റെ തീച്ചൂളയിലാണ് വിശ്വാസ സത്യം പാകപ്പെടുന്നത്. അനു ഭവം വൈയക്തികമാണെങ്കിലും യാഥാർത്ഥ്യത്തിന് നിരക്കുന്നവ യാണ്. മാത്രമല്ല, സത്യാന്വേഷണത്തിന്റെ അത്യുത്തമമായ പാത കൂടിയാണ് അനുഭവം. ഒരു കുഞ്ഞ് ഈ അടുത്തനാൾവരെ തന്റെ പിതാവിനെ തിരിച്ചറിയുന്നത് ഡി.എൻ.എ ടെസ്റ്റിന്റെ സഹായത്തോ ടോയായിരുന്നില്ല. അമ്മയുടെ സാക്ഷ്യപ്പെടുത്തൽ അവന് കേവല സത്യമായിരുന്നു. ശാസ്ത്രീയ പുരോഗതിനേടിയ ഈ കാലഘട്ട ത്തിലും ഒരു കുഞ്ഞിന് പിതൃത്വം യാഥാർത്ഥ്യമായിത്തീരുന്നത് ലബോറട്ടറി നൽകുന്ന സത്യത്തിന്റെ വെളിച്ചത്തിലായിരിക്കില്ല. മറി ച്ച്, പിതൃസഹജമായ വാത്സല്യത്തിൽ നിന്നും ശിക്ഷണത്തിൽ നിന്നു മാണ്. അതുപോലെതന്നെ 'യേശുവാണ് എന്റെ രക്ഷകൻ' എന്ന സത്യം എന്റെ അസ്തിത്വത്തിൽനിന്ന് വേർതിരിച്ചെടുക്കാവുന്ന ഒന്ന ല്ല. അനുദിനജീവിതത്തിന്റെ സാധാരണത്വങ്ങളിൽ നെയ്തെടുക്ക പ്പെടുന്ന ഈ ബോധ്യം പ്രാണനുതുല്യം ഒരു വ്യക്തിക്ക് യാഥാർത്ഥ്യമാണ്. എന്തിനേറെ, ഹൈഡ്രജനും ഓക്സിജനും കൂടി ച്ചേർന്നാൽ ജലം രൂപപ്പെടുമെന്ന ശാസ്ത്രീയ സത്യത്തെക്കാൾ വിലപ്പെട്ട സത്യമാകാം ഒരു യഥാർത്ഥ ക്രിസ്ത്യാനിക്ക് ക്രിസ്തു വാണ് രക്ഷകനെന്ന വിശ്വാസം. അപ്പോഴും ഇതൊരു ശാസ്ത്രീയ സത്യമല്ലെന്ന വസ്തുത അംഗീകരിച്ചേ പറ്റൂ.

വിശ്വാസത്തിന്റെ കേന്ദ്രബിന്ദു അതിഭൗതികമായതിനാൽ വിശ്വാ സത്തിന്റെ ശ്രേഷ്ഠത വർദ്ധിക്കുന്നുണ്ട്. ദൈവം തന്നെയാണ് വിശ്വാ സത്തിന്റെ പ്രചോദനവും ലക്ഷ്യവും. വിശ്വാസത്തിന്റെ ഈ അതി ഭൗതികമാനം അതിനെ അതുല്യമാക്കുമ്പോഴും മാനുഷികമായ കാഴ്ചപ്പാടിൽ ചിന്തിക്കുമ്പോൾ വിശ്വാസസത്യത്തിന് ആപേക്ഷി കമാനമുണ്ടെന്ന് പറയാതിരിക്കാനാവില്ല. വിശ്വാസത്തിന്റെ വിഷയം ദൈവമാണെങ്കിലും അതിന്റെ സ്വീകർത്താവ് പരിമിതികളുള്ള മനു ഷ്യനാണ്. വിശ്വാസാനുഭവം എത്ര തീവ്രമാണെങ്കിലും അതുൾക്കൊ ള്ളുന്നതിലും, പ്രകടിപ്പിക്കുന്നതിലും അപര്യാപ്തതകളും തെറ്റു കളും സംഭവിക്കാം. അതുകൊണ്ട് വിവേചനത്തോടുകൂടി വിശ്വാ സത്തെ വ്യാഖ്യാനിക്കാനുള്ള ശ്രദ്ധ അത്യന്താപേഷിതമാണ്. വിശ്വാസ സത്യങ്ങൾ പ്രഘോഷിക്കുന്നവർ കേവല സത്യത്തിന്റെ കുത്തകാവകാശികളല്ലെന്ന് സാരം.

c) ശാസ്ത്രീയ-വിശ്വാസ സത്യങ്ങളുടെ അടിസ്ഥാനമാണ് കേവ ലസത്യം (absolute truth). പൂർണ്ണമായ സത്യം ദൈവം മാത്രമാ

ണ്. മനുഷ്യബുദ്ധിക്ക് ഉൾകൊള്ളാവുന്നതിനപ്പുറമാണ് കേവലസത്യത്തിന്റെ കാതൽ. കേവല സത്യത്തിന്റെ നിദർശനങ്ങളാണ് വിശ്വാസവും യുക്തിയും. വിശ്വാസാധിഷ്ഠിതവും യുക്ത്യാധിഷ്ഠിതവുമായ സത്യങ്ങളുടെ പരസ്പര പോഷണത്തിലൂടെ കേവലയാഥാർത്ഥ്യത്തെ മനസിലാക്കാനാണ് മനുഷ്യനും മതങ്ങളും ശ്രമിക്കുന്നത്. യേശു ഏക രക്ഷകനാണെന്ന സത്യത്തിന്റെ അർത്ഥതലങ്ങളെ ദൈവിക വെളിപാടുകളുടെയും ഈശ്വരദാനമായ ബുദ്ധിയുടെയും സഹായത്തോടെ ഗ്രഹിക്കാനുള്ള വിനീതമായ ശ്രമമാണ് ഏതൊരു ക്രൈസ്തവന്റെയും ദൗത്യവും വെല്ലുവിളിയും. തന്റെ വിശ്വാസബോധ്യങ്ങളിൽനിന്നും വ്യത്യസ്തങ്ങളായ ബോധ്യങ്ങൾ സൂക്ഷിക്കാൻ ഇതര വിശ്വാസികൾക്ക് അവകാശമുണ്ടെന്ന് സമ്മതിച്ചുകൊണ്ടുതന്നെ സ്വന്തം വിശ്വാസത്തിൽ അടിയുറച്ച് വളരാനാണ് സഭ അവളുടെ മക്കളെ ആഹ്വാനം ചെയ്യുന്നത്.

## ഇതര മതാചാരങ്ങളിലെ പങ്കുചേരൽ

ഇതരമതങ്ങളോടുള്ള സഹവർത്തിത്വത്തിൽ സന്നിഗ്ധാവസ്ഥ സൃഷ്ടിക്കുന്ന മറ്റൊരു മേഖലയാണ് അവരുടെ ആചാരങ്ങളിലുള്ള പങ്കുചേരൽ. അമ്പലങ്ങളിൽനിന്ന് പ്രസാദമായി ലഭിക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ കഴിക്കാമോ?, നിലവിളക്ക് കത്തിക്കാമോ?, ആയുർവേദ ചികിൽസ നടത്താമോ?, തുളസിച്ചെടി വീട്ടുമുറ്റത്ത് വളർത്താമോ? എന്നിങ്ങനെ നൂറുകൂട്ടം സംശയങ്ങളാണ് ഇന്നത്തെ കേരള ക്രിസ്ത്യാനികൾക്ക്.

### വിഗ്രഹാർപ്പിതഭക്ഷണം

വി. പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്ക് എഴുതിയ 1-ാം ലേഖനത്തിൽ 8,10 എന്നീ അദ്ധ്യായങ്ങളിൽ വിഗ്രഹാർപ്പിത ഭക്ഷണത്തോടു സ്വീകരിക്കേണ്ട മനോഭാവത്തെപ്പറ്റി നൽകുന്ന നിർദ്ദേശങ്ങളാണ് ഈ സംശയങ്ങൾക്കാധാരമായി ചിലർ ചൂണ്ടിക്കാണിക്കുന്നത്. "വിജാതീയർ ബലിയർപ്പിക്കുന്നത് പിശാചിനാണ് ദൈവത്തിനല്ല" (10,20) എന്ന വാക്യം ഉദ്ധരിച്ചുകൊണ്ട് വിജാതീയ ആചാരങ്ങളെല്ലാം പൈശാചികമാണെന്ന ദുർവ്യാഖ്യാനമാണ് തീവ്രതയുള്ള നവീകരണവാദികൾ നൽകുന്നത്.

കോറിന്തോസ് സഭയിലെ പ്രത്യേക പശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം വിഗ്രഹാർപ്പിത ഭക്ഷണത്തെക്കുറിച്ചുള്ള പൗലോസിന്റെ വിചിന്തനങ്ങൾ മനസിലാക്കാൻ. കോറിന്തോസിലെ വിശ്വാസികളിൽ ചിലർ സാത്താൻസേവ നിലവിലിരുന്ന മതസമ്പ്രദായങ്ങളിൽനിന്ന് മാനസാന്തരപ്പെട്ടവരായിരുന്നു. പിശാച് സേവയില്ലാത്ത വിജാതീയ സമൂഹങ്ങളിൽനിന്നും കോറിന്തോസ് സഭയിലേക്ക് പ്രവേശിച്ചവരുമുണ്ട്. വിജാതീയരുടെ ആരാധനകളിൽ മൃഗബലി സാധാരണമായിരുന്നു. വിഗ്രഹങ്ങൾക്കർപ്പിച്ച ഭക്ഷണം പിന്നീട് വിരുന്നു സൽക്കാരങ്ങളിൽ വിളമ്പിയിരുന്നു. വിജാതീയ ഉത്സവങ്ങളിലേക്ക് ക്ഷണിക്കപ്പെട്ടിരുന്നവർക്ക്, നസ്രായനിൽ വിശ്വസിച്ചിരുന്നവർ ഉൾപ്പെടെ, വിഗ്രഹങ്ങൾക്കർപ്പിച്ചതിൽനിന്ന് പാകം ചെയ്തെടുത്ത ആഹാരപദാർത്ഥങ്ങൾ പങ്കിടാനുള്ള അവസരങ്ങളുണ്ടായിരുന്നെന്നർത്ഥം.

ഉത്സവവേദികൾക്കു പുറമേയും വിഗ്രഹാർപ്പിത ഭക്ഷണത്തിൽ പങ്കുപറ്റുവാനുള്ള സാഹചര്യം കോറന്തോസിൽ ഉണ്ടായിരുന്നു. വിജാതീയ ക്ഷേത്രങ്ങളിൽ ഹോമിക്കപ്പെട്ടിരുന്ന മൃഗങ്ങളുടെ എണ്ണം പൂജയ്ക്ക് വന്നിരുന്നവർക്ക് ഭക്ഷിച്ച് തീർക്കാവുന്നതിൽ കൂടുതലായിരുന്നു. അറക്കപ്പെട്ട മാംസം നഷ്ടമായിപ്പോകാതിരിക്കാൻ അവ ചന്തയിൽ ലഭ്യമായിരുന്നു. ഇത്തരം മാംസവും ഭക്ഷിക്കാമോ എന്നതായിരുന്നു സഭയിൽ ഉന്നയിക്കപ്പെട്ട പ്രശ്നം.

വി. പൗലോസ് പ്രശ്നപരിഹാരത്തിനായി മൂന്നു മാനദണ്ഡങ്ങളാണ് മുന്നോട്ട് വയ്ക്കുന്നത്.

a) "ഭക്ഷണം നമ്മെ ദൈവത്തോടു അടുപ്പിക്കുകയില്ല. ഭക്ഷിക്കാതിരിക്കുന്നതുകൊണ്ട് കൂടുതൽ അയോഗ്യരോ, ഭക്ഷിക്കുന്നതുകൊണ്ട് കൂടുതൽ യോഗ്യരോ ആകുന്നുമില്ല" (1 കോറി 8,8). അതായത് വിഗ്രഹാർപ്പിത ഭക്ഷണം അതിൽത്തന്നെ നന്മയും തിന്മയും അല്ലെന്നർത്ഥം.

b) ശ്ലീഹായുടെ രണ്ടാമത്തെ നിർദ്ദേശം വിഗ്രഹാർപ്പിത ഭക്ഷണം വിജാതീയരുടെ മനോഭാവത്തോടുകൂടെ ഭക്ഷിക്കരുതെന്നാണ്. ഭക്ഷണത്തെക്കാൾ ഭക്ഷിക്കുന്നവന്റെ മനോഭാവമാണ് വിശുദ്ധിയുടെയും അശുദ്ധിയുടെയും അളവുകോൽ. വിഗ്രഹങ്ങൾക്കർപ്പിച്ച ഭക്ഷണം പ്രത്യേകിച്ചും സാത്താനർപ്പിച്ചവ, വിജാതീയ വിശ്വാസത്തോടെ ഭക്ഷിക്കുമ്പോൾ, ക്രൈസ്തവ വിശ്വാസത്തിന് നിരക്കാത്തതാകുന്നു. പഴയ നിയമത്തിലെ ഇസ്രായേലിന്റെ അവിശ്വസ്തമായ പെരുമാറ്റങ്ങൾക്ക് സമാനമാണത്. ക്രിസ്തുവിനെ മാറ്റിനിർത്തി അന്യദേവന്മാരെ നാഥനായി സ്വീകരിക്കുന്ന രീതി വേശ്യാവൃത്തിക്ക് സമാനമാണ്. ഇതിനാലാണ് വി. പൗലോസ് വിഗ്രഹാർപ്പിത ഭക്ഷണം വിജാതീയ മനോഭാവത്തോടെ സ്വീകരിക്കരുതെന്ന് നിഷ്കർഷിക്കുന്നത്.

c) വിസ്വാസജീവിതം ഒറ്റപ്പെട്ട യാത്രയല്ല. സാമൂഹിക ജീവിയായ മനുഷ്യൻ മതസമൂഹത്തിലാണ് അവന്റെ വിശ്വാസം ജീവിക്കുന്നത്. അവന്റെ ദുഷ്പ്രവർത്തികൾ സമൂഹത്തിലെ ഇതര അംഗ

ങ്ങളുടെ വിശ്വാസത്തെ പ്രതികൂലമായി ബാധിക്കാവുന്നതാണ്. ഇടർച്ചവരുത്തുന്നത് മാരകമായ പാപമാകുന്നതും ഈ സാഹചര്യത്തിലാണ്. "സഹോദരന് ഇടർച്ചവരുത്തുന്നവൻ ആരുതന്നെയായലും കഴുത്തിൽ തിരികല്ല് കെട്ടി, കടലിന്റെ ആഴങ്ങളിൽ എറിയപ്പെടുന്നതാണ് കൂടുതൽ നല്ലത്" (മർക്കോ 9,42) എന്ന യേശു വചനം ഓർമ്മിക്കുക. അതുകൊണ്ടാണ് ക്രിസ്തുശിഷ്യൻ, വിഗ്രഹാലയത്തിൽ ഭക്ഷണത്തിനിരിക്കുന്നതായി ദുർബലമനസ്കൻ കണ്ടാൽ അവന് ഇടർച്ചയ്ക്ക് കാരണമാകുന്നതിനാൽ അത് പാപകരമാണെന്ന് വിധിക്കുന്നത്.

മേൽ വിവരിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതരമതങ്ങളുടെ ആരാധനാലയങ്ങളിൽ അവരുടെ പൂജാവിധികളുടെ ഭാഗമായി നടക്കുന്ന പ്രസാദങ്ങളിലെ പങ്കുചേരൽ ഒഴിവാക്കണമെന്ന് സഭ നിഷ്കർഷിക്കുന്നു. ഹിന്ദുക്ഷേത്രത്തിൽ പോയി അരവണപായസം കഴിക്കുന്നതും, ശബരിമലയ്ക്ക് പോകാൻ മാലയിടുന്നതും, കേരള സാഹചര്യത്തിൽ നിഷിദ്ധംതന്നെ. അതേസമയം ക്ഷേത്രങ്ങളിൽ ഭക്തന് പ്രസാദമായി നൽകുന്ന പദാർത്ഥങ്ങൾ ആരാധനയുടെ ചുറ്റുവട്ടത്തിനപ്പുറത്ത് സാഹോദര്യത്തിന്റെ അടയാളമായി നൽകപ്പെടുമ്പോൾ അത് നിഷേധിക്കേണ്ടതില്ലെന്നാണ് സഭയുടെ ചിന്താഗതി. ഓഫീസിലോ മറ്റു ജോലിസ്ഥലങ്ങളിലോ കൊണ്ടുവരുന്ന ഭക്ഷണം മതാത്മകമായ സാഹചര്യത്തിൽനിന്ന് മാറ്റപ്പെട്ടിരിക്കുന്നതിനാലും സൗഹൃദത്തിന്റെ സൂചകമായതിനാലും ഇടർച്ചയ്ക്ക് കാരണമാകുന്നില്ലെന്നാണ് സഭയുടെ നിലപാട് (Guidelines for Inter-Religious Dialogue, no. 103)

**പ്രതീകങ്ങളുടെ പ്രാതിനിധ്യഭാവങ്ങൾ**

ഇതരമതാചാരങ്ങളോട് ക്രൈസ്തവർ പുലർത്തേണ്ട മനോഭാവത്തിന്റെ വ്യക്തമായ ചിത്രം ലഭിക്കണമെങ്കിൽ പ്രതീകങ്ങളെക്കുറിച്ചുള്ള വിചന്തനങ്ങൾ ആവശ്യമാണ്. ഒരേസമയം വ്യത്യസ്ഥ അർത്ഥങ്ങളെ, വൈരുദ്ധ്യാത്മകമായവയെപ്പോലും, പ്രതിനിധാനം ചെയ്യാൻ കെൽപുള്ളതാണ് പ്രതീകങ്ങൾ. ഉദാഹരണമായി ക്രൈസ്തവപാരമ്പര്യത്തിൽ സർപ്പം മരണത്തിന്റെയും ജീവന്റെയും പ്രതീകമാണ്. സംഖ്യയുടെ പുസ്തകം 21-ാം അദ്ധ്യായം 6-ാം വാക്യത്തിൽ വാഗാദത്തഭൂമിയിലേക്ക് യാത്രചെയ്തിരുന്ന ഇസ്രായേൽ ജനം ആഗ്നേയസർപ്പങ്ങളുടെ ദംശനമേറ്റ് മരിച്ചതായി വിവരിക്കുന്നുണ്ട്. സർപ്പദംശനമേറ്റവരോട് പിച്ചളകൊണ്ടുണ്ടാക്കിയ സർപ്പത്തെ നോക്കി മരണത്തിൽനിന്ന് രക്ഷപെടാനാണ് ദൈവം മോശവഴി കൽപിക്കുന്നത് (സംഖ്യ 21,8).





അനുഷ്ഠിക്കുന്ന വ്യക്തിയുടെ മനോഭാവം അനുസരിച്ച് വ്യത്യസ്തങ്ങളായ അർത്ഥങ്ങളെ ഉൾകൊള്ളാൻ കഴിയുന്നു എന്നതും പ്രതീകങ്ങളെ സവിശേഷമാക്കുന്നു. നിലവിളക്ക് കത്തിക്കുന്നത് തന്നെ ഉദാഹരണമായിട്ടെടുക്കാം. ഭാരതത്തിലത് കലാ സാംസ്കാരിക പരിപാടികളുടെ നാന്ദികുറിക്കുന്ന ആചാരമായി നിലകൊള്ളുന്നു. ഏതൊരു മീറ്റിംഗും ഉദ്ഘാടനം ചെയ്യാനുള്ള ഈ രീതി സാംസ്കാരികമായ ധർമ്മമാണ് നിറവേറ്റുന്നത്. ഇതോടൊപ്പം മതാത്മകമായ മാനവും നിലവിളക്ക് തെളിയിക്കുന്നതിനുണ്ട്. അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേക്കും അസത്യത്തിൽനിന്ന് സത്യത്തിലേക്കും മർത്യതയിൽനിന്ന് അമർത്യതയിലേക്കും പ്രവേശിക്കുന്നതിന്റെ അടയാളമായി മതാത്മക മനുഷ്യന് ഈ ചടങ്ങിൽ പങ്കുചേരാം. ഇതിലുപരിയായി ഹൈന്ദവമത വിശ്വാസികൾക്ക് ഒരു പ്രത്യേക ദർശന സാക്ഷാത്കാരവും കൂടിയാകാം നിലവിളക്ക് കത്തിക്കൽ. ശിവന്റെയും പാർവ്വതിയുടെയും ഒത്തുചേരൽ സ്മരിക്കാനും അവർക്ക് ഈ ചടങ്ങ് നിർവ്വഹിക്കാം. അനുഷ്ഠാനകന്റെ മനോധർമ്മമനുസരിച്ച് ഒരേ പ്രതീകംകൊണ്ട് നാനാർത്ഥങ്ങൾ സൂചിപ്പിക്കുവാൻ പ്രതീകങ്ങൾ ഉപകരിക്കുന്നതിനാൽ വിവിധ മതവിശ്വാസികൾക്ക് അവരുടേതായ അർത്ഥതലങ്ങൾ സൂക്ഷിക്കുമ്പോഴും ഇതരമതവിശ്വാസികളുടെ ആചാരങ്ങളിൽ പങ്കുചേരാൻ സാധിക്കുന്നു.

സ്ഥല വ്യത്യാസമനുസരിച്ചും പ്രതീകത്തിന്റെ അർത്ഥങ്ങളിൽ അന്തരമുണ്ടാകാം. ഒരു പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യുന്ന പ്രഭാഷകൻ സദസ്സിന്റെ മുമ്പിൽ നമസ്കരിക്കാറുണ്ട്. അതേ പ്രഭാഷകൻ മതനേതാക്കളുടെ സദസിനെ ആദരിക്കാനും 'നമസ്കരിക്കുക' എന്ന രീതി അവലംബിച്ചേക്കാം. ആത്മീയ ഗുരുക്കളോടുള്ള വന്ദനം പറച്ചിൽ കേവലം സാംസ്കാരിമായ ചടങ്ങ് മാത്രമല്ല. സാധാരണ പ്രകടിപ്പിക്കുന്ന മനുഷ്യസഹചമായ ബഹുമാനത്തെക്കാൾ ഉന്നതമായ ആത്മീയ സാന്നിധ്യത്തെ അംഗീകരിക്കുന്ന പ്രവൃത്തികൂടിയാണിത്. ഈ പ്രസംഗകൻ ക്രൈസ്തവ വിശ്വാസിയാണെന്നിരിക്കട്ടെ. പരിശുദ്ധ കുർബാനയുടെ മുമ്പിലെത്തുമ്പോൾ അയാൾ ശിരസ്സു കുനിച്ച് നമസ്കരിക്കും. ആരാധനാലയത്തിലാകുമ്പോൾ തലകുനിക്കൽ എന്ന ആചാരം തന്റെ സ്രഷ്ടാവും രക്ഷകനുമായ ദൈവത്തെ വാഴ്ത്തുന്നതിന്റെ ബാഹ്യഅടയാളമായി മാറുന്നു. പുറമേനിന്ന് വീക്ഷിക്കുന്ന ഒരാൾക്ക് പ്രസംഗകൻ ചെയ്യുന്ന ആചാരം ഒന്നുതന്നെയാണെങ്കിലും, വണങ്ങുന്ന വ്യക്തികളുടെയും സ്ഥലത്തിന്റെയും ഭാവഭേദങ്ങളനുസരിച്ച് വിവിധങ്ങളായ അർത്ഥങ്ങളെ ദ്യോതിപ്പിക്കാൻ കഴിയുന്നു. അതുകൊണ്ട് തന്നെ

ഇടർച്ചയ്ക്ക് കാരണമാകാതെ ഒരു മതവിശ്വാസിക്ക് അപരന്റെ മതാചാരങ്ങളിൽ പങ്കുചേരാവുന്നതാണ്.

ആചാരങ്ങളിൽ ഉൾച്ചേരുന്ന വ്യക്തികൾ തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലും പ്രതീകങ്ങളുടെ അർത്ഥതലങ്ങൾ വികസിക്കാവുന്നതാണ്. ഒരു വൈദികനും ഏതാനും യുവാക്കളും പള്ളിമുറ്റത്തെ ഒതുക്ക് കല്ലുകളിൽ നർമ്മസല്ലാപം നടത്തുന്നു എന്നിരിക്കട്ടെ. ആ സമയം അതിലൊരു യുവാവിന്റെ പിതാവ് അവിടേക്ക് വന്നാൽ അവിടെയിരിക്കുന്ന എല്ലാവരും എഴുന്നേൽക്കുന്നത് സഹജമാണ്. വൈദികൻ എഴുന്നേൽക്കുന്നതിന്റെ അർത്ഥം തന്നെക്കാൾ പ്രായമുള്ള ഒരു ആത്മാവിനെ ആദരിക്കുന്നതാകാം. യുവാക്കൾ എഴുന്നേൽക്കുന്നതോ? തങ്ങളുടെ കൂട്ടുകാരന്റെ പിതാവിനെ ബഹുമാനിക്കുന്നത് അവർ തമ്മിലുള്ള സൗഹൃദത്തിന്റെ പ്രകാശനം കൂടിയാണ്. ഇതോടൊപ്പം ആ പിതാവിന്റെ മകനും എഴുന്നേൽക്കുന്നുണ്ട്. അത് പുത്രസഹജമായ ആദരവും വിധേയത്വവും പ്രകടമാക്കുവാനാണ്. ഇങ്ങനെ ആചാരം ഒന്നുതന്നെയാണെങ്കിലും വിവിധ അർത്ഥങ്ങളുടെ ആഘോഷമാക്കിമാറ്റാൻ പ്രതീകങ്ങൾക്ക് സാധിക്കുന്നു. വിവിധ മതാചാരങ്ങളിൽ സ്വതനിമ നഷ്ടപ്പെടാതെ പങ്കുചേരാൻ മനുഷ്യന് സാധിക്കുമെന്നതിന് ഇതിലേറെ ഉദാഹരണങ്ങൾ ആവശ്യമില്ലല്ലോ.

ഇതരമതാചാരങ്ങളോടു പുലർത്തേണ്ട മനോഭാവത്തെപ്പറ്റി സഭയ്ക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ട്. അന്ധവിശ്വാസത്തോടും അബദ്ധാചാരങ്ങളോടും കെട്ടുപിണഞ്ഞ് കിടക്കാത്ത പ്രതീകങ്ങളെ ആവശ്യമെങ്കിൽ ആരാധനാക്രമത്തിൽപോലും ഉൾച്ചേർക്കാമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആരാധനക്രമം എന്ന രേഖയിലെ 37-ാം ഖണ്ഡിക പറയുന്നു. മതാന്തര സംവാദത്തിനായുള്ള ഇൻഡ്യൻ ബിഷപ്സ് കോൺഫറൻസിന്റെ മാർഗനിർദ്ദേശങ്ങളും ഇവിടെ പരാമർശാർഹമാണ്.

"ഓരോ മതത്തിന്റെയും പ്രതീകങ്ങൾക്കുള്ള തനിമ വിലകുറച്ചു കാണുന്നതോ അവയെ അന്ധമായി അനുകരിക്കുന്നതോ ആയ മനോഭാവം ശരിയല്ല. മതപാരമ്പര്യങ്ങളെയും സംസ്കാരങ്ങളെയും ആദരിക്കാത്ത ഇത്തരം ചെയ്തികൾ സംവാദത്തെ പ്രതികൂലമായി ബാധിക്കും. വിവിധ മതങ്ങളുടെ പ്രാർത്ഥനകളിൽ സംബന്ധിക്കാനും പൂജ്യസ്ഥലങ്ങൾ സന്ദർശിക്കാനും, ചടങ്ങുകളിൽ പങ്കുകൊള്ളാനും അവസരമുണ്ടാകുമ്പോൾ അതിലെ തീർത്ഥം മതാത്മകമായ ആചാരങ്ങളിൽ പ്രസ്തുത മതവിശ്വാസികൾ ആരാധനക്കായി സ്വീകരിക്കുന്ന അതേ നിലപാടുകൾ നമ്മളും സ്വീകരിക്കേണ്ടതില്ല. അത് തെറ്റിദ്ധാരണയ്ക്കും ഉതപ്പിനും കാരണമാകാം. അതേസമയം ചട





ങ്ങിന്റെ പവിത്രതയും അവരുടെ വിശ്വാസവും കണക്കിലെടുത്ത് ആത്മീയ ഇടങ്ങളിലും കർമ്മങ്ങളിലും സ്വീകരിക്കേണ്ട ബഹുമാനത്തിന്റെ പൊതുമുറകൾ പാലിക്കേണ്ടതാണ് (*Guidelines for inter religious dialogue,* nos, 101,103).

വിവിധ മതങ്ങളിൽ ഈശ്വരനുമായി ബന്ധപ്പെടാൻ ഉരുത്തിരിഞ്ഞു വന്നിട്ടുള്ള ആചാരാനുഷ്ഠാനങ്ങളിലും പ്രാർത്ഥനകളിലും പങ്കുകൊള്ളുന്നതിൽ അനൗചിത്യമില്ലെന്ന് 1986 ഒക്ടോബറിൽ അസീസ്സിയിൽ നടന്ന ലോകസമാധാന പ്രാർത്ഥനയിലൂടെ ജോൺ പോൾ രണ്ടാമൻ പാപ്പാ വ്യക്തമാക്കി. ആ വർഷംതന്നെ റോമൻ കാര്യാലയത്തിലെ അംഗങ്ങൾക്ക് നൽകിയ ക്രിസ്തുമസ് സന്ദേശത്തിൽ ഇതര മതങ്ങളുമായി പ്രാർത്ഥനയിൽ കഴിയുന്നതിന്റെ ദൈവശാസ്ത്രപരമായ കാരണങ്ങളും പാപ്പാ സൂചിപ്പിച്ചു. എല്ലാ മനുഷ്യന്റെയും ഹൃദയത്തിൽ കുടികൊള്ളുന്ന പരിശുദ്ധാത്മാവ് യഥാർത്ഥമായ പ്രാർത്ഥനയുടെ ഉറവിടം. ഉത്തമമായി പ്രാർത്ഥിക്കുന്നവരിലെല്ലാം സന്നിഹിതമാകുന്നത് പരിശുദ്ധാത്മാവായതിനാൽ പ്രാർത്ഥനയിൽ വിവിധ മതവിശ്വാസികൾ ഒന്നുചേരുന്നതിൽ അപാകതയില്ല (*Address to the Roman Curia,* no. 11).

ഓരോ മതത്തിന്റെയും ലോകവീക്ഷണങ്ങളും പ്രതീകങ്ങളും ഇതരരിൽനിന്ന് വ്യതിരിക്തമാണെങ്കിലും അവയെല്ലാം പ്രതിനിധീകരിക്കുന്നത് അഭൗമികമായ ഈശ്വരസത്തയുമായി ഐക്യത്തിലാകുവാനുള്ള മനുഷ്യാത്മാവിന്റെ ആന്തരികമായ ദാഹമാണ്. അനുഭൂതിയുടെ തലത്തിലുള്ള ഈ ഒന്നിപ്പ് വിവിധ മതാചാരാനുഷ്ഠാനങ്ങളെ പരസ്പരപൂരകങ്ങളാക്കുന്നു. പ്രതീകങ്ങളുടെ ആന്തരികതയിൽ നിലനിൽക്കുന്ന ഈ ബന്ധം വിവിധ മതവിശ്വാസികൾ പരസ്പരം പ്രാർത്ഥനയിൽ ഉൾച്ചേരുന്നത് സാധ്യമാക്കുന്നു (M. Dhavamony, Toward a Theology of Dialogue in inter religious Ritual Participation, *Bulletin Pontificium consilium Pro Dialogo Inter Religiones 25,* 1990).

ഇതരമതങ്ങളോടുള്ള ക്രൈസ്തവ സമീപനം ആരോഗ്യകരമാക്കുന്നതിന് ഉരുത്തിരിഞ്ഞ വീക്ഷണങ്ങളെ ഏതാണ്ടിങ്ങനെ സംഗ്രഹിക്കാം. സാർവ്വത്രികമായി ഒരു രക്ഷാകര പദ്ധതിയേ ഉള്ളൂ. അതിന്റെ കേന്ദ്രബിന്ദു ക്രിസ്തുവാണ്. ക്രിസ്തുവിന്റെ രക്ഷ വിവിധ സംസ്കാരങ്ങളിൽ ജീവിക്കുന്ന ജനപദങ്ങളിൽ എത്തിച്ചേരുന്നതിന് തനതു സംസ്കാരങ്ങളിലെ ആത്മീയസമ്പത്തുകൾ അവർക്ക് മാർഗമായി ഭവിക്കുന്നു. ചരിത്രപുരുഷനായ യേശുക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളോടു പൊരുത്തപ്പെട്ടു പോകുന്നതായി ഇതരമതങ്ങളിൽ കാണുന്ന മൂല്യങ്ങൾ ക്രിസ്തുവിൽനിന്നു പരിശുദ്ധാ

ത്മാവിന്റെ പ്രവർത്തനത്താൽ രൂപപ്പെടുന്നവയാണെന്ന് സഭ വിശ്വസിക്കുന്നു. ദൃശ്യസഭയ്ക്ക് പുറമെ ആത്മാവ് പ്രവർത്തനനിരതമായതിനാലും, നിത്യവചനമായ യേശു എല്ലാ മതസംസ്കാരങ്ങളിലും നിവസിക്കുന്നതിനാലും ക്രിസ്തുവിന്റെ രക്ഷാകരപ്രവൃത്തി പ്രപഞ്ചത്തെ മുഴുവൻ പിതാവായി അനുരഞ്ജനപ്പെടുത്തിയിട്ടുള്ളതിനാലും ഇതരമതങ്ങളും യേശുവിനെ അറിയാൻ സഹായകമാണ്.

ക്രിസ്തുവിലുള്ള അനന്യമായ വിശ്വാസം ഏറ്റുപറയുമ്പോഴും ഇതരമാദ്ധ്യസ്ഥങ്ങളെ ആദരവോടെ കാണാൻ ഉതകുന്ന സുവിശേഷാത്മകമായ ശൈലി രൂപപ്പെടുത്തുകയാണ് മതാന്തര സമ്പർക്ക രംഗത്തെ വലിയ വെല്ലുവിളി. യുക്ത്യാധിഷ്ഠിതവും ആശയപ്രധാനവുമായ ഭാഷയേക്കാൾ പ്രതീകാത്മകതയിലൂടെ അനുഭവസ്ഥമാകുന്ന ഈശ്വര സായൂജ്യത്തിന്റെ അനുഭവഭാഷ മതവിശ്വാസികളെ തമ്മിൽ അടുപ്പിക്കും.

**ഡോ. വിൻസെന്റ് കുണ്ടുകുളം,**
**ഫാ. ടോം ഓലിക്കരോട്ട്**